KOTTAYAM PUBLIC LIBRARY

Call No. MA1 Acc. No. 77749

Author: വള്ളത്തോൾ

Title: ബോധിസത്വാപദാനകല്പലത

*Travancore University Series No. 25.*

3-12-1952.
2-50

ശ്രീ

# ബോധിസത്ത്വാപദാനകല്പലത

(ബുദ്ധജാതകകഥകൾ)

[ക്ഷേമേന്ദ്രമഹാകവിയുടെ സംസ്കൃതമഹാകാവ്യത്തിന്റെ പരിഭാഷ]

---

## ഒന്നാം ഭാഗം

---

പരിഭാഷകൻ

ആസ്ഥാനമഹാകവി—കവിസാർവഭൗമൻ

**ശ്രീ വള്ളത്തോൾ**

**നാരായണമേനോൻ.**

KOTTAYAM PUBLIC LIBRARY
77749
KOTTAYAM.

DEPARTMENT OF PUBLICATIONS UNIVERSITY OF TRAVANCORE

(പബ്ലിക്കേഷൻഡിപ്പാർട്ടുമെൻറ്)

തിരുവിതാംകൂർസർവ്വകലാശാല.

---

*Printed at the Kerala Press*
*Nanthencode, Trivandrum.*

1127—1951.

*Right Reserved*] [വില രൂപാ 2—8—0

MAI

*Printed and Published by*
*The Superintendent, Department of Publications*
*for the University of Travancore.*

*1st Impression Copies 1000]* 1951.

# വിഷയവിവൃതി


| | | |
|---|---|---|
| അവതാരിക | 1 | 22 |
| ആമുഖം | 1 | 9 |
| കുറിപ്പ് | 10 | 12 |
| ഉപോദ്ഘാതം | 1 | 3 |
| അപദാനസംഗ്രഹം | 4 | 7 |
| പ്രഭാസരാജാപദാനം | 8 | 14 |
| ശ്രീസേനരാജാപദാനം | 15 | 29 |
| മണിചൂഡരാജാപദാനം | 30 | 52 |
| മാന്ധാതൃരാജാപദാനം | 53 | 65 |
| ചന്ദ്രപ്രഭരാജാപദാനം | 66 | 73 |
| സുപ്രിയമഹാപദാനം | 74 | 94 |
| മുക്താലതാപദാനം | 95 | 102 |
| ടിപ്പണി | 103 | 161 |
| സാങ്കേതികപദങ്ങൾ | 162 | |
| ശുദ്ധിപത്രം | 1 | 4 |

# അവതാരിക

## മൂലഗ്രന്ഥകാരൻ—ക്ഷേമേന്ദ്രൻ

സംസ്കൃതസാഹിത്യചരിത്രത്തിൽ അത്യുന്നതവും ആരാധനീയവും ആയ ഒരു സ്ഥാനത്തെ അലങ്കരിയ്ക്കുന്ന മഹാത്മാവും മഹാകവിയും ആകുന്നു ഈ കൃതിയുടെ മൂലഗ്രന്ഥത്തിന്റെ കർത്താവായ ക്ഷേമേന്ദ്രൻ. എന്നാൽ,* പാശ്ചാത്യന്മാരായ സംസ്കൃതസാഹിത്യചരിത്രകാരന്മാർ ഈ മഹാകവിയേയും, അദ്ദേഹത്തിന്റെ മഹത്തരകൃതികളേയും വേണ്ടുംവിധം ബഹുമാനിയ്ക്കുവാനും, ആസ്വാദിയ്ക്കുവാനും ശക്തന്മാരായിട്ടില്ലെന്ന് അവരുടെ പ്രസ്താവനകൾ തെളിയിയ്ക്കുന്നുണ്ട്. അങ്ങനെ വന്നത് അവരുടെ രുചിഭേദംകൊണ്ടോ, സംസ്കാരഭേദംകൊണ്ടോ, മാനദണ്ഡഭേദംകൊണ്ടോ, ആയിരിയ്ക്കാമെന്നല്ലാതെ, ഈ മഹാകവിയുടെ വിവിധങ്ങളായ വിലോഭനീയഗ്രന്ഥങ്ങളുടെ വൈശിഷ്ട്യക്കുറവുകൊണ്ടല്ല എന്നുള്ളത്, സംസ്കൃതസാഹിത്യാസ്വാദനനിപുണന്മാരായ ഭാരതീയരെല്ലാം ഒരുപോലെ സമ്മതിയ്ക്കുന്ന വസ്തുതയാണ്. ഭാസൻ, കാളിദാസൻ, ഭവഭൂതി, ഭട്ടബാണൻ മുതലായ ഒന്നാംകിടയിലുള്ള സംസ്കൃതമഹാകവികളുടെ പംക്തിയിൽത്തന്നെ ക്ഷേമേന്ദ്രനും ഒരു മാന്യസ്ഥാനം ലബ്ധമാണ്. കൃതികളുടെ വൈവിധ്യംകൊണ്ടും, വൈചിത്ര്യംകൊണ്ടും, വൈശിഷ്ട്യംകൊണ്ടും ,വൈശദ്യംകൊണ്ടും,തത്താദൃശമായ പ്രഥമപംക്തസ്ഥാനം അത്യന്തംസമുചിതവും അഭ്യർഹിതവും ആയിത്തന്നെ ശോഭിയ്ക്കുന്നുമുണ്ട്. കാളിദാസനെ 'ബാലവാല്മീകി'ബിരുദംകൊണ്ട് വിമർശകന്മാരായ സഹൃദയന്മാർ ബഹുമാനിയ്ക്കുന്നു; ക്ഷേമേന്ദ്രനാകട്ടെ 'വ്യാസദാസൻ' എന്ന മഹാബഹുമതി നേടി, കാളിദാസതുല്യനായിത്തന്നെ വിരാജിയ്ക്കുന്നു!

---

*"കീത്തിന്റെ" സംസ്കൃതസാഹിത്യചരിത്രം പരിശോധിയ്ക്കുക

ഭാരതമഞ്ജരി, രാമായണമഞ്ജരി, ബൃഹൽകഥാമഞ്ജരി, ദശാവതാരചരിതം, ബോധിസത്വാപദാനകല്പലത, ചതുർവ്വർഗ്ഗസംഗ്രഹം, കവികണ്ഠാഭരണം, സുവൃത്തതിലകം, ഔചിത്യവിചാരചർച്ച, കലാവിലാസം, ദർപ്പദളനം, സമയമാതൃക, സേവ്യസേവകോപദേശം, ചാരുചര്യ —മുതലായവയാണു് ക്ഷേമേന്ദ്രന്റെ കൃതികൾ. ഇവയിൽ, 'ഭാരതമഞ്ജരി'യ്ക്കു അയ്മ്പതു വർഷത്തോളം മുമ്പുതന്നെ, കടത്തനാട്ടുഉദയവൎമ്മ തമ്പുരാന്റെ നേതൃത്വത്തിൽ, ഒരു കവിസംഘംമുഖേന ഒരു പരിഭാഷ മലയാളത്തിൽ വന്നുകഴിഞ്ഞിട്ടുണ്ടു്. ഒടുവിൽ ശങ്കരൻകുട്ടി മേനവന്റെ വകയായി, 'രാമായണമഞ്ജരി' യുടെ പരിഭാഷയും അനന്തരകാലത്തു പുറപ്പെട്ടു. വടക്കുംകൂർ വലിയരാജാ ശ്രീ രവിവൎമ്മ തമ്പുരാനവർകൾ 'ചാരുചാര്യ'യേയും മലയാളത്തിൽ കൊണ്ടുവന്നിട്ടുള്ളതായിട്ടറിയാം. 'കലാവിലാസ'ത്തിന്റെ ചിലഭാഗങ്ങൾ ചിറവൂർ വരവൂർ ശാമുമേനോൻ തൎജ്ജമ ചെയ്തു് മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നതായും ഓൎമ്മിയ്ക്കുന്നുണ്ടു്. ദശാവതാരചരിതം ശ്രീ വെള്ളൂർ കൃഷ്ണൻനമ്പ്യാർ ഭാഷപ്പെടുത്തിയിരിയ്ക്കുന്നതായും അറിയുന്നു. ഏവംവിധേനയെല്ലാം, ഒരു കവിയുടെ നിലയിൽ ക്ഷേമേന്ദ്രനേ പഠിയ്ക്കുവാനുള്ള സാമഗ്രികൾ കുറേയൊക്കെ, മുമ്പേതന്നെ മലയാളികൾക്കു ലഭിച്ചുകഴിഞ്ഞിരിക്കുന്നു.

എന്നാൽ, ക്ഷേമേന്ദ്രൻ കേവലം കവിശിഖാമണി മാത്രമല്ല. സംസ്കാരത്തിന്റെയും സാഹിത്യത്തിന്റെയും ഒരു മഹാചാര്യൻ—ഉപദേഷ്ടാവു്—കൂടിയാണു്. അദ്ദേഹത്തിന്റെ കൃതികളിൽ പലതും ഉപദേശൈകമയങ്ങളും ആകുന്നു. കവികണ്ഠാഭരണം, സുവൃത്തതിലകം, ഔചിത്യവിചാരചർച്ച—എന്നീ മൂന്നു കൃതികളും, സാമാന്യവ്യുൽപന്നന്മാരെ സാഹിത്യംചെയ്യാൻ പഠിപ്പിയ്ക്കുന്ന വിശിഷ്ടപുസ്തകങ്ങളുമാണെന്നുപറയാം. കടത്ത

നാട്ടുദയവർമ്മ തമ്പുരാൻെറ 'കവിതാഭരണം' എന്ന പുസ്തകത്തിലും, മഹാകവി ഉള്ളൂരിൻെറ 'ഭാഷാകവിത' എന്ന ഉപന്യാസത്തിലും, 'കവികണ്ഠാഭരണ'ത്തിലെ തത്വങ്ങളെ ധാരാളമായി വെളിപ്പെടുത്തിയിരിയ്ക്കുന്നതു കാണാം. 'സുവൃത്തതിലക'ത്തിന്ന്, 'സദ്വൃത്തമാലിക' എന്നപേരിൽ ഒരു പരിഭാഷ, മുൻപറഞ്ഞ ഉദയവർമ്മ തമ്പുരാൻെറ 'കവനോദയം' മാസികമുഖേന തന്നെ മലയാളത്തിന്നു ലഭിച്ചിട്ടുണ്ട്. ഏതേതു വൃത്തങ്ങൾ ഏതേതു സന്ദർഭങ്ങൾക്കും വിഷയങ്ങൾക്കും വർണ്ണനാദികൾക്കും യോജിക്കും എന്നുപദേശിക്കുകയാണ് അതിലെ പ്രധാനപ്രതിപാദ്യം. 'ഔചിത്യവിചാരചർച്ച' യിലെ സാരാംശവും സിദ്ധാന്തങ്ങളും സംഗ്രഹിച്ചുകൊണ്ട്., വിദ്വാൻ, സി. എസ്സ്. നായർ സുദീർഘമായ ഒരു പ്രബന്ധം, 'ചമൽകാരം' എന്നപേരിൽ, "ആത്മപോഷിണി" മാസികയിൽ പണ്ട് എഴുതിയിരുന്നു. "ഔചിത്യം കാവ്യജീവിതം" —എന്ന പ്രസിദ്ധമായ സിദ്ധാന്തം ഔചിത്യവിചാരചർച്ചയിൽ ഉള്ളതാണ്.

"ഉചിതം പ്രാഹുരാചാര്യാഃ സദൃശം കില യസ്യ യൽ;
ഉചിതസ്യ ച ഭാവോ യസ്തദൗചിത്യം പ്രചക്ഷതേ

എന്ന് ഔചിത്യത്തിന്നു ലക്ഷണംചെയ്ത്, അതാണ് കാവ്യത്തിൽ സർവത്ര ജീവനായി വിളങ്ങുന്നതെന്ന് ഉദാഹരണപുരസ്സരം ആ പുസ്തകത്തിൽ സ്ഥാപിച്ചിരിക്കുന്നു. രസം, അലങ്കാരം, ഗുണം, രീതി എന്നിതെല്ലാം ഔചിത്യാനുരോധേനയാണല്ലോ വിളങ്ങുക!! ഇങ്ങനെയെല്ലാംകൂടി, ഒരു മഹാകവിയുടെ നിലയിലും, സാഹിത്യാചാര്യൻെറ നിലയിലും ക്ഷേമേന്ദ്രനുള്ള ഗരിമയുടെ സ്വഭാവം അറിയാനുള്ള സാമഗ്രി, ഭാഷയിൽ അവിടവിടെയായിട്ടുണ്ട്. പോരെങ്കിൽ, കവിതിലകൻ വടക്കുംകൂറവർകൾ "ക്ഷേമേന്ദ്രൻ" എന്നൊരു പുസ്തകംതന്നെ, പത്തുപതിനെട്ടുവർഷങ്ങൾക്കുമുമ്പു പ്രസിദ്ധീകരിയ്ക്കുകയും ചെയ്തിരിയ്ക്കുന്നു. ക്ഷേമേ

ന്ദ്രനേ എല്ലാനിലയിലും ആ പുസ്തകത്തിൽ വിവേചിച്ചുവിമർശി ച്ചിരിക്കുന്നതു് ഏതു ജിജ്ഞാസുവിന്നും പ്രയോജനകരവുമാണു്. അഭിനവഗുപ്തന്റെ ശിഷ്യനും,കാശ്മീരികനും, A. D. ൧൧-ാം- നൂററാണ്ടിൽ ജീവിച്ച ആളും ആണു് ഈ കവിവര്യൻ.

മൂലകൃതി—ബോധിസത്വാപദാനകല്പലത

ക്ഷേമേന്ദ്രന്റെ മുൻപറഞ്ഞ കൃതികളെല്ലാം, ബോംബേ നിർണ്ണയസാഗരമുദ്രാലയക്കാർ "കാവ്യമാലാ"പരമ്പരാമുഖേന പ്രസിദ്ധീകരിച്ചിട്ടുള്ളവയാണു്. സമാന്യ പണ്ഡിതന്മാർക്കു് അവ സുപരിചിതങ്ങളും സുലഭങ്ങളുമായിബ്ഭവിച്ചിട്ടുമുണ്ടു്. 'കല്പലത'യുടെ കഥ അതല്ല. അതിന്റെ പ്രകാശനം തന്നെ സധാരണമുദ്രാലയത്തിൽനിന്നല്ല. സാധാരണന്മാർക്കതു സുപ്രാപവുമല്ല. ബംഗാൾ റോയൽ ഏഷ്യാററിക് സൊസൈററിക്കാരുടെ വക പ്രസിദ്ധീകരണമാണു് ഇതു്. ഇങ്ങനെ ഒരു സംഘക്കാരുണ്ടെന്നും, അവർ സംസ്കൃതപുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും മററുമുള്ള വസ്തുത തന്നെ, വല്ല ഗവേഷണപ്രവണന്മാരോ, ആംഗലഭാഷാഭിജ്ഞന്മാരോ ആയിട്ടുള്ളവരേ അറിയൂ. അറിഞ്ഞാൽത്തന്നെ, അവിടെനിന്നു പുസ്തകങ്ങൾ സമ്പാദിച്ചുകൊള്ളുന്നതു് അതിശ്രമകരം. അവരുടെ ആദിമപ്രസിദ്ധീകരണങ്ങൾ ഒട്ടേറെയെണ്ണം "ഔട്ട് ആഫ് സ്റ്റാക്ക്" ആയിപ്പോയിരിയ്ക്കുന്നു. ഇത്തരം പലേ കാരണങ്ങളാൽ ദുർലഭമായിട്ടുമാത്രമേ അവരുടെ പുസ്തകങ്ങൾ പ്രചരിയ്ക്കുന്നുള്ളു. കല്പലതയും അക്കൂട്ടത്തിൽ പെട്ടുകിടക്കുന്ന ഒന്നാണു്.

വളരെ ശ്രദ്ധയോടുകൂടിയ അന്വേഷണം നടത്തിയിട്ടും, തിരുവനന്തപുരത്തു്, അതിന്റെ പ്രസിദ്ധീകൃതഭാഗങ്ങളെല്ലാം കിട്ടുവാൻ ഇടയായില്ല; എങ്ങും ഉള്ളതായിട്ടു് അറിയാനും കഴിഞ്ഞില്ല. ഒരു ഭാഗം മാത്രം ഉണ്ടെന്നറിയാൻകഴിഞ്ഞു.

വലിയ ഗവേഷകന്മാക്കുക്രുടി അതിലധികമുണ്ടെന്നറിയാൻ ഇടവന്നിട്ടില്ലെന്നാണു് തോന്നുന്നതു്.

"ആദ്യത്തേ ഏഴ്, അയ്മ്പതു മുതൽ അയ്മ്പത്തിമൂന്നു വരെയുള്ളവ, ഇങ്ങനെ പതിനൊന്നു പല്ലവങ്ങൾ മാത്രമേ നമുക്കു കിട്ടിയിട്ടുള്ളു." [പേജ്—106]

എന്നു് 'ക്ഷേമേന്ദ്രൻ' എന്ന പുസ്തകത്തിൽ കാണുന്നതു നോക്കുക! അതുപോലെതന്നെ, മഹാകവി ഉള്ളൂരിന്റെക്രുടിയും, ഈ കൃതി ഇതിലധികം പ്രകാശിതമായിട്ടുണ്ടെന്നു് ആദ്യം അറിയാമായിരുന്നില്ല. ഡിനിന്റെ നിലയിൽ, അദ്ദേഹത്തിന്റെ അനുവാദവും അംഗീകാരവും വേണ്ടിയിരുന്നു, ഈ തർജ്ജമ യൂണിവേഴ്സിററിപ്രസിദ്ധീകരണാർത്ഥം സ്വീകരിക്കുവാനും മററും. ആ എഴുത്തുകുത്തു നടക്കുമ്പോൾ, അന്നദ്ദേഹവും പറഞ്ഞു—"അതത്രയ്യൊന്നുമില്ലല്ലോ, സ്വല്പമല്ലേ ഉള്ളൂ?" എന്നു് പിന്നെ, തർജ്ജമയുടെ കൈയെഴുത്തുപ്രതി മുഴുവൻ പരിശോധിച്ചതിനുമേലാണു് അദ്ദേഹത്തിനും വസ്തുത് മനസ്സിലായതു്! മൂലഗ്രന്ഥത്തിന്റെ ദൗർല്ലഭ്യവും, പ്രചാരലോപവുംമററും കാണിയ്ക്കാൻ മാത്രമാണു് ഇക്കാര്യം ഇവിടെ അനുസ്മരിച്ചതും, രേഖപ്പെടുത്തുന്നതും. മദിരാശിയിൽനിന്നു്, സുഗൃഹീതനാമാവായ ഡാക്ടർ വി. രാഘവൻ എം. ഏ. പി.എച്ച്. ഡി. മുഖേന മൂലപുസ്തകത്തിന്റെ പല വാല്യങ്ങൾ നേടി മഹാകവി വള്ളത്തോളിന്നയച്ചുകൊടുത്തു്, അങ്ങനെയാണു് ഈ തർജ്ജമ ഉണ്ടാവാൻ ഇടയായതു്.. ശ്രീ രാഘവനവർകളോടു് മലയാളികളായ നാമെല്ലാം ഇക്കാര്യത്തിൽ കൃതജ്ഞരായിരിക്കേണ്ടതുമാണു്! കിട്ടാത്ത മൂലഭാഗത്തിന്റെ കൈയെഴുത്തു പ്രതിയെങ്കിലും ലഭിയ്ക്കുവാൻ സാധ്യതയുണ്ടോ എന്നറിയുവാൻ, ശ്രീ. കെ. എം. പണിക്കർ മുഖേന, ആധുനികബുദ്ധമതമഹാകേന്ദ്ര

മായ ചൈനാസാമ്രാജ്യത്തിലേ ഗ്രന്ഥാലയങ്ങളിൽപോലും, മഹാകവി വള്ളത്തോൾ അന്വേഷണം നടത്തുകയുണ്ടായി. ഒടുക്കം, അവിടെനിന്നും കിട്ടാനില്ലെന്നാണറിഞ്ഞത്.

എന്നാൽ മൂലഗ്രന്ഥത്തിൽ ചേർത്തിട്ടുള്ള 'ആമുഖ'വും 'കുറിപ്പും' വായിക്കുമ്പോൾ [തർജ്ജമകൾ നോക്കുക] 'കല്പലത'യുടെ സമ്പൂർണ്ണപ്രസിദ്ധീകരണമാണല്ലോ ഇത് എന്ന് തോന്നിപ്പോവാം. അതു ശരിയല്ലെന്നും, അങ്ങനെ തോന്നിക്കുന്ന ഭാഗം ടിബററൻ പരിഭാഷയിലോ മറേറാ അന്വയിച്ചു ശരിപ്പെടുത്തേണ്ടതാണെന്നും, എടുത്തു പറയേണ്ടിയിരിക്കുന്നു.

## കല്പലതയിലെ കഥാമാഹാത്മ്യം

ലോകസാഹിത്യത്തിലുള്ള കഥകൾതന്നെ അദ്ഭുതാവഹങ്ങളും അനന്തങ്ങളും അന്യാദൃശങ്ങളും ആയിട്ടാണ് കിടക്കുന്നത്. പാശ്ചാത്യദേശങ്ങളിലും, പൗരസ്ത്യദേശങ്ങളിലും അവ ഒരുപോലെ വ്യാപിച്ചുമിരിക്കുന്നു. അവയിൽവെച്ച്, ഭാരതീയകഥകൾക്ക്, ധാർമ്മികമായ അടിയുറപ്പും മെച്ചവും ഏറും എന്നു പറയുന്നതിൽ തെററില്ല. എന്നാൽ, ഭാരതീയകഥകൾ തന്നെ, വീണ്ടും ഉച്ചാവചാവസ്ഥയിൽ വിലസുന്നു എന്നുള്ളതാണ് വിശേഷം! സംഹിതകളിലും, ബ്രാഹ്മണങ്ങളിലും; ഉപനിഷത്തുകളിലും മററുമായിക്കിടക്കുന്ന വൈദികകഥകളുടെ മട്ടും മാററവും ഒന്നു വേറെ; പുരാണങ്ങളിലും, ഇതിഹാസങ്ങളിലും, ആഖ്യായികാദികളിലും, നീതിഗ്രന്ഥങ്ങളിലും മററുമായിക്കിടക്കുന്ന കഥകളുടെ മാതിരിയും മാധുര്യവും ഒന്നുവേറേ. കഥാസരിൽസാഗരാദികളിലും മററും ഉള്ള കഥകളുടെ സമ്പ്രദായവും സൌഭാഗ്യവും മററും പിന്നെയും ഒന്നുവേറെ. വിക്രമാദിത്യകഥകൾ, മദനകാമരാജകഥകൾ മുതലായവ വീണ്ടും വേറൊരു വിധത്തിലാണെന്നു പറയാം. ഈ വക കഥാസമുച്ചയത്തിൽ,

ബുദ്ധമതക്കാരുടെ "ജാതകകഥകൾ"ക്ക് ഒരു പ്രത്യേകസ്ഥാനം തന്നെ കല്പിക്കേണ്ടിയിരിക്കുന്നു. ജാതകകഥകളുടെ ആകെഎണ്ണം അഞ്ഞൂറിലധികം ഉണ്ടെന്നാണ് അറിയപ്പെടുന്നതു്. അവയിൽനിന്ന് നൂററെട്ടു കഥകളെ ആണ് 'കല്പലതയുടെ നിർമ്മാണത്തിന്ന് ഇതിവൃത്തങ്ങളായി സ്വീകരിച്ചിട്ടുള്ളതു്. ആ ഇതിവൃത്തങ്ങൾക്ക് അടിസ്ഥാനമായിരിക്കുന്നതോ, "ദിവ്യമായ ദാനം ധാർമ്മികസ്വഭാവം-ക്ഷമ- ശ്രദ്ധ-ധ്യാനം-ജ്ഞാനം"—എന്നിവ ആൺതാനും. ഈ ജാതി അടിസ്ഥാനങ്ങളിൽ, ബുദ്ധേതരമത സാഹിത്യങ്ങളിലും ഒട്ടേറെക്കഥകൾ ഇല്ലായ്കയില്ല. ഉദാഹരണത്തിന്ന്, കർണ്ണൻ—മഹാബലി മുതൽപേരുടെ ദാനധീരതയെ ഹൈന്ദവസാഹിത്യത്തിൽനിന്നും, ഉറങ്ങിക്കിടന്ന ശത്രുരാജാവിൻെറ മേലുടുപ്പിൻെറ അററംമാത്രം മുറിച്ചെടുത്തു് തൻെറ ക്ഷമാവൈഭവം കാണിച്ച ദാവീദ രാജാവിനേയും മററും ബൈബിൾക്കഥകളിൽനിന്നും എടുത്തു കാണിക്കാവുന്നതാണ്.

ഇതുപോലെയുള്ള വേറെ കഥകളും ചൂണ്ടിക്കാണിക്കപ്പെടാം. എന്നാൽ, അവയ്ക്കും ഇതിലെ കഥകൾക്കും തമ്മിൽ എത്രയും ബൃഹത്തായ വ്യത്യാസമാണ് കാണാൻ കഴിയുന്നതു്.

### ജാതകകഥാസ്വഭാവം

1-ാ-മത്തെ പല്ലവത്തിൽ, ഒരാനയുടെ സ്വഭാവംവഴിക്ക് ഒരു മഹാരാജാവു് ജ്ഞാനവാനായിത്തീരുന്ന കഥയാണ് പ്രതിപാദിച്ചിരിക്കുന്നതു്. അതെത്രയും അസാധാരണവും ഹൃദയസ്പൃക്കുമായിത്തന്നെ വർണ്ണിക്കപ്പെട്ടിരിക്കുന്നു.

2-ാ-മത്തെ പല്ലവത്തിൽ, ശ്രീസേനരാജാവിൻെറ ദാനവൈഭവമാണ് കാണിച്ചിട്ടുള്ളതു്. അതെങ്ങനെയൊക്കെ എന്നുള്ളതാണ് അത്യാശ്ചര്യകരം. പഠിപ്പുതീന്ന ഒരു ശിഷ്യന്ന്,

ഗുരുദക്ഷിണ നൽകാനായി, ആ മഹാനുഭാവനായ രാജാവിൻെറ പ്രാണപ്രേഷ്ഠപ്രണയിനിയായ പട്ടമഹിഷിയെ കിട്ടണംപോൽ! എന്തൊരു അലോകസാമാന്യമായ അഭ്യത്ഥന! അചിന്ത്യവൈഭവനായ രാജാവിന്നോ, ഒരു സംശയവുമുണ്ടായില്ല, ആ അത്ഥിയേയും സംതൃപ്തനാക്കിത്തന്നെ അയയ്ക്കുവാൻ.

ആ കുസലില്ലായ്ക പട്ടമഹിഷിയിലും!! ആവശ്യപ്പെട്ട ഗുരുവിൻെറയും, സാധിയ്ക്കാൻ പുറപ്പെട്ട ശിഷ്യൻെറയും, സാധിച്ചു കൊടുക്കുന്ന രാജാവിൻെറയും, സാധനമായിത്തീർന്ന രാജ്ഞിയുടേയും കുസലില്ലായ്മയ്ക്ക് മകുടംവെയ്ക്കുന്ന ഒരു പരിണാമം സമ്പാദിച്ചിരിയ്ക്കുന്നതാണ് അത്യന്തം അപ്രതീക്ഷിതവും ആശ്ചര്യപ്രദവും ആലോചനാമൃതവും ആയിരിയ്ക്കുന്ന മറെറാരു സംഗതി!

ഒരു ഹിംസ്രജന്തുവാൽ അർദ്ധാംഗഗ്ദ്ധശരീരനായ ഒരാൾ, ആ രാജാവിൻെറതന്നെ പാതിമെയ് കിട്ടിയാൽകൊള്ളാമെന്ന് അഭ്യത്ഥിയ്ക്കുന്നു. മന്ത്രിപ്രഭൃതികളെല്ലാം വളരെ വിലക്കി നോക്കിയിട്ടും ഫലപ്പെടാതെ, രാജാവ് സ്വശരീരാർദ്ധം മുറിപ്പിച്ചുകൊടുക്കുന്നു. എന്നിട്ടും ആ രാജാധിരാജന് ഒരു ശുഭപര്യവസാനംതന്നെ സിദ്ധിയ്ക്കുന്നതു കാണുമ്പോഠം, ലോകം മുഴുവൻ തന്നെ ആശ്വസിയ്ക്കുംപോലെ തോന്നും, വായനക്കാരന്. ദാനധീരതയുടെ നിത്യനിദർശനംതന്നെ!

3-ാം-പല്ലവത്തിലേ മണിചൂഡാപദാനവും, കഥാംശംകൊണ്ടുതന്നെ, വേദനയും വേവലും വിറയലും വിസ്മയവും ജനിപ്പിയ്ക്കുന്നതാണ്. ഭാൎയ്യയേയും പുത്രനേയും കൂടിയാണ്, ഇതിൽ ശിഷ്യൻ, ഗുരുദക്ഷിണയ്ക്കായി യാചിയ്ക്കുന്നതു്. നിസ്സംശയം രാജാവുനൽകുകയും ചെയ്യുന്നു. ആ രാജാവ് അഹിംസാമയമായ ഒരു യാഗം ചെയ്തുകൊണ്ടിരിയ്ക്കുവേ, ഒരു മാംസഭക്ഷ

കൻ വന്നു്, തനിയ്ക്കു മാംസവും രക്തവും ആഹാരാർത്ഥം തരാൻ യാചിയ്ക്കുന്നു. ഒന്നുകിൽ, രാജാവിൻെറ ദാനവ്രതം മുടങ്ങണം. അല്ലെങ്കിൽ അഹിംസാനിഷ്ഠ തകരണം! എന്നാൽ, രണ്ടിന്നും ഇടവരുത്താതെ രാജാവു് സ്വന്തം ദേഹത്തിൽനിന്നു് രക്തമാംസങ്ങൾ കൊടുത്തു് ദാനനിഷ്ഠയേയും അഹിംസാനിഷ്ഠയേയും പാലിയ്ക്കുയാണു് ചെയ്യുന്നതു്. ഹാവൂ എത്ര രോമാഞ്ചകരം!!

ആ രാജാവു് സർവ്വസംഭാരസമ്പൂർണ്ണനായിരിക്കെ, ധൃഷ്ടമായ ഒരു കാരണമുണ്ടാക്കി, മറെറാരു രാജാവു് യുദ്ധത്തിനൊരുങ്ങുന്നു. യുദ്ധം ചെയ്താൽ തനിയ്ക്കു വിജയം സുനിശ്ചിതമായിരുന്നിട്ടും, അഹിംസാനിഷ്ഠ നിമിത്തം മണിചൂഡൻ സർവ്വസ്വവുമപേക്ഷിച്ചു്, ഹിമാലയത്തിലെത്തി തപസ്സു തുടങ്ങുന്നു. അങ്ങനെ കഴിയുമ്പോഴാണു് ശത്രുരാജാവിൻെറ രാജ്യത്തിൽ കടുത്ത വറുതിയും വലച്ചിലും വന്നു കൂടുന്നതും, അതിന്നു പരിഹാരമായി, മണിചൂഡൻെറ സഹജമായ ശിരോരത്നം യാചിയ്ക്കപ്പെടുന്നതും! അപ്പോഴും നിസ്സംശയമായിത്തന്നെ മണിചൂഡൻ അതു കൊടുത്തു് സ്വന്തം പ്രാണാന്തത്തോടു് ഏററവും അടുക്കുന്നു. എന്നാൽ, ഒടുക്കം എല്ലാ അല്ലലും തീർന്നു് മഹാത്മാക്കളുടെ അനുഗ്രഹാശീസ്സുകളോടും, ഭാര്യാപുത്രരോടുംകൂടി സ്വരാജധാനിയിലെത്തി ചിരകാലം നാടുവാണു്, പരമപദം പ്രാപിക്കയും ചെയ്യുന്നു. ഇതും ബുദ്ധൻെറ ജന്മാന്തരകഥ തന്നെ.

4-ാം-പല്ലവത്തിലേ നായകനായ മാന്ധാതാവെന്ന മന്നവൻ പിറക്കുന്നതുതന്നെ പുരുഷനിൽനിന്നാണു്, സ്ത്രീയിൽനിന്നല്ല! അദ്ദേഹത്തിൻെറ ജീവിതകാലമോ, അനേകമനേകം ദേവേന്ദ്രന്മാരുടെ മാററവും വാഴ്ചയും നടക്കുന്ന കാലവും! മഹിമാതിശയം നിമിത്തം, ഇന്ദ്രസിംഹാസനത്തിൻെറ അർദ്ധാവകാശിയായി അനവധികാലം അദ്ദേഹം സ്വർഗ്ഗത്തിൽത്തന്നെ വാഴുന്നു. ഒടുവിൽ അഹങ്കാരം വ്യാപിച്ചു് അധഃപതിയ്ക്കുകയും

ഉൽകർഷത്തിന്നു നിദാനമായിരുന്നതു് ദാനമഹിമയാണെന്നു് ഉദ്ബോധിപ്പിച്ചുകൊണ്ടു് കഥ തീരുകയുമാണു്. ഇതിലെ പ്രാസംഗികകഥകൾക്കാണു് അധികം ചമൽകാരകാരിത എന്നു പറയണം. ധ്യാനതപസ്സുകൾക്കു തടസ്സം ചെയ്തിരുന്ന പക്ഷികളുടെ ചിറകുകൾ ഇല്ലാതാക്കിയ മുനിമാരെ രാജാവു നാടുകടത്തിവിടുന്നു! ആകാശഗാമിയായ രാജാവിന്റെ ഗജാശ്വങ്ങളും ആ നിഷ്കാസിതമുനിമാരെ ക്ഷോഭിപ്പിയ്ക്കാനിടയാവുക; അവരുടെ ശാപസംരംഭം; അതു ഫലിയ്ക്കായ്ക. ഈ വിധത്തിൽതുടൎന്നുകിടക്കുന്നു ആ കണ്ണികൾ എല്ലാം.

5-ാം-പല്ലവത്തിൽ, ദാനവ്രതിയായ ചന്ദ്രപ്രഭരാജാവിനോടു്, വെറും അസൂയാലുവായ ഒരു ദുഷ്ടൻചെന്നു്, പരീക്ഷണാർത്ഥം, രാജശിരസ്സു യാചിയ്ക്കുന്ന കഥയാണു്. രാജാവിന്റെ തല നിലനിൎത്താൻ പലരും പരിശ്രമിച്ചതു മുഴുവൻ പാഴായിപ്പോയി: രാജാവു തലകൊടുക്കുകതന്നെ ചെയ്തു! ഒടുവിൽ രാജാവിന്റെ സങ്കല്പം ലോകശ്രേയസ്സിന്നു നിദാനമായിത്തീൎന്നതായും കാണിച്ചിരിയ്ക്കുന്നു. അതിലും പുതുമ!

6-ാം-പല്ലവത്തിൽ ഭഗവാൻബുദ്ധൻ, വണിക്‌സംഘത്തോടുകൂടിയാത്രചെയ്യുമ്പോൾ, കൊള്ളക്കാർ കൊള്ളയ്ക്കൊരുങ്ങുകയും, ഭഗവാൻ അതറിഞ്ഞു് അവരെ വിലക്കുകയും, അവരുടെ ന്യായവാദംകേട്ടു് ഭഗവാൻ ദിവ്യശക്തിയാൽ നിധിനേടി അവൎക്കു ധനം നല്കുകയും ചെയ്യുന്നു. അങ്ങനെ എത്രതവണ? ആവശ്യപ്രാവശ്യം! ഒടുവിൽ ആ കൊള്ളക്കാൎക്കും ബോധോദയം ഉണ്ടാവുന്നു: അവരും പ്രവ്രജ്യാശ്രമംപൂണ്ടു പൂജനീയരായിച്ചമയുന്നു.

ഈ അവസ്ഥാവിശേഷംകണ്ടു്, ഭഗവാന്റെകൂടെയുണ്ടായിരുന്നവർ, ഇങ്ങനെയൊക്കെ സംഭവിച്ചതിന്റെ കാരണ

മെന്തെന്ന് ചോദിയ്ക്കുകയായി. പൂർവ്വജന്മത്തിലും തനിയ്ക്കീവരോടിടപാടുണ്ടായിട്ടുണ്ടെന്നു പറഞ്ഞുകൊണ്ട്, കാശിക്കാരനായിരുന്ന "സുപ്രിയ"ന്റെ കഥ പറയുകയാണ് പിന്നെ. മഹാധനികനായിരുന്ന ആ വണിക്ക്, അർത്ഥികളെ ഒക്കെ പ്രീതിപ്പെടുത്താൻ തനിയ്ക്കു ധനമില്ലല്ലോ എന്നു ഖേദിയ്ക്കുന്നു. ദൂരയാത്രചെയ്തു്, ബഹുക്ലേശങ്ങൾ സഹിച്ച് ധനം സമ്പാദിയ്ക്കുന്നു; വഴിയ്ക്കുവെച്ച് കൊള്ളക്കാർ ധനമെല്ലാം കവരുന്നു; വീണ്ടും ധനംനേടിക്കൊണ്ടുവരുന്നു; വീണ്ടുംകവർച്ചക്കാർ ആക്രമിയ്ക്കുന്നു: ഒടുവിൽ അവരെ തൃപ്തിപ്പെടുത്താൻമാത്രമെങ്കിലും ധനം സമ്പാദിയ്ക്കണമെന്നുറച്ച്, അതിന്നായി 'ബദരദ്വീപ'ത്തിലേയ്ക്ക് അയാൾ യാത്രയാകുന്നു. വഴിയ്ക്കുവന്നുകൂടുന്ന കഷ്ടാരിഷ്ടകൾക്ക് ഒരു കണക്കില്ല. അസാധാരണങ്ങളും, അപ്രതീക്ഷിതങ്ങളും ആയ അനുഭവങ്ങളാണ്. കൂടെക്കൂടെ ആഴമേറിയ ആശാഭംഗത്തിന്റെ അടിത്തട്ടിൽച്ചെന്നടിയേണ്ടിവരുന്നു. എങ്കിലും, ഒടുവിൽ ആശിച്ചപോലെ സിദ്ധാർത്ഥനായി ക്ലേശമെന്യേ കാശിയിൽവന്നുചേരുകയും, ജനങ്ങൾ അയാളെത്തന്നെ രാജാവായി വാഴിയ്ക്കുകയും, സുദീർഘമായ ജനഹിതഭരണം നടത്തി, തത്ത്വജ്ഞാനംവഴിയ്ക്ക് അയാൾ അവസാനം ബ്രഹ്മഭൂയം ഗമിയ്ക്കുകയും ചെയ്യുന്നു. ആ സുപ്രിയൻ, താനാണെന്നാണ് ബുദ്ധൻ കൂട്ടരേ പറഞ്ഞുകേൾപ്പിച്ചതു്. ആ സുപ്രിയജന്മത്തിലേ കൊള്ളക്കാർതന്നെയാണ് ഇപ്പോൾ പ്രവ്രജ്യ നേടി നമസ്കരണീയരായതെന്നും. സംഭവങ്ങളുടെ അസംഭാവനീയതകൊണ്ടുതന്നെ, ആമൂലാഗ്രം രോമാഞ്ചകാരിയാണ് ഈ കഥയും. പരമാദർശം, ദാനനിഷ്ഠയാണുതാനും.

7–ാം–പല്ലവത്തിൽ, ബുദ്ധോപദേശം ശ്രവിയ്ക്കാൻ ചെന്നിരിയ്ക്കുന്ന ഒരു രാജ്ഞീദാസിയ്ക്ക് ഇടയ്ക്കുവിടംവിട്ടു പോരേണ്ടിവരുന്നതും, വഴിയ്ക്കുവെച്ചു മരിച്ചുപോകുന്നതും, അചിരേ

ണ സിംഹളരാജാവിൻെറ പുത്രിയായ്പ്പിറന്നു വളരുന്നതും, ബുദ്ധഭക്തയായിത്തീരുന്നതും മററുമാണ് കഥാഘടകമായിക്കിടക്കുന്നതു്.

“ശരണമണവിൻ ബൗദ്ധം ധർമ്മം; ഭവാമയമില്ലിതിൽ”
എന്നുള്ള മഹോപദേശമാണ് ഈ കഥയിലെ മഹിതാദർശം.

ഈമാതിരികഥകൾക്കും, രാമായണഭാരതാദികളിലെ കഥകൾക്കും വല്ലസാദൃശ്യവും പറയാമോ? യാഗരക്ഷയ്ക്കുവേണ്ടി മാത്രം രാമചന്ദ്രനെ യാചിച്ച വിശ്വാമിത്രന്, ശാപഭീതിയാലാണ് ദശരഥമഹാരാജാവു നല്കുന്നതു്. സീതാദേവിയെ കവന്ന രാവണൻെറ വംശവിച്ഛേദംവരെ വരുത്തി രാമചന്ദ്രൻ. ഈ ജാതി പോകുന്നു ആ വക കഥകളിലുള്ള വൈജാത്യം. അവയുടെ ആദർശവും വേറേ; ആകാരവും വേറേവേറേ. ആ കഥകൾ സാധാരണതയോട്ട് ഏററവും അടുത്തു നില്ക്കുന്നവമാത്രം. ഇവയോ, അസാധാരണതയുടെ മകുടങ്ങൾ!!

### കവിതാമഹത്ത്വം

ഈ വിധമുള്ള കഥാതന്തുക്കൾകൊണ്ടു കൈവരുത്തിയിരിക്കുന്ന കവിതയുടെ മഹത്ത്വവും, അപാരവും അവർണ്ണനീയവും തന്നെയാകുന്നു. “ഔചിത്യം കാവ്യജീവിതം” എന്നു കണ്ടുപിടിച്ച ആചാര്യനാണല്ലോ കവി. ആ സിദ്ധാന്തത്തിന്ന് അത്യല്പമായ ഭംഗം പോലും, ഒരിടത്തും—ഒരു സന്ദർഭത്തിലും സഹിക്കാത്ത രസസ്വാദനായ കവീശ്വരനാണ് ക്ഷേമേന്ദ്രൻ എന്നുള്ളതു പറയുവാനില്ല. സന്ദർഭത്തിനൊത്ത വാഗ്വിഭൂതിയും ചിന്താചാതുര്യവും സർവ്വദാ സ്വാധീനമാണ് അദ്ദേഹത്തിന്ന്. യുക്തിയും ന്യായവും കല്പനകളും വർണ്ണനകളും വിശകലനങ്ങളും എല്ലാം ഔചിത്യാനുവിധേയമായി, രസസ്ഫുരണചണമായി സന്ദർഭശോഭാധായകമായിത്തന്നെ ആവിഷ്കരിക്കുന്നതിൽ

സവിശേഷം നിഷ്കഷ്വും നിർബന്ധവും, ആദ്യന്തം പരിപാലിക്കപ്പെട്ടുമിരിക്കുന്നു.

"അവദാനകല്പലതയ്ക്ക് മഹനീയവും പരിപൂർണ്ണവുമായ ഒരു മഹാകാവ്യത്തിന്റെ സ്വഭാവവിശേഷങ്ങൾ എല്ലാം ഉണ്ടെന്നുള്ളത് ഇതിലെ ഓരോവരിയും വിളിച്ചു പറയുന്നുണ്ട്"—എന്നുള്ള 'ആമുഖ'കാരൻ 'ശരച്ചന്ദ്രദാസ്സി'ന്റെ അഭിപ്രായം വെറും വാസ്തവകഥനം തന്നെയാണ്. എന്നുമാത്രമല്ല, ഇതിലെ ഓരോ പല്ലവങ്ങളും ഓരോ സമ്പൂർണ്ണഖണ്ഡകാവ്യങ്ങളാണെന്നുംകൂടി പറയണം. അങ്ങനെ, മഹത്തരഖണ്ഡകാവ്യങ്ങളെക്കൊണ്ട്, ഒരു ബൃഹത്തമമഹാകാവ്യം സമ്പന്നമാക്കിയിരിക്കുകകൂടിയാണ്. നവനവവർണ്ണനങ്ങളും നവനവകല്പനകളും തന്നെയാണ് അനുസ്യൂതമായി നിബന്ധിക്കപ്പെട്ടിരിക്കുന്നതും. ഒരു മഹാകാവ്യമെന്നല്ല, പല മഹാകാവ്യങ്ങളുടെ സമഞ്ജസസങ്കലനമാണ് ഈ കൃതി ഒട്ടാകെ, എന്നു പറഞ്ഞാലും പിഴ പറവുന്നതല്ല. ഏതു പല്ലവമെടുത്തു പരിശോധിച്ചാലും ഇപ്പറഞ്ഞതിനെല്ലാം ഉദാഹരണമാണ് കാണാൻ കഴിയുക എന്നിരിക്കെ, ഏതെങ്കിലും ചില ഉദാഹരണങ്ങൾ കാണിക്കേണ്ടതായിട്ടില്ലല്ലോ. എങ്കിലും, ഒരു കാര്യം എടുത്തു പറയുവാനായിട്ടുണ്ട്. വെറും ആഹ്ളാദം മാത്രമല്ല, (കല കലയ്ക്കുവേണ്ടി-എന്ന പക്ഷമല്ല) ആഹ്ളാദമേദുരമായ ഉപദേശം തന്നെയാണ് കവിതയുടെ പരമപ്രയോജനം എന്ന ഉച്ച സിദ്ധാന്തമാണ് ക്ഷേമേന്ദ്രനുള്ളത്. ആ ഉപദേശപ്രാധാന്യം കൃതിയിൽ സർവ്വത്ര വികസിപ്പിക്കുകയും, വിജൃംഭിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളതാണ് എടുത്തു പറയുവാനുള്ള വസ്തുതയും. തരം കിട്ടുമ്പോഴെല്ലാം, എല്ലാക്കഥാപാത്രങ്ങളെക്കൊണ്ടും, സന്ദർഭാനുഗുണങ്ങളായ തത്വോപദേശങ്ങൾ ചെയ്യിക്കുന്നതിലുള്ള നൈർഭര്യം, ക്ഷേമേന്ദ്രന്റെ പ്രധാനവ്യക്തിമുദ്രയാണ്. ആ ഒരു വൈശി

ഷ്യം, 'കല്പലത'യേ കാവ്യാന്തരീക്ഷത്തിൽനിന്നുയർത്തി, തത്ത്വശാസ്ത്രമണ്ഡലത്തിലേയ്ക്കുതന്നെ കലർത്തിയിട്ടും ഉണ്ട്. എന്നാൽ അതുകൊണ്ട് കാവ്യത്വസൗഭാഗ്യത്തിന്ന് അല്പംപോലും ഹാനി തട്ടിയിട്ടില്ലതാനും. കേവലം സഹൃദയന്മാൎക്കു മാത്രമല്ല, വിദ്യാനുരാഗികളേവൎക്കും, തത്ത്വജ്ഞാനേച്ഛുക്കൾക്കുകൂടിയും ഈ ഗ്രന്ഥം ഉപയോഗിയും ഉല്ലാസകരവും ആയിബ്ഭവിച്ചിരിക്കുന്നു. കേവലവിധിനിഷേധങ്ങൾ ചെവിക്കൊള്ളാനാകാത്തവൎക്ക്, കഥോപദേശോദാഹരണരൂപേണ കൃത്യാകൃത്യബുദ്ധി ജനിപ്പിക്കുകയാണല്ലോ ഈദൃശഗ്രന്ഥങ്ങളുടെ ആത്മീയഗുണം. ഇതുകൊണ്ടും ഫലം നേടാൻ കഴിയാത്തവരാണ്, നാടകാദികളിൽ അധികാരികൾ എന്ന്, 'മഹിമഭട്ടൻ' 'വ്യക്തിവിവേക'ത്തിൽ സമൎത്ഥിച്ചിട്ടുണ്ട്. വസ്തുസ്ഥിതി ഇങ്ങനെയിരിക്കെ, ഉപദേശബാഹുല്യം ഒരിക്കലും ഒരു ദോഷമല്ല; വിശേഷിച്ചും ഈ കാലഘട്ടത്തിൽ! ഒന്നുകൂടികടന്നു ചിന്തിച്ചാൽ, ദോഷമല്ലെന്നില്ല, അത്യന്തം ഗുണമാണെന്നുതന്നെയും പറയേണ്ടിവരും. ഇതെല്ലാം, 'കല്പലത'യേ അഭിജ്ഞന്മാരുടെ, പാരായണപുസ്തകമെന്നപോലെ തന്നെ, വിദ്യാൎത്ഥികളുടെ നിത്യപാഠ്യപുസ്തകമാക്കിയും തീൎത്തിരിക്കുന്നു.

"ഗുരൂപദേശാദധ്യേതും ശാസ്ത്രം ജഡധിയോഽപ്യലം;
കാവ്യം തു ജായതേ ജാതു, കസ്യചിൽ പ്രതിഭാവതഃ"

എന്നുള്ള നിരൂപകസൂക്തി തുലോം സമഞ്ജസം തന്നെ എന്ന്, കല്പലതയിലെ കവിതാമഹത്ത്വവും അനുസ്മരിപ്പിക്കാതിരിക്കയില്ല.

"കവിതാഗുണങ്ങളെ സംബന്ധിച്ചു വിചാരിക്കുമ്പോൾ, ഒരു അത്യുൽകൃഷ്ടമായ പ്രബന്ധമാണ് കല്പലതയും എന്ന് സഹൃദയന്മാർ സമ്മതിക്കതന്നെ ചെയ്യും. രചനയുടെ പ്രകൃത

ഘടനയുടെ സൗഷ്ഠവം, ശയ്യയുടെ സുഭഗത, ആശയങ്ങളുടെ പ്രസാദം, ചാതുര്യം മുതലായ ഗുണങ്ങൾകൊണ്ടു്, കല്പലത ക്ഷേമേന്ദ്രന്റെ ഇതരകാവ്യങ്ങളെ ജയിച്ചു നില്ക്കുന്നു എന്നും തോന്നുന്നുണ്ടു്. കവനപാടവം പരമോൽകർഷത്തെ പ്രാപിച്ച ഒരു അനുഗ്രഹകവിയിൽനിന്നല്ലാതെ, കല്പലതപോലെയുള്ള കാവ്യതല്ലജങ്ങൾ ഉദ്ഭവിക്കുന്നതല്ല"—

എന്നു് 'ക്ഷേമേന്ദ്രൻ' എന്ന പുസ്തകത്തിൽ പറഞ്ഞിട്ടുള്ളതും ഇവിടെ ഉദ്ധരിക്കപ്പെടാവുന്നതത്രേ.

പരിഭാഷ

കല്പലതയ്ക്കു് പണ്ടുതന്നെ ഒരു ടിബററൻപരിഭാഷ ഉണ്ടായിട്ടുള്ളതല്ലാതെ, പിൽക്കാലത്തു്, മറേറതെങ്കിലും ഏഷ്യൻഭാഷയിലോ, യൂറോപ്യൻഭാഷയിലോ ഒരു പരിഭാഷ ഉണ്ടായതായിട്ടറിയുന്നില്ല. ബുദ്ധമതബന്ധമുള്ള സംസ്കൃതഗ്രന്ഥങ്ങളേ ഹിന്ദിയിൽ കൊണ്ടുവരുന്നതിനായി, ബീഹാർപ്രാന്തത്തിൽ ചിലർ ഇപ്പോൾ പരിശ്രമിച്ചു വരുന്നതായിട്ടറിയാം. അശ്വഘോഷന്റെ ബുദ്ധചരിതം, സൗന്ദരനന്ദം മുതലായ കാവ്യങ്ങളും ഭട്ടബാണന്റെ ഹർഷചരിതവും, അവർ ഹിന്ദിയിൽ കൊണ്ടുവന്നു കഴിഞ്ഞു. 'ലളിതവിസ്തര'ത്തിന്റെ പരിഭാഷ നടന്നുവരുന്നതായിട്ടും അറിയാം. എന്നാൽ, അവർക്കും ഈ 'കല്പലത'യിൽ കൈവയ്ക്കാനുള്ള കെൽപ്പുണ്ടായിക്കഴിഞ്ഞിട്ടില്ല. സംഗതിവശാൽ കുറച്ചുകാലംമുമ്പേ ഈ പരിഭാഷയെപ്പററി അവർക്കെഴുതുവാനിടയായപ്പോൾ, അവരെത്ര വലിയ ആവേശവും ഔത്സുക്യവുമാണു് പ്രകടിപ്പിച്ചതെന്നു പറയുവാനില്ല. അങ്ങനെ, പണ്ടത്തേ ടിബററൻപരിഭാഷയേ ഒഴിച്ചു നിർത്തിയാൽ, ഈ പരിഭാഷ തന്നെയാണു് ആദ്യമായിട്ടാവിർഭവിയ്ക്കുന്നതെങ്കിൽ, മലയാളത്തിന്നു് അതൊരു വലിയമെച്ചം തന്നെ എന്നു വിചാരിയ്ക്കണം. സം

സ്കാരസമ്പത്തികൊണ്ടും കാവ്യസൗന്ദര്യംകൊണ്ടും ഉപദേശസാ
ന്ദ്രതകൊണ്ടും ഉത്തമോത്തമമായ് വിളങ്ങുന്ന ഒരു കൃതി, അവി
കലരൂപേണയല്ലെങ്കിൽപ്പോലും, ലഭിക്കുന്നതു്, ഒരു ഭാഷയു
ടേയും ആ ഭാഷ സംസാരിയ്ക്കുന്ന ജനലക്ഷങ്ങളുടേയും പരമഭാ
ഗധേയമായിത്തന്നെ ഗണിയ്ക്കപ്പെടേണ്ടതാണ്. അതു വള്ള
ത്തോൾമഹാകവിയിൽനിന്നായാൽ പിന്നെത്തെ അവസ്ഥ
പറയേണ്ടതുമില്ലല്ലോ! അദ്ദേഹം കുട്ടിക്കാലത്തു് കവിരംഗത്തിൽ
പ്രവേശിച്ചതുതന്നെ 'ഋതുസംഹാര'ത്തിന്റെ രൂപാന്തരമായ,
ഋതുവിലാസ'വുംകൊണ്ടാകുന്നു. അതു് ഇന്നും ഒന്നാംകിടയിൽ
തന്നെ ശോഭിച്ചുകൊണ്ടിരിയ്ക്കുന്നു. ആ പരിഭാഷാവാസന
തന്നെയാണ്, രാമായണത്തിൽ കൈവെപ്പാൻ അദ്ദേഹത്തെ
പ്രാപ്തനും പ്രഗല്ഭനും ആക്കിത്തീർത്തതും. അവിടുന്നു കിട്ടിയ
നെഞ്ഞൂക്ക് അഞ്ചാറു പുരാണങ്ങളെ തർജ്ജമ ചെയ്‌വാൻ ഇട
യാക്കി. അനന്തരം പത്തുപതിനഞ്ച് നാടകീയകൃതികളേയും
പരിഭാഷപ്പെടുത്തിത്തന്നിരിക്കുന്നു. ഈ വശമാലോചിച്ചാൽ,
സ്വതന്ത്രകൃതികളേക്കാൾ കനവും, ഒരു വിധത്തിലുള്ള ഗുണവും
തർജ്ജമകൾക്കു കൂടുമെന്നുപോലും പറയാം. കവിത്വം സ്വതന്ത്ര
കൃതികളിലും, മഹത്വം ഭാഷാന്തരീകൃതഗ്രന്ഥങ്ങളിലും ആയി
നമുക്കു പകുത്തു വെയ്ക്കാം. അത്രയും അഭ്യാസവും നൈപുണ്യവും
പഴക്കവും പരിശ്രമവും തികഞ്ഞ വള്ളത്തോളിനല്ലാതെ, ഈ
എഴുപതു കഴിഞ്ഞ കാലത്തും, ഇങ്ങനെയൊരു കൃതിയിറക്കി
വിജയവൈജയന്തി നാട്ടാൻ സാധിയ്ക്കുമെന്നു തോന്നുന്നില്ല.
നാലായിരത്തിൽപരം പദ്യങ്ങളാണു് കല്പലതയിലാകെ
ഉള്ളതു്. ആറുമാസത്തിനകമുള്ളകാലമേ അതെഴുതുവാൻ എടു
ത്തിട്ടും ഉള്ളു. തീർന്നപ്പോൾ അതെങ്ങനെയായി? അതാണു് വള്ള
ത്തോളിന്റെ "മാസ്റ്റർപീസ്" (അത്യുത്തമകൃതി) എന്നനിലയാ
യി. ഈ ആശയം ഞാൻ ഇയ്യിടെ വള്ളത്തോളിനെ അറിയിച്ചു

ളനാക്കി. അദ്ദേഹം അതിന്നു എഴുതിയ മറുപടി ചുവടെ ചേർക്കാം:—

"കല്പലതത്തർജമയാണു് എൻെറ മുന്തിയ കൃതി എന്നു പറഞ്ഞാൽ, സംസ്കരിയ്ക്കപ്പെട്ട വാല്മീകിരാമായണത്തർജമ അങ്ങു വായിച്ചിട്ടില്ലെന്നു് ആളുകൾ വാദിച്ചേയ്ക്കുമോ? രാമായണത്തിൻെറ ഇപ്പോഴത്തെപ്പതിപ്പിൽ ഒരു പ്രധാനഭാഗം, സമയമുണ്ടെങ്കിൽ ഒന്നു വായിച്ചുനോക്കുക. സുന്ദരകാണ്ഡം മാത്രമേ അച്ചടിയ്ക്കാൻ ബാക്കിയുള്ളു."

ഇതിൽനിന്നു് ഒരു കാര്യം സ്പഷ്ടമാവുന്നു. അതായതു്, ശ്രീ. ജി. "നിമിഷ"ത്തെ എന്നപോലെ, വള്ളത്തോൾ തൻെറ "വാല്മീകീയപരിഭാഷ"യേ ആണു് ഏററവും അധികം ഇഷ്ടപ്പെടുന്നതെന്നുള്ളതുതന്നെ. ഈ വിജ്ഞാനം, കേരളസാഹിത്യകാരന്മാൎക്കും, വിമർശകന്മാൎക്കും, വായനക്കാൎക്കും വളരെപ്രയോജനകരമായിത്തീരുമെന്നുതോന്നുന്നു. അതിന്നുപുറമേ, എൻെറ അഭിപ്രായത്തിൽനിന്നു് ഇത്രയേ അകലുന്നുള്ളു എന്നും. എന്നുവെച്ചാൽ, കല്പലതാപരിഭാഷയേക്കാൾ കുറേക്കൂടി മെച്ചം, വാല്മീകീയ(രാമായണ) പരിഭാഷയ്ക്കുതന്നെയാണെന്നാണു് വള്ളത്തോളിൻെറ പക്ഷം എന്നുസാരം. ഞാൻ സഹർഷം 'ഇഷ്ടാപത്തി' പറഞ്ഞുകൊള്ളട്ടെ. വാല്മീകി—ക്ഷേമേന്ദ്രൻ; രാമായണം—കല്പലത ഈ ഭേദം, ഞാനും നല്ലവണ്ണം മനസ്സിലാക്കുന്നു. വലുപ്പം കൊണ്ടുതന്നെയും, രാമായണത്തിൻെറ അഞ്ചിലൊന്നു തികയാത്ത 'കല്പലത' യ്ക്കു്, രാമായണത്തേ അതിശയിയ്ക്കാനുള്ള അവകാശവുമില്ല, ആവേശവുമില്ല. നിത്യസത്യമാണതു്. പോരെങ്കിൽ, രചനാസൗഭാഗ്യവും, ഭാഷാഭംഗിയും മററും പുതിയ വാല്മീകീയത്തിൽ വള്ളത്തോൾ അധികം നിഷ്കർഷിച്ചിട്ടും ഉണ്ടായിരിയ്ക്കാം. എന്നാലും, എനിയ്ക്കതെററുന്നില്ലെന്നാണെ

ന്റെ പക്ഷം. കാരണം, ഞാൻ മുമ്പുതന്നെ സൂചിപ്പിച്ചുവല്ലോ. വാല്മീകീയകഥകൾക്കു ഇനി ഒരു പുതുമയും ഉല്ലേഖിയ്ക്കപ്പെട്ടവാൻ സാധ്യമല്ല. കല്പലതാകഥകളിലേ ഘടകങ്ങൾ അനിതരസാധാരണങ്ങളും! അതു വള്ളത്തോളിന്റെ സൌന്ദര്യമാത്രാധിഷ്ഠിതമായ ഭാഷാന്തരോന്നയനശില്പത്തിന്നു വിധേയമായപ്പോൾ, വള്ളത്തോൾകൃതിമണ്ഡലത്തിലേ സർവ്വോത്തമകൃതി അതായിത്തീൎന്നു എന്നാണു എന്റെ ആശയം. കഥാഘടനകളാണു സന്ദർഭഗാംഭീര്യത്തേ സമ്പാദിച്ചുകൊടുത്തു മഹാകവികളുടെ പ്രതിഭകൾക്കു പ്രകാശവും പ്രഭാവവും പ്രവാഹവും നല്കുന്നതെന്ന വസ്തുതയും വിസംവദിയ്ക്കപ്പെടുന്നതല്ലല്ലോ. ഈ നിഗമനത്തിൽനിന്നുകൊണ്ടാണു്, ഞാനെന്റെപക്ഷം വിളിച്ചുപറയുന്നതു്, കല്പലതതന്നെയാണു് വള്ളത്തോൾസ്സാഹിത്യത്തിലേ "മുന്തിയകൃതി" എന്നു്. രാമായണഭക്തന്മാർ അധ്യാത്മരാമായണം കിളിപ്പാട്ടുകൊണ്ടും, കേരളവർമ്മരാമായണംകൊണ്ടും, വള്ളത്തോൾത്തർജ്ജമകൊണ്ടും തൃപ്തിപ്പെടുന്നവരായി വേർതിരിഞ്ഞു വേർതിരിഞ്ഞുപോവും. അഥവാ, അത്രതന്നെ അഴകും ആഹ്ളാദകത്വവും തർജ്ജമയ്ക്കില്ലാതെപോയാൽക്കൂടിയും, വാല്മീകിരാമായണം വായിയ്ക്കാനാളുണ്ടാവാതെവരില്ല. അതു രാമായണത്തിന്റെയും വില്മീകിയുടേയും ഭാരതീയപാരമ്പര്യത്തിന്റേയും നിലഭേദംനിമിത്തം എന്നേ പറയാനുള്ളൂ. ബുദ്ധന്റെ ജാതകകഥകളുടെ കാവ്യരൂപമായ 'കല്പലത'യുടെ കഥ അതാണോ? മററാൎക്കും അതിൽ കൈവെയ്ക്കാൻ ശക്തിയുമില്ല; കൈവെച്ചാൽ ഇത്രകമനീയതമമാവുകയുമില്ല. പരീക്ഷിച്ചുനോക്കണം എന്നുണ്ടെങ്കിൽ, 'ക്ഷേമേന്ദ്രൻ' എന്നകൃതിയിൽ 'കല്പലത'യിൽനിന്നു ഭാഷപ്പെടുത്തിച്ചേൎത്തിട്ടുള്ള ആ അഞ്ചെട്ടുപദ്യങ്ങളും, ആസ്ഥാനത്തു് ഈ കൃതിയിലുള്ള പദ്യങ്ങളും എടുത്തു താരതമ്യം ചെയ്തുനോക്കാവുന്നതാണു്. ഈ വഴിയ്ക്കും കല്പലതയുടെ സർവ്വാതി

ശായിത സമ്മതിയ്ക്കപ്പെടണമെന്നു താൽപര്യം. സധാരണ മായി, ഭാഷാന്തരിതപദ്യങ്ങൾ കണ്ടാൽ, അവയുടെമൂലം ഏകദേശം ഇന്നവിധത്തിലായിരിയ്ക്കാം എന്ന് ഊഹിയ്ക്കുവാൻ കഴിയും. എന്നാൽ, കല്പലതയിലേ ഒട്ടേറെപ്പദ്യങ്ങളേസ്സംബന്ധിച്ചും, അതുസാധ്യമല്ല. കാരണം, അവ അത്രയ്ക്കുമാത്രം മലയാണ്മയിൽ മയക്കപ്പെട്ടിരിയ്ക്കുന്നതുതന്നെ. പദപ്രയോഗം, വാക്യനിബന്ധനശൈലി, ആരോഹാവരോഹക്രമം, ഉദ്ദേശ്യവിധേയവിന്യാസം, ഒഴുക്ക്, പഴക്കം,പരിമളം—ഇത്യാദികളായ കാവ്യഗുണോപാധികളിലെല്ലാം, ഈ മലയാണ്മയുടെ മയക്കുവിദ്യ വിളയാടിയിട്ടുമുണ്ട്. എന്നാൽ, സംസ്കൃതസമ്പ്രദായം ഇതിലില്ലെന്ന് ഇപ്പറഞ്ഞതിനർത്ഥമില്ല. അതും അതിധാരാളമായിട്ടുണ്ട്. സംസ്കൃതസമ്പ്രദായമെന്നല്ല, ഇംഗ്ലീഷ്സമ്പ്രദായംകൂടി[മലയാളത്തിൽ പ്രഥമമായിട്ടുള്ളതു്] പല സന്ദർഭങ്ങളിലും സന്ദർശിയ്ക്കപ്പെടാവുന്നതുമാണ്. ഇങ്ങനെ, സർവ്വസമ്പ്രദായസംഭിന്നമായിരിയ്ക്കുന്നതും, കല്പലതയുടെ അന്യാദൃശതയെ നിലനിർത്തുന്നതായ്ക്കണക്കാക്കാം.

## ടിപ്പണി

ഇപ്രകാരമെല്ലാമാണെങ്കിലും, പദ-വാക്യ-ാശയങ്ങളിൽ സന്ദേഹം വരാവുന്ന ഭാഗങ്ങളും ഇതിൽ ധാരാളമുണ്ടെന്നു സമ്മതിയ്ക്കാതെ കഴികയില്ല. വായനക്കാർ പലതരക്കാരായിരിയ്ക്കുമല്ലോ. വിദ്യാർത്ഥികളേസ്സംബന്ധിച്ചിടത്തോളം വിശേഷവിധിയും! അങ്ങനെയുള്ള എല്ലാത്തരക്കാർക്കും ഉപയോഗമാകുമാറാണ് ഇതിന്റെ 'ടിപ്പണി' തയാറാക്കപ്പെട്ടിട്ടുള്ളതു്. കവിഹൃദയം കാണാൻ ഈ ടിപ്പണി ഒരു ദർപ്പണംപോലെ ഉപയോഗപ്പെട്ടുമെന്നു തോന്നുന്നു. 'ഇതിനർത്ഥം പറയണമോ. എന്ന് മതിന്നവർക്ക്. തോന്നിയേയ്ക്കാവുന്ന ഭാഗങ്ങളും, അവിടവിടെക്കണ്ടേയ്ക്കാം. വായനക്കാരന്റെ തരഭേദമാണതിന്നു കാരണമെന്നു സമാധാനം.

### അവദാനവും അപദാനവും

മൂലപുസ്തകത്തിലെ 'ആമുഖ'ത്തിലും, 'കുറിപ്പി'ലും "അവദാന"മെന്നും, മററെല്ലാസ്ഥലത്തും 'അപദാന'മെന്നും പ്രയോഗിയ്ക്കപ്പെട്ടിരിയ്ക്കുന്നതുകാണുമ്പോൾ, "ഇതെന്താണിങ്ങനെ? ഇതിലേതാണു് ശരി?" എന്നിപ്രകാരം ഒരാശങ്ക സാധാരണവായനക്കാർക്കുണ്ടായിപ്പോവാം. അതുകൊണ്ടു്, അതിനും ഒരു സമാധാനം പറയേണ്ടിയിരിയ്ക്കുന്നു. വാസ്തവത്തിൽ, അവദാനവും അപദാനവും—രണ്ടും ശരിതന്നെയാണു്. ഒരേ അർത്ഥത്തിൽത്തന്നെ അവയ്ക്കു് പ്രയോഗവും ഉണ്ടു്, നിഘണ്ടുസമ്മതിയും ഉണ്ടു്. ഇതു മാത്രമല്ല, ഇതുപോലെയുള്ള ഒട്ടേറെശ്ശബ്ദങ്ങളെ ചേർത്തു്, സംസ്കൃതത്തിൽ "ദ്വിരൂപകോശങ്ങൾ" എന്നൊരു വക നിഘണ്ടുക്കൾ തന്നെ ഉണ്ടു്. ഈ വിധത്തിൽ, ശബ്ദത്തിന്റെ രണ്ടു രൂപവും സാധുതന്നെ എന്നാൽ പിന്നെ, അവദാനം തന്നെ മതിയായിരുന്നില്ലേ, അപദാനം കൈക്കൊണ്ടതെന്തിനു് എന്നാണെങ്കിൽ, അതിന്നും ഒരൗചിത്യവിശേഷം പറയാനുണ്ടു്. ഒന്നാമതു് ദക്ഷിണദേശങ്ങളിൽ അപദാനത്തിന്നാണു് പ്രായോഗപ്രാചുര്യം; അവദാനം തെററു് എന്നുപോലും പറഞ്ഞേയ്ക്കാവുന്നവർ കേരളക്കരയിൽ ഉണ്ടെന്നുംവരാം. രണ്ടാമതു് -അവദാനത്തിന്നു് യജ്ഞാംഗക്രിയാസംബന്ധിയായ ഒരർത്ഥം കൂടിയുണ്ടു്. അപദാനത്തിന്നു് അതില്ലതാനും. ഈ ഔചിത്യാധിക്യം കൂടി കരുതിയാണു്, അപദാനശബ്ദംതന്നെ പൊതുവേ സ്വീകരിയ്ക്കപ്പെട്ടിരിയ്ക്കുന്നതു്. മൂലഗ്രന്ഥപ്രസാധകന്മാരുടെ പ്രയോഗം മാററാൻ അധികാരവും അവകാശവും ഇല്ലാത്തതുകൊണ്ടു് അതങ്ങനെതന്നെ ചേർത്തു എന്നുമാത്രം.

### പരിഭാഷയുടെ പ്രസാധനം

പരിഭാഷകനായ മഹാകവി വള്ളത്തോൾ, അറുപതിൽപരം വർഷങ്ങളായി ഭാഷാസാഹിത്യവ്യവസായംതന്നെ

നിരന്തരം ചെയ്തുകൊണ്ടിരിക്കുന്ന പ്രാമാണികമൂർദ്ധന്യനാണല്ലോ. ലിപിവിന്യാസം, ഉചിതത്വം, ചിഹ്നനങ്ങൾ മുതലായവയിൽ അദ്ദേഹത്തിന്നു് ചില ഉറച്ച സിദ്ധാന്തങ്ങളും സമ്പ്രദായങ്ങളും ചിട്ടകളും ഉണ്ടു്. പാഠ്യം, സംഹിത ഇത്യാദ്യംശങ്ങളെ പരിഗണിയ്ക്കുമ്പോൾ അവ അനപേക്ഷണീയങ്ങളും, അനുകാര്യങ്ങളും ആയിട്ടാണു് ഇരിയ്ക്കുന്നതും. കവിവിവക്ഷിതമായ അർത്ഥം കഴിയുന്നത്ര സുഗമമായിക്കിട്ടുകയാണല്ലോ വേണ്ടതും. ഈ വസ്തുതയേ അനുസ്മരിച്ചുകൊണ്ടു്, കഴിവുള്ളിടത്തോളവും, അച്ചുകൂട സൌകര്യം അനുവദിയ്ക്കുന്നിടത്തോളവും, മഹാകവിയുടെ കൈയെഴുത്തുപ്രതിയ്ക്കു് ഒപ്പിച്ചുകൊണ്ടുതന്നെ മുദ്രണനിർവഹണത്തിൽ പ്രത്യേകം ശ്രദ്ധ വെച്ചിട്ടുണ്ടു്., 'ശുദ്ധിപത്രം' അല്പം നീണ്ടുപോവാനുള്ള ഒരു കാരണവും ഇതുതന്നെയാണു്. ഒരഞ്ചെട്ടു സ്ഥലങ്ങളിലേ, സാരമായ പിഴ പററിയിട്ടുള്ളു. ബാക്കിയെല്ലാം വ്യുൽപത്തി കുറഞ്ഞവരേയും, വിദ്യാർത്ഥികളേയും ഉദ്ദേശിച്ചുതന്നെ തിരുത്തിക്കാണിച്ചിരിക്കുകയാണു്. സാധാരണ വായനയിൽ ശ്രദ്ധിക്കപ്പെടുന്നവയല്ല. പിന്നെ, അടുത്ത പതിപ്പുകൾക്കാധാരം ഈ പതിപ്പായിരിക്കയും ചെയ്യുമല്ലോ.

ഇനി ഞാനിതിൽ ഇടപെടുവാനിടയായ പരിതസ്ഥിതിയെപ്പററിക്കൂടി ഒന്നു പറഞ്ഞുവെയ്ക്കാഞ്ഞാൽ ഭംഗിയല്ലല്ലോ. അതിത്രയേ ഉള്ളു: മൂലകൃതി വള്ളത്തോളവർകളുടെ ശ്രദ്ധയിൽ പെടുത്തിയതും, അതങ്ങിങ്ങു നിന്നൊക്കെ നേടി വള്ളത്തോളിന്നയച്ചുകൊടുത്തതും, പരിഭാഷപ്പെടുത്തുവാൻ ആ മഹാകവിയെ നിർബ്ബന്ധിച്ചതും, അലട്ടിക്കൊണ്ടിരുന്നതും, പരിഭാഷതീർന്നപ്പോൾ അതു യൂനിവഴ്സിററി-പബ്ലിക്കേഷൻവകുപ്പുകാരുടെ ശ്രദ്ധയിൽ കൊണ്ടുചെന്നതും, കൈയെഴുത്തുപ്രതി അവരേ ഏല്പിച്ചതും എല്ലാം ഞാനായിപ്പോയി. അതിൻെറയൊ

ക്കെ കിഞ്ചിച്ഛ്ലേഷമായിട്ട്, ഇതിൻെറ പ്രസാധനത്തിലും എന്നേക്കൂടി ചുമതലപ്പെടുത്തുവാൻ ഇടയായി എന്നതാണ് വസ്തുത. വിശിഷ്ടവും വിശേഷാത്തരവുമായ ഒരുസാഹിത്യം മലയാളത്തിൽ വന്നുകൂടാനും, അത് തിരുവിതാംകൂർ വിശ്വവിദ്യാലയം ഏറെറടുത്തു പ്രസിദ്ധീകരിക്കാനും സംഗതിവന്നപ്പോഠം; അതിൽ നാമമാത്രമായ ഒരു നിമിത്തഭൂതത്വമെങ്കിലും എനിയ്ക്കുണ്ടായിത്തീന്നതു് ചാരിതാൎത്ഥ്യജനകമായ്ത്തന്നെ ഞാൻ കരുതുന്നു. എന്നാൽ, അതിനേക്കാൾ എത്രയോ വലിയ ധന്യതയും, മാന്യതയുമാണ് പബ്ലിക്കേഷൻവകുപ്പുകാരും, വിശ്വവിദ്യാലയക്കാരും അർഹിയ്ക്കുന്നതെന്നുള്ളതു് എടുത്തുപറയുവാനില്ല. ഏതുകൊണ്ടുനോക്കിയാലും, ഇത്രയും വിലയേറിയ ഒരുസാഹിത്യരത്നത്തിൻെറ ഉദ്ധാരണവും പ്രചാരണവും, തിരുവിതാംകൂർ യൂനിവേഴ്സിററിയ്ക്ക് അനശ്വരാഭിമാനജനകമായ്ത്തന്നെ എന്നെന്നും നിലനില്ക്കുന്നതാണല്ലോ. ഇനിയും കൂടുതലൊന്നും പറയാതെ, വിനയാദരപുരസ്സരം ഇതിനെ സജ്ജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

ഇ. വി. രാമൻനമ്പൂതിരി
[പണ്ഡിതർ— ഹസ്തലിഖിതഗ്രന്ഥശാല,
തിരുവനന്തപുരം]

# ആമുഖം

ക്ഷേമേന്ദ്രന്റെ മഹത്തായ ഈ കൃതിയെ വിദ്വജ്ജനങ്ങളുടെ മുമ്പിൽ കാഴ്ചവയ്ക്കുന്ന അവസരത്തിൽ, ഒരു ടിബററു സഞ്ചാരിയെന്ന നിലയിൽ, ടിബററിലെ സാഹിത്യസമ്പത്തിനെ ആദ്യമായി സമുദ്ധരിച്ചു കാണിച്ച ആ ഹംഗേറിയൻ പണ്ഡിതന്റെ ശവകുടീരത്തിന്മേൽ ഒരു ശിലയർപ്പിക്കേണ്ടതു്, എന്റെ സന്തോഷപ്രദമായ കർത്തവ്യമായി ഞാൻ കരുതുന്നു. സാഹിത്യസാമ്രാജ്യത്തിൽ, അലക്സ് സോമാ ഡി കോറോസ്സി (Alex Csoma-de-Koros) ന്റെ കാലടികളെ പിന്തുടരുമ്പോൾ, അദ്ദേഹത്തിന്റെ ആരാധ്യമായ സ്മരണയെ യഥാവിധി മാനിക്കാതിരുന്നാൽ, അതു് എന്റെ ഒരു ഗൗരവമേറിയ അപരാധമായിരിക്കും. എന്തെന്നാൽ, അദ്ദേഹത്തിന്റെ ലേഖനങ്ങളാണു്, എന്നെ ടിബററൻസാഹിത്യം പഠിക്കാൻ പ്രേരിപ്പിച്ചതു്. അതിന്റെ ഫലമാണു് ലാസയിൽനിന്നു്, ഭാരതത്തിലെ വിനഷ്ടരത്നമായ അവദാനകല്പലതയുടെ പുനർലബ്ധി.

ഈ കൃതി, സുപ്രസിദ്ധശാക്യ പണ്ഡിതനായ കുൺഡ്ഗർഗയാൽ ട്ഷാനിനു് കാഷ്മീരിലെ ശാക്യശ്രീ പണ്ഡിതൻ 1202-ക്രിസ്ത്വബ്ദത്തിൽ ടിബററു സന്ദർശിച്ചപ്പോൾ സമ്മാനിച്ചതാണു. എഴുപതുവർഷം കഴിഞ്ഞു്, കുബ്ലെകാൻ ചക്രവർത്തിയുടെ ആദ്ധ്യാത്മികഗുരുവായ ഫാഗ്സ്പായുടെ ആഭിമുഖ്യത്തിൽ, സോൺടൊൺലോച്ചാ ടിബററൻഭാഷയിലേയ്ക്കു് അതിനെ തർജ്ജമചെയ്തു. പണ്ഡിതലക്ഷ്മീകരന്റെ മേൽനോട്ടത്തിൽ സാഹിത്യപരമായ നിരന്തരനിഷ്കർഷയോടുകൂടി നടത്തപ്പെട്ടതിനാൽ ടിബററൻകവിതയുടെ പരമോൽകൃഷ്ടമാതൃകയായി പരിശോഭിക്കുന്ന ഈ ടിബററൻപരിഭാഷ, ടിബററൻ സാഹിത്യഭാഷയും സംസ്കൃതവും തമ്മിലുള്ള ബന്ധത്തെ ഉദാഹരിക്കുന്നതാണു്.

ഏകദേശം അൻപതുവൎഷത്തിനുമുമ്പ് സോമാ, (Csoma) താൻ രചിച്ച വ്യാകരണത്തിൻെറ അവതാരികയിൽ ഇങ്ങനെ എഴുതി-"ദുൎഗ്ഗമങ്ങളായ പൎവതങ്ങളുടെ നടുവിൽ പെട്ട് ടിബെററിലെ വിഹാരങ്ങൾ,പണ്ഡിതനാലും സഞ്ചാരിയാലും അഗണിതമായി പ്രായേണ അസന്ദൃഷ്ടമായി ചെയ്തു. ഈ ഭൂവിഭാഗത്തിലെ അഭഞ്ജിതശാന്തിയായ രക്ഷാഗൃഹത്തിൽ, ഉഷ്ണമേഖലകളിലെവിനാശോന്മുഖങ്ങളായ പ്രേരകശക്തികൾക്കും നഷ്ടങ്ങൾക്കും അതീതമായ ഒരു അന്തരീക്ഷത്തിൽ, ഭാരതിഖണ്ഡത്തിലെങ്ങും കണ്ടുകിട്ടാൻ കഴിയാത്ത മൂലസംസ്കൃതത്തിലുള്ള ബുദ്ധമതഗ്രന്ഥങ്ങളും അവയുടെ സുവിശ്വാസ്യങ്ങളായ പരിഭാഷകളും സമ്പൂൎണ്ണം സുരക്ഷിതങ്ങളായിക്കണ്ടുകിട്ടുമെന്ന്, ഏതാനും വൎഷങ്ങൾക്കു മുമ്പുവരെ ആരും സംശയിച്ചിട്ടേ ഇല്ല."

അദ്ദേഹത്തിൻെറ കൃതികളിൽ കണ്ട പ്രസ്തുതഭാഗവും ഏതാദൃശങ്ങളായ മററു ചില ഭാഗങ്ങളും, ഹിമവൽപ്രദേശത്തിലെ ഭാഷ സ്വാധീനമാക്കുന്നതിനും സാഹിത്യഭാണ്ഡാഗാരങ്ങൾ പരിശോധിക്കുന്നതിനും വേണ്ടി, അവിടെ സഞ്ചരിക്കുന്നതിനു തീവ്രമായ ആഗ്രഹം എന്നിൽ ഉളവാക്കി.

1882-ാം വൎഷത്തിൻെറ ആരംഭത്തിൽ, ഒരു പ്രഭുവായ കുഷോ ടാഹെറിൻ നോർഗേ (Kusho taherin Norgay) യുടെ അതിഥിയായി, ഗിയാട്സേ എന്ന സ്ഥലത്തിനു സമീപമുള്ള ഗിയാൻഖർ കൊട്ടാരത്തിൽ, താമസിക്കുമ്പോളാണ് ടിബെററിലെ അവദാനകല്പലതയുടെ സംസ്കൃതമൂലം എനിക്കു കാണാൻ സാധിച്ചത്. മി വാങ്ങ് (Mi wang) എന്ന രാജാവിൻെറ ആജ്ഞയനുസരിച്ച് 1730-ൽ സ്റ്റാൻഗിയൂർ (Bstan hgyur) ൻെറ 93-ാം വാല്യമായിച്ചേൎത്തിട്ടുള്ള മൂലഗ്രന്ഥത്തിൻെറ പ്രസിദ്ധമായ ഗദ്യപരിവൎത്തനത്തിൻെറ ഒരു കയ്യെഴുത്തു പ്രതി കുഷോ നോർഗേ എനിക്കു സമ്മാനം നൽകി. ഈ ഗദ്യപരിവൎത്തന

KOTTAYAM PUBLIC LIBRARY KOTTAYAM

ത്തിൽ കണ്ട മൂലഗ്രന്ഥവിഭാഗത്തോടുകൂടി ഗോഞ്സാൽഞാപ (Gon Salnapa—ആദ്യത്തെ രാജാവ് ഡാലായി ലാമ) [illegible]പ്പെടുത്തിയ പണ്ഡിതമണ്ഡിതമായ അവതാരികയിൽനിന്നും ആ മഹനീയകാവ്യത്തിന്റെയും, ടിബററൻഭാഷയിലേയ്ക്കുള്ള വിവർത്തനത്തിന്റെയും, ടിബററിലെ ചില സുപ്രസിദ്ധപണ്ഡിതന്മാർ അതാതു കാലങ്ങളിൽ നടത്തിയിട്ടുള്ള പുനഃപരിശോധനയുടേയും, ഭക്തന്മാരായ ലാമകൾ അതിനെക്കുറിച്ച് ചെയ്തിട്ടുള്ള വിമർശനങ്ങളുടേയും ചരിത്രം എനിക്ക് ഗ്രഹിക്കാൻ സാധിച്ചു.

1882-ാം വർഷത്തിന്റെ മദ്ധ്യത്തിൽ ഞാൻ ലാസയിൽ താമസിച്ചിരുന്നപ്പോൾ ഗ്രാൻഡ് ലാമയുടെ പോട്ടാലയിലുള്ള മുദ്രണാലയത്തിന്റെ സൂപ്രണ്ടായ 'പാർചങ്'മായി സൗഹാർദ്ദബന്ധത്തിൽ ഏർപ്പെട്ടു. ആ അച്ചടിശാലയിൽ വിൽക്കുന്നുള്ള കൃതികളുടെ ഒരു വിവരപ്പട്ടിക തരാമെന്ന് അദ്ദേഹം സമ്മതിച്ചു. ഒരു ഇന്ത്യൻസ്വദേശിയായതുകൊണ്ട് മററു ടിബററൻകൃതികളെക്കാളെല്ലാം സംസ്കൃതഗ്രന്ഥങ്ങളാണ് ഞാൻ കൂടുതൽ വിലമതിക്കുന്നതെന്നു പറഞ്ഞപ്പോൾ, അദ്ദേഹം 620 താളുകൾ ഉള്ള "ബോധിസത്ത്വാവദാനകല്പലത"യുടെ ശുദ്ധമായ ഒരു ബ്ലോക്ക്-അച്ചടിപ്രതി കൊണ്ടുവന്നു; അതിൽ സംസ്കൃതകാവ്യം ടിബററൻലിപിയിൽ ഒരുവശത്തും, ടിബററൻപരിഭാഷ മറെറാരുവശത്തും അടിച്ചിരുന്നു. പ്രസ്തുതഗ്രന്ഥം അച്ചടിക്കാൻ ഉപയോഗിച്ച തടിബ്ലോക്കുകൾ ഗ്രാൻഡ് ലാമായുടെ കൊട്ടാരത്തിൽ റീജൻറ് മുദ്ര വച്ചു സൂക്ഷിച്ചിരിക്കയാണെന്നും, അതുകൊണ്ട് പൊതുജനങ്ങൾക്കു കാണാൻ സാധ്യമല്ലെന്നും അദ്ദേഹം അറിയിച്ചു. അന്നത്തെ ടിബററൻരാജാവായിരുന്ന ദായൻകപാനിന്റേയും, അദ്ദേഹത്തിന്റെ ചാൻസലറായ ഹ്ഫ്രിൻലാസ് ർഗ്യാമ്ത്ഷോ (Hphrin las rgyamtsho)യുടേയും ചിത്രങ്ങൾ ഉള്ള അതിന്റെ ഒടുവിലത്തെ പുറം ഞാൻ അക്ഷമയോടെ വായിച്ചു. അവിടെ എഴുതിയിരുന്നതിന്റെ സാരം ഇതാണ്:-

"ദ്രമേധാസമ്പന്നന്മാക്കും പരിപഠിഷ്ടക്കാക്കും അച്ചടിച്ച മൂലഗ്രന്ഥങ്ങളിൽ മേൽക്കുറിപ്പുകൾ എഴുതുന്നതിനുവേണ്ടി "ഫ്യാഗ് എൻഡ്സോഡ് ഫ്റ്റ്ൻലാസ്ർഗ്യാംഎംത്ഷോ"യുടെ മേൽനോട്ടത്തിൽ ക്രോധന (എ. ഡി. 1662) വർഷം അഞ്ചാം ചാന്ദ്രമാസം (ജൂൺ) 15-ാം തീയതി ഈ കൃതി ആരംഭിച്ചു. എ. ഡി. 1663 ആശ്വിനി (ഒക്ടോബർ) മാസം 15-ാം തീയതി അച്ചടി തീന്നു."

ദാരുമയങ്ങളായ അച്ചക്ഷരങ്ങൾ തയാറാക്കുന്നതിന് അനേകം കയ്യെഴുത്തുപ്രതികൾ "ഗോഞെ്സാൽഞെപ" ശേഖരിച്ചിരുന്നുവെന്ന് അദ്ദേഹത്തിന്റെ അവതാരികയിൽനിന്നു വ്യക്തമാണ്. അവയിൽ പ്രധാനങ്ങൾ ഇത്രയുമാണ്.

1. ഷാലു ബ്ലാക്ക്പ്രിൻട്ട് (ബ്ലോക്കക്ഷരത്തിൽ അടിച്ച ഗ്രന്ഥം.)

2. ട്സോൺ-ഖഫ്യുടെ സ്വന്തം പ്രതി.

3. രാജാവായ തൈ സിതു ഫരാഞ്ച് ചബ്യ് ഗ്യാൽട്സാനിന്റെ ദാൻസാതിൽ കയ്യെഴുത്തു പ്രതി.

4. റിഞ്ചെൻപഞ്ച്വയുടെ കയ്യെഴുത്തുപ്രതി.

ഈ നാലെണ്ണത്തിൽ ആദ്യത്തേതാണ് ഗ്രാൻഡ്ലാമയുടെപതിപ്പിന്റെ അടിസ്ഥാനം. പ്രസ്തുതകൃതിക്ക് ഡാലൈ ലാമാ എഴുതിയ അവതാരികയിലെ ഉള്ളടക്കം അറിയാൻ അല്പം ചിലതു താഴെ ചേക്കുന്നു. ആഗമങ്ങളിലും സൂത്രങ്ങളിലും ഉള്ള ബുദ്ധശാക്യസിംഹന്റെ ജാതകകഥകളെക്കുറിച്ചുള്ള കൃതികളിൽ താഴെപ്പറയുന്നവ ടിബററൻഭാഷയിലേയ്ക്കു് വിവത്തനം ചെയ്തിട്ടുണ്ട്.

1. പണ്ഡിതവീര (ആചാര്യധർമ്മകീർത്തി)യെന്ന ഭാരതീയതത്ത്വജ്ഞന്റെ "സ്സ്യെയിസ്റാബ്യ് സോബ്ഷീവാ" എന്ന ഗ്രന്ഥം.

2. ആചാര്യസിംഹപാദൻ എഴുതിയ "സ്സ്യെയിസ്റാബ്യ് സോൽഞെപ" എന്ന കൃതി.

3. ചന്ദ്രഗോമിൻമുനി എഴുതിയ "ലോകാനന്ദം" നാടകം.

4. ശ്രീഹർഷന്റെ നാഗാനന്ദം.

5. ക്ഷേമേന്ദ്രന്റെയും അദ്ദേഹത്തിന്റെ പുത്രനായ സോമേന്ദ്രന്റെയും "അവദാനകല്പലത." ഇവയിൽവച്ച് അവദാനകല്പലത തന്നെ ശ്രേഷ്ഠം; ഒരു പ്രത്യേകകൃതിയായി നില്പാൻ കെല്പുള്ള ഒരു മഹാകാവ്യം. ഇതിന് സർവ്വഗുണങ്ങളും തികഞ്ഞിട്ടുണ്ട്.

ഇതിന്റെ കർത്താവായ ക്ഷേമേന്ദ്രൻ കാശ്മീർമന്ത്രിമാരുടെ വംശത്തിലാണ് ജനിച്ചത്. അവരുടെ വംശം, ശാക്യവംശത്തിൽ പെട്ടതു തന്നെയെന്ന്, അവർ അഭിമാനിച്ചിരുന്നു. അദ്ദേഹത്തിന്റെ അച്ഛനായ പ്രകാശേന്ദ്രൻ ഒരു മഹാപണ്ഡിതനും മഹാത്മാവും ആയിരുന്നു. ആദ്യം ഒരു ബ്രാഹ്മണന്റെ അഭ്യർത്ഥനയും, രണ്ടാമത് ഒരു "നക്കൻ" എന്ന സ്നേഹിതന്റെ അപേക്ഷയും, ഒടുവിൽ രഘാഗതന്റെ തന്നെ സ്വപ്നനിർദ്ദേശവുംമൂലം അദ്ദേഹം ബോധിസത്വന്റെ കർമ്മങ്ങളെ അടിസ്ഥാനമാക്കി 107 പല്ലവങ്ങൾ രചിച്ചു. അദ്ദേഹത്തിന്റെ മരണാനന്തരം പുത്രനായ സോമേന്ദ്രൻ ജീമൂതവാഹനാവദാനം എഴുതി. അതു് ശുഭസംഖ്യയായ 108 പല്ലവങ്ങൾ തികയുന്നതിനു വേണ്ടി കല്പലതയോടു കൂട്ടിച്ചേർത്തു.

വിവിധസിദ്ധാന്തങ്ങളെ സ്വീകരിച്ചിരിക്കുന്ന ടിബിററിലെ മഹാന്മാരായ ചില ലാമാകൾ, പ്രസ്തുതമഹനീയകാവ്യത്തെ അതു സാമാന്യൻ എഴുതിയതാണെന്നും, അതുകൊണ്ടു് പാവനത്വം ഇല്ലെന്നും പറഞ്ഞു് അവഗണിച്ചിരുന്നു. ഇങ്ങനെ ചെയ്തതുമൂലം ഇന്ദ്രഭൂതി മുതലായ ടിബററൻരാജാക്കന്മാരെ അവർ യഥാർത്ഥത്തിൽ നിന്ദിക്കയാണു ചെയ്തതു്. ബുദ്ധന്റെ സാക്ഷാൽ ജാതകകഥകളിൽനിന്നു വ്യത്യസ്തങ്ങളായ ചിലകാര്യ

ങ്ങൾ ഇതിൽ ഉണ്ടെന്നുള്ള കാരണം പറഞ്ഞും ടിബററിലെ ചില ലാമാകൾ ഈ കൃതിയെ സാവജ്ഞം ഉപേക്ഷിച്ചിട്ടുണ്ട്.

ഇതിനു കാരണം, സൂത്രങ്ങളിലും ആഗമങ്ങളിലും അവർക്കുള്ള അറിവിന്റെ അപൂർണ്ണതയാണ്. 108 പല്ലവങ്ങളിലായി ഗ്രന്ഥകാരന്മാർ ബോധിസത്വന്റെ ആറു ധർമ്മപൂർണ്ണതകളേയും ഹൃദയസ്പൃക്കായി വിവരിച്ചിട്ടുണ്ട്. അതായത്, ദിവ്യമായ (1) ദാനം (2) ധാർമ്മികസ്വഭാവം (3) ക്ഷമ (4) ശ്രദ്ധ (5) ധ്യാനം (6) ജ്ഞാനം.

ജാതകകഥകളുടെ സ്വഭാവം ഇതിനു സിദ്ധിച്ചിട്ടുണ്ട് എന്ന വസ്തുതയ്ക്കു പുറമേ, അവദാനകല്പലതയ്ക്കു മഹനീയവും പരിപൂർണ്ണവുമായ ഒരു മഹാകാവ്യത്തിന്റെ സ്വഭാവവിശേഷങ്ങൾ എല്ലാം ഉണ്ടെന്നുള്ളതു് ഇതിലെ ഓരോ വരിയും വിളിച്ചു പറയുന്നുണ്ട്. എതൊന്നിന്റെ ശീതളച്ഛായയിലാണോ ലോകവിരക്തന്മാരും ഭക്തന്മാരുമായ ജനങ്ങൾ ആശ്രയം തേടുന്നതു്, ആ ബുദ്ധന്മാരുടെ കല്പവൃക്ഷം ഇതിൽ കാണപ്പെടുന്നു. ടിബററിലെ ആദ്യരാജാവായ ലാമാ ഫ്ഫാഗ്സവാ (Lama hphag-sva) യുടേയും അനുഗ്രഹത്തിന്റെ പ്രതിനിധിയായ ശാക്യബസന്നവോയുടേയും ആജ്ഞാനുസരിച്ചു് ഭാരതീയപണ്ഡിതനായ മഹാകവിലക്ഷ്മീകരനും, സുവിശ്രുതനായ സോൺടൺലോച്ചാവയും കൂടി മാഞ്യൂലി (കിറോണ്ണിലു)ള്ള ഡ്ഗേ-ഫ്ഡംബ്സിഡ്സ എന്ന ആശ്രമത്തിൽ വച്ചു് അവദാനകല്പലതയെ ടിബററൻഭാഷയിലേയ്ക്കു വിവർത്തനം ചെയ്തു. സുവിഖ്യാതനായ ഷപൂലോചാവാ ഈ കാവ്യത്തെയും പരിഭാഷയേയുംബ്ലോക്ക് അച്ചിൽ അടിച്ചു. അന്നുമുതൽ ടിബററിലെ വിദ്വാന്മാർ ഇതിനെ ആസ്വദിച്ചു് മണ്ഡനപരങ്ങളായ വിമർശങ്ങൾ എഴുതിത്തുടങ്ങി. പണ്ഡിതശ്രേഷ്ഠന്മാരായ ലോച്ചാ

വാകുടുംബാംഗങ്ങളും, മററു ചില വിദ്വൽവരേണ്യന്മാരും, അവരുടെ ശ്രദ്ധ മുഴുവനും, ഇതിന്റെ പഠിത്തത്തിൽ കേന്ദ്രീകരിച്ച് ദുരന്തകാര്യനായ സോൺടൊൺലോച്ചാവായുടെ നൈസർഗ്ഗികവും നിരർഗ്ഗളവും ആയ ശൈലിയിൽ കാവ്യരചനയിൽ ശ്രദ്ധിച്ചു.

തന്റെ അച്ഛന്റെ കൃതിക്ക് സോമേന്ദ്രൻ എഴുതിയ അവതാരികയിൽ, കാശ്മീരിന്റെ, ചരിത്രത്തെ സംബന്ധിച്ച് ചില പ്രകാശങ്ങൾ വീശുന്നുണ്ട്. അത് അവദാനകല്പലതയുടെ രചനാകാലം നിർണ്ണയിക്കുന്നതിന് ഏറെക്കുറേ സാഹായ്യം നല്കുന്നതാണ്. മി. സിൽവെയിൻലെവിയും, പ്രൊഫ്സർ ബൂഫ്ളറും, സോമേന്ദ്രനും കഥാസരിൽസാഗരത്തിന്റെ കർത്താവായ സുപ്രസിദ്ധസോമദേവഭട്ടനും ഒരാളെന്നു സിദ്ധവൽകരിച്ചുകൊണ്ട്, ഈ പ്രശ്നത്തെപ്പററി ചില ചർച്ചകൾ നടത്തിയിട്ടുണ്ട്. അവരുടെ അഭിപ്രായത്തിൽ, രാജാ അനന്തദേവൻ കാശ്മീരിനെ ഭരിച്ചിരുന്നതായ ഏ. ഡി. 11-ാം ശതകത്തിലാണ് ക്ഷേമേന്ദ്രൻ ജീവിച്ചിരുന്നത്. അവദാനകല്പലതയിലെ ജീമൂതവാഹനൻ എന്ന ഒടുവിലത്തെ പല്ലവം പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞപ്പോൾ, കഥാസരിൽസാഗരത്തിലെ ജീമൂതവാഹനനും തമ്മിൽ താരതമ്യപ്പെടുത്തി നോക്കാൻ വായനക്കാർക്കു കഴിഞ്ഞിട്ടുണ്ട്. ഒടുവിൽ പറഞ്ഞത്, മറെറാരു ഗ്രന്ഥകാരൻ എഴുതിയതാണെന്നു തന്നെ തോന്നുന്നു. അച്ഛന്റെ മഹത്തായ കൃതിക്കും ജീമൂതവാഹനനും, സോമേന്ദ്രൻ എഴുതിയ അവതാരികയും, ആദ്യത്തതിന്റെ ഉള്ളടക്കത്തെക്കുറിച്ച് പദ്യരൂപത്തിലുള്ള വിവരണവും, അദ്ദേഹത്തിന്റെ കൃതികളും, സോമദേവഭട്ടന്റെ കൃതികളും തമ്മിൽ താരതമ്യപ്പെടുത്താനുള്ള അവസരം നല്കുന്നുണ്ട്.

ഭണ്ഡിയുടെ കാവ്യാദർശത്തിന്റെ ടിബെററൻപരിഭാഷയ്ക്കു് ഡാലൈലാമ എഴുതിയ അവതാരികയിൽനിന്നു്, ആ കൃതി ടിബെററിൽ എത്ര വിലമതിക്കപ്പെട്ടുന്നുണ്ടു് എന്നു മനസ്സിലാക്കാം. അതിന്റെ ചില ടിബെററൻവ്യാഖ്യാതാക്കൾ അതിനെ, ടിബെററിലേ കാവ്യകൃതികൾക്കു രാജാവാണു് എന്നുംമററും പുകഴ്ത്തിയിരിക്കുന്നു.

ജീമൂതവാഹനന്റെ അവതാരികയിൽ അവദാനകല്പലതയുടെ സ്വഭാവം വേണ്ടപോലെ സോമേന്ദ്രൻ വ്യക്തമാക്കിയിട്ടുണ്ടു്. ധാർമ്മികമായ സൗന്ദര്യത്തിലും, അതിലെ ദിവ്യനായകന്റെ അമാനുഷകർമ്മങ്ങളുടെ വർണ്ണനത്തിലും, അവദാനകല്പലത സംസ്കൃതസാഹിത്യത്തിലെ മഹത്തായ കാവ്യകൃതികളെയെല്ലാം അതിശയിക്കുന്നുണ്ടു്. സോമേന്ദ്രന്റെ ജീമൂതവാഹനാവതാരികയിൽനിന്നു് ഒരു ഭാഗം ഉദ്ധരിക്കാം:—

"സംസ്കൃതനേത്രാമൃതചിത്രചിത്രാഃ
കാലേന തേ തേ വിഗതാ വിഹാരാഃ;
സരസ്വതീതൂലികയാ വിചിത്ര-
വർണ്ണക്രമൈരുല്ലിഖിതാവദാനാഃ.

താതേന യോഽയം വിഹിതോ മഹാർത്ഥഃ
സന്നന്ദനഃ പുണ്യമയോ വിഹാരഃ
ന തസ്യ നാശോഽസ്തി യുഗക്ഷയേഽപി
ജലാനലോല്ലാസപരിപ്ലവേന"

ഈ കൃതിയുടെ പ്രസിദ്ധീകരണത്തിൽ അസാമാന്യമായ താൽപര്യം പ്രകടിപ്പിച്ച ഏഷ്യാററിയ്ക്കു് സൊസൈററിയുടെ മുൻ (പരേതനായ)പ്രസിഡൻറായ ഇ.ടി. ആററ്കിൻസൺ അവർകൾ ബി. ഏ. യോടും, ഭാഷാശാസ്ത്രകാൎയ്യദശിയായ ഏ. എഫ്. രുഡോൾഫ് ഹോർനൽ അവർകളോടും എന്റെ ഹൃദയംഗമമായ കൃതജ്ഞത ഇവിടെപ്രകാശിപ്പിക്കുന്നു.

രണ്ടു ഗ്രന്ഥങ്ങളുംകൂടി ഒരുമിച്ചു പ്രസാധനം ചെയ്യുന്നതിൽ നിഷ്കളങ്കമായ സാഹായ്യസഹകരണങ്ങൾ നല്കിയ ദ്വിതീയ (ഏ. എഫ്-ഋഡോൾഫ്) മാന്യനോട് ഞാൻ വിശേഷിച്ചും കടപ്പെട്ടിരിക്കുന്നു. പൗരസ്ത്യഭാഷാപ്രണയികളും, വിശേഷിച്ച് ടിബെററൻഭാഷാവിദ്യാർത്ഥികളും, ബിബ്ലിയോതിക്കാ ഇൻഡിക്ക (Bibliotheca Indica) യിൽ ടിബെററൻഭാഷയ്ക്കുള്ള അവകാശങ്ങളെ സമ്മതിച്ചതിൽ കാണിച്ച സേവനങ്ങൾക്കുവേണ്ടി, മുൻപറഞ്ഞ രണ്ടുപേരോടും അത്യന്തം കൃതജ്ഞതയുള്ളവരായിരിക്കേണ്ടതാണ്. ടിബെററി "ലെ ഹ്ഗ്യൂർ, ബ്സ്റ്റൻ ഹ്ഗ്യൂർ" എന്നീ ഗ്രന്ഥശേഖരങ്ങളിലും മററും കാണപ്പെടുന്ന വിവിധശാസ്ത്രങ്ങളെ അധികരിച്ചുള്ള ഗ്രന്ഥങ്ങൾ, ബംഗാൾ, മഗധ, കാഷ്മീർ, നീപ്പാൾ മുതലായ ദേശങ്ങളിൽനിന്ന് ക്രിസ്ത്വബ്ദം 70-മുതൽ ശേഖരിച്ചിട്ടുള്ള സംസ്കൃതഗ്രന്ഥങ്ങളുടെ ശരിയായ വിവർത്തനങ്ങളാണ്. ടിബെററൻക്ലാസിക്കൽസാഹിത്യത്തിന്റെ മൂലം സംസ്കൃതം ആകുന്നു"—ഇതു് ഇൻഡ്യാചരിത്രത്തിലെ പല അവ്യക്തഭാഗങ്ങളും, വിശേഷിച്ച് ഹ്യൂയെൻസ്താംഗ് സഞ്ചരിച്ചതായ ടിബെററൻചരിത്രാരംഭകാലങ്ങളോടടുത്തുള്ള ഭാഗങ്ങളും സുവ്യക്തങ്ങളാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. ഒടുവിലായി; പണ്ഡിതഹരപ്രസാദശാസ്ത്രിയോടാണ് എനിക്കുള്ള ഹാർദ്ദമായ കൃതജ്ഞത. അദ്ദേഹമാണ് അവദാനകല്പലതയുടെ വൈശിഷ്ട്യങ്ങളെ ബംഗാളിലെ ഏഷ്യാററിക്സൊസൈററിക്ക് അറിയാനിടയാക്കിയതും, വിദ്വജ്ജനമണ്ഡിതമായ അതിനെക്കൊണ്ട് ഈ ഗ്രന്ഥം പ്രസിദ്ധീകരിപ്പിക്കാൻ ഉത്സാഹിച്ചതും. പ്രസ്സിലേയ്ക്ക് സംസ്കൃതമൂലം തയാറാക്കുന്നതിൽ അദ്ദേഹം ഹരിമോഹനവിദ്യാഭൂഷണനു് വിലയേറിയ സാഹായ്യങ്ങൾ നല്കിക്കൊണ്ടിരുന്നു.

കൽക്കട്ടാ
നവംബർ 1888 } ശരച്ചന്ദ്രദാസ്.

## അവദാനകല്പലതയെക്കുറിച്ച് ഒരു ചെറിയ കുറിപ്പ്.

അവദാനകല്പലതയിലെ ആദ്യത്തെ നാല്പതു് അദ്ധ്യായങ്ങൾ വളരെ നൂററാണ്ടുകളായിട്ട് ഭാരതത്തിൽ നഷ്ടപ്പെട്ടിരുന്നു. ഹോഡ്ഗ്സണും റൈറ്റും (Hodgson and Wright) നേപ്പാളിൽനിന്നു ശേഖരിച്ച ബൗദ്ധഹസ്തലിഖിതഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ദ്വിതീയഭാഗത്തിൻെറ അവശിഷ്ടഭാഗങ്ങൾ മാത്രമേ കാണപ്പെട്ടുള്ളൂ. ഒരു കയ്യെഴുത്തു പ്രതിയിൽ "നല്ലവണ്ണം പരിശോധിച്ചിട്ടും ആദ്യഭാഗം ഒരിടത്തും കിട്ടിയില്ല. (പൂർവാർദ്ധം കുത്രചിന്ന പ്രാപ്തം) എന്നു്" എഴുതിയിട്ടുണ്ട്.

ഈ പരിതഃസ്ഥിതിയിൽ ആ ഗ്രന്ഥം മുഴുവൻ അതിൻെറ ടിബററൻപരിഭാഷയോടുകൂടി ടിബററിൽനിന്നും ഉപലബ്ധമായിരിക്കുന്നു എന്നുള്ള വാർത്തയെ ബംഗാളിലെ ഏഷ്യാററിക് സൊസൈററി സസന്തോഷം സ്വീകരിക്കയും, ക്ലാസിക്കൽ ടിബററൻഭാഷയെ സംസ്കൃതത്തിൽകൂടി പഠിക്കാൻ സഹായിക്കുന്നതിനുവേണ്ടി അതു് പരിഭാഷയോടുകൂടി പ്രസിദ്ധപ്പെടുത്താൻ അനുവാദം നല്കുകയും ചെയ്തു.

അതുകൊണ്ടു് ഈ പതിപ്പു തയാറാക്കുന്നതിനു ലഭിച്ചിട്ടുള്ള സാമഗ്രികൾ പൂർണ്ണമാണെന്നു പ്രതീക്ഷിക്കാവതല്ലല്ലോ. സംസ്കൃതമൂലം, ലാസായിൽനിന്നു ലഭിച്ചിട്ടുള്ളതും ടിബററൻ ലിപികളിൽ ഉള്ളതുമായ ബ്ലോക്കു്-അച്ചടിയാണു്. ബ്ലോക്കുകൾക്കു് 200-വർഷത്തെ പഴക്കമുണ്ടു്. ചില സ്ഥലങ്ങളിൽ അച്ചടി വ്യക്തമല്ല. ബ്ലോക്കുകൾ, സംസ്കൃതവിദ്യയുടെ നികേതനത്തിൽനിന്നു വളരെ ദൂരെവച്ചു തയാറാക്കപ്പെട്ടതുകൊണ്ടു്, നമ്മുടെ ഇച്ഛയ്ക്കു തക്കവണ്ണം പ്രമാദരഹിതമായിരിക്കുമെന്നു പ്രതീക്ഷിക്കാവതല്ല. ബ്ലോക്കുകൾ തയാറാക്കാൻ ഉപയോഗി

ച്ചിട്ടുള്ള ഹസ്തലിഖിതഗ്രന്ഥങ്ങൾ സ്ഖലിതങ്ങളിൽനിന്നു നിശ്ശേഷം വിമുക്തങ്ങളല്ലെന്നു് രണ്ടാമത്തെ പല്ലവത്തിന്റെ ടിബെററൻപരിഭാഷയുടെ അധഃസൂചിക (Foot note) യിൽ രണ്ടു തവണ സമ്മതിച്ചു പറഞ്ഞിട്ടുണ്ടു്. ഒരു സ്ഥലത്തു് ഒരു പദ്യം പോരാതിരുന്നു; അതു് ടിബെററൻപരിഭാഷയെ വീണ്ടും പരിഭാഷപ്പെടുത്തിച്ചേർത്തു. മററൊരിടത്തു് ഒരു വരി പോരാതെ വന്നപ്പോഴും അപ്രകാരംതന്നെ ചെയ്തു. അതുകൊണ്ടു് ബ്ലോക്കു് അച്ചടിയിൽ വന്നിട്ടുള്ള ഉച്ചാരണവിഷയകവും വ്യാകരണപരവും ആയ തെററുകളിൽ അദ്ഭുതപ്പെടാനില്ല. സംസ്കൃതം നിരത്ഥമായിത്തോന്നുന്ന സ്ഥലങ്ങളിൽ വിവത്തനം വലിയ സഹായകമായിരിക്കുന്നു. വിവത്തനം വളരെ സൂക്ഷ്മതയോടെയാണു നിർവഹിച്ചിരിക്കുന്നതു്. ദുർഘടഭാഗങ്ങളിൽ അത്ഥം ശരിയായി മനസ്സിലാകുന്നതിനു്, വിവത്തനത്തിന്റെ ഉപയോഗം സീമാതീതമായിരുന്നു. ബൗദ്ധസംസ്കൃതം പാണിനീയസംസ്കൃതത്തിൽനിന്നു് വ്യാകരണപരമായും നിഘണ്ടുപരമായും പലവിധത്തിലും വ്യത്യസ്തമാണെന്നുള്ളതു് സവ്വവിദിതമാണു്. ബൗദ്ധസംസ്കൃതജ്ഞാനം ഇന്നും ശൈശവദശയിൽ ഇരിക്കുന്നതേയുള്ളു. അതുകൊണ്ടു് പഴയ സംസ്കൃതത്തിന്റെ ശൈലിക്കനുസരണമാക്കുന്നതിനുവേണ്ടി ഗ്രന്ഥത്തിൽ യാതൊരു മാററത്തിനും ഞാൻ ഒരുങ്ങിയില്ല. എന്നാൽ പരിഭാഷകളിൽ കാണുന്ന അത്ഥത്തിനു യോജിക്കാൻവേണ്ടി ചെയ്തുപോയിട്ടുള്ള മാററങ്ങളെപ്പററി അധഃസൂചികകളിൽ പറഞ്ഞിട്ടുണ്ടു്. എഴുത്തിൽ ഉള്ള തെററുകളും വിട്ട ഭാഗങ്ങളും കൂടാതെ, സാധാരണസംസ്കൃതത്തിനു ചേരാത്ത ചില വ്യാകരണസംബന്ധമായ പിഴകളും മററും, അവിടവിടെ തിരുത്തിച്ചേത്തിട്ടില്ല. അവയുടെ ഒരു വിവരപ്പട്ടിക ഇതിൽ ചേത്തിരിക്കുന്നു. അങ്ങനെ അച്ചടിച്ച ഗ്രന്ഥത്തിൽ തിരുത്താതിരുന്ന

തിന്റെ കാരണം ഇതാണ്—ചിലതു് സംസ്കൃതവ്യാകരണത്തിലെ വികല്പങ്ങളാണ്. ആ വികല്പങ്ങൾ സാധാരണ ക്ലാസിക്കൽസംസ്കൃതത്തിൽ ഉപയോഗിക്കാറില്ലെന്നേയുള്ളു. ചിലതു് ബുദ്ധസംസ്കൃതത്തിൽ വന്ന പുരോഗമനങ്ങളായിരിക്കാം—ബൗദ്ധസംസ്കൃതരൂപങ്ങളായിരിക്കും.

ഹരിമോഹനശർമ്മ.

---

# ബോധിസത്വാവദാനകല്പലത

## ഉപോദ്ഘാതം

(സോമേന്ദ്രൻ)

ധീമാൻ നരേന്ദ്രൻെറ—ജയാപീഡാമാത്യൻെറ—സൽകുലേ
സഞ്ജാതനായി ഭോഗേന്ദ്രൻ, ഭോഗീന്ദ്രൻപോലെ ഭോഗവാൻ. 1

അസ്സത്വശാലിയ്ക്കുള്ളവനായ് ഗുണരത്നാലയം മകൻ,
ശ്രീമാൻ വാക്സുധയെപ്പെററ സിന്ധു, സിന്ധു കണക്കിനേ. 2

സൽപുത്രനായ് പ്രകാശേന്ദ്രൻ പ്രകാശേന്ദുസമൻ ഭൂവി
ജനിച്ചു ദാനപുണ്യത്താൽ, ബോധിസത്വഗുണോചിതൻ. 3

തദീയപുത്രൻ ക്ഷേമേന്ദ്രൻ കവീന്ദ്രൻ തിങ്കൾപോലവേ,
വീശി സന്മാനസോല്ലാസം നല്കും പുകൾനിലാവിനേ. 4

അവനെല്ലാക്കൃതികളും രചിപ്പാനാദൃതനായ്,
സജ്ജനാനന്ദദൻ രാമയശസ്സെന്ന കൃതിദ്വിജൻ. 5

ഒരുനാൾ സുഖമായ് മേവുമദ്ദേഹത്തോടു ചൊല്ലിനാൻ,
ഖ്യാതപുണ്യൻ ഗുണിശ്രേഷ്ഠൻ സുഹൃത്താം നക്കസൗഗതൻ:—6

"ആചാര്യഗോപദത്താദ്യരപദാനക്രമം വിനാ
എടുത്തെടുത്തു നിർമ്മിച്ചാർ ഗദ്യപദ്യപ്പെരുംതുടർ. 7

ഒരേവഴിയ്ക്കുപോകക്കേ,ററം കാഠിന്യം, നീണ്ട വർണ്ണനം—
ഇമ്മട്ടല്ലോ കിടക്കുന്നു, ജിനജാതകമാലകൾ. 8

എന്നാൽ; ഭവാൻ ലളിതമാ,യപദാനക്രമത്തിലേ
രചിയ്ക്കു ബുദ്ധകഥകൾ, വിസ്തരിച്ചും ചുരുക്കിയും." 9

താഴ്മയോടിതു കേട്ടിട്ടു,ക്കഥ കെട്ടാൻ മുതിർന്നവൻ
അപദാനങ്ങൾ മൂന്നേ,റെ നീട്ടാതെ തീർത്തടങ്ങിനാൻ. 10

പിന്നെ,ക്കിനാവിൽബ്ഭഗവാൻജിനൻ താൻതന്നെ
ചൊല്കയാൽ
വീണ്ടും തുനിഞ്ഞാനദ്ദേഹമപദാനാർത്ഥസംഗ്രഹേ. 11

ശ്ശന്നു, താൻതന്നെ തദ്ദേശം പൂകി പ്രജ്ഞാപ്രകാശവാൻ
വീര്യഭദ്രാഖ്യനാചാര്യൻ വിഖ്യാതസുകൃതോജ്ജ്വലൻ; 12

ജിനശാസനശാസ്ത്രത്തിലെല്ലാം മനമുറച്ചവൻ
ഈയാഴമേറും ശാസ്ത്രത്തിൻ മാർഗ്ഗത്തിൽ മണിദീപമായ്. 13

ഞങ്ങൾതൻജനകൻ നൂറേഴപദാനം രചിച്ചതിൽ
സോമേന്ദ്രൻ ഞാനുമുണ്ടാക്കിക്കൂട്ടിനേനൊന്നു മംഗളം. 14

ആർതൻകയ്യിലണഞ്ഞെച്ചാൽ, ശാസ്ത്രമേതും വിശുദ്ധമാം
എഴുതി നേക്കിത,സ്സൌമ്യശ്രീയാചാര്യനപേക്ഷയാൽ. 15

സപ്തവിംശാബ്ദകേ തീർത്തതി,ക്കല്പലതയാം കൃതി
വൈശാഖശുക്ലപക്ഷത്തിൽ,ജിനജന്മമഹോത്സവേ. 16

താരോത്തംസം പുകളെഴവനെ,വന്നുള്ളോരുത്സാഹമെല്ലാ-
ട്ടുത്തും നേടീ നൃഗതത,യഘലാരാതിവിധ്വംസനത്തിൽ
ആ ലോകേശൻ നൃപവരനനന്താഖ്യനങ്ങുഴിവാഴ്കെ-
ത്തീർത്തുള്ളൊന്നിക്കൃതി,ശമസുഖസ്ഥർക്കു തുഷ്ടിയ്ക്കുവേണ്ടി. 17

അപാരം ദുർവാരം ഹതമതികളാൽ ദുഷ്പരിഹരം
മഹാമോഹാഗാരം പെരിയ വഴിയിൽ സങ്കടഭരം
മദദ്വേഷാധാരം വിഷയവിഷസാരം ഭവതമോ-
വികാരം നിങ്ങൾക്കിങ്ങറുക മുഴുവൻ, ബുദ്ധരുചിയാൽ. 18

സ്വച്ഛാശയർക്കുള്ളതുഷ്ടികരം വിശാലം
കാന്തം പ്രസാദസുഭഗം സുകൃതപ്രയത്നം,
ഇക്കാവ്യവും സുഗതനാം ഭഗവാന്റെ മെയ്യും
ലോകത്തിനൊക്കയുമതിപ്രിയമായ്‌വരട്ടെ! 19

# അപദാനസംഗ്രഹം

"പ്രഭാസ"പ്പൃഥ്വീശനെവൻ ബോധിസത്ത്വദശാന്തരേ
ഗജാലോകാൽ ശമം നേടീ, നിങ്ങളെക്കാക്കുകജ്ജിനൻ! 1

"ശ്രീസേനന"ാരേകിയുടൽ; "മണിചൂഡനെ"വൻ മണി;
"മാന്ധാതാ"വാണുപാർവെന്തു; നല്കീ "ചന്ദ്രപ്രഭൻ" തല; 2

നടത്തീ "സുപ്രിയ"നെവൻ ബദരദ്വീപയാത്രയേ;
മുക്തികാനുഗ്രഹം ചെയ്താനാർ ചിത്രപ്രതിബിംബനാൽ; 3

"ശ്രീഗുപ്ത"നാർ ശമം നേടി; ചൊന്നാൻ ജ്യോതിഷ്കമുത്തമം;
"നന്ദ"നായ്സ്സുന്ദരീരാഗം കൈയ്ക്കലാക്കി സയത്നമാർ; 4

"വിരൂഢക"ന്നു നരകം ചൊല്ലീ ശാക്യക്ഷയാലെവൻ;
അടക്കിനാനെവൻ "ഹാരീതിക"യെന്നൊരു യക്ഷിയെ; 5

ആർ കാട്ടീ പ്രാതിഹാര്യത്തെ,ദ്ദേവാവതരണത്തെയും;
ശില വാനിലെറിഞ്ഞാനാർ; "മൈത്രേയനേ"കി ബോധവും; 6

ആരാ"ദർശമുഖ"ന്നോതി, "ശാരിജ"ന്നും മഹാകഥ;
ആർ "ശ്രോണകോടികർണ്ണ"ന്നും പൂണ്ടു സല്ലക്ഷ്മകർണ്ണികൾ; 7

ആ "രാഷ്ട്രപാലി"ചരിതം ചൊല്ലിനാൻ സുകൃതോചിതം;
കൈക്കൊണ്ടു "ജേതവന"മാര,ന്നെത്തു "ജനക"കല്പം; 8

ആർ "വിശ്വന്തര"ജന്മത്തിൽ നല്കീ ദാരസുതാദിയെ;
അഭിനിഷ്ക്രമണം ചൊന്നാനാർ ശാക്യകുലജാതനായ്; 9

ഏവൻ മാരനെയോടിച്ചു; ചൊല്ലീ ശാക്യസമുദ്ഭവം,
ആ "ശ്രോണകോടിവിംശാ"ഖ്യനായോനൊരുപിറപ്പിലാർ; 10

അടക്കിനിർത്തീ ധനപാലാഖ്യമത്തഗജത്തെയാർ;
കാശിസുന്ദരനാർ നണ്ണീ ക്ഷമയെത്താൻ ശമത്തിനായ്; 11

സുവർണ്ണപാർശ്വമാം സത്ത്വഹിതകൃൻമൃഗമായെ, വൻ
ദ്രോഹിപ്പോക്കും ശുഭംനല്കിപ്പോന്നാനാർ നിർവ്വികാരനായ്; 12

ആർ വെരുത്തു വിശാലാഖ്യൻ തിന്മചെയ്യുംസപത്നിയെ;
നന്ദോപനന്ദനാഗങ്ങൾക്കാരുദിപ്പിച്ചു ശാന്തിയെ; 13

പ്രസാദിച്ചു ദയാംഭോധിയെവൻ ലൂഹസുദത്തനിൽ;
ശ്രീമാനെവൻ ശീലാഷിലനായ്: പൂർണ്ണനായ്, ഗുണപൂർണ്ണനാർ;

ശ്രീപരാങ്മുഖനാർ മൂകപംഗുവായി വിരക്തിയാൽ;
ക്ഷാന്തിശീലനെവൻ ധൈര്യം വിട്ടില സംക്ഷതത്തിലും; 15

ആർ പോക്കീ ഘോരമകരാകാരനാം കപിലന്നഴൽ;
ഉദ്രായണക്ഷമാപാലനാരേകി പാപമുക്തിയെ; 16

പുണ്യോത്തരം ശ്രുതിയെന്നോതിക്കൊടുത്തു പണ്ഡിതനേവൻ;
പ്രജ്ഞാകല്പദ്രു. കനകവർണ്ണക്ഷ്മാപതിയാ,യെവൻ; 17

ഹിരണ്യപാണികഥയാലാർ വാഴ്ത്തി സുകൃതങ്ങളെ,
അജാതശത്രുതന്നുറ്റനാരാൽ ബന്ധവിമുക്തനായ്; 18

ആർ കൃതജ്ഞൻ കൃതിയുമായ്; ശാപിസ്തംബനൊടോതിയാർ;
സർവാർത്ഥസിദ്ധനായ്ച്ചിന്താമണിയേകിയെവൻ ധനം; 19

ശ്രീമാനെവൻ ഹസ്തകനായ്പ്പൊന്നാനപ്പുറമേറിനാൻ;
ആർ ഷഡ്ദന്തേഭമായ്: പൂണ്ടു ദശകർമ്മപ്രവത്തെയും; 20

രുക്മവത്യപദാനത്തിൽ പ്പുലിയ്ക്കാരേകി തന്നുടൽ;
അദീനപുണ്യരാജാവായെവൻ സർവാർത്ഥിബന്ധുവായ്; 21

പ്രാണസൂക്തക്രയിക്ഷ്മാപനായെവൻ തേടി സൂക്തിയെ,
ആർസത്ത്വൌഷധനായാത്തർക്കെല്ലാം രോഗങ്ങൾ നീക്കിനാൻ;

ആർ സർവദപ്രദനായ്പ്പക്ഷിരക്ഷയ്ക്കരുളി തന്നുടൽ;
ഗോപാലനാഗന്നാരേകി നോക്കാൽത്താൻ വിഷശാന്തിയെ; 23

ആർതൻ പ്രഭാവാൽ വസുധ രത്നചൈത്യവിശിഷ്ടയായ്;
ആർ പുണ്യബലനായ്, രോഗപീഡിതത്രാണബന്ധുവായ്; 24

കുണാലനായ് ശിഷ്ടനെവൻ; നടത്തി നാഗശാന്തിയും;
ആർ ശ്രീപദൻ കർഷകനായ്, ശാന്തിമാനാം യശോദനും; 25

ആർ കാര്യപാനുഗ്രഹകൃത്താർ നേടി കിന്നരത്തിയെ;
ആരേകശൃംഗമുനിയായ്, കവിഷ്മാപാംഗഭ്രൂവുമായ്; 26

ആരാർഹതനിലയ്ക്കാക്കി സംഘരക്ഷിതഭിക്ഷുവെ;
പദ്മാവതീവൃത്തമെവൻ ചൊന്നാനാർ ധർമ്മരാജനായ്; 27

ആരിൽ ചൈത്യാച്ഛ കശ്മീരെ ചൊല്ലി മാധ്യന്തികാഹ്വയൻ;
ആർ ശാണവാസിയായ് ചൈത്യം നിർമ്മിച്ചു മഥുരാപുരേ; 28

ഉപഗുപ്താഖ്യനായ്പ്പില്ലാടരലക്ഷണജനനായ്;
ആരെ സ്മരിച്ചശോകാഖ്യഭൂപൻ കീഴാക്കി നാഗരേ; 29

ആർ ചൊല്ലീ ഭൂമിദാനത്തെ, പ്രതീത്യോൽപാദനത്തെയും;
മാൽ പോക്കി വിദൂരംചെന്നു,കീ കൈകേയനുപദേശവും; 30

ആസന്നഭ്രംശനാം ശക്രന്നാരേകീ പേർത്തുമുൾക്കനം;
മഹേന്ദ്രസേനനായിട്ടു കൌശികന്നേകിയിഷ്ടവും; 31

ആശിസ്സേകീ സുഭദ്രന്നു പര്യന്തായതിയാലെവൻ,
ഹേതൂത്തമാഖ്യനാം പൂർവജിനനായ്, ഭഗവാനെവൻ; 32

ആരേകി ദേവശർമ്മന്നു നരകക്ലേശശാന്തിയെ;
പൂർവകർമ്മപ്ലവം ചൊന്നാനുണ്ണി രാഹുലനോടെവൻ; 33
മധുരസ്വരനെഗ്ഘോരസംസാരാൽ കേററിനാനെവൻ;
പഥ്യം ഹിതൈഷിയാരേകി,യാരഗ്രജകപിഞ്ജലൻ; 34

ആർ ശീലവാൻ പദ്മകനായ്; ചിത്രന്നാരുപദേശിയായ്;
മത്സ്യാംഗനാം ധർമ്മരുചിയ്ക്കാർ കൊടുത്താനനുഗ്രഹം; 35
സത്യം കാട്ടിധനികനെധന്യനാക്കീടിനാനെവൻ;
ശിബിയായ് വാങ്ങിസ്സുകൃതത്തെ,ത്തന്മാംസാസ്രംകൊടുത്തെവൻ;

മൈത്രകന്യകനായ് മാതൃവികാരാൽ മാഴ്കിനാനെവൻ,
സുമാഗധയ്ക്കു വർണ്ണ്യതപമേററീ താൻതന്നെ ചെന്നെവൻ; 37
പ്രശമാംബുദമാർ പോക്കീ യശോമിത്രന്റെ തൃഷ്ണയെ;
രണ്ടിളംവ്യാഘ്രരെയെവൻ രക്ഷിച്ചു, ഘോരജന്മനി; 38
മന്ത്രിവംശഗജപ്പൂൺപാരാ,ർകച്ഛ പവണിക്കമായ്;
പൂർവതാപസമല്ലർക്കാർ കുശലം കൈവരുത്തിനാൻ; 39
പൌരക്ഷേമത്തിനാർ പദ്മകാഖ്യരോഹിതമത്സ്യമായ്;
പ്രഭാസനായ്സ്സുഖം നേടീ; ശ്യാമാകഗൃഹഭക്തന്നും; 40
ആർ സിംഹമായ് വാണിജരെപ്പാലിച്ചു; പ്രിയപിണ്ഡനായ്;
മുയലായ് നല്കി ദേഹത്തെ;-ക്കരേററി ദൈവതാഖ്യനെ; 41
ചൊല്ലി കനകവർമ്മാവോടാർ പുരോപമർത്തൻ കഥ;
ശുദ്ധോദനനെവൻവാങ്ങി രത്നത്താൽ സ്തുതസൂക്തികൾ;
ജീമൂതവാഹനായ് നല്കീ സർപ്പരക്ഷയ്ക്കു ദേഹവും ; 42

ആബ്ഭദ്രനാമമമിതവീര്യബലക്ഷമന്നു,
സർവോന്നതന്നു, ഭഗവത്സുഗതന്നു കൂപ്പാം;
ആതങ്കമൂലഭവശാഖി പറിച്ചെടുത്തോ-
ന്നു,ദൃഢ്ഗുണന്നു,പനിരുദ്ധമദന്നു കൂപ്പാം!! 43

## ഒന്നാം പല്ലവം

### പ്രഭാസാപദാനം

നമഃ സർവജ്ഞായ

ആർതന്നച്ഛസ്ഫടികസമമാം മാനസേ രാഗമേശി-
ല്ലാ,ർ കാരുണ്യക്കുളിരകരളിലേ ദോഷമൊട്ടുക്കണക്കി,
ആരക്രോധൻ ഭവരിപുവിനെ ധ്വംസനംചെയ്ത താൻതാ-
ന,സ്സർവജ്ഞൻ വിതരുക ഭവാന്മാരിലി,ട്ടററ ഭവ്യം! 1

സച്ഛായം, സ്ഥിരധർമ്മമൂലവലയം, പുണ്യാലവാലസ്ഥിതം,
ധീവിദ്യാകരുണാംബുസേകവിലസദ്വിസ്തീർണ്ണശാഖാന്വിതം,
സന്തോഷോജ്ജ്വലപല്ലവം, ശുചിയശഃപുഷ്പം, സദാസൽഫലം
വെല്‌വൂ,പൂർണ്ണതയാശകൾക്കരുളിടും ശ്രീബുദ്ധകല്പദ്രുമം. 2

ലോകത്തെസ്സംസൃതിസമുദ്രത്തിൽനിന്നു കരേററുവാൻ
ശ്രദ്ധവെയ്ക്കും,മഹാത്മാക്കൾ;കേൾപ്പുണ്ടു കഥയൊന്നിതിൽ. 3

പ്രഭാവത്യാഖ്യപുരിയൊന്നുണ്ടു, പൊന്മേടവീടുമായ്
ശോഭിപ്പൂ, സൽകർമ്മിവിമാനങ്ങളാൽ ദ്യോവുപോലെയായ്. 4

വിദ്യാധരവധൂസിദ്ധഗന്ധർവർ നിവസിക്കയാൽ
നല്ലോർതൻസുകൃതാൽ മന്നിൽ വന്ന വിൺപുരിപോലെയായ്;

ദാനസത്യവ്രതദയാശീലരെന്നും വസിയ്ക്കയാൽ
ധർമ്മത്തിൻ രാജധാനിയ്ക്കൊ,ത്ത,നഘായതനാഢ്യയായ്. 6

അങ്ങു വാണു പ്രഭാസാഖ്യനൊരുഭൂതിലകം നൃപൻ;
സാദരം സുരർപൂജിച്ചിപ്പോന്ന,വൻറൊരൊളിവെൺപുകൾ. 7

തൽകീർത്തിപ്പൂംകുലകളുല്ലളദ്ഗുണസുഗന്ധികൾ
ചെവിപ്പണ്ടങ്ങളായ്ത്തീർന്നിതെല്ലാ മാങ്കണ്ണിമാക്കുമേ. 8

സുവർണ്ണപുഷ്പോജ്ജ്വലയാമാ നയജ്ഞൻറയാജ്ഞയെ,
മാലയെപ്പോലെ മുടിയിൽച്ചൂടിപ്പോന്നു മഹീശ്വരർ 9

ഒരുനാളിൽസ്സഭയിലാ രാജാവിങ്കലണഞ്ഞുടൻ
കാൽമുട്ടുകൾ നിലത്തൊട്ടിച്ചേർത്തീ, ഗജവനാധിപൻ:— 10

"അടിയങ്ങൾ പിടിച്ചിട്ടുണ്ടൊരു ദിവ്യാഭനാനയെ:
ഐരാവതം, നിൻ പേർകേട്ടു, മന്നിൽവന്നെന്നു തോന്നിടും. 11

ദ്വാരേ നില്പുണ്ടു, തൃക്കൺപ്പാർക്കേട്ടേവോചിതദന്തിയെ:
സ്വാമി കണ്ടേ ഫലിസ്സുള്ളുവല്ലോ, ഭൃത്യചരിത്രമം." 12

ഇതുകേട്ടു പുറത്തേയ്ക്കു പോന്നമാത്യാദൃതൻ നൃപൻ
കണ്ടു പടിയ്ക്കൽ നാഗത്തെ,പ്പരക്കൈലാസരൂപിയെ: 13

വൻ ഗന്ധാൽ വന്നു കവിളത്തിരമ്പും വണ്ടിനങ്ങളാൽ,
ശൃംഗാരാഭരണം വായ്ച്ച വസന്തംപോലിരിപ്പതായ്; 41

തുമ്പിക്കൈ കൊമ്പിനററത്തു വെച്ചു, ചീമ്മിയ കണ്ണോടും
വിന്ധ്യൻറ സല്ലകീ-രംഭാവനശ്രീയെ സ്മരിപ്പതായ്; 15

അഗസ്ത്യശാസനാൽ വിന്ധ്യനാനപ്പൂൺപായ്ച്ചമഞ്ഞിതാ,
എന്നു തോന്നുംവിധം, പാലപ്പൂമണംചേൻറു,യന്നതായ്; 16

ശ്രീലീലാഗ്രഹമാമത്തുണ്ണെതിർനാല്ലൊമ്പനാനയെ
കണ്ടിട്ടു വിസ്മയിച്ചേവം വിചാരിച്ചു ധരേശ്വരൻ:- 17

"അമ്പോ, പാരിൽ മിടുക്കാറ്റ കർമ്മങ്ങളുടെ സൃഷ്ടികൾ -
പുത്തൻ പുത്തൻ മികവൊടേ നടക്കുന്നു നിരന്തരം! 18

പാലാഴിയെക്കടയലും വാസുകിയ്ക്കു വലച്ചിലും
ശൈലം വലിയ്ക്കയും കൂടാതാർ തീർത്താനീയൊരാനയെ!" 19

ആജ്ഞാവഹിതനാമാനപ്പാപ്പാൻ സംയാതനോടുടൻ,
'ഈയാനയെപ്പാവു പഠിപ്പിക്കുകെ'ന്നരുളീ നൃപൻ. 20

അരുൾചെയ്തൂഴിപനകത്തേയ്ക്കു പോയതൊടൊപ്പമേ
സംയാതൻ കൊണ്ടുപോയെ,ന്നും ശീലിപ്പിയ്ക്കാവുമാനയെ. 21

പ്രാഗ്ജന്മാഭ്യാസിയാംപ്രാജ്ഞൻ,സച്ഛിഷ്യൻപോലയത്നമായ്
പാവൊക്കയും പഠിപ്പിക്കപ്പെട്ടു സംയാതനാൽ ക്രമാൽ. 22

പുരുദാനസ്ഥിരൻ ശക്ത്യുത്സാഹവാൻ ക്ഷാന്തനഗ്ഗജം
അരാതിഘാതസുശതന്നരചന്നു സമാനനായ്. 23

ഗജേന്ദ്രൻ പാവുശീലിച്ചുകഴിഞ്ഞതവനീശനെ
ഉണർത്തിച്ചീടിനാൻ പിന്നെ,സ്സംയാതൻ കൃതകൃത്യനായ്. 24

ബലം കാട്ടാതവൻ തോട്ടിയ്ക്കടങ്ങിയതു കാൺകെയാൽ
കേറീ ജയശ്രീയുത്സാഹശൃംഗമെന്നെണ്ണിനാൻ നൃപൻ. 25

പിന്നെസ്സോത്സാഹനായ്പ്പാവിൻപടുത്വം നോക്കുവാനവൻ
അതിൻപുറത്തേറി രസാല്യ,ദയേ ഭാനു ചോലവേ. 26

KOTTAYAM PUBLIC LIBRARY
KOTTAYAM.

സംയാതനും സചിവനെപ്പോലെ കാട്ടീ, സനൈപുണം
കീഴമന്ന കരീന്ദ്രന്റെ സർവമണ്ഡലചംക്രമം. 27

ആനനോട്ടത്തിനിടയിൽ വേട്ടയ്ക്കിമ്പമുദിയ്ക്കയാൽ,
സേനാസാഗരംപോലെ വലുതാം കാടൊന്നുൾപ്പൂകി മന്നവൻ.

പോയാൻ രതാംഗദാംശുക്കൾ ദൂരത്തും വിശുമാറവൻ;
നൂനമീന്തൽത്തളിർകളാൽ ദിഗ്ഗജാഹ്വാനകാരിയായ്! 29

കാട്ടിൽച്ചരിയ്ക്കുമവനെദ്ദർശിച്ചു വനദേവിമാർ,
ഹർഷാദ്ഭുതാവൃതം നേത്രം ചെവിപ്പൂൺപായ് വരുംവിധം. 30

പുളിന്ദീവാർകുഴലണിപ്പൂക്കൾതൻ തൂമണത്തോടേ
അബ്ഭൃതധാത്രീപതിയെസ്സേവിച്ചു വിന്ധ്യമാരുതൻ. 31

ഉടൻ, സ്വച്ഛന്ദസൌഖ്യങ്ങൾ വായ്ച്ച വിന്ധ്യതടങ്ങളിൽ
വിളയാടിയതോർമ്മിച്ചിട്ടുൽക്കണ്ഠപ്പെട്ടുപോയ് ഗജം! 32

പ്രേമക്കെട്ടൊന്ന പിടിതൻ ഗന്ധമേററാ മതംഗജം,
നീതിയെദ്ദൃപ്തഭൂപൻപോലകററീ തോട്ടിവെപ്പിനെ. 33

രാഗാകർഷാൽ കുതിച്ചോട്ടമഗ്ഗജത്തിന്നൊരേടവും
വന്നീല്ലടക്കം, സംസാരേ വിമൂഢന്നെന്നപോലവേ. 34

ആന കാററിന്റെ വേഗത്തിൽപ്പോകുമപ്പോക്കു കാൺകയാൽ
ശങ്ക തോന്നിയ രാജേന്ദ്രൻ സംയാതനൊടിതോതിനാൻ:- 35

"ആഹന്ത! നീ പാവുപഠിപ്പിച്ചതാമീമ്മതംഗജം
ഗുരുവാം തോട്ടിയെപ്പോലും കൂസാതോട്ടുകയാണഹോ! 36

വട്ടം ചുററുന്ന ദിക്ചക്രം, പിമ്പേ പോകുന്ന ശാഖികം,
ഇതിൻ കാൽവെപ്പിനാൽ ബോധം കെട്ടു തുള്ളുന്നു മേദിനി. 37

ഇതകാലത്തു വിധിപോലെതിരായിബ്ഭവിക്കയാൽ,
പൌരുഷത്തിൻപണിപ്പാടു പാഴായ്പ്പോയിതശേഷവും!" 38

അരുളപ്പാടിദം കേട്ടു സംയാതൻ ജാതഭീതിയായ്,
ചാവിൻ ദംഷ്ട്രയിൽ നാണിച്ചു ചൊല്ലിനാൻ തൊഴുകയ്യോടേ:—39

"പുരാനേ, സർവ്വഥാ പാട്ടിലാക്കിനേനിഗ്ഗജത്തെ ഞാൻ;
പിടിതൻ ഗന്ധമേററത്രേ മാററം വന്നതു സാംപ്രതം. 40

ഉപദേശം, നിയമവും, ഹിതകാരിത,നന്മയും
സ്മരിയ്ക്കുകില്ല, കാമൻെറ കയ്യിലാപ്പെട്ട ദേഹികൾ. 41

ആർ തടുക്കും, രതിരസം വായ്ച്ച വൈഷയികേച്ഛയെ,
പെരുംകുഴിയിലേയ്ക്കോട്ടം മലംചോലയെയാംവിധം? 42

മെയ്‌വഴക്കം പഠിപ്പിപ്പാൻ പാപ്പാന്മാർ ഞങ്ങൾ പോരുമേ,
ഹൃത്സംയമം പഠിപ്പിപ്പാൻ ശക്തരല്ല ഋഷിമാർകളും! 43

രാഗാൽ ക്ലേശം ഗണിയ്ക്കാതേ, ചങ്ങലക്കെട്ടഴച്ചഹോ!
കുതിയ്ക്കയാണമാർഗ്ഗത്തിൽ, ദുർമ്മൂർഖൻപോലെയിദ്ദ്വിപം! 44

വിട്ടേയ്ക്കുക മരക്കൊമ്പു പിടിച്ചിതിനെ മന്നവ:
വീഴിയ്ക്കുമേ ദുർവിഷയത്തിങ്കൽ വീണ ഖലൻ ദൃഢം." 45

തൽകാലയോഗ്യമായുള്ള സംയാതമൊഴി കേട്ടുടൻ
പിടിച്ചു മാമരക്കൊമ്പൊന്നവനോടൊപ്പമേ നൃപൻ. 46

തരുമേൽനിന്നിറങ്ങിപ്പിമ്പവൻ പോന്നു ഹയസ്ഥനായ്;
ഗഹനാരണ്യമുൾപ്പൂക്ക പിടിയെപ്പുല്കിയാനയും. 47

അതിൽ കാമം ശമിച്ചേ,ഴുനാളാൽപ്പോന്നു യഥാസുഖം
തീററി തിന്നു തളക്കററിക്കെട്ടിൽ നിന്നാൻ സ്വയം ഗജം. 48

പാവാലടക്കമൊന്നാന താനേ വന്നതു കണ്ടുടൻ
സംയാതനങ്ങുണർത്തിച്ചു, വന്മിടുക്കാൽസ്സഹർഷനായ്:— 49

"പാവിനൊന്നൊതുങ്ങില്ലെന്നാക്കി,രാഗപാശം വലിയ്ക്കയാൽ
കാമാർത്തനായ്പ്പോയ ഗജമിതാ, വന്നെത്തിനാൻ സ്വയം! 50

പാട്ടിലായ്,ത്താവളക്കെട്ടിലിന്തലിൻ സ്വാദറിഞ്ഞിതാ
സന്തപ്തലോഹകമ്പളം സ്വീകരിയ്ക്കുന്നു താഴ്മയിൽ. 51

ഇവൻ കാമരസാലല്ലോ നിലവിട്ടു, കടുപ്പമായ്;
വീണ്ടുമേ മുൻനിലയിലായ്,മാരച്ചൂടു ശമിയ്ക്കയാൽ. 52

അടക്കിനിർത്താം രാജാവേ, സിംഹവ്യാഘ്രഗജാദ്യരെ;
വയ്യാ; രാഗസുരാമത്തവിഷയോൽകമനസ്സിനെ!" 53

ഇതു കേട്ടിട്ടു, ശരിതാനെന്നോർത്തുള്ളി മന്നവൻ:—
"തഥ്യവും തക്കതും തന്നേ സംയാത, തവ ഭാഷിതം: 54

ഉണ്ടോ ജഗത്തിതിൽ, മനസ്സാകുന്ന മദഹസ്തിയെ
അടക്കമാം തളക്കെട്ടിലണച്ചു ശമിയാമൊരാൾ? " 55

ഈ വാക്കാൽ ദേവതാവേശംപൂണ്ട സംയാതനോതിനാൻ:—
"ഉണ്ടു ദേവ, ജഗൽക്ലേശം വേരോടേ പിഴുതുന്നവർ: 56

വിവേകക്കാഴ്ചയുടയോർ, പാരിൽ വൈരാഗ്യകാംക്ഷികൾ,
ശമസന്തോഷവിശദർ, ബോധശാലികൾ ബുദ്ധർ താൻ! ” 57

എന്നു ബുദ്ധൻെറ പേർ കേട്ടിട്ടുള്ളുണർന്ന് നൃപനുടൻ
മുൻജന്മവാസനക്കാഴ്ചയുളവായ്, വഴിപോലവേ: 58

‘സംസാരമാംസമുദ്രത്തിൽ മുങ്ങുമീയുലകത്തിനെ
കേറേറണം ബോധിയോഗത്താൽ കുശലച്ചിറകെട്ടി ഞാൻ!’ 59

വാനിൽനിന്നോതിനാർ, ശുദ്ധാവാസകായികർ ദേവകൾ:—
‘ഭവാനു സമ്യഗ്ബോധത്താലുണർവുണ്ടാം മഹാമതേ.’ 60

അച്ചൊൽകേട്ടരജസ്സാത്ത്വനരചൻ ദിവ്യദൃഷ്ടിയായ്,
മുൻജന്മമോർപ്പവനുമായ്ബോധിസത്ത്വത നേടിനാൻ! 61

പുതിയൊരുണർവു പൊന്തി, ക്കണ്ണു തത്ത്വത്തിലർപ്പി-
ച്ചവനവിരളസത്ത്വൻ സന്തുഷ്ടോത്സാഹവാനായ്,
ഭവജലധിയിലാഴും ജീവജാലത്തെയേററു-
ന്നതിനു കുശലമാകും സേതുവൻപോടു തീർത്താൻ. 62

പ്രഭാസാപദാനമെന്ന

ഒന്നാം പല്ലവം

## രണ്ടാം പല്ലവം

### ശ്രീസേനാപദാനം

വെല്വൂ ജഗത്തിതിൽ ധന്യന്മാരാം ചന്ദനശാഖികൾ,
പരാൎത്ഥമായ് വെട്ടിയരച്ചെരിച്ചാലുമനാമയർ! 1

ഉണ്ടരിഷ്ടാഖ്യപുരിയൊന്നുദാരഗുണമാന്യയായ്:
മത്സരിച്ചാലിതിൻമീതെ,യാവുകില്ലമരാവതി! 2

അതിങ്കൽ വാണിരുന്നു, ശ്രീസേനനെന്നൊരു മന്നവൻ,
രത്നാകരംപോലഖിലഗുണരത്നഗണാകരം. 3

പരോപകാരപടുവാമവന്റെ മഹിമാവിനാൽ
രഞ്ജിച്ചു, രവിതൻ ഭാസ്സാൽപ്പോലെ, ദിക്കുകൾ നാലുമേ. 4

അവന്റെ ദാനസൗരഭ്യം ചീൎത്ത കീൎത്തികൾ പാരിനെ
ശോഭിപ്പിച്ചു, സുരദ്രുശ്രീഭൃതിശുഭ്രഗജങ്ങളും. 5

കലാഢ്യനെങ്കിലുമൃജു,വൃജുവെങ്കിലുമുന്മതി,
മതിമാനെങ്കിലുമവൻ പ്രജാപുണ്യാലവഞ്ചകൻ! 6

എങ്ങോളം ഭാനുവിൻചൂട്ടുണ്ട,ങ്ങോളം കാററുവീശലും;
അങ്ങോളം ചെന്നു തടവററ,വന്റെ പുകളാജ്ഞകൾ. 7

അവനുണ്ടായിരുന്നു പന്തീരായിരമമാത്യർകൾ,
ഒപ്പം പയററു ശീലിച്ചോർ, ഷഡ്ഗുണജ്ഞാനദൃഷ്ടികൾ. 8

അധാൎമ്മികന്റെ രാജ്യത്തു പുണ്യമേ ചെയ്തിതാളുകൾ;
നാഥനൊത്ത ഗുണംകൊൾവൂ നാരിമാർപോലെ, നാട്ടുകാർ. 9

അവന്റെ പുണ്യസ്ഥിതിയാൽ സ്വർഗ്ഗത്തിൽപ്പോകുമാളുകൾ
വിൺപുരത്തെ വിമാനങ്ങൾകൊണ്ടു ദുശ്ചരമാക്കിനാർ! 10

ദേവലോകം നൃലോകത്താൽ ച്ചുററപ്പെട്ടതു കാങ്കെയാൽ
വസുധേശങ്കൽ വൈരം പൂണ്ടാലോചിച്ചു പുരന്ദരൻ:— 11

“സോനൻ ക്ഷിതിയ്ക്കാകെ വിഭൂതിചേർപ്പോ,–
നാശ്ചര്യ്യകർമ്മാ,വതിദാനനിത്യൻ,
സൌശീല്യമെല്ലാവരിലും വളർപ്പോ,–
നെങ്ങൾക്കിരിയ്ക്കപ്പൊറുതിയ്ക്കു വിഘ്നം. 12

എന്നാലയാളുടെ മനസ്സുറപ്പും, ദാനമേന്മയും
ധീരത്വവും പരീക്ഷിച്ചുനോക്കേണം മായകൊണ്ടു ഞാൻ.” 13

എന്നേറെന്നേരമാലോചിച്ചു,ശേഷസുരയുക്തനായ്,
വേഷം മാററി നൃലോകത്തെയ്ക്കിറങ്ങി വലസൂദനൻ 14

അന്നമാത്യൻ, പ്രജകൾതൻകാര്യം ചിന്തിച്ചുപോരുവോൻ
രാജാവോടോതിനാൻ, രാജ്യരക്ഷാഗുരു, മഹാമതി:– 15

“രാജൻ, രാജ്യത്തു വിരജസ്സായി രാജിച്ചിടും ഭവാൻ
നിർവ്യാജദാനാൽത്തോല്പിച്ചുമൂലം ലജ്ജിപ്പു വാസവൻ! 16

പരന്റെ നന്മത്തികവും, തനിയ്ക്കതിലഭാവവും
കണ്ടാൽ സ്പർദ്ധയ്ക്കടിപെടാത്തുണ്ടാമോ വല്ലോരുത്തനും? 17

പരന്റെ മേന്മയിൽ കണ്ണുകടി തോന്നും കശ്മലർ
മിക്കവാറും നടുങ്ങിയ്ക്കും മഹാൻതൻ പുണ്യകർമ്മവും! 18

സർവസ്വദാനം വരെയായ്ക്കൊള്ളട്ടെ ദാനശക്തി തേ;
പുത്ര-ദാരാ-ത്മദാനാലോചനയോ സാഹസാതുലം! 19

കൊട്ടുംകിനാവുണ്ടോരോന്നു കാണുന്നു, പേടിയാംവിധം;
പാരിൻ മുടിപ്പൂൺപടയലതിൽസ്സൂചിപ്പു തീവ്രമായ്! 20

കേൾപ്പുണ്ടു തത്ത്വമറിയും ജ്യോത്സ്യർ ചൊല്ലിവരുന്നതും,
'ദാനംചെയ്യേയ്ക്കുമരചൻ ദേഹ'മെന്നതു ദുസ്സഹം. 21

ദേഹംകൊടുത്താൽ,പ്പാഴായ്പ്പോമർത്ഥികൾക്കാകെ വാഞ്ഛിതം:
സർവവും നല്കീടും നീങ്കലത്രേ നില്പൂ, സുരദ്രുമം! 22

അതിനാൽ നിർത്തുകുർവീശ, ഭവാനീ ത്യാഗസാഹസം:
പ്രജായത്തജഗദ്രക്ഷാരത്നമല്ലോ, ഭവത്തനു!" 23

മന്ത്രിവര്യൻറയിച്ചൊൽകേട്ട,വനോടോതി മന്നവൻ,
സത്വശുഭ്രസ്മിതശ്രീയാൽക്കഴുകപ്പെട്ട ചുണ്ടുമായ്:— 24

"സചിവനൊത്ത ഹിതമേ മഹാമാത്യ കഥിച്ചു നീ;
എന്നാൽ, യാചകവൈമുഖ്യസന്താപം സഹ്യമല്ല മേ, 25

'തരികെ'ന്നുരചെയ്വോരി,'ല്ലില്ലെന്ന' പരുഷാക്ഷരം
പുറപ്പെടുന്നതേവർക്കോ, ജീവിയ്ക്കെ മൃതരാണവർ! 26

'ഇതിയ്യാൾ തരു'മെന്നുള്ളിൽക്കരുതിച്ചെന്ന യാചകൻ
എവങ്കൽനിന്നു പിൻവാങ്ങു,മവൻ ജീവിപ്പതെന്തിനാം? 27

ദീനതാപം ശ്രവിയ്ക്കുമ്പോൾത്തെണരത്ത മനമേവനോ,
ഹരി, പുണ്യഹീനനായുള്ളാ നിർദ്ദയൻറെ പിറപ്പഹോ! 28

ആർക്കെങ്കിലുമൊരേടത്തിലൊരിയ്ക്കലുപകാരമാം;
ഇതോർത്തത്രേ വിശിഷ്ടർക്കീ,ക്കെട്ടുപോം മെയ്യിലും പ്രിയം.” 29

എന്നു സാത്ത്വികനാം രാജാവിന്റെ ചൊൽ കേട്ടമാത്യനാ,
മിണ്ടീലൊന്നും, ഭവിഷ്യത്തിൻ നിക്കമില്ലായ്മയോർക്കയാൽ. 30

പിന്നെയൊരിയ്ക്കൽ,ക്കളിയിലേർപ്പെട്ട ഭൂപന്റെ പത്നിയാൾ,
ജയപ്രഭ, മനോജന്റെ രതിപോലതിസുന്ദരി, 31

മനമാം മാനിനു വലക്കണ്ണി ദ്ദൂരാൽ ദൃഷ്ടിപാ
വരുന്നതിമവെട്ടാതെ കണ്ടാനദ്ധ്യാപകൻ മുനി. 32

പ്രാഗ്ജന്മാഭ്യാസജസ്നേഹാലി,ടപെട്ടാളെയാംവിധം
അവളെക്കാൺകയാലാ വൻ ധീരന്നുൾക്കണ്ണുമറവുപോയ്! 33

അവൻ നിഃസ്പൃഹനെന്നാലും വാസനാദ്ബദ്ധമാം മനം,
സംസാരവൈമുഖ്യമകന്നിറങ്ങി കാമഭൂമിയിൽ! 34

ഈടേറും പ്രേമതന്തുൽകൊണ്ടു തുർത്തുന്നിയതാകയാൽ
അററില്ല ജീവരാശിയ്ക്കി, പ്രാഗ്ജന്മാഭ്യാസവാസന. 35

അദ്ദേഹമാശ്രമംപുക്ക പൊഴുതിൽശ്ശിഷ്യനാം വടു
ചൊല്ലീ ദക്ഷിണ കൈക്കൊൾവാൻ,സമാപ്താദ്ധ്യയനവ്രതൻ. 36

അദ്ദേഹം ചൊല്ലിനാൻ:—ഉണ്ണീ, വകവേണ്ടാ വനത്തിൽ മേ;
എന്നാലു,മുണ്ടു നിർബന്ധ,മെങ്കിൽക്കേൾക്കുക കാംക്ഷിതം: 37

അജ്ജയപ്രഭയെ—ശ്രീസേനോർവീശന്റെ ദേവിയെ-
(ശ്രീസേനഭൂപന്റെ ജയപ്രഭയാകിയ ദേവിയെ)
തരാൻ കിട്ടും നിനക്കെങ്കില,തു ദക്ഷിണയാം മമ.” 38

ഗുരുവാക്കിതു കേട്ടിട്ട ശിഷ്യനുള്ളം വിറച്ചുപോയ്:
അശക്യാർത്ഥിതലാഭത്തിൽസ്സംശയാൽത്തോന്നി വാട്ടവും. 39

അവൻ പോന്നിട്ടകംപൂക്കാനർത്ഥികൾക്കിപ്പോലവേ
സഭാ വാതിൽ തുറന്നിട്ട രാജാവിൻ വിശ്രമാലയം. 40

അലഭ്യപ്രാർത്ഥനാദൈന്യചിന്താസന്തപ്തചിത്തനായ്,
വൻനാണത്താൽ മുഖംതാഴ്ത്തി നിലംനോക്കുന്നമട്ടിലായ്; 41

ആ വന്നൊരർത്ഥിയെക്കണ്ടിട്ടേററം ഹർഷിച്ചു മന്നവൻ,
അമൃതേകാനൊരുങ്ങിക്കൊണ്ടുയർന്ന കടൽപോലവേ. 42

'എന്തുവേണം ഭവാനെന്നു മാനിച്ചു നൃപനോടവൻ
അയോഗ്യോക്തിയിൽ നാണത്താലക്ഷരം ചിന്നിയോതിനാൻ:–

"മുമ്പന്യനൊടിരന്നിട്ടില്ലാത്ത ഞാൻ ദുർല്ലഭത്തെയും
അർത്ഥികല്പദ്രുവാം നിങ്കൽഗ്ഗുരുവിന്നായിരക്കയാം: 44

പാഠം മേ തീർന്നു; ഗുരുവിന്നിഷ്ടയാം ദക്ഷിണയ്ക്കു നീ
ആവാമെങ്കിൽത്തരു, ദേവി ജയപ്രഭയെ മന്നവ." 45

ഇവണ്ണമൃഷിതൻശിഷ്യൻ ചൊന്നപ്പോൾ മന്നനഞ്ജസാ
പ്രേമത്തിനാലും ദാക്ഷിണ്യയാലും രണ്ടായ് മനഃസ്ഥിതി! 46

മുൻവിശിട്ടംപല്ലൊളിയാൽ, വെൺമുത്താൽപ്പോലെ വിപ്രനെ
പുതപ്പിച്ചവനങ്ങോതി:—"വാങ്ങിക്കൊള്ളുക കാന്തയെ. 47

നല്ലോണം നിൻഗുരുവിന്നു വേണ്ടതാലോചിയാതെ താൻ;
ഗണിപ്പതില്ല ഞാൻ തീർച്ച, മനസ്സിൻ വിരഹാർത്തിയെ" 48

എന്നോതിയോമൽപ്രിയയെ,പ്പാർത്ഥിവൻ പങ്കജാക്ഷിയെ,
അനാരതം മററൊരുയിർപോലെ മാനസലീനയെ, 49

ഗുരുവിശ്ലേഷദുഃഖാഗ്നി തട്ടത്തരുളിയെങ്കിലും,
സ്മരമിത്രമഹാവൃദ്ധസ്നേഹവാരിതനാകിലും, 50

ഒരു പെൺമാനിനെപ്പോലെ മുനിശിഷ്യനു നല്കിനാൻ,
പെട്ടെന്നിതെന്തെന്നു ഭയക്ലേശചഞ്ചലനേത്രയെ! 51

പ്രിയയെ ത്യാഗചപരനാം ഭൂപൻ നല്കിയവേളയിൽ
വിറച്ചു ത്യാഗഭീയാൽപ്പോലൂ,ഴി ലോലാബ്ധികാഞ്ചിയാൾ! 52

ഇന്ദ്രചന്ദ്രാദിദേവന്മാരസഹ്യതനുപീഡയും
എവക്കായ്പ്പേറിനാരാക്കാ പ്രിയമാർ പ്രിയരായ് വരാ ? 53

ചിലർ ശീലം, ചിലർ ധനം, ധർമ്മം ചിലർ, തപം ചിലർ,
ചിലർ നാണം, ചിലരുടൽ വെടിഞ്ഞീടുന്നു,പെണ്ണിനായ്! 54

യാതൊന്നോ രാഗസർവസ്വം പുമാന്മാക്കുയിരിന്നുയിർ,
ദാനത്തിൽസ്സത്തമന്മാക്കതാനൊരു പുല്ലൊടി! 55

അയാളവളെയുംകൊണ്ടു പോയാറേ, വിരഹാർത്തിയാൽ,
വിരഹിയ്ക്കുണ്ട്ഗജൻപോലെ സുഖവിദ്വേഷിയായ് നൃപൻ! 56

അഗ്നിശിഷ്യനാൽക്കൊണ്ടുവരപ്പെട്ട ഭൂപതികാന്തയെ,
പ്രാണൻപോയ്പ്പരമാം ലോകംപ്രാപിച്ചോളെക്കണക്കിനേ; 57

കണ്ടിട്ടത്യന്തതാപത്താൽ വെന്തും, നാണിച്ചു മൂളിയും
നിനച്ചാൻ തന്നനൌചിത്യം, കർമ്മവിപ്ലവജം മുനി:— 58

“ഹാ, വെറും ചാപലം മൂലമൊരു ബാലൻകണക്കെ ഞാൻ
താനേപോയ്ച്ചാടിനേനല്ലോ, ദുഷ്പ്പേർച്ചേററിലശങ്കമേ! 59

ഇവൾ വർണ്ണാശ്രമഗുരുവിൻെറ ഭാര്യ, സുധർമ്മിണി,
ധാർമ്മികപ്രജകൾക്കമ്മ;യിട്ടേൻ ദുഃഖാഗ്നിയിങ്കൽ ഞാൻ! 60

ചാരിത്രത്തെപ്പുലർത്തീലാ;നണ്ണീലാ സംയമത്തെയും;
നോക്കീലാ ഞാൻ വിവേകത്തെ;-ഗ്ഗണിച്ചീലാ വിരക്തിയെ!

വിചാരശൂന്യർതൻ ചിത്തം സന്മാർഗ്ഗത്തെ വെടിഞ്ഞു ഹാ,
അസംയമമനൂരാമത്താർന്നോടുന്നു ദുർവഴിയ്ക്കുതാൻ!” 62

ഏവം നിനച്ചു,നാണത്താൽ നിറം കെട്ടതപോധനൻ
രാജ്ഞിതന്നരികേ ചെന്നു തലയും താഴ്ത്തിയോതിനാൻ:- 63

“അമ്മേ, സമാശ്വസിച്ചാലു;-മിവിടെയ്ക്കുഴൽ തോന്നൊലാ
ദൈവേച്ഛയാണു തേ കഷ്ടപ്പാടിതെ,ൻ ദുർന്നടപ്പിതും! 64

ഇത്തീരവൃക്ഷത്തണലിൽ വഴിച്ചൂടു കെടുക്ക നീ;
ഇപ്പോൾത്താൻ തേ സ്വഗേഹത്തിൽ ഗ്ഗമിയ്ക്കാമെന്നൊടൊപ്പമേ”

ഇതുകേട്ടു, സുധാവർഷമേററതിൻമട്ടു ദേവിയാൾ
ഉയിരും ധൈര്യവും നേടി, ത്യജിച്ചു ഭയസംഭ്രമം. 66

ഇദ്ദാനാദ്ഭുതവൃത്താന്തം സ്വർല്ലോകത്തും പരക്കയാൽ
രാജാവിൻജീവകാരുണ്യം നോക്കാൻ വന്നെത്തി വാസവൻ: 67

കീഴടൽപ്പാതി വിജനാരണ്യത്തിൽപ്പുലി തിന്നവൻ,
വിപ്രവശേഷൻ, മുറയിട്ടും പുത്രർ നാലവരെട്ടത്തവൻ; 68

ഘോര പാരമൊലിയ്ക്കുന്നോൻ, കടർമാലകൾ തൂങ്ങിയോൻ,
പാപങ്ങൾ തന്നറപ്പാൽപ്പോലുയിർ കഷ്ടിച്ചുനില്പവൻ, 69

ലുബ്ധപാർത്ഥിവഘോരാനർത്ഥാനപിതൻ ധനിപോലവേ
പുതുമാംസമണംമൂലം പിമ്പേ ക്രവ്യാദർ ചേർന്നവൻ; 70

നാഗരത്തിൽ കടന്നിട്ടത്യന്തദുഃഖഭയാർദ്ദിതൻ
സംഭ്രാന്തിയും വിസ്മയവും പൗരന്മാർക്കുളവാക്കിനാൻ. 71

മെയ്പൂണ്ട മാലും വല്ലാത്ത ഭയവും പോലെയാമവൻ
പെട്ടെന്നു സംഭ്രമായാസം പെടുത്തി പുരമാതരിൽ. 72

അയാളെ മഞ്ചലിലെടുത്താപ്പുത്രാകാരർ നാലുപേർ
അർത്ഥിസന്ദർശനസ്ഥാനേ വെച്ചാർ ഭൂപന്റെ മുന്നിലായ്.

ആപത്തിൽപ്പെട്ടു വല്ലാതെ വലയുന്നാസ്സുദീനനെ
കണ്ടു, വക്ത്രം ചുളുക്കിക്കൊണ്ടങ്ങു കൺചിമ്മിയാളുകൾ. 74

നെഞ്ചിൽനിന്നു, വിറക്കൊള്ളും വലംകൈ പൊക്കിയിട്ടവൻ
നൊമ്പലാലക്ഷരമിഴഞ്ഞത്തു,ർവീശനോടു ചൊല്ലിനാൻ: 75

"സ്വസ്തിയങ്ങയ്ക്കു: വിപ്രൻ ഞാൻ ഭൂപ,മാപാപിപോലവേ
ഈയവസ്ഥയിലാപ്പെട്ടേൻ; നോക്കുകെന്നെ ദയാനിധേ! 76

സംസാരഘോരമാം ദുർഗ്ഗാരണ്യത്തിൽ പ്പുലി തിന്ന ഞാൻ
ജീവിപ്പൂ,തീർത്തുമീ വന്മാൽ ഭുജിയ്ക്കുണ്ടിയിരിയ്ക്കയാൽ. 77

ഇയ്യാപദ്വ്യഥയിൽപ്പോലും തീവ്രക്ലേശസാഹങ്ങളായ്
വിടാതെനില്പൂ പ്രാണങ്ങളെന്നിൽ,സ്സന്മിത്രർ പോലവേ! 78

'ആരാനും തൻ പകതിയെ മറിച്ചങ്ങയ്ക്കു നല്കുകിൽ
ഉയിർ തേ നില്ക്കു"മെന്നെന്നോടരുളീ വ്യോമദേവത. 79

ആരൊരാൾ തരുമിപ്പാരിൽജ്ജീവിതം കരുണാനിധേ:
മിക്കപേരും പരാർത്ഥംവിട്ടാ,രായുന്നു സ്വന്തസൗഖ്യമേ! 80

എപ്പോഴുമെന്തും നല്കുന്നോനാ,ർത്താതങ്കബാന്ധവൻ,
മെയ് നല്കാനും മടിയ്ക്കാത്തോനങ്ങുന്നേ ശരണം മമ! 81

ആദരംവായ്ച്ച നിർവ്യാജദാനമേതിൻ ഫലാലയം,
അപ്പുണ്യവൃക്ഷമായ്പ്പാരിൽപ്പിറന്നോനാ,ണൊരാളുതാൻ. 82

അന്യരെന്തിന്നു വാഴ്ത്തുന്നു, ദാതാവാം നിൻ ഗുണങ്ങളെ?
ലോകത്തിൽസ്സുകൃതച്ചെണ്ടകൊട്ടല്ലോ, നിൻെറ ദാനമേ! 83

ആപന്നരക്ഷാവ്രതരാം താദൃക്ശുഭചരിത്രർ
പുണ്യപുണ്യങ്ങളെക്കൊണ്ടേ കിട്ടൂ, വ്യസനവേളയിൽ! 84

അമന്ദാനന്ദമിത്രങ്ങളരിചന്ദനശീതളർ
താപംപോക്കുന്നു സത്തുക്കൾ, തെക്കൻകാററുകൾപോലവേ! 85

നിൻെറയീവാർമതിമുഖത്തിങ്കൽനിന്നുള്ള വാക്കുതാൻ
സുധ വർഷിച്ചുയിർക്കൊള്ളിയ്ക്കുന്നു, ചന്ദ്രികപോലവേ" 86

ഇതുകേട്ടിട്ട,യാൾതൻമാൽ പെട്ടെന്നുള്ളിൽക്കടക്കയാൽ,
ആ മനംമങ്ങി മൂർച്ഛിച്ച ദീനനോടോതിനാൻ നൃപൻ:— 87

"ആശ്വസിയ്ക്കൂ: വെടിഞ്ഞേയ്ക്കുകയിർപോമെന്ന ഭീതിയെ;
തരാമങ്ങയ്ക്കു ദേഹാർദ്ധം ഞാൻ വിപ്ര,മടിയാതെ താൻ. 88

പോരണ്ടവേണ്ടി,യന്യന്നേ വപുസ്സിതരുതിപ്പെട്ടു:
ക്ഷണഭംഗുരമല്ലോ മെയ്; രക്ഷിച്ചാലും നശിച്ചുപോം." 89

എന്നു ഭൂപതി ചൊന്നപ്പോൾ, നടുങ്ങിയ മനസ്സുമായ്
ചൊന്നാൻ വജ്രാഹതൻപോലെ, മന്ത്രിവര്യൻ മഹാമതി:—90

"ആഹന്ത, സാഹസം ശീലിച്ചാപത്തിൽപ്പെട്ട തമ്പുരാൻ
ഹിതം ഗണിപ്പതേ ഇല്ല, നാട്ടാർതൻ പുണ്യഹാനിയാൽ! 91

പ്രജാഭൃതിയ്ക്കു ഗുണവാൻ മററാരുള്ളു, ഭവൽസമൻ?
കീഴാൾക്കുറാത് പ്പുലമ്പുന്നു; കേൾക്കുവാൻ, ചെയ്യുവാൻ, നൃപൻ.

ആനയ്ക്കൊപ്പം മിഴിയടച്ചിതം നോക്കാതെയായ് പ്രഭു;
ഇത്രയ്ക്കേ ഉള്ളുവെന്നെണ്ണാം, സൽഭൃത്യക്ക് വിഭൂതികൾ! 93

നിൻകണ്ണത്തിൽ വിളങ്ങുന്നു ചിരം, തേനുററ പൂംകല—
കല്യാണകണ്ണികാകീർണ്ണമുപദേഷ്ടാക്കൾ തൻമൊഴി! 94

അരക്കനോ, ചെകുത്താനോ, കള്ളബ്രാഹ്മണനാമിവൻ
പാരിൻെറ രക്ഷാരത്നത്തിൻ തിരുമെയ് വന്നിരക്കയാം. 95

ഇതിവൻകാട്ടിയ പെരുംമായയല്ലെന്നിരിയ്ക്കുകിൽ,
ക്ഷണനേരവുമുണ്ടാമോ മെയ് മുറിഞ്ഞോനു ജീവിതം? 96

ആലോചിയാതെ സുകൃതം വാശിയാലാചരിയ്ക്കുകിൽ,
ആത്മപീഡാപരുഷമാമതസൌഖ്യം, പരത്തിലും! 97

ആവുന്നതു സമാ നല്കാം;—മെമ്മട്ടാവാത്തതേകിടും?
സർവ്വസ്വദാരദാനാദി വർണ്ണിപ്പാനേ ചിതപ്പെട്ടു: 98

77749

ദൂരാൽ കണ്ണിന്നാമൃതമിതു, 'മഹാർഘമണി നല്കിനാൻ';
വീണ്ടും ചെല്ലമിരപ്പേക്കാ, വെള്ളവും മററിടത്തിലാം! 99

സർവയത്നേന സംരക്ഷ്യൻ പരൻതന്നുയിർകൊണ്ടുമേ,
പ്രജകൾക്കയിരാമർത്ഥിചിന്താമണി ഭവാൻ നൃപ! 100

പ്രസാദിയ്ക്കുങ്ങളിൽ പ്രീത്യാ;ദേവ,ചെയ്യൊല്ല സാഹസം;
തന്നെ വിററീട്ടമാറില്ലങ്ങൊരു കപ്പിനാവങ്ങിനായ്!
(കണ്ണം പളുങ്കിനായ്)." 101

എന്നോതി സ്വാമിതൻകാല്ക്കൽവീണാനാ മന്ത്രിപുംഗവൻ,
എന്നാൽ, വെടിഞ്ഞീല വപുർദ്ദാനനിശ്ചയമൂഴിപൻ! 102

അദ്ദേഹം ചൊല്ലിനാൻ,പ്രീതിസ്മിതോദ്യദ്ദന്തശോഭയാൽ
ജീവിതസ്നേഹമോഹക്കൂരിരുൾ നീക്കുന്നപോലെയായ്:— 103

"ഭവാനിച്ചൊന്നതു ദൃഢം കൂറിന്നൊത്തതു മാത്രമാം;
സഹിയ്ക്കാ ഞാൻ മഹാമാത്യ,വിപ്രൻതൻ പ്രാണസംശയം. 104

ഹാരം,പൊയ്ത്താർ,ബിസം;ചന്ദ്രൻ,ചന്ദനം,മഞ്ഞിവററിനാൽ
നീങ്ങുമുൾച്ചൂടു്; നീങ്ങിടില്ലർത്ഥിവൈമുഖ്യദുഃഖജം! 105

എമ്മട്ടുമെല്ലാരുടെയും മാൽ നീക്കാൻ നോക്കുമെന്നുടെ
ബോധിയ്ക്കൊരു തത്ത്വം നീ വരുത്തരുതു സന്മതേ! 106

മുൻജന്മത്തും വപുസ്സേകുന്നതിൽ തോന്നീലൊരല്ലൽ മേ;
ഓർമ്മിയ്ക്കുന്നുണ്ടുനേരേ ഞാൻ, കഴിഞ്ഞകഥ ബോധിയാൽ: 107

വിശപ്പാൽക്കഞ്ഞതിന്നെത്തിന്മാൻതുടങ്ങും വെൺപുലിയ്ക്കു ഞാൻ
കൊടുത്തേൻ പണ്ടു മാഴ്കാതെൻദേഹം, തദ്രക്ഷണത്തിനായ്. 108

ശിബിജന്മത്തിലന്ധന്നു നല്കി ഞാൻ കണ്ണുരണ്ടുമേ;
പിറാവൊന്നിനെ രക്ഷിപ്പാൻ പരുന്തിന്നേകി ദേഹവും. 109

ചന്ദ്രപ്രഭാവതാരത്തിൽത്തല രൌദ്രാക്ഷനേകിനേൻ;
സർവസ്വപുത്രദാരാദിനല്കീ, മററു പിറപ്പിലും." 110

ബോധിസത്വൻ നൃപനിതു ചൊന്നപ്പോൾ മന്ത്രിപുംഗവൻ,
സജീവനല്ല; നിർജ്ജീവനല്ലെന്നായിന്ദ്രിയാർത്തിയാൽ! 111

പിന്വ,ലംഘ്യാജ്ഞനരചൻ രണ്ടാളെ,പ്പല-ഗണ്ഡരെ
നിയോഗിച്ചു നിജവപുസ്സീർച്ചവാൾകൊണ്ടറുക്കവാൻ! 112

തീവ്രാർത്തിയ്ക്കടിപെട്ടി,ന്ദ്രമായയാൽ വെളിവററവർ
എങ്ങാനുംപോലിളേശൻെറ മെയ്യറുക്കാനൊരുങ്ങിനാർ. 113

ഭാവംമാറാത്ത ഭൂപൻെറ പാതിമെയ്യീർച്ചവാളിനാൽ
പിളർത്തപ്പെട്ടിടുംനേരം കലുങ്ങിപ്പോയി മേദിനി!! 114

പതിച്ചു കൊള്ളിമീൻ ചെമ്മുണ്ടി,ടിയാൽ വീണു താരകൾ-
ഉററക്കേക്കേണിതോദ്യോ വങ്ങി,ററിററ മിഴിനീരുമായ്! 115

ദുരിതം കാൺകയാലുള്ള തീവ്രദുഃഖം പൊറാഞ്ഞയാൽ,
പൊടിയാമാടകൊണ്ടാശു മൂടിനാനോ മുഖം രവി!! 116

കേണാർത്തു, തിരുമെയ്യീർച്ചവാളേററപൊഴുതാളുകൾ,
ദിക്സ്ത്രീകളം മാറെറാലികളാൽപ്പൂരിപ്പിച്ചു രവത്തൊടേ! 117

സത്യംവിടാത്ത നൃപനെക്കണ്ടു, വിപ്രാംഗനാണ്ടർകോൻ
ചിന്തിച്ചാൻ പാരമാശ്ചര്യപശ്ചാത്താപപരീതനായ്:— 118

"അഹോ, മഹാത്മാവിയ്യാൾതൻ ദയാമൃദുലമാം മനം
വജ്രത്തെക്കാൾക്കഠിനമായ്, പരാർത്ഥം പീഡകൊള്ളുവതിൽ!

ആഴിയെക്കാൾസ്സുഗംഭീരം, മേരുവെക്കാൾസ്സമുന്നതം,
സ്വർഗ്ഗത്തെക്കാൾ വിചിത്രം ഹാ, മഹാന്മാരുടെ ചേഷ്ടിതം! 120

അഹോ,സത്യാംബുനിധിതൻ സത്യം പ്രാണാത്യയത്തിലും;
നല്ലാൾക്കാപദ്ദശയിലും മഹിമാവു കുറഞ്ഞിടാ!" 121

എന്നു ശക്രൻ നിനയ്ക്കുമ്പോളാ,ശ്ശു ഭൂപതിതന്നുടെ
നാഭിയ്ക്കുകീഴുടൽപ്പാതിയററുവീണു, ധരിത്രിയിൽ! 122

ദേഹം രണ്ടാകിലു,മവൻ തുലോമൃതസാഹഹർഷിയായ്;
സർവരക്ഷണസത്യത്താൽ നിലനിന്നിതവന്നുയിർ! 123

തദാജ്ഞയാ ശരീരാർദ്ധം ചേർത്തതിൽപ്പൂർണ്ണദേഹനായ്
സ്വാസ്ഥ്യവും പൂണ്ടെഴുന്നോരു ചൊന്നാനവനൊടന്തണൻ:- 124

"അഹോ, വിളങ്ങുന്നു രജസ്സററ നിൻസുകൃതം നൃപ;
നിർവ്യാജദേഹദാനത്താൽ വളർന്നു നിൻെറ കീർത്തിയും! 125

നിന്മനോമണിവെണ്മയ്ക്കൊത്തൊന്നും സൃഷ്ടിച്ചിടായ്കയാൽ
ഉപമാനദരിദ്രൻതാനഹോ, സാധു ചതുർമ്മുഖൻ! 126

സുവൃത്തനൃജു മാധുര്യമുൾച്ചേർന്നോനുന്നതൻ ഭവാൻ,
കരിമ്പുപോലെയന്യന്നായ്സ്സഹിപ്പൂ, ഛേദനാർത്തിയെ! 127

എന്നുരച്ചവനിൽത്തൂകി ബ്രാഹ്മണാകാരനണ്ടർകോൻ
ധ്യാനസംജാതമാം ജീവനൌഷധ്യമൃതവൃഷ്ടിയെ! 128

പിന്നെത്തൻവടിവേകാട്ടിനിന്നു മോദേന വാസവൻ
പ്രശംസിച്ചു; ശരീരാർദ്ധം ചേക്കപ്പെട്ട ധരേശനെ. 129

വിളങ്ങി, വാനിൽനിന്നപ്പോൾ വീണ വെൺകുസുമവ്രജം,
ആശ്വാസം പൂണ്ട ഭൂപന്റെ ഹർഷപ്പുഞ്ചിരിപോലവേ! 130

അന്നേരമേ മുനി 'ജയപ്രഭ'യാം പ്രിയപത്നിയെ
കൊണ്ടുവന്നവനെക്കേൾപ്പിച്ചാനക്കഥ സവിസ്മയം! 131

ശ്ലാഘ്യയാം പത്നിയൊടു, തൻകീർത്തിയോടെന്നപോലവേ
ചേർന്നാം, ഗ്രാഹത്തിലില്ലല്ലെന്നാനിന്ദ്രനൊട്ടൂഴിപൻ. 132

ഉടൻ, ത്വഷ്ടാവു നിർമ്മിച്ചതായി, രത്നങ്ങൾ പെയ്തതായ്
ദിവ്യമാമൊരു സിംഹാസനത്തിലിന്ദ്രൻ ക്ഷിതീശനെ; 133

കനിയിച്ചഭിഷേചിച്ചാൻ ജംബൂദ്വീപിൽസ്സദാരനെ;
ദാനോൽകർഷോത്ഥകുശലം നാട്ടുകാരിൽപ്പരത്തിയും; 134

സത്ത്വത്തെയെല്ലാം സംസാരംകടത്താൻ വ്രതമേന്തിയും,
സംബോധിയാലുള്ളമുണർന്നൻപാർന്നും മേവിനാനവൻ. 135

പാരം മൈത്രീകരുണകൾപെറും സത്ത്വവത്സന്മനസ്സും,
വ്യാപന്നാർത്തിപ്രശമഫലമാമാത്മദാനക്കരുത്തും
ഭൂപങ്കൽക്കണ്ടു, ലഘുപരിതോഷാശ്രുതൂകിസ്സലജ്ജം
പോയാൻ, സ്വാരാട്ടവനുടെ പുകൾത്തിക്കെഴും വിണ്ണിലേയ്ക്കായ്.

ഇത്ഥവിധമമരാളീസിദ്ധയക്ഷോരഗന്മാർ
സപുളകമഭിനന്ദിയ്ക്കുന്ന മാഹാത്മ്യമോടേ,
അവനിയവന്നശക്ത്യാ വിണ്ണിനോടൊപ്പമാക്കി,—
പ്പുതിയൊരു വിഭവശ്രീ പൂണ്ടിത്, ബ്ബോധിസത്ത്വൻ! 137

പൂർവാവതാരസംവാദേ, ഭിക്ഷുക്കൾക്കുപദേശമായ്,
ദാനത്തിൻമേന്മ കാട്ടിക്കൊണ്ടിതോതി, ഭഗവാൻ ജിനൻ. 138

ശ്രീസേനാപദാനം

രണ്ടാം പല്ലവം

## മൂന്നാംപല്ലവം

### ഹേമചൂഡാപദാനം

ആഴിയിൽ മണിനിര തെരുതെരെ-
യുളവാമീയദ്ഭുതപ്രപഞ്ചത്തിൽ,
സുഗതിയെ വെളിവാക്കാനൊരു
നരമണി വല്ലപ്പൊഴും പിറക്കുന്നു! 1

ഉണ്ടു, സൌധപ്രഭാപൂരകർപ്പൂരപരിശുഭ്രമായ്
സാകേതമെന്നൊരുപുരം, ഭുവിൻ സൌഭാഗ്യചിത്രകം. 2

അങ്ങു തീർത്ഥങ്ങൾപോലുണ്ടു, ഗംഗാനിർമ്മലമാനസർ,
പ്രഭാസതപാഢ്യർ, സംശുദ്ധർ സേവ്യരാം പുണ്യകാരികൾ. 3

രമിപ്പൂ തത്ര പകലാം പൂവും പുണ്യസുഗന്ധവും
നിറഞ്ഞ സുകൃതോദ്യാനം നന്ദനം പൂകി നാഗരർ! 4

അതിങ്കൽ മേവിനാൻ, ഭൂരിഗുണരത്നമഹാർണ്ണവം,
കീർത്തീന്ദുജനകൻ, ഹേമചൂഡനെന്നൊരു മന്നവൻ. 5

സദാശയാർഹൻ സതതം കലികാലാപഹാരകൻ
അവൻ, കൃതയുഗംപോലെ ധർമ്മ്യരാക്കീജനങ്ങളെ. 6

ആ മഹീശൻ ക്ഷമാശക്തൻ ശ്രീവൃതൻ കരുണാരതൻ
പ്രിയനായ് പ്രജകൾക്കെല്ലാം, വിശ്രുതൻ വിജിതേന്ദ്രിയൻ. 7

ജീവികൾക്കൊക്കെയുമവനഹിംസായജ്ഞദീക്ഷിതൻ
നല്കീ ദിവ്യാസവാഭോഗാലനഘാഭയദക്ഷിണ. 8

സമ്പത്തിലും പ്രിയാലാപൻ, നിർമ്മദൻ മഹിമാവിലും
പ്രഭുത്വത്തിങ്കലും ക്ഷാന്തൻ, യൌവനത്തിങ്കലും വശി! 9

ഗഭീരനാമുന്നതിമാൻ, ശൂരനാം ശശികാന്തിമാൻ
സൽപക്ഷശാലിയാം ഭൂഭൃത്ത,വൻ വായ്പിച്ചു വിസ്മയം! 10

ആ നിർദ്വിതീയനാം ഭൂപനുണ്ടു രണ്ടു വിഭൂഷണം
ത്യാഗം തികഞ്ഞ കനിവും, പുണ്യശ്രീതൻ യുവത്വവും! 11

കാന്ത കാന്തിമതീദേവിയപ്പദ്മാകരനെപ്പൊഴും,
ഉഷസ്സുപോലെ നിർദ്ദോഷാഭ്യുദയോത്സവശാലിനി. . 12

പ്രഭുത്വത്താൽ നീതിപോലേ,ത്യാഗത്താൽ ബ്ഭൂതിപോലവൾ
ശീലത്താലഴകംപോലെ രാജിച്ചു രാജചന്ദ്രനാൽ. 13

സദാനന്ദനവിഖ്യാതയശഃപ്രസരയാമവൾ,
സ്വർഗ്ഗശ്രീ മേരുവെപ്പോലെ ശോഭിപ്പിച്ചു ധരേന്ദ്രനെ! 14

ധരിച്ചു ഭവ്യഗർഭത്തെക്കാലേ കാന്തങ്കൽനിന്നവൾ,
വിശ്വാബ്ജഭൂതിയ്ക്കദിതി ദിവാകരനെയാംവിധം. 15

വിളങ്ങീ നാഭിഗർഭത്താൽ,ത്തീയ്യാലരണിപോലവൾ
ബ്രഹ്മാബ്ജത്താൽ വിഷ്ണുപോലെ,ചന്ദ്രനാൽവേലപോലെയും.

രാജാവഗ്ഗർഭവതിതൻ ദോഹദം നിറവേററുവാൻ
കൊടുത്തു യാചകർക്കെല്ലാം ധനം, വേണ്ടതിലേറെയും. 17

വീണ്ടും, ദോഹദമെന്തെന്നു ഭൂപൻ ചോദിയ്ക്കയാൽ സ്വയം
നിർദ്ദേശിച്ചാൾ സുധർമ്മത്തെ, വാണിപോലസ്സുഗർഭിണി:- 18

“ധർമ്മത്തിൻനിധി വൻപുണ്യരത്നം വിധിസമുദ്ധൃതം
വിപദ്ദുഃഖത്തിൽനിന്നെന്നും രക്ഷിപ്പൂ പരിരക്ഷിതം. 19

കാന്താരദുർഗ്ഗത്തിലടിഞ്ഞവർക്കും,
താപാതുരർക്കും പരലോകമാർഗ്ഗേ
സ്നിഗ്ദ്ധം പ്രവൃദ്ധം ഫലപൂരിതാശം
ഛായാദ്രുമം, ധർമ്മമിതൊന്നുമാത്രം 20

അല്ലിൽത്തക്കവെളിച്ചമന്ത്യഗതിയിൽപ്പാഥേയ,മഭ്യർത്ഥനേ
മന്ദാരദ്രു,വിപദടവിഷേ മണി,ജയേ തേർ, വീഴ്ചയിൽക്കൈപ്പിടി,
ദുഃഖവ്യാധിയിൽ വന്മരുന്നു,ഭവഭീമോഹത്തിലാശ്വാസനം,
കൂടിൽച്ചന്ദനവാടി,യൻപുപുലരും സദ്ബന്ധു ധർമ്മം സദാ!!”

ഇത്യാദിയായ്ദ്ദയിതതൻ ധർമ്മസച്ഛ്ലോക്തി കേൾക്കയാൽ
ധർമ്മൈകാശ്രയനായ്ത്തീർന്നു. ശ്രീമാൻ ഭൂപൻ ജഗജ്ജനേ.

പിന്നെക്കാലം തികഞ്ഞപ്പോൾ,ച്ചന്ദ്രനെ ദ്യോവുപോലവേ
പെറ്റു ദേവി, ജഗത്തിന്റെയിരുൾ നീക്കമൊരുണ്ണിയെ! 23

അവന്നു ചൂഡാഭരണം, മണിയൊന്നു സഹോത്ഥിതം,
പൂർവ്വജന്മാന്തരേ ചേർന്ന വിവേകംപോലെ നിർമ്മലം. 24

അവന്റെ മൂർദ്ധ്നി വിലസീ, ചേലുററാപ്പുണ്യമാം മണി:
അതിന്റെ കാന്തിമികവാൽപ്പകലായ്ത്തീർന്നു രാത്രികൾ!! 25

അതൊപ്പിച്ചേർന്ന മണിതന്നാലുതിററിററു വീഴ്കിൽ
ഇരിമ്പു പൊന്നായ്ച്ചമയും; ശമിയ്ക്കും ദുരിതങ്ങളും!! 26

മുൻജന്മസ്മൃതിയാലക്ഷജ്ഞുരചെയ്തതിനാൽ നൃപൻ
യാചകർക്കേകി, മണിനീർകൊണ്ടുണ്ടാം സ്വർണ്ണമൊക്കെയും. 27

അവൻ പിറന്നപോതുമ്പരെങ്ങും ചാർത്തിച്ചു വിൺപുരേ,
പുഷ്പതോധ്വജച്ഛത്രപതാകാവ്യജനാംശുകം. 28

വിദ്യയെല്ലാം സ്വതേ തോന്നീയുൾതെളിഞ്ഞ സുതന്നുടൻ
പുകഴ്ന്ന മണിചൂഡാഖ്യ നല്കിനാൻ നരനായകൻ. 29

ആഴിയ്ക്കു പാരിജാതംപോലുണ്ടായ സുഭവൻ സുതൻ
അച്ഛന്നു ഹർഷപീയൂഷം തുളുമ്പിച്ചു ഹൃദന്തരേ. 30

ജയന്തനാലേ ശചിപോലസ്സുജന്മതനൂജനാൽ
ശോഭിച്ചാളമ്മ നിതരാം, സ്കന്ദനാൽഗ്ഗൗരിപോലെയും. 31

കാലേന നൃവരൻ പുണ്യസോപാനങ്ങളിലൂടവേ
ദിവ്യാലയം പൂകുകയായരചൻ, മണിചൂഡനായ്. 32

അർത്ഥിചിന്താമണിയവൻ ദാനംകൊണ്ടുനിറയ്ക്കയാൽ
സത്സുഖാലോകമാം ലോകത്താർത്തനില്ലീ,ല്ലിരപ്പനും! 33

അവന്നു ഭദ്രഗിരിയെന്നുണ്ടൊരുത്തമകുഞ്ജരം,
സ്വാമിമട്ടൊക്കവാൻപോലെ ദാനാർദ്രീതകരാഗ്രനായ്! 34

ഒരുനാളജ്ജഗന്നാഥനാസ്ഥാനത്തിലിരിയ്ക്കവേ
വന്നെത്തീ, ഭൃഗുവംശീയൻ ദേവഭൃത്യാഹ്വയൻ മുനി! 35

കൂടെയുണ്ടൊരു ദിവ്യപ്പെൺകൊടിയും, കോമളാസ്യയാൾ
വാർതിങ്കളിൻ പ്രഭാസമ്പത്തുടൽപൂണ്ടതുപോലവേ 36

കുചങ്ങൾതന്നിണക്കത്തും, പാദങ്ങളുടെ രാഗവും,
കൺകൾതൻ ലൌല്യവുംകൊണ്ടോ സലജ്ജയവളേററവും! 37

തപശ്ശ്രീപോലെയക്കന്യ പിന്തുടൎന്ന മഹർഷിയെ
ആസനത്തിലിരുത്തിക്കൊണ്ടഭിപൂജിച്ചു മന്നവൻ. 38

കന്യയും നൃപനെക്കണ്ടു—ധീരൻ, ഗംഭീരസുന്ദരൻ,
പരദ്രോഹം വിടാനൻപാൽ വില്ലുവെച്ച മനോജനോ! 39

ചൂഷിതാഘലങ്ങളാം ചൂഡാരത്നരശ്മികൾ ചുററുമേ
കുങ്കുമത്താൽക്കുറിച്ചീടുന്നിതോ, രക്ഷാക്ഷരങ്ങളെ! 40

ലോകത്തെക്കരയേററാഞ്ഞു സന്താപം വീർപ്പുവിടുന്നിതോ
എന്നു തോന്നിപ്പവൻ, വീശും ചാമരത്തിൻെറ കാററിനാൽ! 41

ഹൃദയഗ്രാഹിയാം രത്നോദാരഹാരമണിഞ്ഞവൻ,
പാതാളാനർത്ഥശാന്തിയ്ക്കു ശേഷനാലാശ്ലിഷ്ടനോ! 42

വൻകയ്യുകൊണ്ടും ക്ഷമയെച്ചിത്തംകൊണ്ടും ഭരിപ്പവൻ—
അടിപെട്ടാളഭിനിവേശത്തിനും വിസ്മയത്തിനും. 43

ആ മാരസഞ്ജീവനിയാം കുരംഗതരളാക്ഷിയെ
മടിയിൽക്കേററിവച്ചിട്ടു മന്നനോടോതിനാൻ മുനി:— 44

"ഉദയാൽ വിശദനേത്രാബ്ജമുല്ലസിപ്പിയ്ക്കുമങ്ങയാൽ
വിളങ്ങുന്നു ഭുവനമിത,ർക്കനാം ദേവനാലുമേ! 45

ഇല്ല, സമ്പത്തിനാലുണ്ടാം ഗുണദോഷം ഭവാന്നഹോ,
സമ്മോഹസംഭ്രമമദം സാധുവിന്നെന്നപോലവേ! 46

KOTTAYAM PUBLIC LIBRARY KOTTAYAM

രാജാവേ, മൈത്രിയും ഹൃത്തിൽജ്ജീവകാരുണ്യപൂർത്തിയും
ചേർന്ന നിൻ സ്ഥിരയാംകീർത്തി പുക്കിരിയ്ക്കുന്നിതപ്പുറം! 47

അഖേദസരളൻ, ദാതാവു,വ്യാജസൽകൃതൻ ഭവാൻ;
ഇതുകൊണ്ടു വിശേഷിച്ചും; മതിമാന്മാർക്കു മാന്യനാം: 48

പദ്മോദരപ്രഭവയാമിക്കഞ്ജമിഴി കന്യയെ
ഹോമശേഷപയസ്സാൽ ഞാനാശ്രമത്തിൽ വളർത്തിനേൻ. 49

കൈക്കൊൾകിവളെയഗ്രപത്നിയായ്,പ്പുരുഷോത്തമ!
അങ്ങയ്ക്കു തക്കവളിവൾ, ശാർങ്ഗിയ്ക്കു രമപോലവേ! 50

കാലേന മേ തരേണം നീ പൂർണ്ണമാം യജ്ഞസൽഫലം”
എന്നോതി,ക്കന്യയെ നൃപന്നേകി,പ്പോയിടിനാൻ മുനി. 51

രതിയൊത്തനംഗജൻപോല,പ്പദ്മാവതിയുമായ് നൃപൻ
രമിച്ചു നന്മലക്കാവിൽ,പ്പുണ്യത്തിൽക്കൃതിപോലവേ. 52

കാലേ പെററാളവൾ, മുള മുത്തിനെപ്പോലൊരുണ്ണിയെ;
പദ്മഗൂഢാഹ്വയനവന,ച്ഛൻെറ ഗുണദർപ്പണം! 53

ഇന്ദ്രാദിലോകപാലാർക്കമനല്പശ്ലാഘ്യമഹോദയൻ,
തോയജോദ്ഭവനാൽത്താൻതാൻ സ്തൂയമാനവിചേഷ്ടിതൻ;

പുകളിൻപുരുസൗരഭ്യം ദിക്കിലെങ്ങാനിറച്ചവൻ,
യാചകർക്കൊക്കയും ഭവ്യം നല്കും നാകദ്രുമം നൃപൻ. 55

കാലേ മുനിവചസ്സോർത്തു മഹാദക്ഷിണ നല്കുവാൻ
അഹിംസാവസ്തുസംപൂർണ്ണമൊരു യജ്ഞം തുടങ്ങിനാൻ. 56

ആസ്സർവ്വകാമനിർവ്വിഘ്നമായ യാഗത്തിനെത്തിനാർ
ഭാർഗ്ഗവാദ്യർഷിഗണവും ഭൂപർ ദൃഷ്ടസഹോദരം. 57

എണ്ണമററ ധനംപെയ്തുകൊണ്ടാ യജ്ഞം നടക്കവേ,
ഒരു രാക്ഷസനായ്ത്തിയ്യിൽനിന്നു പൊങ്ങീ,നിലിമ്പർകോൻ.

അരചന്നരികേ ചെന്നാ,ച്ചുടല്പു വികൃതാകൃതി
'പൈദാഹത്താൽവലഞ്ഞേനെ,'ന്നിരന്നു പാനഭോജനം. 59

ഉടൻ ഭൂപൻെറയരുളാൽ നാനാഭോജ്യങ്ങൾ പാനവും ..
കൊണ്ടുവന്നാരവന്നായി,ശ്ശീലിച്ച പരിചാരകർ. 60

അപ്പോളൊന്നു ചിരിച്ചോതീ, രാജാവിനോടു രാക്ഷസൻ:-
“പിടിയ്ക്കില്ലിതു ഞങ്ങൾക്കു: ഞങ്ങൾ മാംസാശർ മന്നവ. 61

അപ്പോഴേ കൊന്നതിൻ ഭൂരിമാംസരക്തം ഭുജിയ്ക്കിലേ
മതിതോന്നുള്ളൂ ഞങ്ങൾക്കു; തരികങ്ങീയഭീപ്സിതം. 62

എന്തിഷ്ടവുംകൊടുക്കുന്നീ,യെന്നറിഞ്ഞെത്തി നിങ്കൽ ഞാൻ;
തരാമെന്നേററുരച്ചിട്ടു, നിഷേധം യുക്തമല്ല തേ.” 63

എന്നരക്കൻെറ ചൊൽകേട്ടു, മാലിലാണ്ടു കൃപാകുലൻ,
അഹിംസാനിയമാല,ർത്ഥിയ്ക്കേകാനാകാഞ്ഞു മന്നവൻ. 64

അവൻ നിനച്ചാൻ:-“വിധിയാൽവന്നിതീ ധർമ്മസംശയം.
സഹിയ്ക്കാം ഹിംസ ഞാനർത്ഥിയ്ക്കിച്ഛാഭംഗം ഭവിയ്ക്കിലും. 65

മാംസം മൈകളിൽനിന്നുണ്ടോ കിട്ടുന്നു, കൊലയെന്നിയേ?
എറുമ്പിന്നും തരിമ്പാംഗവ്യഥ ചേർക്കുക വയ്യ മേ! 66

എപ്പേർക്കുമനഘാഭീതിദാനമേകിയിരുന്ന ഞാൻ
ഇപ്പോൾക്കെങ്ങിനെ നല്കേണ്ടു മാംസം, പ്രാണിവധോദ്ഭവം?”

ഏവം നിനച്ചയാളോടു ചൊന്നാൻ മന്നൻ, കൃപാകുലൻ:-
തരാ,മെൻ ഗാത്രമിതരിഞ്ഞസ്രമാംസം ഭവാനു ഞാൻ.” 68

എന്നു ഭൂപൻ പറഞ്ഞപ്പോൾ വല്ലായ്മപ്പെട്ടുപോയ് ജനം;
അദ്ദേഹനാശനോത്സാഹം സഹിച്ചീലങ്ങമാത്യരും. 69

സ്നേഹാൽത്തടുത്തു നൃപരും മുനിസംഘവുമെങ്കിലും,
തന്മെയ്യരിഞ്ഞവനേകി, മാംസവും വസ ചോരയും! 70

നൃപന്റെ നിണമാകണ്ടു കുടിച്ചിട്ടാനരാശനൻ
ഇറച്ചി തിന്നവേ, ഭൂമി കുറച്ചിട വിറച്ചുപോയ്! 71

പദ്മാവതീദേവി പതിയ്ക്കാറപ്പെട്ട നില കാൺകയാൽ
വിലപിച്ചു മനംമങ്ങിത്തുലോം മൂർച്ഛിച്ചുവീണുപോയ്! 72

നൃപന്റെയാ പ്രബലമാം സത്വം കണ്ടിട്ടമർത്ത്യർകോൻ
രക്ഷോരൂപം വെടിഞ്ഞ,ദ്ദേഹത്തോടു തൊഴുതോതിനാൻ:- 73

“അഹോ,ദുഷ്കരമാമീ നിൻ കർമ്മത്താൽക്കാശ്യപീപതേ,
രോമാഞ്ചകഞ്ചുകിതമായ്ത്തീരില്ലാർക്കു കളേബരം? 74

അഹോ, പുണ്യമസാമാന്യ,മഹോ, സത്വമനുത്തരം,
അഹോ, ധൈര്യത്തിനതിരില്ല തേജസ്സാം ഭവാനുടെ! 75

പരന്റെ മാലിൽ മാഴ്കുന്നോരവഭ്യത്തിലുമസ്പൃഹർ,
മാററാരിലും ക്ഷമാശീലർ, പുണ്യാത്മാക്കൾ, സത്തമർ! 76

ഭയാർദ്രരാം മഹാത്മാക്കൾക്കൊരു സത്യസമുദ്യമം
സമുല്ലസിപ്പൂ,മപ്പാർശ്വമലിവുൾച്ചേരുമാററഹോ!" 77

എന്നു,ദിവ്യൗഷധികളാൽ സ്വസ്ഥനാക്കി ക്ഷിതീശനെ
ലജ്ജയാൽത്താനു കനിയിച്ചിന്ദ്രൻ പോയാൻ നിജാലയേ. 78

യജ്ഞം ശരിയ്ക്കുമുഴുമിച്ചപ്പോൾ,ബ്ഭൂപതിമാരെയും
മഹർഷിമാരെയും മന്നൻ പൂജിച്ചു സുരപൂജിതൻ. 79

രത്നം വർഷിച്ചു യജ്ഞാന്തേ കന്യാഗ്രാമപുരപ്രദൻ
പൊന്മാലയിട്ട ദേവാർഹമായൊരശ്വത്തൊടൊപ്പമേ. 80

തൻപള്ളിയാനയെ ബ്രഹ്മരഥവാഹ്യാന്നു നല്കിനാൻ:
അതൊററപ്പകലാൽശ്ശീഘ്രം നൂറുയോജന പോകുമേ. 81

അയാൾക്കരചനർപ്പിച്ച ഭദ്രശീഘ്രാഖ്യദന്തിയെ
കണ്ടിട്ടു,തീർഥദൃഷ്ടന്നഹകഷ്ടമാചന്നു കൊതിമൂത്തുപോയ്! 82

മടങ്ങിടുപ്പോയ് മഖശ്രീയാലാശ്ചര്യപ്പെട്ട മന്നവർ;
ഭാർഗ്ഗവന്നു സമർപ്പിച്ചു നൃപൻ യജ്ഞഫലത്തെയും! 83

അപ്പോളവങ്കൽ വന്നെത്തി,പ്പൂജയേററാസനസ്ഥനായ്;
മരീചിശിഷ്യൻ വാഹീകൻ ചൊല്ലിനാൻ സ്വസ്തിപൂർവ്വകം:- 84

"രാജൻ,പഠിപ്പുതീന്നപ്പോൾപ്പരിചര്യാർത്ഥിയെൻഗുരു
ഇച്ഛിപ്പൂ,സാധാരണദുർല്ലഭമാം ഗുരുദക്ഷിണ. 85

അങ്ങുന്നൊരാൾതാൻ വിധിയാൽ സൃഷ്ടൻ,ദുർല്ലഭമേകുവാൻ:
വല്ലരെപ്പേർ പിറക്കുന്നുണ്ടില്ല,പാരിൽസ്സുരദ്രുമം! 86

തപഃകൃശൻ കിഴവനെൻ ഗുരുവിന്നൊരു ദാസിയായ്
പദ്മാവതീദേവിയെ നീ നല്കു പുത്രനൊടൊപ്പമേ.” 87

ഏവം പറഞ്ഞ മുനിയോടരചൻ, ധൈര്യ്യപർവതം
പ്രിയാവിയോഗാർത്തി മനംകൊണ്ടമർത്തുരിയാടിനാൻ:- 88

“തരാം മുനേ, ഭവാന്നിഷ്ടഗുരുദക്ഷിണയായി ഞാൻ,
യുവരാജാവോടൊന്നിച്ചെൻ പ്രാണാഭ്യധിക കാന്തയെ.” 89

എന്ന,വന്നേകി,മകനോടൊത്തപ്പദ്മാവതിയെപ്പുരാൻ:
സാത്വികാത്മാക്കൾതൻ ത്യാഗം സ്വപ്രാണനിലുമസ്പൃഹം.

വിയോഗദുഃഖാകുലയാം സപുത്ര നൃപകാന്തയെ
കൊണ്ടുപോയാശ്രമേ ചെന്നു ഗുരുവിന്നേകിനാൻ മുനി. 91

അനുജാതൻ ദുഷ്ടസഹൻ കുരുരാട്ടൊരുദൂതനാൽ
നന്മയ്ക്കിരന്നാൻ നൃപനോടബ്ഭദ്രഗിരിദന്തിയെ. 92

വാദ്ധ്യാന്നർപ്പിച്ച നാഗത്തെബ്ഭൂപൻ നല്കാതിരിയ്ക്കയാൽ,
പെരുംപടയുമായ്ത്താൻതാൻ കോപാരൂഢനെത്തിനാനവൻ. 93

പുരമാർഗ്ഗങ്ങൾ ബലവാൻ കുരുരാജൻ തടഞ്ഞതിൽ,
അരചന്റെ പടയ്ക്കേററം പെരുകീ രണകൗതുകം. 94

വീരശേഖരനവൻ വൈരിദാരണക്ഷമനെങ്കിലും,
ആൾനാശം കരുതിപ്പേടിച്ചാലോചിച്ചാൻ ദയാപരൻ:- 59

“അഹോ, മമ പ്രിയസുഹൃത്തായ ദുഷ്ടസഹൻ നൃപൻ
ആനയിൽക്കൊതിയാലാശു വെളിവറെറതിരാളിയായ്! 96

സ്നേഹാന്തസ്നേഹർ സത്തുക്കൾ, നിഃസ്നേഹത്വാന്തർ മധ്യമർ;
ദുഷ്ടരോ,ഘോരവൈരാന്തർ കക്കാൻനോക്കുന്നു ജീവനെ! 97

ഹാ, ജീവിതം ക്ഷണികമെന്നിരിയ്ക്കെ, വിഭവാശയാൽ
ഇതാ ഞങ്ങളൊരുങ്ങുന്നു പരപ്രാണനെ വീഴ്ത്തുവാൻ! 98

ഹിംസയാല്പമടങ്ങാതേ കലികർമ്മവിശാരദർ
അടർച്ചോരയിലാറാട്ടു;—മഷ്ടിയ്ക്കാണിപ്പരിശ്രമം! 99

സേവയിൽ ജീവിതം വിററിട്ടരത്തൊരുരുളയ്ക്കിതാ,
ക്രൗര്യംകാട്ടിക്കലെമ്പുന്നു ദുസ്സഹം, നായ്ക്കൾപോലവേ! 100

അഹോ, ഭൃതിക്കൊതിയർതൻ കനിവില്ലാത്ത മാനസം
പരച്ചൂടിൽത്തണപ്പോടേ പായുന്നു സ്വസുഖത്തിനായ്. 101

പോരിൽത്തിമത്തവർ നിണംചേർന്ന ഭൃതി ഭുജിപ്പിതോ,
എങ്ങുണ്ട,വററിൻെറ കടുംകരളിൽക്കരുണാകണം? 102

ഇദ്ദുഷ്ടസഹരാജാവു,ഭൃതിലോഭവിമോഹിതൻ,
കുററമുണ്ടെങ്കിലും വധ്യനല്ല; ഞാൻ ദയചെയ്യണം.” 103

എന്നോർത്തവൻ കനിവിനാൽക്കാട്ടിൽപ്പോകാനൊരുങ്ങവേ,
പ്രത്യേകബുദ്ധർ നാലാൾ വന്നെത്തി വാൻവഴിയായ് സ്വയം.

പൂജിയ്ക്കപ്പെട്ടിരുന്നിട്ടസ്സർവജ്ഞർ പൊരുളോതിനാർ,
ശാന്താത്മാവാം നരേന്ദ്രൻെറയിംഗിതം കേട്ടു തുഷ്ടരായ്:— 105

“മോഹവായ്പാൽക്കരുടരാം സംസാരികളിൽ മന്നവ,
കനിവുൾക്കൊൾവതുചിതം; സത്ത്വാലോകവിവേകി നീ. 106

ചെയ്യുകൊൾകീപ്സിതം രാജൻ! ബോധിയിൽച്ചേർക്ക മാനസം:
ഇപ്പൊഴിപ്പുരരോധത്തിൽപ്പൂകികൊള്ളുക,രണ്യമേ. 107

വൻചോലയൊലിയിൽത്തോഷനീർത്തുള്ളി വിതറുന്നതായ്
വിവിക്തമാം വിപിനമേ ശമികൾക്കു മനോരമം!” 108

എന്നോതി,യൻപാലവന്നു നഭോഗതി കൊടുത്തവർ
പ്രഭ ദിക്കുകളിൽച്ചാർത്തി,പ്പോന്നാരവനൊടൊപ്പമേ. 109

അവർ, തൻപാർപ്പിടത്തേയ്ക്കു പോയതിൽപ്പിന്നെ മന്നവൻ
ഹിമവത്താഴ്‌വരക്കാട്ടിൽച്ചെന്നു, ശീലിയ്ക്കയായ് ശമം. 110

... ... ... ... ... ... ... ... ... ...
... ... ... ... ... ... ... ... ... 111

അബ്ഭ്രപസൂര്യൻ പെട്ടെന്നു മലയിൽപ്പോയ് മറഞ്ഞതിൽ
മാഴ്കീ, മോഹതമസ്സിൽപ്പെട്ടലഞ്ഞിടറി നാട്ടുകാർ. 112

ഉടൻ മരീചിമുനിതന്നാശ്രമേ ചെന്നു മന്ത്രിമാർ
യാചിച്ചു രാജ്യരക്ഷയ്ക്കു പോന്നോനാ രാജപുത്രനെ. 113

മുനി തെല്ലും മടിയ്ക്കാതെ കൊടുത്തു നൃപപുത്രനെ
കൊണ്ടുപോന്നാത്മപുരിയിൽപ്പട കൂട്ടിച്ചു മന്ത്രിമാർ. 114

പില്പാടു, സൈനികോത്സാഹംപോലെ രാജേന്ദ്രനന്ദനൻ
സുഭടാഗ്രഗനായ്‌നേർത്തു പോർമന്നിൽ ക്ഷുദ്രരാജനെ. 115

ഇവൻ തേരാനനിരയെക്കൊന്നടച്ചു മുടിയ്ക്കയാൽ,
പാച്ചിലൊന്നേ ശരണമായ്പ്പോയാൻ ഹസ്തിപുരിയ്ക്കവൻ. 116

ബലി ഭൂപസുതൻ പോരിൽക്കുരുരാജനെ വെല്ലുകാൽ,
മന്ത്രിമാർ തദ്ഭുജേ വെച്ച ഭൂമി ശേഷൻെറ താങ്ങിലായ്! 117

കുറെനാളാൽ,ക്കമതിയാം കുരുരാജൻെറ പത്തനം,
മഴയില്ലാഞ്ഞു വല്ലാത്ത മാരണാപത്തിലാണ്ടുപോയ്! 118

നാടിൻകട്ടംവിപത്തോർത്തു പശ്ചാത്താപാർത്തനാമവൻ
നിവൃത്തിയൊന്നും കണ്ടീലാ: പാഴായ്പ്പോയ്, ശാന്തികർമ്മവും!.

വിപൽപ്രശാന്തി ചോദിയ്ക്കപ്പെട്ട മന്ത്രികൾ ചൊല്ലിനാർ:-
"തമ്പുരാനേ, പൊറുക്കാൻ വയ്യി,പ്രജാവ്യസനോദ്ഭവം! 120

മണിചൂഡമഹീശൻെറയമൃതോലും ശിരോമണി
കിട്ടുമെന്നാകില,തിനാൽക്കടക്കാമീ വിപത്തിനെ! 121

കേട്ടു ചാരരിൽനിന്നെങ്ങളാ, രാജാവു വിരക്തിയാൽ
ഹിമവാങ്കലിരിപ്പാണെ, വിവേകസ്വച്ഛചിത്തനായ്. 122

യാചിച്ചാൽത്തരുമേ, വിശ്വചിന്താമണിയവൻ മണി:
അദേയമില്ലവന്നൊന്നും, ദേഹദാരസുതാദിയിൽ." 123

എന്നമാത്യോക്തി കേട്ടുള്ളിലതാവാമെന്നുറച്ചവൻ
അയച്ചു മണിയാചിപ്പാൻ തൽപാർശ്വത്തെയ്ക്കു വിപ്രരെ. 124

അക്കാല,ത്തദവിചാരി മണിചൂഡമഹീശ്വരൻ
പുക്കാൻ, മരീചിമുനിതൻ മഹത്താമാശ്രമാന്തികം. 125

അങ്ങു, പദ്മാവതീദേവി സഹായം മുനിശാസനാൽ
വിജനാടവിയിൽക്കായകനി തേടി നടക്കവേ, 126

വേട്ടയ്ക്കുവന്ന കാട്ടാളർ പിടികൂടാൻ ശ്രമിയ്ക്കയാൽ
കഷ്ടത്തിലായ് വിറകൊണ്ടുകേണാർത്താൾ, കരുണസ്വരം: 127

‘ഹാ, രാജൻ,മണിചൂഡേ,’തി ‘പാലയേ’തി സുദുസ്സഹം
കരീക്രുഷ്ടിതംപോലാം ദീനാക്രന്ദം ശ്രവിച്ചുടൻ; 128

മണ്ടിച്ചെന്ന മഹീശനു കാണായി നിജകാന്തയാൾ:
രാഹു ഞെട്ടിച്ച ചന്ദ്രന്റെ രശ്മി വീണതുപോലവേ. 129

നിറമില്ലാത്തുണിയുടുത്തവൾ, കണ്ണെഴുതാത്തവൾ,
നശ്വരം ഭോഗസംയോഗമെന്നു ചൊല്വവളും പോലവേ; 130

കൊങ്കമേലാരമില്ലാത്തോള,ശ്രുവാൽക്കൺകലങ്ങിയോളും,
ആ രാജഹംസഗതതൻ കരുണാർഹത കാൺകയാൽ; 131

സംസാരചരിതാശ്ചര്യചർച്ചയിൽച്ചണ്ഡമെങ്കിലും
കൃപാവാളാൽ മുറിപ്പെട്ടപോലായ്, ഭൂജാനിതൻ മനം! 132

അനാഥയാം ദേവി വനേ നാഥനാം ലോകനാഥനെ
കുടചാമരമില്ലാതമ്മട്ടിലൊററയ്ക്കു കാൺകയാൽ; 133

തദാ വിയോഗവിഷാക്രാന്ത, തദ്ദർശനരസാഢ്യയാൾ,
ശോകഹർഷങ്ങൾതൻതിക്കിൽപ്പെട്ടു വിഹ്വലയായ് ത്തുലോം!

ഭൂപാനനീതർ കാട്ടാളർ ശാപംപേടിച്ചു പാഞ്ഞുപോയ്:
സൂര്യോദയത്തിൽക്കാണാകില്ലല്ലോ, തിമിരചേഷ്ടിതം. 135

ഇത്തക്കത്തിൽസ്സമദ്വേഷി സർവഭൂതമനസ്ഥിതൻ
മാരൻ മനുഷ്യവേഷത്തിൽ വന്നു മന്നനൊടോതിനാൻ:— 136

“രാജൻ, രാജീവമിഴിയാളാമീയൻപുററ കാന്തയെ
ത്യജിയ്ക്കൊല്ലേ, വിജനമാം വനത്തിൽ വനജേക്ഷണ! 137

നിന്മനോവൃത്തിയാൽത്തന്നെയസുഖപ്രാപ്തയാമിവൾ
രാജിയ്ക്കുന്നില രാജേന്ദ്ര, രാജ്യഭോഗം ത്യജിയ്ക്കയാൽ!” 138

ഇതുകേട്ടുത്തരംചൊന്നാൻ പുഞ്ചിരിക്കൊണ്ടു മന്നവൻ;
വിവേകവിഘ്നം കന്ദർപ്പനവനെന്നതറിഞ്ഞുതാൻ:— 139

“അറിഞ്ഞേൻ: സംയമശമാകാമനാം കാമനാണു നീ;
സന്തുഷ്ടന്മാരിലാരാരെസ്സമ്മോഹിപ്പിപ്പതില്ല നീ?” 140

എന്നിളേശൻ പറകയാൽ മറഞ്ഞു മാരനഞ്ജസാ;
ദേവിയോ, വിരഹത്തീയ്യിൽ വെന്തെരിഞ്ഞു വലഞ്ഞുപോയ്!

ഭർത്തൃഭോഗവിയോഗത്താൽ മാലിൽ മാലാണ്ട പത്നിയെ
ആശ്വാസിപ്പിച്ചുകൊണ്ടോതി രാജാവു ജിതമന്മഥൻ:— 142

“ദേവി, ദുഃഖിതയാകൊല്ലേ, ധർമ്മകർമ്മപ്രവൃത്ത നീ:
ദുരന്തം, വിരസ,മിബ്ഭോഗസൗഭാഗ്യമൊക്കയും! 143

തരംഗതരളായുസ്സാം ദേഹിയ്ക്കു ദയിതാസുഖം,
പൊയ്ത്താരിലത്തുമ്പിലുലഞ്ഞുരുളും ജലബിന്ദുവാം! 144

ക്ഷണനൃത്തകലിശ്രീകൾ, കാലമേഘതടിത്തുകൾ,
സംസാരസർപ്പനാവിന്മട്ടഴകോടിളകുന്നവ! 145

ഭോഗത്തൊടൊന്നിച്ചു വിയോഗരോഗം;
വിഭൂതിയോ, സ്വപ്നവിവാഹതുല്യം;

കാററററ ദീപോൽപ്ലീഖയാം സുഖശ്രീ;
ഭ്രാന്തൻെറ ക്രൂന്തി,ബ് ഭവവൃത്തമത്രേ! 146

കാരുണ്യമാക്കും വക, വിത്തമല്ലാ:
ധർമ്മം വെളിച്ചത്തിനു, ദീപമല്ലാ;
മനോരമം കീർത്തി, യുവതമല്ലാ;
പുണ്യം സ്ഥിരം, ജീവിതമല്ലതന്നെ!" 147

ഇവ്വണ്ണമപ്പത്നിയെയാശ്വസിപ്പി-
ച്ചൃഷീന്ദ്രഗേഹത്തിനയച്ചു ധന്യൻ
ചരിച്ചു സംസാരവിരക്തർ മേവും
സന്തോഷപുണ്യാശ്രമമണ്ഡലത്തിൽ. 148

ധൃതത്വരം ദുഷ്പ്രസഹക്ഷിതീശ-
നയച്ച പഞ്ചദ്വിജർ പോന്നു കാട്ടിൽ
കണ്ടെത്തി ദീനക്കൊരകാലബന്ധു-
വായുളെള്ളാരസ്സത്ത്വവിശുദ്ധിമാനെ. 149

മെല്ലെന്നുടൻ സ്വസ്തിവചസ്സുരച്ചി-
ട്ടക്കൂട്ടർ ഭീത്യാ ച്യുതധൈര്യർപോലായ്;
ചൂടററ നീൾവീർപ്പുകളാൽക്കടുത്ത
താപം സ്ഫുരിപ്പിച്ചവനോടു ചൊന്നാർ:— 150

"രാജൻ,പുരാൻ ദുഷ്പ്രസഹൻെറ നാട്ടിൽ,—
സ്സംശാന്തിയേശാത്ത കടുംവിപത്താൽ
സർവാശയും കെട്ടവരായ് ജനങ്ങൾ;
ശേഷിച്ചതാർത്തസ്വരമൊന്നു മാത്രം! 151

അശേഷദോഷപ്രശമപ്രവീണം,
ത്രൈലോക്യരക്ഷാപ്രഥിതപ്രഭാവം,
ഭവാന്റെ ചൂഡാമണി തന്നുവെങ്കി-
ലവന്റെയാപത്തുകൾ നീങ്ങിയേയ്ക്കും! 152

ദയാഭരാൽച്ചന്ദനപല്ലവാർദ്ര-
രുൾവെണ്മയാൽച്ചന്ദ്രമണിപ്രകാശർ,
അങ്ങുന്നുപോലുള്ളവർതാൻ ജനങ്ങൾ-
ക്കത്താപകാലേ ശരണം ജഗത്തിൽ!" 153

ഈയർത്ഥനം കേട്ടു കൃപാരസത്താ-
ലാപൂർണ്ണനായ്ക്കൊണ്ടവിലുപ്തസത്വൻ,
കർണ്ണത്തിലൂടേ കരളിൽപ്പുകുന്ന
ജനോപതാപത്തെ നിനച്ചു ചൊന്നാൻ:- 154

"അഹോ, മഹത്താം വിധിതന്റെ കുത്താൽ
നോവുറ്റ നാട്ടാർ മരണാർത്തിയോടേ
നെഞ്ചംപിളർത്താർത്തിടുമാർത്തനാദ-
മെവ്വണ്ണമബ്ബ്രാഹ്മണൻ സഹിയ്ക്കും? 155

"ഈ മൗലിമൂലോത്ഥിതമെന്റെ രത്നം
പറിച്ചു വേഗത്തിലെടുത്തുകൊൾവിൻ:
സുധന്യനായ് ഞാൻ, ക്ഷണനേരമത്തി-
ദുഃഖം കെടുപ്പാനിടവന്നുവെങ്കിൽ!" 156

എന്നായ് നൃപൻ ചൊന്നതൊടൊപ്പ, മാഴി-
ശൈലങ്ങളൊത്തൂഴി ചിരം വിറച്ചു:
അവന്റെ മൂർദ്ധാവു പിളർപ്പതിങ്കൽ-
ക്കടുത്ത മാലാൽ ബ്ഭയമാർന്നപോലേ! 157

ഉടൻ, കൃപാകോമളചിത്തനായ
നൃപൻെറ ചൊല്ലാലൊരുവൻ മുതിർന്നു
തീക്ഷ്ണായുധത്താൽ തലയെപ്പിളർത്താൻ,
സുതീക്ഷ്ണശസ്ത്രാധികതീക്ഷ്ണചിത്തൻ! 158

നൃപൻെറയക്കർമ്മമഭംഗസത്വം
സുദുഷ്കരം കാണ്മതിനായ് നഭസ്സിൽ
വന്നാർ, വിമാനസ്ഥരജാദ്യമർത്ത്യ-
ന്മാരൊത്തു വിദ്യാധരസിദ്ധസാധ്യർ. 159

ബലേന മൂർദ്ധാവു പിളർക്കെയോലും
മണിപ്രഭാഭ്രാന്തിദമാം നിണത്താൽ
മുഴുക്കെയാറാടിയവൻ സഹിച്ചു
നോവ,ർത്ഥികൾക്കങ്ങു സുഖം വരുത്താൻ! 160

സത്വോന്മിഷദ്ധൈര്യനവൻ കടുത്ത
വൻനോവിനാലക്ഷിയടച്ചുപോലും
നിർത്തീല,ചണ്ഡാലത്തൊഴിലാൽ ക്ഷണത്തി-
ലരക്കരായ് മാറിയ ബാന്ധവന്മാർ! 161

സ്വദേഹപീഡാനുഭവാൽ ക്ഷിതീശ-
'നേതാദൃശാതങ്കശതായുതത്താൽ
ആക്രാന്തമായല്ലൽ നിറഞ്ഞതല്ലോ
സംസാരിമെയ്യെ'ന്നതിദീനനായി! 162

ഓർത്താനവൻ:—“മേ തനുലഗ്നരക്തം
കൊടുത്തതിൽക്കിട്ടിയ സൽഫലത്താൽ,
നേരുന്നു ഞാൻ: നേരിടൊലാ നരർക്കു,
ദുഷ്കർമ്മമൂപ്പാം നരകോഗ്രദുഃഖം!” 163

വസാസൃഗ്ദിഗ്ദ്ധം മണി ചെററന്നങ്ങാ-
ത്തണ്ണാക്കിൽനിന്നാശു പറിച്ചനേരം
വിമൂർച്ഛപ്പെട്ടാലുമവന്നുദിച്ചു
പ്രഹർഷ,മത്ഥീപ്സിതപൂരണത്താൽ! 164

അവൻ, വിരൽക്കൂമ്പു വിറച്ചിട്ടും തൻ-
കൈകൊണ്ടു രത്നം മറയോർക്കു നല്കി,
ജഗത്തിനെക്കൂരിരുളിൽപ്പെടുത്തി
വീണു രവിയ്ക്കൊപ്പ,മനല്പരക്തൻ! 165

നിലിമ്പർതൻ പൂമഴയോടുമൊത്താ
നിഷ്കമ്പസത്വൻ ഭുവി വീണനേരം
ആ രത്നവുംകൊണ്ടു കുരുക്ഷിതീശ-
പുരത്തിലെയ്ക്കാശു ഗമിച്ചു വിപ്രർ. 166

വിപത്തുടൻതാനതുകൊണ്ടു നീക്കി,
സ്വർഗ്ഗീയഭോഗാവലി കൈക്കലാക്കി,
സമസ്തസന്താരകമായ ബോധി-
സത്വന്റെയസ്സത്വമവൻ പുകഴ്ത്തി. 167

ഇതിന്നിടയ്ക്കാട്ടു സുബോധമാർന്ന
ഭൂപങ്കൽ വന്നെത്തി വനാന്തരസ്ഥർ,
ആ രത്നദാനശ്രുതിയാൽ മരീചി-
മുഖ്യർഷിമാർ, ഭാർഗ്ഗവഗൌതമാദ്യർ. 168

മരീചിതന്നോടൊരുമിച്ചു വന്ന
പദ്മാവതീദേവി തദംഗഭംഗം
കണ്ടാശു മൂർച്ഛിച്ചു നിലംപതിച്ചു
മുറിച്ച തയ്യൽക്കൊടിയെന്നപോലെ! 169

നരേന്ദ്രനെക്ഖേചരചാരണന്മാർ
വാഴ്ത്തുന്നതങ്ങിങ്ങു പരക്കയാലേ
വന്നെത്തി നാട്ടാരു,മമാത്യമുഖ്യ-
രാജാത്മജന്മാരൊട്ടമൊത്ത,വങ്കൽ. 170

നിണത്തിലാറാടിയനന്തസത്വൻ
നൃപൻ നിലംപൂകലു കണ്ടു പാരം
നോവാർന്നുഴൽപ്പെട്ട ജനങ്ങളോരോ-
ന്നില്ലാത്തതൂഹിച്ചു പുലമ്പിനിന്നാർ:- 171

"സർവാർത്ഥിസേവ്യം സരളം സുവൃത്തം
ദയാർദ്രമാമിത്തണൽമാമരത്തെ
നൃശംസരാരോ മഴുകൊണ്ടു വെട്ടി-
യിട്ടാരഹോ, സ്വാർത്ഥലവത്തിനായി! 172

അഹോ, പരന്നായുയിർ കൈവെടിഞ്ഞി-
ട്ടിദ്ദേഹമുൽകൃഷ്ടത നേടി പാരം:
വെട്ടേറ്റു വീണിട്ടു നറുംമണത്തെ.
വീശുന്നിതൌദാര്യമിയന്ന ചൂതം! 173

സ്വന്തംജനം ലുബ്ധജനത്തിനില്ലാ,
കാമേച്ഛുവിന്നില്ല, ധനത്തിൽ നോട്ടം;
സർവാത്മനാ സത്വഹിതൈഷിയായ
ദയാലു ദേഹത്തിലുമൻപുകൊള്ളാ! 174

യാതൊന്നിനായർത്ഥികളാചരിപ്പു
സർവാത്മനാ ദൈന്യമയാർത്ഥനത്തെ,
അജ്ജീവനേ പുല്ലൊടി, ദീനലോകോ-
ദ്ധാരവ്രതന്മാർക്കവനക്കരൊറിൽ!" 175

ഏവം മുനിശ്രേണിയിൽനിന്നു നാനാ-
ഭാവപ്രവാദം മുതിരുന്നനേരം,
ഭൂപാന്തികേ ചെന്നു സബാഷ്പദൃക്കായ്
സ്നേഹേന ചൊന്നാൻ, മുനിയാം മരീചി:- 176

“അൻപാൽജ്ജനങ്ങൾക്കൊരഹേതുബന്ധു-
വായിബ്ഭവിച്ചിട്ടിവിടുന്നു രാജൻ,
പ്രജാപരിത്രാണനിധാനമീമെ-
യ്യാഹന്ത, പുൽപോലെ കൊടുത്തുവല്ലോ: 177

തൻപ്രാണനിൽപ്പോലുമനാസ്ഥനായി-
പ്പോയോ, സ്വയം യാചകബന്ധുവാം നീ?
ഭവാനപായത്തിലണച്ചുവല്ലോ,
പൂമങ്കതൻ പാർപ്പിടമിശ്ശരീരം! 178

ഈ പ്രാണവിക്രീണനസുവ്രതത്തിൽ-
പ്പോലും ഭവാനെന്തു ഫലാശയുള്ളു?
അർത്ഥ്യർത്ഥമണ്ണാക്കു പിളർന്ന നോവാൽ
മനസ്സിനില്ലേ തവ മാററമൊന്നും? ” 179

എന്ന,ദ്ഭുതം വിസ്ഫുടമാകുമാറു
മഹർഷിമദ്ധ്യേ മുനി ചൊന്നനേരം,
അവൻ നിണം വാർന്ന മുഖം തുടച്ചി-
ട്ടോതീടിനാൻ, നോവൊരുമട്ടടക്കി:- 180

“മുനേ, ഫലാകാംക്ഷയെനിയ്ക്കു മററി-
ല്ലനല്പമായുണ്ടൊരു വാഞ്ഛ മാത്രം:
കൊടുംഭവാംഭോധിയിൽ മുങ്ങിയോരെ-
ക്കരേററുവാനാകണ,മെൻെറ ജന്മം! 181

അർത്ഥിപ്രിയത്തിന്നിഹ മെയ് പിളക്ക-
'കൊണ്ടില്ല,മേ മാററമൊരിററുപോലും;
തികച്ചുമിച്ചൊന്നതു സത്യമെങ്കി-
ലീ,യെൻെറ മെയ് മുൻനിലയാർന്നിടട്ടേ!" 182

സത്യാർത്ഥമേവം സഹജാനുഭാവം
പൃഥ്വീശ്വരൻ സത്യധനൻ കഥിയ്ക്കേ;
അവന്നണഞ്ഞീ മുറിവൊക്കെ മെയ്യിൽ:
സ്സത്യപ്രഭാവാൽ മണിയും ജനിച്ചു. 183

അതിൽ പ്രഹർഷത്തൊടജേന്ദ്രമുഖ്യ-
രമർത്ത്യരും മാമുനിമാരുമെല്ലാം
ഭൂത്രാണമർത്ഥിയ്ക്കുകിലും നൃപാലൻ
ഭോഗങ്ങളിൽശ്ശ്രദ്ധ പതിച്ചതില്ലാ! 184

സ്വബോധമാർന്നിട്ടൃഷിമുക്തയായ
സപുത്ര പദ്മാവതി പാർത്ഥിവങ്കൽ.
യാചിച്ചു, സിംഹാസനമേറി നാട്ടാ-
ർക്കാമോദമേകാൻ, വിരഹക്ഷതിയ്ക്കായ്. 185

ഉടൻ, പരക്കെ പ്രഭവീശി, വന്നാ
പ്രത്യേകബുദ്ധാഖ്യർ ദയാപരന്മാർ
പാരിൻെറ നന്മയ്ക്കവനോടു ചൊല്ലീ,
ഹർഷം ചുരത്തുന്നവരെന്നപോലെ:- 186

"ചിരാൽ വിയോഗം മുഴുമിച്ചിരിയ്ക്കേ,
പ്പേർത്തും ത്യജിയ്ക്കുന്നതു ദുർവിഷഹ്യം
സഹിച്ചിടാ ദേവിയുമുണ്ണിയും തേ:
നീട്ടുന്നു ദുഃഖത്തെയഭീക്ഷ്ണപാതം! 187

ഏവൻ വിപന്നാർത്തിവിനാശകാരൻ
സ്വദേഹമർത്ഥിയ്ക്കു കൊടുത്തിടുന്നു,
പരാർത്ഥമേ ധർമ്മവുമേവനാ,യാ-
ളെമ്മട്ടു തന്നാളിലുപേക്ഷ കൊള്ളും? ” 188

ഈവാക്ക കേട്ടിട്ടരചൻ പ്രണിപ്പെ-
ട്ടുമ്മട്ടു തീർപ്പിട്ടു,വിമാനമേറി
നഭസ്സിലൂടേ സ്വപുരത്തിലെത്തി-
ത്തൻനാടു കൈക്കൊണ്ടു, തനൂജയുക്തൻ. 189

സുചിരമവനിവാണാസ്സ്യത്യവാൻ ബോധിസത്ത്വൻ
സുഗതപദമണഞ്ഞാനേ,വമുൽകൃഷ്ടസത്ത്വൻ,
ജിനപുരമണിചൈത്യച്ഛത്രരത്നപ്രദീപ-
പ്രകടിതവിവിധശ്രീ,ലക്ഷണാഢ്യസ്ഥബോധി. 190

ഇതോതി ഭഗവാൻ ബുദ്ധൻ സ്വവൃത്താന്തനിദർശനം,
ദാനോപദേശേ ഭിക്ഷുക്കൾക്കേറ്റ ബോധിയുദിയ്ക്കുവാൻ. 191

### മണിചൂഡാപദാനം

### മൂന്നാം പല്ലവം

## നാലാംപല്ലവം

### മാന്ധാത്രപദാനം

സച്ചിത്തക്ഗൃഹത്തിൽ, വിങ്ങുമന്നിമാർപൊങ്ങിച്ചനൽച്ചാമര–
ശ്വേതതത്ത്യ, കുടകൊണ്ടു പുഞ്ചിരിയിട്ടും സമ്പത്തു ശോഭിപ്പതും,
കർപ്പൂരോജ്ജ്വലമാം ശ്രുതിപ്രിയയശസ്സെമ്പാടുമോടുന്നതും
ഹാ, ദാനത്തരുതൻ നറുങ്ങുഫലമാം; ദാനം രമോട്ടീപനം! 1

ഉപോഷധാഖ്യനായുണ്ടായിരുന്നു, പൌരുമാളൊരാൾ;
വിബുധപ്രിയ തൽകീർത്തി, ദുഗ്ദ്ധാബ്ധിസുധപോലവേ. 2

ഭൂമിരക്ഷിയ്ക്കുമബ്ഭൂരിശ്രീമഹസ്സിൻ പുരോഭുവി
കുനിഞ്ഞീട്ടലത്രു രാജാവിൻ ശിരസ്സു, വിനമിയ്ക്കുവാൻ? 3

ധർമ്മത്താൽ സ്വച്ഛധീപോലേ, ദാനത്താൽ ദയപോലവേ;
വിനയത്താൽബ്ഭൂതിപോലെ, യവനാൽ വിലസീ മഹി. 4

അവൻെറ തുംഗവംശശ്രീസാമ്രാജ്യക്കുട സദ്ഗുണം;
കാണായ്യതിൻ തിങ്കളൊളി സർവഭൂഭൃച്ഛിരസ്സിലും. 5

അവൻെറയീശമൌലിസ്ഥം ഗംഗാംബുരുചി വെൺപുകൾ
ലോകങ്ങളിൽച്ചരിയ്ക്കുന്നു പാരം, പാരിന്നുഭൂഷയായ്. 6

സഹസ്രാക്ഷാധികശ്രീയാം സഹസ്രമഖകൃത്തവൻ
വേട്ടിരുന്നു, പതിററാറുസഹസ്രാ തനാപിമാർകളെ. 7

ഒരിയ്ക്കൽ, മുനിസംരക്ഷയ്ക്കരക്കരെയൊടുക്കുവാൻ,
തുരംഗമാരൂഢനവൻ ചരിച്ചാനാശ്രമങ്ങളിൽ. 8

അങ്ങു,രാജർഷികൾ ചിലർ വെച്ച പുത്രേഷ്ടിപാല്ക്കുടം
എടുത്തവൻ കുടിച്ചാനദ്ദൂരയാത്രത്തളർച്ചയാൽ. 9

ഏകാന്തലബ്ധമാം മന്ത്രകലശപ്പാൽ കുടിച്ചുടൻ
രാജധാനിയണഞ്ഞിട്ടബ്ഭൂനാഥൻ ഗർഭധാരിയായ്: 10

സ്വപ്നമായേന്ദ്രജാലാദി യാതൊന്നിൻ കളിയിവകൾ
വെല്വൂ, നാനാദ്ഭുതനിലവറയബ്ഭവിതവ്യത! 11

നാനാവൈചിത്ര്യചിത്രങ്ങളെഴുതും വിധിതന്നുടെ
ആശ്ചര്യരേഖാവിന്യാസ,മാരാളാം കണ്ടുവെയ്ക്കുവാൻ? 12

പിള്ളാടവന്റെ തലവിണ്ടൊരുദിവ്യാഭനർഭകൻ
ഉളവായ്,കതിരോൻപോലെ;—യുണങ്ങി മുറിവും ക്ഷണാൽ. 13

കൈക്കൊണ്ടു,മൂർത്തിമൽപുണ്യംപോലാമവനെ രാജ്ഞിമാർ
ജഗത്സാമ്രാജ്യരക്ഷയ്ക്കായ്, സ്നേഹാൽ മുല ചുരന്നവർ. 14

‘മാം ധാരയിഷ്യതി ശ്ലാഘ്യനിപ്പൈതൽ ജനനീപദേ’
എന്നമ്മമാർപേശുകയാൽ മാന്ധാതാവായ്, നൃപാത്മജൻ. 15

പുണ്യക്രീഡാചിരായുസ്സാമവൻ ക്രീഡാവിലാസിയായ്
വളർന്നുപോന്നതിന്നിടയ്ക്കാറിന്ദ്രന്മാർ കഴിഞ്ഞുപോയ്! 16

ആരബ്ധയൌവനനവൻ സർവവിജ്ഞാനപാരഗൻ,
അച്ഛൻ വിൺപുക്കതിൻശേഷം നാടുവാണാൻ ക്രമാഗതം: 17

ഉപകരണവശാൽ ഭാസ്യംപൂണ്ട യക്ഷൻ ദിവ്യനായകസമൻ
ദിവ്യോപകരണം കൊണ്ടുവന്നാൻ തദഭിഷേചനേ. 18

നല്ലൊന്നിൻമകുടം ചാർത്തിത്തൊപ്പിയും മീതെവെച്ചവൻ,
ശരൽക്കാർ മുടിമേൽച്ചേർന്ന മേരുപോലെ വിളങ്ങിനാൻ. 19

അക്ഷണത്തിലവന്നാവിർഭവിച്ചു സപ്തരത്നവും:
ചക്ര,മശ്വം, മണി, ഗജം, സ്ത്രീ, ഗൃഹം, സൈന്യമെന്നിവ. 20

ആയിരം പുത്രരും ശത്രുജിത്താമവനു ജാതരായ്
തുല്യരൂപബലൌജസ്സർ, നൃപക്കു നൃപർപോലവേ. 21

ഏഴാഴിവേലയാകുന്നോരരഞ്ഞാൺ പൂണ്ട ഭൂമിയെ
ഭുജത്തിൽവെച്ചവൻ നല്കി, ശേഷവിശ്രാന്തിതൻസുഖം! 22

ഭുവനാവനാസന്നദ്ധൻ, നവീനകമലാശ്രയം
അച്ചക്രവർത്തി സൽകർമ്മംകൊണ്ടു വിഷ്ണുകരാഭനായ്! 23

പ്രഭാവഭൂഷയാം ലക്ഷ്മി, ത്രിജഗദ്ഗംഗ കീർത്തിയും;
ഇതു, പുണ്യച്ചെടികൾതൻ കടിഞ്ഞൂലായ പൂവിടൽ! 24

ഒരുനാളിലവൻ കാട്ടിൽപ്പെരുത്ത വിരിപൂക്കളെ
സരസം നോക്കിയുംകൊണ്ടു ചരിച്ചാൻ, മന്ത്രിയുക്തനായ്. 25

അങ്ങു കാണായി, നിഷ്പക്ഷർ പാദചാരികൾ പക്ഷികൾ,
വാനിൽപ്പറക്കലോർമ്മിച്ചിട്ടെന്നപോലെ മെലിഞ്ഞവ! 26

നിഷ്പക്ഷരി,രയില്ലാത്തോർ, ഗതികെട്ടോർ, നിരംബരർ:
ദരിദ്രർ പോലാമവയെക്കണ്ടെൻപാന്നരുളീ നൃപൻ:- 27

“അയ്യോ, ദുരിതമെന്തൊന്നു ചെയ്തിതിസ്സാധുപക്ഷികൾ?
കാലാൽ നടക്കയാണല്ലോ കഷ്ടിച്ചു, ചിറകററിവ!” 28

എന്നു കാരുണ്യമുൾത്തിങ്ങിച്ചൊന്ന മന്നവനോടുടൻ,
മുന്നിൽനിന്ന മഹാമാത്യൻ സത്യസേനനിതോതിനാൻ.—

“കേട്ടിട്ടുണ്ടു പുരാനേ, ഞാൻ, കാട്ടിലുള്ളവർ ചൊല്കയാൽ,
ഇപ്പക്ഷികൾക്കു ചിറകു പൊയ്പ്പോയതിനു കാരണം: 30

അഞ്ചാറു മുനിമാരുണ്ടിപ്പുണ്യാലയതപോവനേ,
തേജസ്സുകത്തിയെരിയും തപസ്സ്വാധ്യായതൽപരർ. 31

അവർക്കധ്യയനധ്യാനജപങ്ങൾക്കൊരു വിഘ്നമായ്
കോലാഹലം മരത്തോപ്പിൽക്കൂട്ടി,മെപ്പൊഴുമിക്ഖഗർ. 32

ഒച്ചയാൽച്ചെവിനോവിച്ചുംകൊണ്ടൊഴിയ്ക്കാതെ നിന്നതിൽ
അരിശംകൊണ്ടിതിപ്പക്ഷിനിരയോടു മഹർഷിമാർ. 33

അവർതന്നുഗ്രമഹാശാപച്ചൂടേററു തൽക്ഷണം
കൊഴിഞ്ഞുപോയ്, തെററുചെയ്ത ഖഗർതൻ ചിറകൊക്കയും.

അതുകൊണ്ടാണ്,പക്ഷംപോയ്ക്കഷ്ടപ്പെട്ടീപ്പതംഗമർ
കാലാൽ നടപ്പതു വനേ, നിൻവിപക്ഷർ കണക്കിനേ! 35

ഈ മഹാമാത്യവാക്യം കേട്ടനുകമ്പാകുലൻ നൃപൻ
പക്ഷികൾക്കേററശാപത്താലനുതാപം പൂണ്ടു ചൊല്ലിനാൻ:— 36

“ഹാ, കാട്ടിൽശ്ശാന്തരായാലും, മൂപ്പെത്തിയ മഹസ്സിനാൽ
മുനിമാരും കനൽകളും തടവേശാതെരിയ്ക്കുമേ! 37

അപ്പോഴ്ത്താപസരെന്തിന്നാണ്?–വരാത്മസുഖത്തിനായ്,
കോപത്താൽച്ചുട്ടചിത്തത്തിൽ വീഴ്ത്തിയല്ലോ, ക്ഷമാജലം! 38

ഏവർക്കോ സൌമ്യധീ,മൈത്രി,ദയ,ദാനം,ദമം,ക്ഷമം,
അവർചെയ്യുംതപം ശ്ലാഘ്യം; മററുള്ളോർ മെയ്യുണക്കുവോർ! 39

സകോപനെന്തിനു തപം? സഭയനെന്തിനാം ബലം?
പഠിപ്പെന്തിനു ദുഷ്ടനു? ദുരയനെന്തിനാം ധനം? 40

ഇത്രയും കലുഷസ്വാന്തർ, കടുംകോപത്തിലാണ്ടവർ,
എൻനാട്ടിൽനിന്നു പോകട്ടെയസഭ്യർ മുനിമാരവർ! 41

എന്നോതിയാൾക്കാർവഴിയായ് നീട്ടയച്ചാനവർക്കവൻ,
'എൻകീഴിലുള്ള മണ്ണെല്ലാം വിട്ടുപോകുവിനെ'ന്നുടൻ. 42

പതംഗപക്ഷപാതത്താൽച്ചൊടിച്ച പെരുമാളുടെ
നീട്ടുകണ്ടിട്ടു മുനിമാർ വിചാരിച്ചാർ വിലക്ഷരായ്:– 43

“നാലാഴിയാം കിടങ്ങൊത്ത മന്നിന്നധിപനീ,നൃപൻ;
നാമെങ്ങുപോ,മിവന്റേതല്ലാത്തതാം ദേശമെത്തുവാൻ?” 44

എന്നുചിന്തിച്ചു മുനിമാർ പോയാർ, സിദ്ധസുരാഢ്യമായ്
ജംബൂദ്വീപിന്നടുത്താം പൊൻകുന്നിൻപാർശ്വത്തിലേയ്ക്കുടൻ.

ആ രാജാവിൻപ്രഭാവോൽകർഷത്താൽ,മന്നിലുഴാതെതാൻ
സസ്യങ്ങളുളവായ്; ദ്യോവു പെററു രത്നാംബരങ്ങളെ. 46

ഇന്ദ്രന്റെ നാണം വരുമാറദ്ദേഹത്തിന്റെയാജ്ഞയാൽ
കൂട്ടമിട്ടംബുവാഹങ്ങൾ പെയ്തു പൊന്മഴയേഴുനാൾ! 47

വൻപ്രഭാവാൽപ്പടയുമായ് ദ്യോവിലൂടേ ഗമിച്ചവൻ,
ദിവ്യർ മേവുന്നതാം പൂർവവിദേഹദ്വീപടക്കിനാൻ. 48

മുമ്പേ നടന്നാരാകാശത്തദ്ദേഹത്തിന്റെ സേനകൾ,
മൂവാറുകോടി യോദ്ധാക്കളോജശ്ശൗര്യബലോത്തരർ. 49

ഗോദാനീയാഖ്യമാം ദ്വീപും വടക്കേക്കുരുരാജ്യവും
മേരുപാർശ്വങ്ങളുമവൻ ഭരിച്ചാനച്യുതാജ്ഞനായ്. 50

ചതുർദ്വീപാധിപനവൻ മേരുവിൻ പൊൻതടങ്ങളിൽ
രമിച്ചതിനിടയ്ക്കിന്ദ്രർ വളരെപ്പേർ കഴിഞ്ഞുപോയ്! 51

ഒരിക്കൽ സ്സുരരെക്കാൺമാൻ സുരാഭൻ വ്യോമ്നി പോകവേ
തന്റെയാനകളാൽ,ക്കാർകൾ ചേർന്നപോലായി, ദിക്കുകൾ! 52

മേരുപാർശ്വേ തപംചെയ്യുമാ നിരസ്തർഷിമാരുടെ
ശിരസ്സിൽ വീണിതപ്പോൾ,ത്തദ്ഗജാശ്വമലമംബരാൽ. 53

ഉടൻ ക്രോധോജ്ജ്വലക്കണ്ണാലവർ മേല്പോട്ടു നോക്കവേ,
ശൃംഗകാന്തിപ്പടർപ്പാൽപ്പോലാകെ മഞ്ഞച്ചു ദിക്കുകൾ! 54

'എന്തിന്നിക്കോപ'മെന്നോതിച്ചെന്നു ശാപാഗ്നി പോക്കുവാൻ
പൊന്നാനക്കൂട്ടരൊടൊരു ദേവദൂതൻ തുലോം മുദാ:— 55

"ഇതു മാന്ധാതൃരാജാവാണു,മ്പർകോനൊത്ത ഭൂതിമാൻ,
സമസ്തധരണീപാലമൌലിവിഭ്രാന്തശാസനൻ. 56

ഈസ്സ്ദേവൻ പടയുമായ് വാനിലൂടേ ഗമിയ്ക്കയാം:
ഇവന്റെ പേർ ചൊല്ലീട്ടുമീ വാണി പുണ്യാഭിമാനിനി! 57

സമസ്തലോകസൌഖ്യശ്രീ ഭുജിയ്ക്കുമിവനിൽപ്പരം
നിർമ്മോഹജ്ഞാനിയിൽപ്പോലെ കണ്ടിട്ടില്ല മദാംകുരം. 58

കുബേരൻ ധനദത്വത്താൽ, കുമാരൻ ശക്തിമത്തയാൽ,
മഹേശ്വരൻ വൃഷാസംഗാത്, വിഷ്ണു ലക്ഷ്മീസമാഗമാൽ! 59

സൂര്യൻ പ്രതാപപ്രസരാൽ, ചന്ദ്രൻ ലോകാനുരഞ്ജനാൽ,
ഇന്ദ്രൻ ദൃപ്തബലധ്വംസാലേ,വം ദിവ്യവപുസ്സിവൻ! 60

ബലി പാതാളമുൾപ്പൂകി; ദധീചൻ സ്വാസ്ഥിശേഷനായ്;
ഇവന്റെ ദാനാൽ, തേടുന്നീലടക്കം കടലിപ്പൊഴും!" 61

ദേവദൂതന്റെയീവാക്കു കേട്ടിട്ടു മുനി ദുർമ്മുഖൻ
വാനിങ്കലെയ്യറിഞ്ഞാനുഗ്രശാപാംബു, മുനിമദ്ധ്യഗൻ! 62

ഉടൻ ചിരിച്ചയാളോടു പറഞ്ഞാൻ പടനായകൻ:—
"അടക്കുക മുനേ, കോപം: മുടിയ്ക്കൊല്ല തപസ്സിനെ. 63

പുരാന്റെ മുന്നിലിശ്ശാപം പാഴായ്പ്പോയ് ലജ്ജപൂണ്ടിടും:
നിങ്ങൾ വമ്പാൽച്ചിറകെരിച്ചിട്ട പക്ഷികളല്ലി,വർ!" 64

സേനേശനിതു ചൊന്നാറെ, ശാപാൽ സ്തംഭിച്ച സേനയെ
മുന്നിൽക്കണ്ടദ്ഭുതമിയന്നി, 'തെന്തെ'ന്നാനിളേശ്വരൻ. 65

അരികേ ചെന്നുണർത്തിച്ചാനരിശംപൂണ്ട സൈന്യപൻ:—
ആ മഹർഷികൾതൻശാപാലത്രേ നീങ്ങാത്തു സേനകൾ. 66

ഇതാ, ശാപസമാക്രാന്തമായ നിൻചക്രരത്നവും,
മുകിലാൽത്തടയപ്പെട്ട കതിരോന്റെ മട്ടിലായ്! 67

ഇതുകേട്ടിട്ട,തിന്റെയമ്മട്ടിലേ കണ്ടു മന്നവൻ
കൊടും വിപത്തണയ്ക്കാതെ ശപിച്ചൂ, കണ്ണുകൊണ്ടുതാൻ: 68

കനിവാൽ മെയ്മുടിയ്ക്കാതെ മുനിമാർതൻ ജടാഭരം
മന്നിൽ വീഴ്ത്തി, മയംപൂണ്ട വിളയാട്ടങ്ങളാൽ നൃപൻ! 69

'ക്രോധമോഹം വിടാത്തോർക്കു ചുമടായ്ത്താൻ വൃഥാവിലേ'
എന്നു ലജ്ജിച്ചപോലൂഴിയുൾപ്പൂകി,യവർതൻ ജട! 70

പിന്നെസ്സുമേരുമുടിമേൽച്ചെന്നു ഭൂപൻ സുരാലയം
സുദർശനാഭിഖ്യപുരം ദർശിച്ചു പ്രിയദർശനം. 71

അങ്ങു നാഗങ്ങൾ കാവൽക്കാർ,വിശ്രുതോദകനിശ്രിതർ;
കരോടികരർ യക്ഷന്മാർ, സുരർ മാലാധരാഭിധർ. 72

തഥാ ദേവർ സദാമത്തർ തടുത്തു സേനയെ ക്രുധാ,
മഹാരാജഗ്ഗമസ്ഥന്മാർ ത്രിദശന്മാരുമൂർജ്ജിതർ. 73

ചട്ടശസ്ത്രങ്ങൾ പൂണ്ടേറ്റ മഹാരാജാക്കൾ നാല്വരെ
പ്രഭാവാൽ വെന്നു നൃവരൻ സ്വസേനാനുഗരാക്കിനാൻ. 74

പിന്നെ,ക്കല്പദ്രുമോദാരകോവിദാരമനോഹരം
ദർശിച്ചു, പാരിജാതാഖ്യം വിണ്ണോർതൻ വിശ്രമസ്ഥലം. 75

പിന്നെസ്സുമേരുമുടിയിലൊരു വെൺമാലപോലെയായ്
ശ്രീയാൽ വാനം വിളങ്ങിയ്ക്കും സുധർമ്മാസഭ പൂകിനാൻ. 76

അങ്ങുണ്ടു വൈജയന്താഖ്യം പള്ളിമേട സുവിശ്രുതം,
ചെമ്പൊൻപവിഴവൈഡൂൎയ്യസ്തംഭച്ചാർത്താൽസ്സുഭാസുരം. 77

മുഖാംബുജത്താലളകക്കാർവണ്ടാലങ്ങു തുല്യകൾ
പൊയ്കകൾക്കു സുരസ്ത്രീകൾ, സുരസ്ത്രീകൾക്കു പൊയ്കകൾ! 78

അങ്ങു, വാനോർമണിമയച്ചുമർ-തൂൺ-നിലങ്ങളിൽ
ബിംബിയ്ക്കയാലനേകം വിണ്ണാകുന്നിതൊ,രു വിണ്ണുതാൻ! 79

മണിതോരണഹർമ്മ്യാംശുതതിയാൽച്ചിത്രിതങ്ങളായ്
ശോഭിപ്പിതങ്ങു ദിശകൾ, മഴവിൽച്ചാർത്തിനാലുമേ! 80

അങ്ങി,ളംകാററിലിളകും കല്പദ്രുമതളിരാൽ, സ്വയം
ആട്ടക്കൈകാട്ടുവതു പോലാനന്ദിപ്പിച്ചു നന്ദനം! 81

അങ്ങു,ചൈത്രരഥാഭിഖ്യം ദേവോദ്യാനം മനോരമം
വഹിപ്പു,കാമിപ്രിയമാം കാമചൈത്രോത്സവം സദാ! 82

സർവകാമം, സർവസുഖം, സർവർത്തുകസുമോജ്ജ്വലം,
സർവാതിഗം, സുരാഗാരം തൃക്കൺപാർത്തിട്ടു തമ്പുരാൻ; 83

ചെററിടയ്ക്കുദ്ഭുതാൽ സ്തംഭിച്ചാനന്ദസ്നിഗ്ദ്ധനേത്രനായ്
വിചാരിച്ചു:—"സുകൃതവാന്മാർക്കുള്ളോ വിളമന്നിതാം!" 84

വണ്ടിണ്ട ചുഴലെത്തത്തും വാസവൈരാവതത്തെയും
മെയ്പൂണ്ട നന്ദനത്തെപ്പോലങ്ങു കണ്ടു സഹർഷനായ്. 85

ധരാപുരന്ദരൻ വന്നതറിഞ്ഞിട്ടു പുരന്ദരൻ
എതിരേററാൻ പ്രമോദം പൂ,ണ്ടെല്ലാദ്ദേവഗണത്തൊടും. 86

സുരേന്ദ്രനാൽപ്പൂജിതനായ് നൃപേന്ദ്രനരജോവരൻ
പൂകീ,രത്നപ്പരിഷ്കൃതൻ പ്രഭ പാറും സഭാസ്ഥലം. 87

സുരന്മാർ മണിമഞ്ചത്തിലിരുന്നതിനൊടൊപ്പമേ
പുരന്ദരാസനാർദ്ധത്തിലിരുന്നാൻ ശ്രീയുതൻ നൃപൻ. 88

ഏകാസനേ മേവുമമർത്ത്യേന്ദ്രമർത്ത്യേന്ദ്രർതമ്മുടെ
ഗുണോദാരാകൃതിയ്ക്കങ്ങു കാണപ്പെട്ടീലൊരന്തരം! 89

വാനോരൊട്ടുക്കു വെളിവോടയച്ച മിഴിവണ്ടുകൾ
മുഖാംഭോജത്തെ നുകരും നൃപനോടോതി വാസവൻ:— 90

"ഹാ, ശ്ലാഘ്യംനിൻപദം; തേജോരാശേ, തേജസ്സിനാൽബ്ഭവാൻ
ഭുവിനെച്ചമയിയ്ക്കുന്നു, ദ്യോവിനെസ്സൂര്യദേവനും! 91

തൂവെൺപുകൾക്കൊടിക്കൂറയൊത്തുത്തുംഗപ്രഭാവമായ്
ശോഭിപ്പൂ മൂവുലകിൽ, നിൻ സാമ്രാജ്യവിജയധ്വജം! 92

നിൻചരിത്രസുധാപാനത്വദ്ദർശനസുഖങ്ങളെ
വർണ്ണിപ്പാൻ വാണിയെപ്പ്രേരിപ്പിക്കുന്നു ചെവികണ്ണുകൾ! 93

ഉറപ്പിച്ചു സ്വപുണ്യത്താൽബ്ഭൂതി നേടിയ താങ്കൾതാൻ,
ഇക്കർമ്മഫലവാദത്തിൽസ്സംശയം തീർന്ന നിശ്ചയം! 94

ഇന്ദ്രിയങ്ങളിൽ വെച്ചേറെക്കാമ്യമായതു, കണ്ണുതാൻ:
കാണാമല്ലോ സുകർമ്മത്താൽ, നിന്മട്ടാം പുണ്യവൃത്തരെ!" 95

മഹേന്ദ്രനേവം ചൊന്നാറെ മാന്ധാതാവു യശോനിധി
നിൻപ്രസാദപ്പെരുമയാണിതെന്നാൻ, വിനതാസ്യനായ്. 96

ഏവം നിത്യാദരർ സുരന്മാർതൻ പൂജയുമേററവൻ
വിണ്ണിൽ മേവുന്നതിന്നിടയ്ക്കാറിന്ദ്രന്മാർ കഴിഞ്ഞുപോയ് ! 97

തദ്വിക്രമത്തിൽ വിശ്വാസം വിണ്ണോർക്കെല്ലാമുദിയ്ക്കയാൽ
ലഭിച്ചു ദേവരാജാവിന്നപായരഹിതാ ജയം. 98

അശ്ശൌര്യമാമരത്തിൻെറ ഭുജത്തണലിൽ നിശ്ചലം
വിശ്രമംകൊണ്ടു വിണ്ണോർകളെരിഞ്ഞ ദനുജാഹവേ. 99

അവൻ പുണ്യങ്ങളാൽക്കൊണ്ട നിത്യസൌഖ്യം ഭുജിയ്ക്കവേ!
പെരുംകാലപ്രവാഹത്തിലാറിന്ദ്രന്മാരൊലിച്ചുപോയ്! 100

സൽകർമ്മഫലഭോഗത്തിൽ മനം നിർമ്മലമാകണം;
കലക്കമതിനാപ്പെട്ടാൽക്കഴിഞ്ഞു, നാശമേല്ക്കയായ്! 101

കാലക്രമാൽക്കലങ്ങിപ്പോയ് കാശ്യപീശനു മാനസം,
ലോഭത്തിൻെറ കയററത്താലഭിമാനം മുഴുക്കയാൽ ! 102

“ഇദ്ദേവശ്രീയെ രക്ഷിപ്പതെൻബാഹുബലമല്ലയോ;
വയ്യെനിയ്ക്കീ,യൊരു പുറാട്ടാകമർദ്ധാസനസ്ഥിതി. 103

ഞാൻതനിച്ചിന്ദ്രനായ് സ്സൌഖ്യസമ്പത്തനുഭവിയ്ക്കണം;
പോരുന്നതാണീയെൻകയ്യു,പാരൊട്ടുക്ക ഭരിയ്ക്കുവാൻ. 104

അണ്ടർകോനെയിറക്കി,ത്തൻകയ്യിൽ വെച്ചേ ഭുജിയ്ക്കുവൻ,
ഒററക്കുടപ്പൊട്ടണിയും സ്വർഗ്ഗസാമ്രാജ്യലക്ഷ്മിയെ.” 105

എന്നാലോചിച്ചുഹരിയെ ദ്രോഹിപ്പാനിച്ഛതാൻകൊൾകയാൽ
അവൻെറ നൽപ്രഭാവശ്രീ വാടിപ്പോയ്, മാലപോലവേ! 106

ഛലനോദയാലുയന്നേന്തി നന്മക്കരയുളച്ചഹോ,
കനമില്ലാക്കരളിനെക്കലക്കും, ലക്ഷ്മിയാം നദി! 107

മഹത്തുകൾക്കു ദുർവാര, വിപത്തിൻകൃതി,യുന്മദ
കുശലത്തെപ്പിഴുതുമേ, കറ പാറിയ ശേമുഷി! 108

പാപം നിനച്ചപൊഴുതേ മന്നിലേക്കാശു വീണുപോയ്,
വേരറുത്ത മരംപോലേ പിടികിട്ടാതെ മന്നവൻ! 109

അപാരം വിദ്യയെക്കൊല്ലും, ശ്രീയെക്കൊല്ലും മദോദയം;
ദ്വേഷം സാധുതയെക്കൊല്ലും, ലോഭം കൊല്ലുമുയർച്ചയെ! 110

കഷ്ടം,മുൽകർഷശൃംഗത്തിൽകേറുകെന്ന മഹോദയം
സമ്പന്മദാനുഷംഗത്തിൽപ്പെട്ടെന്നേ താഴെ വീണുപോം! 111

പൂജിച്ചു പൂർവജന്മത്തിലിവൻ സർവവിഭുവിനെ;
പ്രാപിച്ചതതുകൊണ്ടത്രേ, ശക്രൻതൻ കാമ്യമാം പദം. 112

ഇവന്നൊരിന്ദ്രാധികമാം പ്രഭാവം വിസ്മയാവഹം,
പാത്രദാനാംശകൃതമാം വൻചോറുരുളതന്നെയാം: 113

മുൻജന്മ'ത്തുൽകരിക'നെന്നൊരുവാണിജനാമിവൻ
ബന്ധുമത്യാഖ്യപുരിയിൽ വസിച്ചു പരിശുദ്ധനായ്. 114

ചെന്നാനിവൻെറ ഗേഹത്തിൽ വിപശ്യൻ ഭിക്ഷകിട്ടുവാൻ
ചെമ്മേ സംബോധിയാർജ്ജിച്ചോൻ,സർവഭൂതോദ്ധൃതിവ്രതൻ·

തെളിഞ്ഞിവ്വാളൊരുപിടിപ്പയറിട്ടുകൊടുത്തതിൽ
നാലെണ്ണമേ തൽപാത്രത്തിൽ വീണുള്ളൂ, ബാക്കി മണ്ണിലായ്!

അദ്ദാനത്തിൻപ്രഭാവത്താലത്രേ, മാന്ധാതൃമന്നവൻ
സർവദ്വീപേശനായ്ത്തീൎന്നു, വാസവാൎദ്ധാസനസ്ഥനായ്.

മാനം മറെറാന്നിലായ്പ്പോകകൊണ്ടല്ലോ, മന്നിലായ് പയർ;
വിണ്ണിൽനിന്നതുകൊണ്ടത്രേ വീണു, ഭൂപൻ ഫലാത്യയേ! 118

വെറുതെയുള്ളമാശാവീചി യാതൊന്നിൽ, യാതൊ-
ന്നൊരുപൊഴുതുമുദിയ്ക്കാ സ്വപ്നമായയ്ക്കകത്തും,
കൃതികളനുഭവിയ്ക്കുന്നാ മഹാഭൂതി, ദാന്താ-
മരതരുനികരത്തിൻ തുല്യമില്ലാപ്ഫലംതാൻ: 119

എന്നോരീ ഭഗവാൻ ബുദ്ധൻ പരത്തിൽദ്ദാനസൽഫലം,
നിജാന്യജന്മകഥയിൽബ്ഭിക്ഷുക്കൾക്കുപദേശമായ്. 120

മാന്ധാത്രപദാനം

നാലാം പല്ലവം.

## അഞ്ചാം പല്ലവം

### ചന്ദ്രപ്രഭാപദാനം

ദുഗ്ദ്ധാംഭോധികിടന്നുരുണ്ടു സുചിരംദേവാർത്ഥനാത്യാർത്തിയാൽ;
ജാത്യാതന്നെ ഫലം കൊടുപ്പതിൽ വിറക്കൊള്ളുന്ന കല്പദ്രുവും;
ഉണ്ടാകാമിഹ, തൃന്തപ്പിറവിയിൽദ്ദാനങ്ങൾ ശീലിയ്ക്കയാൽ
മെയ്നൽകുംപൊഴുതുംപ്രമോദപുളകംകൊള്ളാനുറപ്പുള്ളൊരാൾ.

കൈലാസത്താൽച്ചിരിക്കുന്ന വടക്കേദ്ദിക്കിലുണ്ടഹോ,
ഭൂഭൂഷയായ്ബ്ഭദ്രശിലയെന്നൊരുത്കൃഷ്ടയാം പുരി. 2

അങ്ങു,വെൺപൂക്കളാം പൂവും ഫലവും വായ്ച വ്രതികൾ,
പ്രദാനോദ്യാനലതകളാമോദിപ്പിപ്പൂ പൌരരെ. 3

അങ്ങു,ശർവന്റെ തീക്കണ്ണാൽപ്പേടി പെട്ട മനോജനെ
രക്ഷിയ്ക്കുന്നുണ്ടബലമാർ,പുരികക്കളികൊണ്ടുതാൻ! 4

അങ്ങു ശോഭിപ്പൂ വെൺമുത്തിൻചാർത്തണിത്തങ്കവീടുകൾ,
നക്ഷത്രനികരം ചേർന്ന മേരുശൃംഗങ്ങൾ പോലവേ. 5

അതിങ്കൽ വാണു ശ്രീമാനാം ചന്ദ്രപ്രഭധരേശ്വരൻ;
കൈലാസംപോലവൻ വീശീ, കാന്ത്യാ പകൽ നിലാവിനെ!

അവന്റെ വാർതിങ്കളൊളിയേല്ക്കാത്ത നൽദ്ദേഹശോഭയാൽ,
രാവിളക്കുകളിൽത്തീരുമാറില്ല, തിരിയെണ്ണകൾ. 7

'ഇവനെക്കാൺകിലേ പറവൂം, താരകാംക്കംഗജല്പനി'
എന്നോർത്തവന്റെ കുടയായ്മറപ്പൂ തിങ്കൾ വാനിനെ! 8

'ഇവൻ സദാ കൊടുക്കുന്നു, കോശേ മേവുന്ന ലക്ഷ്മിയെ'
എന്നോർത്തോ, തദവിലോകത്താൽച്ചുളുങ്ങിപ്പോയി പത്മിനി! 9

ത്യാഗത്താൽ സ്വച്ഛഹൃദയനഹങ്കാരം വെടിഞ്ഞവൻ
പൌരന്മാർക്കാക്കിനാൻ, ഛത്രമകുടസൌധഭൂതികൾ! 10

വിളങ്ങി, പുണ്യോന്നതനാമവന്റെ വിനയോദയം:
പരകോടിയിലേറുന്നു, കുനിഞ്ഞ ധനുവിൻ ഗുണം! 11

കലിജിത്താമവനുടെ കാലത്തായുസ്സു നേടിനാർ,
നാല്പതായിരമാമാണ്ടുമത്ര നൂററാണ്ടുമാളുകൾ! 12

ലോകപാലാധികശ്രീയാമാ ലോകേശന്നതാതിടം
ഉണ്ടായിരുന്നു, ശ്രീപൂർണ്ണം പതിററാറായിരം പുരം. 13

പുണ്യപ്പണം പുകൾപ്പൊട്ടൊത്താ,യജ്വാവിൻവിഭൂതികൾ
യജ്ഞപ്പുകത്തൂണുകളച്ചാർത്തു, ചിന്നി വിളങ്ങിനാർ! 14

തദമാത്യൻ മഹാചന്ദ്രൻ, ചന്ദ്രലോകോപമോജ്ജ്വലൻ,
സദാ സമ്പൽകുമുദിനീസമുല്ലാസകരോദയൻ: 15

ധീയാൽത്തുഴഞ്ഞു,നന്മാപ്പിച്ച്, നാഥന്റെ കീർത്തിയെ
ആ രാജ്യസിന്ധുക്കപ്പിത്താനക്കരെയ്ക്കു കടത്തിനാൻ! 16

ഉണ്ടദ്ദേഹത്തിനു മഹീധരാഖ്യൻ മന്ത്രിവൎയ്യനും,
ഭൂഭാരത്തെ വഹിക്കുന്നോ,നഞ്ചാം ദിഗ്ദന്തി പോലവേ! 17

ആ ഗുപ്തമന്ത്രനാം നീതിവ്യാഘ്രൻതൻ മന്ത്രശക്തിയാൽ
ശൌൎയ്യംവെടിഞ്ഞു ശത്രുക്കൾ, വിഷം പാമ്പുകൾ പോലവേ.

ആ മന്ത്രിയാൽബ്ഭൂഷിതനായ് നൃപൻ, നൃപതിയാലവൻ;
സൽപുമാനാൽഗ്ഗൃഹംപോലേ, ഗുണത്താൽസ്സുധീഃപോലവേ. 19

കൃതജ്ഞൻ സരളൻ സ്വാമി, ക്രൂരേതര സുഭൃത്യനും,
സുകൃതോദിതമാം ഭാഗ്യശ്രീകൊണ്ടേ ലബ്ധനായ്വരൂ! 20

ഗുണാഭിജ്ഞതയാൽ സ്വാമി നല്ലാളെക്കണ്ടുവെപ്പുതേ,
സൎവ്വസമ്പത്തിനും നീണാളലഞ്ഞതിനു വിക്രമം! 21

സ്വപ്നമൊന്നൊരുനാൾ കണ്ടു രണ്ടാളും മററമാത്യരും;
ദാനാധിക്യാൽ മുടിയുകയത്രേ, ഭൂപന്നതിൻഫലം. 22

ദുൎന്നിമിത്തോദയം കണ്ടു ശങ്കപൂണ്ടിരുവോരുമേ
ശാന്തിസ്വസ്തികകൎമ്മങ്ങൾ നടത്തിപ്പോന്നിതന്വഹം. 23

നിമിത്തം കണ്ടിടർപ്പെട്ടിട്ടീശ്വരാ! എന്നു ചൊല്ലിനാർ,
തപോവനസ്ഥരാം വിശ്വാമിത്രാദിമുനിവൎയ്യരും. 24

അന്നു രൌദ്രാക്ഷനാമാവാം പ്രാഗ്ജന്മബ്രഹ്മരാക്ഷസൻ
പേരിന്നൊരാരണൻ, ദൌഷ്ട്യക്രൌൎയ്യമാത്സൎയ്യദുസ്സഹൻ. 25

ഭൂജാനിതൻ ദാനയശസ്സശേഷഗുണഭാസുരം
കേട്ടിട്ടുള്ളുചുട്ടു ചിന്തിച്ചാൻ, ഗുണവിദ്വേഷി ദുൎഗ്ഗുണൻ— 26

"അയ്യോ! പാടുന്നു സതതമീ നരേന്ദ്രന്റെ കീർത്തിയെ,
വാനത്തു സിദ്ധഗന്ധർവഗീർവാണതരുണീജനം 27

സദാ കേറുന്നിതെൻ കർണ്ണേ, തദ്ഗുണസ്തുതിസൂചികം;
എന്തുചെയ്യാം; സഹിയ്ക്കാ ഞാൻ, ജാത്യാ പരഗുണോദയം! 28

അതിനാൽ, ഞാനിതാ,ചെന്നദ്ദാതാവിൻദാനകീർത്തിയെ
മറിയ്ക്കുന്നുണ്ടു, തലയിങ്ങിരന്നിട്ടു തരായ്കയാൽ 29

തുലയും ദാനസൽകീർത്തി, തല നല്കാതിരിക്കുകിൽ;
അതല്ല, തരുമെന്നാകിലിയെൻ പകയടങ്ങിടും !" 30

എന്നേറെ നേരം ചിന്തിച്ചു; പോന്നാൻ ഭദ്രശിലയ്ക്കവൻ,
ഗന്ധമാദനസാനുസ്ഥൻ, ക്രൌര്യത്താൽക്കഠിനൻ, ശഠൻ. 31

ഇന്ദ്രജാലക്കളിക്കാരൻ, മലീമസമനോരഥൻ
പ്രശാന്തവേഷത്തിലവൻ പ്രജേശപുരി പൂകിനാൻ. 32

ഗുണദോഷോന്മിശ്രമാമിസ്സംസാരക്കാട്ടിലന്വഹം
കല്പവൃക്ഷവുമുണ്ടാകു,മുണ്ടാകും വിഷവൃക്ഷവും! 33

അശേഷനാശം സൂചിപ്പിച്ചുഗ്രഭീതി വളർത്തഹോ,
ആരെ മാഴ്കിച്ചിടാ ദുഷ്ടർ,ദുർന്നിമിത്തങ്ങൾ പോലവേ? 34

സ്വതേതന്നെ ഗുണിദ്വേഷി; വെളിച്ചത്തെയെതിർത്തിടും—
ദോഷാശ്രയി ഖലന്നെന്തുണ്ടൊരുഭേദ,മിരുട്ടുമായ്? 35

കൊല്ലും സാധുക്കളെ സ്വൈരം; ദുസ്സഹം, ദ്വേഷമാം വിഷം;
ദ്വിജിഹ്വദുഷ്ടനാം ക്രൂരസർപ്പത്തെത്തീർത്താരുവാൻ ! 36

അവൻ പുരിയണഞ്ഞാറേ, പുരദേവത മൂർത്തയായ്
ചെന്നു ഭൂപതിയോടോതീ, ഭീതിയാൽക്കാതരാക്ഷിയായ്:- 37

"ഇതാ ശിരസ്സിരപ്പാൻ വന്നിട്ടുണ്ടൊരു ഹതദ്വിജൻ;
വധ്യൻ, ജഗജ്ജീവിതമാം നിൻജീവിതമൊടുക്കുവോൻ 38

തടുത്തേൻ ഞാൻ പുരദ്വാരത്താ, മലീമസചിത്തനെ;
അവനെക്കണ്ടു പേടിച്ചു, ധൈര്യം കൊൾവീല മേ മനം!" 39

പുരദേവതയീവണ്ണം പറഞ്ഞപ്പൊഴുതുർവിപൻ
അർത്ഥിരോധത്തിൽ നാണത്താൽമുഖംചായ്ച്ചുരിയാടിനാൻ:-

"ഇരക്കാൻ വന്നവൻ ദേവി, പോകട്ടേ, തടവെന്നിയേ:
സഹിയ്ക്കാ യാചകന്മാർതൻ നൈരാശ്യനെടുവീർപ്പു ഞാൻ. 41

യാചകർക്കായ്ത്തന്ത്യാഗം പുണ്യംകൊണ്ടേ ലഭിച്ചിടൂ:
യുഗത്തോളമിരുന്നാലും ചാകുമല്ലോ, ശരീരികൾ! 42

ഏവർതൻമുമ്പിൽനിന്നാശയററു പോകില്ല യാചകൻ,
അബ്ഭവ്യജന്മാക്കളുടെ ജീവിതംതന്നെജീവിതം! 43

ചെയ്യുകിങ്ങാനുകൂല്യം മേ, കുശലം വരുമാറു നീ:
ആശാവിഘ്നാലയാൾക്കേററ സന്താപം തീർക്കുകഞ്ജസാ" 44

എന്നിളേശൻെറയിളകാത്തീർപ്പൊത്ത മൊഴി കേൾക്കയാൽ
മറഞ്ഞരുളിനാൽ ദേവി, ചിന്താസന്തപ്തചിത്തയായ്. 45

ഉടൻ ചെന്നെത്തി കുടിലനീർച്ചവാളിൻെറ ചെയ്തിയിൽ
താൻതാൻ സരളദാതൃച്ഛേദത്തിന്നുദ്യതനക്ഖലൻ. 46

അവൻ,പടിയിരപ്പർക്കായ്ത്തുറന്നിട്ട നൃപാലയം
പുക്കനേരം വിറക്കൊണ്ടു, ഭർത്തൃക്ഷയഭയാൽ ക്ഷിതി! 47

നരേന്ദ്രചന്ദ്രന്നരികേ രാഹുപോലെയണഞ്ഞവൻ
മുമ്പേ,തിന്മയ്ക്കുപോലാശിസ്സുരച്ചിട്ടോതി ദുർമ്മുഖൻ:— 48

"രാജാവേ,സ്വസ്തി! വിജനേ സിദ്ധിതേടും ദ്വിജാതി ഞാൻ;
അർത്ഥികല്പദ്രുവാം നിങ്കൽ വാഞ്ഛിതാപ്തിയ്ക്കു വന്നതാം. 49

ദുസ്ഥർക്കമ്മ,മനീഷ;നോട്ടമമൃതിൻ മേഘമാരി;ഹൃത്തായ്ത്താ-
മിത്രം;ക്രോധരജഃപ്രമാർജ്ജനനദീതോയം,തിതിക്ഷാഗുണം;
വിത്തം ദാനജലാഭിഷേകവിമലം; സത്യപ്രധാനം,വചഃ-
സ്സിത്ഥംപാരിനുബന്ധുവായ്ജ്ജനിതനിങ്ങളൊന്നൊരാൾ-
മാത്രമാം! 50

ചൊല്ലിനാർ ചിലർ, മേ സിദ്ധിയ്ക്കൊരു സമ്രാട്ടുതൻ തല;
തന്നേയ്ക്കുകത്തു നീയല്ലാതാരാളാം, തല നല്കുവാൻ? 51

ഉണ്ടുള്ളതു തരാൻ ചിന്താമണികല്പദ്രുമാദികൾ;
ദുർല്ലഭത്തെക്കൊടുക്കുംന്നിന്മട്ടുകാരോ, ചുരുക്കമാം!" 52

എന്നവൻ ചൊല്കെ നിഷ്കമ്പവിശാലഹൃദയൻ നൃപൻ
അർത്ഥിയെക്കണ്ടതിൽത്തോഷംനിറഞ്ഞവനൊടോതിനാൻ:—53

"ബ്രഹ്മൻ,സുകൃതിയായേൻ ഞാൻ സിദ്ധിയർത്ഥിയ്ക്കുകൈവരാൻ
വേലപേശാതെതാൻ നല്കുയാണല്ലോ, മമ ജീവിതം! 54

പരന്നുവേണ്ടിയെപ്പോൾപ്പോം പ്രാണനെന്നെൻ മനോരഥം;
എന്തിപ്പുണ്യങ്ങളർത്ഥിയ്ക്കാത്തതു,തേ വേണമെങ്കിൽ നീ? 55

ഹന്ത, നല്ലതു,സിദ്ധിയ്ക്കായ് വാങ്ങിക്കൊൾകെൻശിരസ്സു നീ?
എന്തെന്തു യാചകർക്കേകു, മതതേ പാരിലക്ഷയം!” 56

എന്ന സാഹ്ലാദനായ്ച്ചൊന്ന സത്ത്വവാനാം നരേന്ദ്രനെ
ഉണർത്തിച്ചാർ മഹാമാത്യർ, മഹാചന്ദ്രമഹീധരർ:— 57

“സ്വജീവരക്ഷതാനൊന്നാമത്തെ ധർമ്മം തവ പ്രഭോ;
ഭവാൻ ജീവിയ്ക്കിലുലകിൽജ്ജീവിയ്ക്കും സർവജീവിയും! 58

തല നല്കൊല്ല; സകലാധാരമല്ലോ, ഭവത്തല;
കൊടുക്കാമിദ്ദ്വിജനൊരു, മണിപ്പൊന്മയമാം തല. 59

എന്തുംകൊടുത്തർത്ഥിമനോരഥത്തെ നിറവേററുവോർ
സംരക്ഷിയ്ക്കപ്പെടുകിലേ സർവം രക്ഷിതമായ്വരൂ! 60

ക്രൂര,മീക്കലുഷാത്മാവാം ബ്രാഹ്മണന്റെ മനോഗതം:
വേരറുത്തോ ഭജിക്കേണ്ടു, കല്പവൃക്ഷത്തെയർത്ഥികൾ? 61

തലയെന്തിന്നു? പോയ്ക്കോട്ടേ പൊന്മണിത്തലകൊണ്ടിവൻ:
അരച്ചുതിന്നുമാറില്ല ചിന്താമണി, വിശന്നവർ!” 62

എന്നു മന്ത്രീന്ദ്രർ ചൊന്നാറേ, ‘സ്വർണ്ണരത്നശിരസ്സിനാൽ
ചെറുതുമില്ലുപയോഗം, മേ സിദ്ധിക്കെ’ന്നോതിനാൻ ദ്വിജൻ. 63

അപ്പോളഴിച്ചാ, നണിമുത്തൊളിവ്യാജേന ചുററിലും
ശിരോവിരഹദുഃഖാശ്രു തൂകുന്ന മകുടം നൃപൻ! 64

അക്ഷണത്തിൽ നിലംപൊത്തി പൌരർതൻ മകുടങ്ങളും;
ദിഗ്ദാഹത്തെളിപന്തങ്ങൾപോലെയാം കൊള്ളിമീൻകളും! 65

അരചൻ തല നല്കാനായ്സ്സർവഥാ തീർപ്പുചെയ്കയാൽ,
കാണാൻവയ്യാഞ്ഞുപേക്ഷിച്ചാർ ദേഹ,മാ രണ്ടമാത്യരും! 66

KOTTAYAM PUBLIC LIBRARY KOTTAYAM

പിന്നെ രത്നമയോദ്യാനം പുക്കൊരുങ്ങി ധനുർദ്ധരൻ,
ഒരു പൂച്ചമ്പകച്ചോട്ടിൽ വെച്ചു തന്തല വെട്ടുവാൻ. 67

തല വെട്ടാനൊരുമ്പെട്ടതീക്ഷിച്ചുദ്യാനദേവത,
'പുമാനേ, സാഹസം ചെയ്യായ്‌കെന്നുരച്ചാൾ, ശുചാർത്തയായ്.

വിറച്ചു മത്താളിരവാൽ വിലപിച്ചു നരേന്ദ്രനെ
വിലക്കി, ചെന്തളിർക്കൈകളിളക്കി നവവല്ലികൾ! 69

തീർപ്പിളക്കാതെയുദ്യാനദേവിയെക്കനിയിച്ചവൻ
തെളിഞ്ഞു ബോധി കൈക്കൊണ്ടു പൂണ്ടാനൊരു സമാധിയെ. 70

"ഈ രത്നഗർഭപ്പൂങ്കാവിൽ, സ്സത്ത്വസന്താരണത്തിനായ്
ശാസ്താവിൻ സ്തൂപമൊന്നുണ്ടായ് വരട്ടേ, സുകൃതോന്നതം! 71

ഞാനീ നിനവിനാലെന്തു പുണ്യം ചെറുതു നേടിയോ,
അതുകൊണ്ടു ഭവാന്മുക്തരാക, പാരിൽശ്ശരീരികൾ" 72

ഏവം ധ്യാനിച്ചു, തലയച്ചമ്പകത്തിന്റെ കൊമ്പുമേൽ
വാർകുന്തലാൽക്കെട്ടിയറുത്താരന്നേകിനാൻ നൃപൻ! 73

അരചനുടെയിസ്സത്ത്വോത്സാഹപ്രബുദ്ധസമാധിയാൽ
ദിശി ദിശി പരന്നെത്തും പുണ്യാവദാതമരീചിയാൽ
മതിമറവിരുൾക്കൂട്ടം നീങ്ങി, ജ്ജനങ്ങളഥ ക്ഷണാൽ
ഭവപരിചയക്ലേശം കൈവിട്ടു നിർവൃതി നേടിനാർ! 74

എന്നു മുൻജന്മചരിതം കഥിച്ചു ഭഗവാൻ ജിനൻ
ഭിക്ഷുക്കൾക്കു മഹാദാനധർമ്മദേശന നൽകിനാൻ. 75

ചന്ദ്രപ്രഭാവദാനം

അഞ്ചാം പല്ലവം

## ആറാം പല്ലവം

### ബദരദ്വീപയാത്രാപദാനം

ദാനോദ്യതന്മാര,തിവീര്യവാന്മാർ,
വിശാലസത്വാബ്ധികൾ, ശുദ്ധചിത്തർ,
മഹത്തരോത്സാഹർ പരക്കുവേണ്ടി-
യചിന്ത്യവും ചെയ്തരുളുന്നു ഹാ ഹാ!!

ലീലാമാളികപോലെ, വാനിലുരസ്സും നാശ്വഭ്രശൈലങ്ങളും,
കാലിക്കൊച്ചടിപോലെ,വീചിയിളകിപ്പൊങ്ങും സമുദ്രങ്ങളും
ചാലേ വിട്ടുകണക്കെ കാട്ടുപുറവും കേറിക്കടക്കും കളി-
ച്ചേലുൽകൃഷ്ടപുമാന്റെവീര്യമികവിൻസത്വോപാർജിതത്ത
ള്ളലാം 2

പുരാ ശ്രാവസ്തിയിൽപ്പൌരന്മാർ തന്നജ്ഞാനമാമിരുൾ
ഉപദേശവെളിച്ചത്താലകററീ, ഭഗവാൻ ജിനൻ. 3

ഒരിയ്ക്കൽ മഗധത്തിങ്കൽനിന്നു സാർത്ഥാനുയാതനായ്
ഭിക്ഷുസംഘത്തോടും പോന്നാൻ സ്വയം കാൽനടയായവൻ. 4

ധനിസാർത്ഥാനുഗനവൻ കാട്ടിലൂടേ ഗമിയ്ക്കവേ,
കണ്ടുമുട്ടി വിചാരിച്ചാർ, സാലാരണ്യസ്ഥർ തസ്കരർ:— 5

"മുമ്പേ പോകട്ടെ,ഭഗവാനിവൻ, സത്വഹിതോദ്യതൻ;
പിന്നെപ്പിടിയ്ക്കാം നമ്മൾക്കു, ധനാഢ്യവണിഗാളിയെ" 6

അവർതന്നുള്ളറിഞ്ഞിട്ടു സർവജ്ഞൻ ഭഗവാനുടൻ
'എന്തിതെന്നാനവരൊടു, ഭാവം മാറാതെ സസ്മിതം. 7

അപ്പോൾ മധുരമായ്ച്ചൊന്നാർ ഹൃത്സന്താപം വെടിഞ്ഞവർ
തൽപ്രസാദസ്മിതാലോകാലിതുളുററവർ പോലവേ:— 8

"ഭഗവാനേ, കെട്ടുപെട്ടുപ്പിതു ഞങ്ങൾക്കു, കർമ്മജം;
ക്രൂലിയില്ലുഴവില്ലന്യരക്ഷയില്ലില്ല ഭൈകമതൽ! 9

ക്രൗര്യമെങ്ങൾക്കു സഹജം; സ്വതവേ; കലുഷം, മനം
എന്തു ചെയ്യാം: കൃതഘ്നരല്ലോ ദേവ, വാസനതൻമൂലം 10

അതിനാലെങ്ങൾതൻ കൊററുകളയായ്ക്കെഴുന്നള്ളിടാം:
നീ പോയാൽക്കവരാമെങ്ങൾക്കീ, വണിഗ്ദ്രവ്യമൊക്കെയും". 11

ഈവച്ചൊൽ കേട്ടിട്ടു കാരുണ്യംനിറഞ്ഞ ഭഗവന്മനം;
ക്ഷണനേരമൊന്നൂഞ്ഞാലിൽക്കേറിയാടുന്നമട്ടിലായ്! 12

പിന്നെസ്സാർത്ഥധനം സർവമെണ്ണിയിട്ട,തിനൊപ്പമേ
നല്കി ചോരർക്കു ക്ഷണത്തിൽക്കൈവന്ന നിധിയാലവൻ! 13

അതിൻക്രമത്തിലേ,വീണ്ടും തൻപോക്കവരവാൽപ്പഥി
അറുവട്ടമവർക്കേകി ധനം, സാർത്ഥവാനത്തിനായ്! 14

വീണ്ടും സംസർഗനദ്രേഹമാവഴിയ്യെഴുന്നള്ളവേ
ചോരർക്കുതോന്നി,യവരെയൂണിന്നായി ക്ഷണിയ്ക്കുവാൻ: 15

കണ്ടാൽത്തരുന്നു വൈമല്യം, സംസാരിയ്ക്കുകിൽ നന്മയും;
വിടാതെ ചേർന്നാൽ സ്സുജനം സന്മാർഗ്ഗച്ചിറയായ്വരും! 16

അങ്ങു തിര്യക്സ്ഥിതിയിൽനിന്നവർതൻ ചെയ്തിയൊക്കയും
വിശുദ്ധമാക്കി, ദുഷ്കടെല്ലാമകററിബ്ഭഗവാൻ ജിനൻ. 17

നിയതാത്മാക്കളാമേവർക്കിരിപ്പൂ നാലു കൈമുതൽ:
അർത്ഥചര്യ്യ, സമാനാർത്ഥഭാവം, ത്യാഗം, പ്രിയോക്തിയും; 18

സത്ത്വാഢ്യരാമെവർക്കോ നാലെണ്ണം ബ്രഹ്മവിഹാരമാം
കരുണാ–മുദിതോ–പേക്ഷാ–മൈത്രീസമഭിധേയമായ്; 19

മഹാത്മാക്കളെവർക്കുള്ളിൽ നില്പൂ കുശലമൂലമായ്,
അലോഭ,മപരിദ്വേഷ,മമോഹമിവ മൂന്നുമേ; 20

ദാനശീലക്ഷമാവീര്യ്യധ്യാനപ്രജ്ഞാഢ്യരഞ്ജിനർ,
ഉപായപ്രണിധിജ്ഞാനബലസംശ്രിതമാനസർ; 21

പരിത്രാണൈകവീരന്മാർ, നിത്യമഭയവാദികൾ,
വിദ്യാത്രയപ്രദീപ്തന്മാർ, ചതുർവൈമല്യശാലികൾ; 22

പഞ്ചസ്കന്ധവിമുക്തന്മാർ, ഷഡായതനഭേദികൾ,
സപ്തബോധ്യംഗയുക്തന്മാരാര്യാഷ്ടാംഗോപദേശികൾ; 23

നവസംയോഗരഹിതർ സദാ ദശബലാത്മകർ
അറിഞ്ഞീടാത്തതായ്പ്പാരിലെന്തുള്ളു ജനചേഷ്ടിതം? 24

തല തൃക്കാല്ക്കലൊട്ടിയ്ക്കുമവരിൽക്കൃപ വായ്ക്കയാൽ
'ആമെ'ന്നുചൊല്ലീ ഭഗവാന,വരുൺമാൻ ക്ഷണിച്ചതിൽ. 25

തദ്ദർശനത്താൽ നിഷ്പാപരായോരവർ യഥാവിധി
അർപ്പിച്ചു ഭോജ്യമെല്ലാമേ കൈക്കൊണ്ടാൻ ഭിക്ഷുസംവൃതൻ. 26

പിന്നെത്തൽപ്രണിധാനത്താൽ ജ്ഞാനാലോകശലാകയാൽ
കണ്ണുനന്നായ്ത്തുറക്കപ്പെട്ടവർ കണ്ടു വെളിച്ചവും: 27

അപ്പോഴേ ശുദ്ധവൈരാഗ്യപക്വരായ്, സുപ്രസാദരായ്
പ്രവ്രജ്യായോഗവുംനേടി,പ്പാരിൽസ്സംപൂജ്യരായ,വർ! 28

അവക്കക്കുശലം പെട്ടെന്നഗ്രേ വന്നതു കാൺകയാൽ,
'എന്താണിതെ'ന്നാർ ഭിക്ഷുക്കൾ; ഭഗവാനരുളീ തദാ:— 29

"എനിയ്ക്കിവരൊടിച്ചേർച്ച, സാർത്ഥരക്ഷകൾ വാങ്ങലാൽ,
ദീപയാത്രയിലുണ്ടായിട്ടുണ്ടു, മററു പിറപ്പിലും: 30

കാശിയെന്നുണ്ടൊരു പുരി, കൌശലശ്രീകളിസ്ഥലം,
വിധിതീർത്ത മഹാസ്വർഗ്ഗമാർഗ്ഗത്തിൻെറയതിർത്തിയായ്! 31

അങ്ങ,ലക്കൊണ്ടൊഴുകിടും തെളിവിൺപുഴയെപ്പൊഴും,
ദയപോലേ പ്രസാദിപ്പിയ്ക്കുന്നു ദേഹിമനസ്സിനെ. 32

അഹിംസപോലെ സത്സേവ്യ; വിദ്യപോലെ ബുധാദൃത;
ക്ഷമപോലെ സമസ്തർക്കും സുഖവിശ്രമമന്ദിരം. 33

അങ്ങുദ്യൽകമലാവാസൻ ബ്രഹ്മദത്താഹ്വയൻ നൃപൻ
ബ്രഹ്മാഭൻ പാരു മുപ്പാരുപോലെ രക്ഷിച്ചുവാണനാൾ: 34

ഉണ്ടായിരുന്നു, സാർത്ഥാഗ്ര്യൻ പ്രിയസേനാഖ്യനാമൊരാൾ,
ജലങ്ങൾക്കാഴിപോലർത്ഥങ്ങൾക്കിടം ധനദോപമൻ. 35

അവനുണ്ടായി സൌജന്യാവാസമാം സൂനു, സുപ്രിയൻ:
ഗുണവൃന്ദമവങ്കൽച്ചെന്നിരുന്നിട്ടു കൃതാർത്ഥമായ്! 36

ദാനശീലക്ഷമാവിദ്ധ്യാനപ്രജ്ഞാഢ്യനാമവൻ,
പുണ്യശ്രീയെപ്പകിട്ടാനോ സൃഷ്ടനായി വിരിഞ്ചനാൽ! 37

ആ മഹാശയനിൽച്ചേർന്നു വിദ്യാകലകളൊക്കയും,
മഹാബ്ധിയിൽപ്പുഴകൾപോലുദാരരസശുഭ്രകൾ. 38

ഗുണഭൂഷിതചാരിത്രൻ, ലക്ഷ്മാഞ്ചിതവപുസ്സവൻ;
പുരുഷോത്തമകാമത്താൽച്ചേർന്നു ശ്രീയാ,സ്സവാർഹനിൽ! 39

കാലേന തതേൻ പുണ്യത്താൽക്കൊണ്ടു വിണ്ണിൽഗ്ഗമിക്കയാൽ,
അവൻെറ ചുമലിൽക്കേറിക്കൂടി, കാൎയ്യങ്ങളും തൻഭരം. 40

അവൻ നിനച്ചു:—“വലുതാണീയെൻവിത്തം, ക്രമാഗതം;
എങ്കിലും പോരയെന്നാവാം യാചകൎക്കൊക്കെ നല്കുവാൻ. 41

പൂൎവ്വാർത്ഥിഭുക്തിയാൽ, ശ്ലേഷിച്ചോൎക്കു നിഷ്ഫലയാവുകിൽ;
അസ്സൽപ്പുരുഷസമ്പത്തെന്തിന്നാം, മഹതിയാകിലും? 42

രത്നാകരത്തിന്നു വൃഥാ നല്കീ പെരുമ നാന്മുഖൻ:
ഇപ്പൊഴും തൃപ്തനാക്കപ്പെട്ടീലേകൻ ബാഡബാർത്ഥിയും! 43

അഥവാ, വൻനിനവെഴുമൎത്ഥിയ്ക്കാർതൃപ്തി ചേൎത്തിടും?
അഗസ്ത്യന്നാചമിപ്പാനേ മതിയായുള്ളു സാഗരം! 44

ചെയ്‌വനെന്തി?-തുവൻ ദുഃഖം: ശ്രീയൊടന്നർത്ഥികളായിരം;
കിട്ടുന്നീലർത്ഥിവൎഗ്ഗത്തെ മുഴുവൻ പോററുവാൻ ധനം. 45

‘അഞ്ചാറുപേൎക്കേ സംതൃപ്തിചേൎത്തേൻ ശ്രീ-കൌസ്തുഭാദിയാൽ’
എന്നോൎത്തോ കടലിന്നിന്നുമുറച്ചൂടൌൎവ്വാഗ്നിദീപ്തിയാൽ! 46

അതിനാൽ നേടുവൻ യത്നിച്ചെണ്ണമില്ലാദ്ധനത്തെ ഞാൻ
സഹിയ്ക്കുവയ്യ പിൻവാങ്ങുമൎത്ഥിതൻ ചുടുവീൎപ്പിനെ” 47

എന്നേറെനേരം ചിന്തിച്ചു, വലുതാം സാർത്ഥമൊത്തവൻ
രത്നദ്വീപപുരേ ചെന്നു രത്നമാർജ്ജിച്ചുകൂട്ടിനാൻ. 48

പിന്നീടു തിരികെയപ്പോരും കൃതാർത്ഥനവനെപ്പഥി
കണ്ടെത്തി, സാർത്ഥസമ്പത്തു കവരും കാട്ടുതസ്കരർ. 49

തട്ടിപ്പറിക്കാരവർതൻ സാഹസച്ചെയ്തി കണ്ടവൻ
തന്റെ സർവ്വസ്വവും നൽകി രക്ഷിച്ചു, കൂട്ടുകാർകളെ. 50

വീണ്ടുമിത്തോതിലേ, രത്നദ്വീപയാതാഗതങ്ങളിൽ
നല്കീ ചോരർക്കാറു വട്ടം, സാർത്ഥത്രാണത്തിനായ്ധനം. 51

*    *    *    *    *    *    *
*    *    *    *    *    *    * 52

അവൻ നിനച്ചു:—"ഞാനെത്ര ധനം കോരിക്കൊടുക്കിലും,
പിന്മാറുന്നീലഹോ, തട്ടിപ്പറിത്തൊഴിലിൽനിന്നിവർ! 53

'ലോകം നിറയ്ക്കാം മുതൽകൊണ്ടെ'ന്നു നൂരുമൊന്നാഞ്ഞാൻ
ഹന്ത, തൃപ്തിപ്പെട്ടതില്ലീ,പ്പാവപ്പെട്ടുള്ള ചോരരെ! 54

ഇല്ല, വേണ്ടെന്നൊരുത്സാഹം; വാക്കുമാറിപ്പറഞ്ഞിടും;
മേനിസ്ക്കു ശപഥം ചെയ്യും—ഛരി; മേ പിറവി കുത്സിതം!" 55

ഇമ്മട്ടനുശയത്തിയ്യിൽ വെന്തു ചിന്തിച്ചുകൊണ്ടവൻ
കഴിച്ചു വിജനേ രാവൊ,ന്നൊരു നൂറാണ്ടുപോലവേ! 56

മാൽച്ചേറാണ്ട ഗജേന്ദ്രൻപോലചേഷ്ടം നെടുവീർക്കവേ
കിനാവിലവനോടോതീ, മഹേശാഹ്വയദേവത:— 57

"വ്യസനിയ്ക്കായ്ക സുമതേ, വൃഥാ ദേഹം വരട്ടുവാൻ:
സച്ചിന്തയിൽക്കേറിയ നിന്നഭീഷ്ടം നിറവേറിടും. 58

പണിപ്പെട്ടുദ്യമിയ്ക്കുന്ന ധീരർക്കു ലഭിയാത്തതായ്
ഒന്നില്ലിബ്ഭുവനത്തിങ്കൽ, സ്വപ്നസങ്കല്പദുർല്ലഭം! 59

ഇതൊററബ്രാഹ്മണനുടെയേതോ നിസ്തുല്യശക്തിയാം:
ഒരിററുതുള്ളിനാൽത്തന്നേ വിന്ധ്യൻ മണ്ണോടുചേർന്നുപോയ്! 60

കണ്ടകന്നു നികന്നീടും, ദൂരം ചാരത്തു വന്നിടും
ജലം നിലവുമാം, കാര്യകാലത്തു പെരിയോർക്കഹോ! 61

പരാർത്ഥമിത്തവാരംഭ,മീഷലില്ല, ഫലിയ്ക്കുമേ:
മറിച്ചുതോന്നും സന്ദേഹംവരില്ലാ, സത്ത്വവൃത്തിയിൽ. 62

രത്നങ്ങൾ, വാനോർ സേവിച്ച ബദരദ്വീപിലുണ്ടഹോ!
അവററിലൊന്നിൻ മികവേ പോരും: മുപ്പാർ നിറയ്ക്കുവാൻ! 63

മർത്ത്യസ്ഥലങ്ങൾക്കുപരി മഹത്താമശ്രുഭസ്ഥലം
കണ്ടെത്തില്ല വിസത്ത്വന്മാരി,ല്ലനാഹിതചിത്തരും! 64

ത്യജിയ്ക്ക ദുഃഖം മകനേ; പേർത്തുറപ്പിയ്ക്ക ബുദ്ധിയെ;
ബദരദ്വീപയാത്രയ്ക്കു കൈക്കൊള്ളുക സമുദ്യമം. 65

കേള,ങ്ങുചെല്ലുവാൻ മാർഗ്ഗം ചുരുക്കത്തിൽ യഥാക്രമം;
സ്ഫീതസത്ത്വപ്രഭാവൻനീ പോരും സംസൃതിപിന്നിടാൻ. 66

ഉണ്ടു പശ്ചിമദിക്കിങ്കലെ,ഴുന്നൂർ വൻതുരുത്തിനും
ഏഴു വൻപർവതങ്ങൾക്കും പിമ്പേഴാററിനുമപ്പുറം- 67

പ്രതിലോമാനുലോമാഖ്യമായുള്ളൊരു മഹാർണ്ണവം;
അതിൻകാററനുകൂലിയ്ക്കും, ധന്യന്നക്കരെപാറുവാൻ. 68

പിന്നെ, ത്രേപേരിലാം ശൈലം കാററാൽത്തിമിരമോഹദം,
സ്വാസ്ഥ്യം കണ്ണിന്നു നല്കാനുണ്ടങ്ങ,മോഘമൌഷധി. 69

പിന്നാവർത്തക്കടലാ:-തിൻ വൈരംളക്കാററിനാൽ ജ്ജനം
ചുഴിയേഴിൽത്തുഴലോം മുങ്ങിപ്പൊങ്ങിയേ കരപററിട്ടു. 70

പിന്നാവർത്താദ്രി:-യങ്ങുണ്ടു വാഴ്വൂ വാനോർക്കഭീതിദൻ,
ഘോരൻ,പ്രാണഹരൻ,ശംഖനാഭനെന്നൊരു രാക്ഷസൻ. 71

അങ്ങു കൃഷ്ണാഹിവൃതയാം ശംഖനാഭിമഹൌഷധി
പുണ്യശാലിയെ രക്ഷിയ്ക്കും,തല-കൺകളിൽ വെയ്ക്കുകിൽ. 72

പിന്നെ,നീലോദമാമബ്ധി:—യങ്ങു രക്താക്ഷരാക്ഷസൻ
* * * * * * * * 73

പിന്നെ നീലോദമാം ശൈലം: പാർപ്പുണ്ടങ്ങെരികണ്ണുമായ്,
അഞ്ചുമക്കന്മാരൊത്തു നീലഗ്രീവനിശാചരൻ. 74

അങ്ങമോഘൌഷധിയ്ക്കുണ്ടു കാവലായൊരു പന്നഗം,
കണ്ണുത്തുതൊടൽപല്ലാലേ വിഷത്തീ വീശുവാൻ സദാ. 75

ഉപോഷധവ്രതസ്ഥനും കരുണാമൈത്രവാനുമേ
പറിയ്ക്കാം,കൃഷ്ണസർപ്പത്തെപ്പോക്കിയിട്ടമ്മഹൌഷധി. 76

അതു കണ്ണെഴുതിച്ചൂടി,ക്കടന്നീടുന്നു പുണ്യവാൻ
നിഷ്ഫലശ്ലക്ഷ്ണഗുഹമാമാ രക്ഷസ്സങ്കടാദ്രിയെ. 77

പിന്നെ വൈരംഭമാമദ്രി:—യതിൻതാഴേ വടക്കിടം
ഘോരതാമ്രാടവി,മഹാസാലകാനനശാലിനി. 78

താമ്രാക്ഷമെന്നൊരു പെരുംപാമ്പുണ്ടങ്ങു സഹസ്രഹം:
അതിൻകടുമണം കൊണ്ടാൽജ്ജീവിയ്ക്കാ, വായുപോലുമേ! 79

ഷൺമാസനിദ്രാലുവതിൻവായ്നീർ പോമൊരു യോജന;
പശിച്ചുടാൽക്കുറഞ്ഞീട്ടു, മാറുമാസമുണർച്ചയിൽ. 80

കൽമുളങ്കാടടപ്പാർന്ന പെരുംഗുഹ തുറന്നുടൻ
ഇരവും പകലും കത്തുമഞ്ജനൌഷധി നേടണം; 81

ജപിക്കേണമവൈരാഖ്യബ്രഹ്മവിദ്യ—വരാ ഭയം,
അഘോരാജഗരത്താലോ, മറ്റൊരുഗ്രജ്ജന്തുവിനാലെയോ! 82

അപ്പുറം മുളമുള്ളങ്ങും നിറഞ്ഞേഴു മഹാദ്രിയെ
ചെമ്പോലയാം ചെരിപ്പിട്ടു കടക്കും, വീര്യശാലികൾ. 83

പിന്നീടൊരിലവിൻകാട്ടുമപ്പുനീർപ്പുഴയേഴുമേ
കടന്നുപോയ്ത്രിശങ്കാഖ്യതുംഗശൈലത്തിലെത്തിടാം. 84

അങ്ങു, വജ്രത്തെയും കീറും ത്രിശങ്കാഖ്യമുള്ളുകൾ
നിറഞ്ഞുകേറാ, ചെമ്പോലച്ചെരിപ്പുടയ കാല്കളിൽ. 85

ത്രിശംകുവിന്ന പുഴയുണ്ടു,ഞായസ്സുംകശൈലവും,
അങ്ങുപസ്കീലനദിയും,പിന്നെ ഖിസപാഖ്യയാം നദി. 86

പിമ്പഷ്ടാദശവക്ത്രാഖ്യ,മാപത്തില്ലാത്ത പർവതം,
അതേ പേരാർന്ന നദിയു;-മപ്പുറാ ശ്ലക്ഷ്ണശൈലമാം. 87

പിന്നീട്ടു ധൂമനേത്രാർദ്രി, ധൂമനിർദ്ദഗ്ദ്ധദിക്തടം
കണ്ടാൽ-തൊട്ടാൽ വിഷംവീശും ക്രൂരസർപ്പങ്ങളാൽ വൃതം:

മീതേ സരസ്സൊന്നിനകത്തുണ്ടൊ, രശ്മപ്പുതംഗുഹ;
അതിൽ ജ്യോതീരസമണി, സഞ്ജീവനിമരുന്നുമേ. 89

ഗുഹ ഭേദിച്ചതു തവ വയർ കൈകാല്കു തേയ്ക്കുകിൽ,
മന്ത്രവും ചൊല്ക്കിൽ, വഴിയിൽ ക്രൂരസർപ്പങ്ങൾ നേരിടാ. 90

പിമ്പു,ക്രൂജന്തുക്കൾ നിറഞ്ഞെഴാശീവിഷപർവതം;
അതേമട്ടില,പാരാംബുസമ്പത്തുകൾ സരിത്തുകൾ; 91

പുണ്യങ്ങൾകൊണ്ടിതൊക്കെപ്പിന്നിട്ടാൽ,പ്പരഹിതോദ്യതൻ
ശൃംഗത്താൽ ദ്യോവിനെപ്പുല്കും സുധാശൈലം കരേറിടും. 92

അതിൻ പടിഞ്ഞാറുവശത്ത,മർകോൻപുരി പോലവേ,
കാണാം പുരം രോഹിതകം, കല്പവൃക്ഷോപശോഭിതം. 93

അങ്ങുണ്ടൊരു വണിക്സംഘത്തലവൻ, സത്യനിർഭരൻ;
മഹാഢ്യൻ, മഘവത്തുല്യൻ, സർവഭൂതഹിതോദ്യതൻ. 94

ബദരദ്വീപഗമനോദ്യതനായ ഭവാനവൻ
ചൊല്ലിത്തരും മാർഗ്ഗമെല്ലാം, ദേശജ്ഞനമലാശയൻ.” 95

എന്നു സുപ്രിയനെത്തക്ക ശുഭവ്യവചനങ്ങളാൽ
പ്രോത്സാഹിപ്പിച്ചു, പെട്ടെന്നു മറഞ്ഞരുളി ദേവത. 96

ഉണർന്നിട്ടൊ,ക്കെയുണ്മയെന്നാലോചിച്ചു സുപ്രിയൻ,
സത്വമേറിപ്പുറപ്പെട്ടാൻ നിജോത്സാഹപുരോഗനായ്. 97

ക്ലേശങ്ങൾ നോക്കി,യച്ഛൊന്ന വഴിക്കേ നടകൊണ്ടവൻ
പുണ്യത്താൽ,പ്പന്തിരണ്ടാണ്ടാൽപ്പൂകീ, രോഹിതകം പുരം. 98

എന്നാലന്നാളു,വിധിയാൽ,വാണിജത്തലവൻ മഘൻ
ഒരു ദുസ്സഹരോഗംപെട്ടസ്വാസ്ഥ്യത്തിൽക്കിടക്കയാം. 99

തന്മൂലം കോയിൽനേർവീട്ടിൽ പ്രവേശം ലഭിയായ്കയാൽ
പാർത്താനതിൻപടിക്കൽത്താൻ,കാര്യ്യസിദ്ധിയ്ക്കുസുപ്രിയൻ.

പിന്നെ വൈദ്യന്റെ നിലയിൽ പ്രവേശം നേടിനാനവൻ:
പ്രയോജനോക്തിപ്രതിഭയാരാലാദൃതമായിടാ? 101

രോഗിക്കായുസ്സരക്കൊല്ലമെന്നു ദുർല്ലക്ഷണങ്ങളാൽ
കണ്ടിട്ടു ചിന്തയിൽപ്പെട്ടാനായുർവേദജ്ഞനാമവൻ. 102

പ്രായഃ പഥ്യപ്രിയമരുന്നേകിപ്പരിചരിക്കയാൽ,
അവനുചിലനാൾകൊണ്ടേ പ്രിയനായ്ത്തീർന്നു, സുപ്രിയൻ.

ആ പ്രീതിയാൽമഘന്നിഷ്ടപ്പെട്ടതായ്,തച്ചികിത്സിതം:
വല്ലതും വല്ലഭൻ കൊണ്ടുവന്നതൊട്ടുക്ക ഹൃദ്യമാം! 104

പ്രിയശുശ്രൂഷയാൽ മാറിത്തുടങ്ങി, മഘനാമയം:
ആധി സത്സംഗമാൽനീങ്ങും;വ്യാധിയപ്പോളത്തകർന്നുപോം!

സ്നേഹാൽവിശ്വാസമാർജ്ജിച്ചു,പിന്നെത്തൻകഥചൊല്ക്കവേ
വൃത്താന്തമെല്ലാം മഘനെദ്ധരിപ്പിച്ചിതു സുപ്രിയൻ. 106

പരാർത്ഥം ബദരദ്വീപയാത്രോത്സാഹമചഞ്ചലം
ആ മഹാശയനിൽക്കണ്ടുചൊന്നാൻ വിസ്മിതനായ്മഘൻ:—

“നിസ്സാരമാമിസ്സംസാരത്തിങ്കലാഹന്ത, സാരമായ്
ജനിപ്പു, ചില രത്നങ്ങൾ, പരരെപ്പററിയോർക്കുവാൻ! 108

പുത്തൻവയസ്സു,ചേലുററ മെയ്, പരാർത്ഥരതം മനം—
ഭവാന്നേ ചേർന്നതി,പ്പുണ്യോചിതമാം ഗുണസംഗമം! 109

ഇത്രയും വഴി പിന്നിട്ടു വന്നല്ലോ നീ പരാർത്ഥമായ്;
ചെയ്യാം ഭവാനു സാഹായ്യ;-മെന്നാലൊരതിരോഗി ഞാൻ!

നിശ്ചിതാവധിയിൽപ്പോകാതിരിക്കാ, ദേഹികൾക്കുയിർ!
നിൻതീർപ്പു നിറവേററട്ടെയെൻപ്രാണൻ,പോക്കിലെങ്കിലും·

ഇതിന്നി,തിന്നെന്ന ചെലവൊക്കെ ച്ചെലവു തന്നെയാം;
പരാർത്ഥം പ്രാണനും പോക്കും ചെലവോ, കോടിലാഭമാം: 112

ഞാൻ കണ്ടിട്ടില്ല ബദരദ്വീപെ,ന്നാൽ കേട്ടിരിപ്പു ഞാൻ;
അറിയാമദ്ദിഗ്ഭാഗങ്ങളോ,രോചിഹ്നങ്ങളാൽ മമ.” 113

എന്നോതി,ബ്ബന്ധുവാക്യംകേൾക്കാതേ, രാജസുഹൃത്തവൻ,
ചെയ്തു സുപ്രിയനൊന്നിച്ചു,കപ്പ്വിന്നു സുമംഗളം. 114

എന്നിട്ടു കപ്പലിൽക്കേറിയിരുപേരാ മഹാശയർ
കാററിൻെറയാനുകൂല്യത്താൽപ്പോയാർ,നൂറു യോജന. 115

ഓരോരോ ദിക്കിലോരോരോ നിറമാഴിയ്ക്കു കാൺകയാൽ
‘എന്താണിതെ’,ന്നാൻ മഹാനാടന്തഃകൌതുകി സുപ്രിയൻ. 116

“ഉണ്ടഞ്ചു ലോഹശൈലങ്ങളിസ്സമുദ്രജലാന്തരേ,
ഇരിമ്പു-ചെമ്പു-രജത-സ്വർണ്ണ-രത്നമയങ്ങളായ്”. 117

അവതൻ ദ്യുതിയാലത്രേ, വർണ്ണഭേദം പദേ പദേ
കാൺമൂ, ദീപ്തൌഷധിച്ചാർത്തുമൂലംകൊള്ളുന്നിപ്പയോധിയിതു”

എന്നോതി, രോഗം വർദ്ധിച്ചു മഘൻ കാലസമാപ്തിയാൽ
മരിച്ചുപോയ്, ജീവിതത്തെ യശസ്സിൽ നിലനിർത്തിയോൻ!

സുമഹാത്മാക്കൾതൻ സത്ത്വം വജ്രപ്പശയിലും ദൃഢം,
ആയുസ്സുമപ്പടിയല്ലാകിലെന്തസാദ്ധ്യം ജഗത്തിതിൽ? 120

കപ്പൽ തീരത്തടുപ്പിച്ചു സംസ്കരിച്ചാൻ സുഹൃത്തിനെ;
തദ്വിയോഗജമാം ദുഃഖമടക്കിക്കൊണ്ടു സുപ്രിയൻ: 121

ആലംബമില്ലാക്കാലത്തു കർത്തവ്യത്തിലുറപ്പുതാൻ,
സത്യോത്സാഹമഹാത്മാക്കളുടെ മുന്തിയ ലക്ഷണം! 122

പിന്നെയും കപ്പലിൽക്കേറിയലയാഴി കടന്നവൻ
രത്നാദ്രിയ്ക്കരികത്തൂടെയൊരുഗ്രാടവി പൂകിനാൻ. 123

വിയോഗമോ, ഭയപ്പാടോ, മാററാരുടെ വെറുക്കലോ,
രോഗമോ, ക്ലേശമോ താഴ്ത്താ പെരിയോർതൻ മനസ്സിനെ!

കണ്ടാനങ്ങംബരേ മുട്ടിട്ടിക്കൊട്ടുക തടഞ്ഞതായ്
കേറാവല്ലാത്തൊരചലം, വിഘ്നത്തിൻ മൂർത്തിപോലവേ! 125

ഞെളിഞ്ഞ മൂർഖൻ പോലുള്ളാ മലകണ്ടന്നപായനായ്,—
താഴേ തളിർവിരിച്ചുള്ളും കിടന്നോർത്തീടിനാനവൻ:— 126

“അയ്യോ, ഞാൻപോന്നതിൽപ്പിന്നെക്കാലമെത്രകഴിഞ്ഞു-
പോയ്
കേൾക്കുന്നതില്ല ബദരദ്വീപിൻ പേരുമാരേവും! 127

മമ പുണ്യങ്ങളാൽക്കൈവന്നൊരുത്സാഹസഹായവും,
ചങ്ങാടം പോലകാലത്തു കർമ്മോർമ്മിയിലുടഞ്ഞുപോയ്! 128

ഇല്ലിങ്ങുപായമെന്നാലും, മഹോത്സാഹത്തിൽനിന്നു ഞാൻ
പിൻവാങ്ങാ: വന്നുകൊള്ളട്ടേ സിദ്ധിയോ മൃത്യു തന്നെയോ! 129

പ്രാണൻ പരോപകാരാർത്ഥം ചെലവാകുന്നതേതിലോ,
അജ്ജന്മമൊന്നേ മൂപ്പാരിൽപ്പൂജാർഹം, ജന്മയാത്രയിൽ!" 130

എന്നാങ്ങസ്സത്യസന്ധന്റെ ചിന്താകുലത കണ്ടുടൻ
ചാരേ ചെന്നോതി, നീലാഖ്യനൊരു യക്ഷനഗസ്ഥിതൻ.— 131

"കിഴക്കോട്ടൊരുകാതം പോയ്, മൂന്നദ്രിശിഖരങ്ങളിൽ
ചൂരൽക്കോണിയിലൂടേ ചെന്നേറിയിട്ടു ഗമിയ്ക്ക നീ." 132

എന്നു യക്ഷോപദേശത്താലമ്മാമല കടന്നവൻ
കണ്ടു മുന്നിലൊരുത്തുംഗശൃംഗമാം സ്ഫടികാചലം: 133

അതൊററ വെണ്ണക്കല്ലൊത്തു, പക്ഷികൾക്കും ദുരാപമാം;
അങ്ങവന്നിത്തിരിയിട നീങ്ങാതായ്പ്പോയ് മനോരഥം! 134

തൻചിന്തിതംപോലചലമതനാലംബ, മുന്നതം;
ഇത്തു ചിന്തിച്ചവനൊരു ചിത്രത്തെപ്പോലെയായ് ചിരം! 135

അപ്പോൾ, ചന്ദ്രപ്രഭൻ യക്ഷൻ ഗിരിഗഹ്വരസംസ്ഥിതൻ
സമീപിച്ചമ്മഹാസത്ത്വനോടു ചൊന്നാൻ സവിസ്മയം:— 136

"കിഴക്കോട്ടു വിളിപ്പാടുപോയാൽക്കാണാം നവാഭമായ്,
തെക്കാററിൽ വല്ലികൾ ചലിപ്പൊരു ചന്ദനകാനനം. 137

അങ്ങുണ്ടൊരു ഗുഹയ്ക്കുള്ളിൽ പ്രസരാഖ്യമഹൌഷധി;
വൻകല്ലു നീക്കിനോക്കുമ്പോൾ തങ്ങൾക്കതു കിട്ടുമേ: 138

തൽപ്രഭാവാൽ വെളിച്ചം വന്നീടുണ്ടായും സ്ഫടികാദ്രിമേൽ,
സോപാനംവഴിയായ്ക്കേറിപ്പോയ്ക്കൊൾക നിന്ദ്യാഗതിയ്ക്കുടൻ.

തൽക്ഷണേ മറയും,കാര്യം തീർന്നപോലമ്മഹൌഷധി;
മാഴ്കായ്കതിൽ: ക്ഷണികമാം മിന്നലല്ലോ പ്രിയാപ്തികൾ." 140

എന്ന യക്ഷോപദേശങ്ങളനുഷ്ഠിച്ചവനദ്രിയെ
പിന്നിട്ടു മുന്നിലായ്ക്കണ്ടാൻ ഹേമമന്ദിരമാം പുരം: 141

മേരുശൃംഗാവൃതംപോലേ,തേജസ്സൃഷ്ടം കണക്കിനേ;
സർവാശ്ചര്യകൃതംപോലെ കണ്ടവൻ വിസ്മയിച്ചുപോയ്. 142

പടി വൻപൊൻകതകിനാകൊണ്ടടച്ചിട്ടതാമതിൽ
അളനക്കങ്ങൾ കാണാഞ്ഞു വനാന്തേ മേവിനാനവൻ. 143

അപ്പോൾ പകൽകഴിഞ്ഞർക്കൻപുക്കാനസ്താചലാന്തികം
അനന്തപഥസഞ്ചാരാൽതളർന്നോനെന്നപോലവേ! 144

അംശുമാനസ്തമിച്ചാറേ പുറപ്പെട്ടു നിശാംഗന;
മെല്ലെത്താരേശനെത്തേടാനഭിസാരിക പോലവേ! 145

പിന്നെത്തെളിവെളിച്ചംകൊണ്ടാശയെല്ലാം നിറയ്ക്കുവാൻ
ഉദിച്ചു ബോധിസത്ത്വൻപോല,ശീതാംശു സുനിർമ്മലൻ. 146

പരന്നു ചന്ദ്രിക തമോഭരമൊട്ടുക്കകററിയും;
ചിത്തത്തെയുല്ലസിപ്പിച്ചും, സത്ത്വവൃത്തികണക്കിനേ. 147

പോക്കീ ചന്ദ്രൻ ദിശകൾതൻ ദിനാത്യയതമസ്സിനെ:
പരോപകാരത്തിന്നല്ലോ മഹാന്മാർ തൻമഹോന്നതി. 148

ക്ഷണനേരം നിലാവിങ്കൽ മുഴുകിക്കൊണ്ടു സുപ്രിയൻ
കാൎയ്യാബ്ധികോളിളക്കത്തിൻ മൃദ്വയാം നിദ്ര പൂകിനാൻ. 149

നിശാന്തത്തിൽക്കിനാവിങ്കൽ മഹേശാഹ്വയദേവത
വന്നന്നങ്ങവനോടോതീ ,ഗുണദാക്ഷിണ്യവേഴ്ചയാൽ:— 150

“അഹോ ബത! മഹാസത്വ, ശുഭതത്വാനുഷക്തിയാൽ
പരാൎത്ഥമായ് ത്തുലോം കഷ്ടപ്പെട്ട സുകൃതിയായ നീ. 151

ഇക്കഷ്ടപ്പാടിലൊട്ടൊന്നേ ബാക്കി:—യിണ്ടൽപ്പെടായ്ക നീ:
സത്വം ജീൎണ്ണിച്ചുപോകാത്തോൎക്കധീനം സർവസിദ്ധിയും!

ഉണ്ടീ, ഹേമപുരത്തിങ്കൽ വെവ്വേറേ മൂന്നു മന്ദിരം;
ഒരു സദൃതപുരവും, മേലേ മേലേ വിചിത്രമായ്. 153

അവററിൽനിന്നു നാലെട്ടീരെട്ടു മുപ്പത്തിരണ്ടുമായ്
വെളിയ്യെത്തും കിന്നരിമാർ, ഭവാൻ വാതിലിൽ മുട്ടിയാൽ.

ജിതേന്ദ്രിയൻ നീയവരാൽപ്പിഴപററാതെ നോക്കുകിൽ—
മറെറന്തു?—ചെററും വൈകാതെ നിറവേറുമഭീപ്സിതം.” 155

എന്നാസ്ഥയാ ദേവി കഥിച്ചതോടൊപ്പമുണൎന്നവൻ
പുരദ്വാരത്തു ചെന്നെത്തിക്കയ്യാൽ മൂന്നുരു മുട്ടിനാൻ. 156

ഉടൻ കിന്നരിമാർ നാല്വർ വെളിക്കെത്തീ ചലാക്ഷിമാർ,
ലീലാനിലാലോലാശ്ചൎയ്യദ്രുമഞ്ജരികൾ പോലവേ: 157

കർൾക്കല്ലോസമേകന്നോർ കണ്ണിന്നമൃതവൃഷ്ടികൾ;
മുഖചന്ദ്രകാന്ത്യാ പകലും വെൺചന്ദ്രിക ചമപ്പവർ, 158

സുരാഭനാം സുപ്രിയനെ പ്രിയദർശനമാരവർ
പൂജിച്ചു കാമപ്രേമങ്ങൾകൊണ്ടൊരാതിഥ്യമേകിനാർ! 159

ചന്ദ്രകാന്താസനത്തിന്മേലിരുത്തിപ്പിന്നിരുന്നവർ
സ്വമനസ്സഞ്ജീവനികം മെയ്പൂണ്ടപോലെ ലസിപ്പവർ; 160

ചൊന്നാരവനൊടുന്മീലല്ലീലാമന്ദസിതശോഭയാൽ
പ്രേമക്കാണിയ്ക്ക കർപ്പൂരം മുന്നിൽ വെപ്പവർപോലെയായ്:—

“ഹാ ഭാഗ്യവതിമാർ ഞങ്ങൾ: വന്നുവല്ലോ സാമ്പ്രതം ഗൃഹേ
ഞങ്ങൾതാൻ വന്നുകാണേണ്ടും ഗുണഭൂഷാംഗനാം ഭവാൻ! 162

വെറുപ്പാർക്കുള്ളു സുധയിൽ? ആർക്കു വേണ്ടാത്തു ചന്ദനം?
ചന്ദ്രികയാർക്കാദരവില്ലാ?—ർക്കസമ്മതനുത്തമൻ? 163

സ്ത്രീകൾക്കു താൻതാൻകാമിക്കൽ സൌഭാഗ്യത്തിന്നിളപ്പമാം;
എന്നാലും ഞങ്ങൾ പേശുന്നു ഭവാനെക്കാൺകകൊണ്ടുതാൻ!

ഇതു നൽകിന്നരപുരം; തന്നു പ്രണയമെങ്ങളെ;
സാധോ, ഭവാന്നധീനന്താൻ; സൗഭാഷണികരതാവും!” 165

എന്നു രാഗാർദ്രമവർതൻ വചനം കേട്ടു സുപ്രിയൻ
ഹസിതച്ഛത്താൽ ശുഭ്രമാം പല്ലിൻ തൂനിലാവേകിയോതിനാൻ:—

“മാനിക്കപ്പെട്ടുകില്ലാരാലി സല്ലാപസുധാരസം?
തന്നെത്താനാദരിപ്പോനാം നിങ്ങളൊന്നാദരിച്ചവൻ 167

ശ്ലാഘ്യമിദ്ദർശനം തന്നേ; സ്വീകാരമിത്തു വേറെയും:
ഹാരം താപഹരം; പിന്നെ ച്ചന്ദനോക്ഷിതമാകിലോ ! 168

നിലാവിന്നെന്നപോലിമ്മട്ടാകം സ്വച്ഛാകൃതിയ്ക്കു താൻ
അനന്തരൂപങ്ങൾ നിത്യരാം, രുചിരാലോകവൃത്തികൾ ! 169

നടപ്പൌചിത്യസുഭഗം, പ്രസാദവിശദം മനം;
വാത്സല്യമധുരം വാക്യമിവയാരാദരിച്ചിടാ? 170

അംഗീകരിച്ചേ,നാതിഥ്യം നടത്തപ്പെട്ടതൊക്കെ ഞാൻ:
നിത്യ,മാത്മാർപ്പണം നിങ്ങൾക്കു:--സ്വാധീനകൾനാരിമാർ. 171

കന്യാപ്രായം കടന്നോരാം നിങ്ങളന്യപുരന്ധ്രിമാർ;
വിശ്വാസാൽ മമ പെങ്ങന്മാ,രമ്മമാർ സ്നേഹഗൌരവാൽ. 172

പരസ്വമേവർക്കു വിഷം, പരനാരികളമ്മമാർ,
സ്വഹിംസ താനന്യഹിംസ,യവർതൻ പക്ഷമക്ഷയം ! 173

പൈശുന്യാസത്യപാരുഷ്യഭിന്നവാദങ്ങളെന്നിയേ
സംസാരിപ്പോരെവരവർക്കെല്ലാട്ടിക്കും ശുഭപ്രദം ! 174

അഭിധ്യാഹീന,മെവർതൻമനം വ്യാപാരവർജ്ജിതം,
മിഥ്യാദൃഷ്ടിയുമില്ലാത്തോന്ന,വർ സൽപഥഗാമികൾ! 175

ദശാകുശലമാർഗ്ഗങ്ങൾ വിട്ടുപോന്നോർക്കനർഗ്ഗളം,
കുശലവ്രജമാർഗ്ഗങ്ങളിവ നാകാപ്തി നല്കിടും! 176

മനീഷതാൻ നന്മതലുന്നതയ്ക്കു,
ജിതേന്ദ്രിയർക്കക്ഷികൾ,വിദ്യതന്നേ;
നരോത്തമർക്കാംക്ക്യപതന്നെ പുണ്യ:-
മാത്മാവുതാൻ, ശുദ്ധിപരക്കു തീർത്ഥം ! 177

നരൻെറയീദൃഗ്ഗുണസഞ്ചയത്തെ-
ശ്ശുദ്ധിപ്പെടുത്തുന്നതു ശീലമത്രേ:
സൽപൂരുഷക്കാ മണിമുത്തിനെക്കാൾ
വിലപ്പെട്ടം ഭൂഷണമാൺ,ശീലം !” 178

അട്ടാന്തസത്ത്വാർത്ഥി കഥിച്ചതേവം
ഗുണോചിതം കേട്ട,വർ ചൊല്ലി തുഷ്ട്യാ,
കളിയ്ക്കുവാൻപോലൊരു ചന്ദ്രലോകം
മുഖങ്ങളാൽ മന്നിനു തീർത്തുകൊണ്ടേ:— 179

“രത്നം കണക്കഗ്ര്യഗുണാഢ്യനാര്യൻ
നീ തക്കതാകും രുചിതന്നെ കാട്ടീ:
ഇതൊന്നുകൊണ്ടാണണിയുന്നതല്ലോ
സത്തുക്കൾ നിന്നെ ച്ചെവിമൌലിനെഞ്ചിൽ ! 180

എടുത്തുകൊൾകീ മണിയാത്മതുല്യം
ഭവാൻ മഹാർഹം പ്രഥിതപ്രഭാവം:
ഒരായിരം യോജന യാചകർക്കി-
തിഷ്ടങ്ങൾ പെയ്യും,കൊടിമേൽപ്പതിച്ചാൽ ” 181

എന്നോതി,നല്ലാരു,ടൽപൂണ്ട തോഷം
പോലാം മഹാരത്നമവന്നു നല്കി;
ആ പ്രീതിസമ്മാനമെടുത്തയാളും
ദ്വിതീയമാം രൌപ്യപുരം ഗമിച്ചാൻ. 182

അങ്ങാദരാൽക്കിന്നരിമാരിരട്ടി-
പ്പേർ വന്നു മാനിച്ച വിശുദ്ധചിത്തൻ
അതേവിധം നേടി മുറയ്ക്കുതേക്കാ-
ളിരട്ടി മാഹാത്മ്യമിയന്ന രത്നം. 183

* * * * * * * 184

നാലാമതാ മററു പുരങ്ങളെക്കാൾ-
ച്ചേലാർന്നതാം രത്നപുരം ഗമിച്ചാൻ:
ഇരട്ടിയാം കിന്നരമാതരാവി-
ർഭവിച്ചപേക്ഷിച്ചിതയാളൊടങ്ങും! 185

അതേപടിയ്ക്കാ വശിതൻ സുധർമ്മ-
വാക്കാൽ പ്രസാദിച്ചു,വരങ്ങു ചൊന്നാർ,
വിടർന്നനീലോൽപലമാലപോലെ
നീളുന്ന കൺകോണൊടു കൈകൾ വീശി- 186

"ഉണ്ടങ്ങൊരംതന്നാങ്ങള, കിന്നരേശ-
വംശാബ്ധിചന്ദ്രൻ ബദരാഭിധാനൻ;
അവന്റെ വാസസ്ഥല;മൃദ്ധിമത്താ—
മിദ്ദ്വീപ,മതേ പേരിലതിപ്രസിദ്ധം. 187

ഇബ്ഭാസ്വച്ഛ്റീയണിമണി,ശ്ശുഭോപോഷധാഖ്യവ്രതത്താൽ
പ്പുണ്യം സിദ്ധിച്ചവരുടെ കൊടിക്കാലുതന്മേൽപ്പതിച്ചാൽ
ജംബൂദ്വീപിൽജ്ജഗദഭിമതാർത്ഥങ്ങളെപ്പെട്ടുകൊള്ളും,
വാങ്ങിക്കൊൾകങ്ങിതു,പരമഹിതാവാപ്തി നിത്യം പരത്താൻ".

എന്ന,ച്ചാർവംഗികൾ സുരമരക്കായ്പിളർത്തി പ്രഭൃത-
പ്രേമസ്നേഹാദരവോടു സമർപ്പിച്ച രത്നത്തെ വാങ്ങി,
തദ്വാക്യാവേദിതപഥനവൻ കാറൂഢതാല്ലുന്ന ബാലാ-
ഹാദശചന്ദ്രങ്കൽക്കയറി നിജമാംപട്ടണത്തേയ്ക്കു പോന്നാൻ.

അക്കാലത്താ, ത്തെളിവുകളെഴും ബ്രഹ്മദത്തക്ഷിതീശൻ
കാശീനാഥൻ കുശലവിഭവംകൊണ്ടു വിണ്ണേറിയാറേ,
പൂർണ്ണൗദാര്യൻ ജഗദവനസക്താശയൻ സുപ്രിയൻതാൻ
വാഴിയ്ക്കപ്പെട്ടിതു, പുരജനശ്രേഷ്ഠരാൽ ധർമ്മരാജ്യേ. 190

പിന്നീട്ടു, മുങ്ങിക്കുളിയാം ചടങ്ങോ-
ടുപോഷധം നോൽമ്പു കഴിച്ചു വാവിൽ
ആ രത്നമന്തിക്കൊടിമേൽ പ്പതിച്ചു
വിശ്വത്തിനിഷ്ടാപ്തി തികച്ചിതായാൾ. 191

ന്നൂററാണ്ടെന്നാൽ, പ്പരമഹിതദമാം യാത്ര ചെയ്താ മഹത്താം
രാജ്യം വാണിട്ടഖിലഭുവനത്തിന്നുമിഷ്ടങ്ങൾ നല്കി,
രാജസ്ഥാനം തനയനരുളി, സ്സർവസംശാന്തി നേടി,-
ത്തത്ത്വദ്രഷ്ടാവവനൊരു പരബ്രഹ്മഭാവം ഭജിച്ചു! 192

പണ്ടു സുപ്രിയജന്മത്തിലാ രത്നദ്വീപയാത്രയിൽ
ഞാൻ തർപ്പിച്ചു വഴിക്കൊള്ളക്കാരാവാ, മിവരൊക്കയും”. 193

എന്നു തൻചരിതം ചൊല്ക്കെ, ശ്ശാസ്താവരുളിനാൻ വിള്ള;
ദാനവീര്യോപദേശത്താൽബ്ഭിക്ഷുക്കൾക്കനുശാസനം. 194

ബദരദ്വീപയാത്രാപദാനം

ആറാം പല്ലവം.

—ഃ:ഠ:ഃ—

# ഏഴാംപല്ലവം

## മുക്താലതാപദാനം

കുശലപ്രണിധാനശുദ്ധിമാന്മാർ,
വിമലാലോകവിവേകബോധകന്മാർ,
എവർ കീർത്തനമാത്രകാരികൾക്കും
ഭവമോഹാപഹര,ജ്ജനങ്ങൾ ധന്യർ! 1

പുരാ കപിലമാം പുരിൽപ്പേരാല്ക്കാവിൽ നിഷണ്ണനായ്
നൽകീ സംഘശതങ്ങൾക്കു ഭഗവാൻ ധർമ്മദേശന. 2

അമന്ദാനന്ദനിഷ്യന്ദി, ചന്ദനംപോലെ ശീതളം
നുകർന്നു തദ്വാഗമൃതം, ധന്യർ സാഞ്ജലിഹസ്തരായ്. 3

അങ്ങു ശുദ്ധോദനനൃപൻ ധർമ്മശ്രോതൃസഭാന്തരേ
പുണ്യോപദേശത്തണ്ണീരാൽ തെളിനിർവൃതി നേടിനാൻ. 4

അങ്ങുവെച്ചു, മഹാനെന്ന ശാക്യരാജകുലോദ്ഭവൻ
ധർമ്മോപദേശം കേട്ടിട്ടു തൻഗൃഹം പുക്കു ചൊല്ലിനാൻ:- 5

"ഹാ, ബുദ്ധഭഗവാൻ, ധർമ്മം, സംഘവും സിദ്ധികാരികൾ:-
ഇബ്ബുദ്ധജന്മം നമ്മൾക്കു സുനിർവാണഫലപ്രദം!" 6

ഉപദേശാപ്തനിർവാണനവനിച്ചൊന്നതാസ്ഥയാ
കേട്ടു ചൊന്നാളവനൊടു, പത്നിയായ ശശിപ്രഭ:- 7

"ധന്യരാണങ്ങൾ നേടുന്നു ഭഗവാൻറെയനുഗ്രഹം;
തദ്ദേശനാനർഹകളീ, ഞങ്ങൾ പെണ്ണുങ്ങൾ നിന്ദ്യമാർ!" 8

എന്നു ജായോദിതം കേട്ടിട്ടവൻ ചൊന്നാൻ:—"സുശോഭനേ,
ശ്രീജഗദ്ഗുരുവിന്നില്ലാ വ്യത്യാസം, ദയ ചെയ്‌വതിൽ: 9

ഒപ്പം,മെങ്ങുമീന്ദ്രൻതൻ ഭാസ്സൊപ്പം, കാർകൊണ്ടലിൻ മഴ;
ഒപ്പം, സർവദയാവാനാം ഭഗവാനുടെ ദൃഷ്ടിയും! 10

മഹാപ്രജാപതിച്ചൊല്ലാലപരാഹ്നം വരെ തപം
ചെയ്യുന്നു,ശുദ്ധോദനനാം നൃപൻ ഭഗവദന്തികേ'!' 11

എന്നോമൽബ്ഭർത്തൃവാക്യത്താൽ ശാക്യസ്ത്രീഗണമൊത്തവൾ
ഭഗവാനോടു യാചിപ്പാൻ പുണ്യമക്കാവു പൂകിനാൾ. 12

കാണായ്‌വന്നിതവൾക്കങ്ങു, സത്തപുഷ്പം, മഹാഫലം,
പ്രശമാമൃതസംസിക്തം കരുണാകല്പപാദപം! 13

കാററിൽച്ചാഞ്ഞോരുലതപോ,ലവൾ ദൂരാൽ വണങ്ങിനാൾ,
കർണ്ണോൽപലം,വീഴ്കകൊണ്ടു ലോഭംവിട്ടവൾപോലെയായ്!

ആ രത്നഭൂഷണഗണമണിഞ്ഞ കനകാംഗിയെ
കണ്ടിട്ടാ,നന്ദനാം ഭിക്ഷുവുരചെയ്താൻ ഹിതൈഷിയായ്:— 15

"അടക്കമില്ലാത്തിദ്ധാടിവേഷം മുനിതപോവനേ
ചേർന്നതല്ലംബ,ഭവതിയ്യൂരി,തരാഗികൾതൻ പദം. 16

കിലുക്കംപൂണ്ട പണ്ടങ്ങൾ ഗുണസംയമസേചനാൽ,
"നന്നല്ലിങ്ങെങ്ങളെച്ചാർത്തലെന്ന,മ്മയൊടു ചൊല്‌വിതോ."

എന്ന തദ്വാക്കിൽനാണിച്ചു മുഖം ചായ്ച്ചസ്സുഗാത്രിയാൾ
പണ്ടങ്ങളൊക്കെയുമഴിച്ചയച്ചാൾ വീട്ടിലെയ്ക്കുതാൻ. 18

എല്ലാവരുമിരുന്നാറേ, കുശലസ്ഥിതി കാട്ടുവാൻ
അനിത്യതോപദേശത്തെത്തുടർന്നു ഭഗവാൻ ജിനൻ:- 19

“വന്മോഹത്തിൻ ബലത്താലാണെന്നും,പാരിൽശ്ശരീരികൾ
അനിത്യത്വത്തെ നിത്യത്വമെന്നു നണ്ണുന്നത,ജ്ഞരായ്. 20

രമിയ്ക്കയാണസത്യത്തിൽ,സ്സത്യമെന്നെണ്ണിയാളുകൾ;
കാൺമീല, ഭാവങ്ങളുടെ വന്നുപോകുമവസ്ഥയെ. 21

വേദത്താൽച്ചിലരന്യർ തർക്കഘടിതത്താ,ലന്യർശബ്ദാഗമാൽ,
നാനാതന്ത്രമിരട്ടിനാൽച്ചിലർ,കലാകൌശല്യവായ്പാൽച്ചിലർ
സംസാരത്തിലുറച്ചുനിന്നു,വയൊടൊന്നിച്ചേ മുദിത്തമ്പിനാ:-
രെന്നാലും ക്ഷണികത്തില,ക്ഷയമിതെന്നിമ്പപ്പെടുന്നൂ ജഡർ.

വിഷയവിഷമാപായം കാമ്യം, പ്രപഞ്ചഭയാസ്പദം;
പെരുമരുനിലം പോലുച്ചണ്ഡം, വിമോഹഭവം ഭവം;
ഇതിൽ,വകതിരിച്ചാലോചിച്ചിട്ടു വേണ്ടതുചെയ്യണം,
നിരവധികമിത്തൃഷ്ണാരോഗം നിലച്ചിടുമാറുതാൻ” 23

ഇമ്മട്ടനിത്യസംസ്കാരയുക്തമായ്ബ്ഭഗവാൻ സ്വയം
ധർമ്മോപദേശകുശലമരുൾചെയ്യാനൊരുങ്ങിനാൻ. 24

അപ്പോളങ്ങൊരു ശാക്യസ്ത്രീ രൂപസൌഭാഗ്യഗർവിണി,
ബാല്യതാരുണ്യസന്ധിസ്ഥദുസ്സഹപ്രായമാർന്നവൾ; 25

കൂടെക്കൂടേ ചലൽക്കൺകോണിട്ടു മാർമുത്തുമാലയെ
നോക്കിനാളലരമ്പന്റെ കീർത്തിസ്സൂത്തിനെയാംവിധം; 26

അവളത്യാശയോടാദരം നോക്കീടുന്നതു കാൺകയാൽ
വിരക്തപോലെ ചിന്തിച്ചു മഹർഷിപത്നി ശശിപ്രഭ:— 27

“ഞാനാകുന്ന ഹാരമീവേശി ധർമ്മദേശനയിങ്കലും;
ഭാവങ്ങൾതന്നനിത്യത്വം കേൾക്കുന്നോളല്ല മൂഢയാൾ! 28

എന്നാരം കാട്ടി,യിവൾതന്നാരത്തള്ളലകറ്റുവൻ;
ഏറെ മുന്ത്യയതീക്ഷിച്ചാൽത്തീരുമേ,ദേഹിതൻ മദം.” 29

എന്നാലോചിച്ചരുളിനാൾ ദാസി രോഹികയോടവൾ:—
“രോഹികേ,പോയ്ഗ്ഗൃഹാൽക്കൊണ്ടുവരികെന്നാരമഞ്ജുസാ.”

ധർമ്മം കേൾക്കുന്നതിനിടയ്ക്കീ,യുത്തരവ്വു കേട്ടവൾ
അകാലഗമനോദ്വേഗാൽച്ചിന്തിച്ചു നെടുവീർപ്പുമായ്:— 31

“അയ്യോ, വിഘ്നമിതാ,ഹന്ത,വന്നെത്തി കുശലത്തിൽ മേ:
ധർമ്മം കേൾക്കാൻ തരംകിട്ടീലന്യാധീനതയാലിഹ. 32

പുണ്യസൗരഭ്യഭൃതമായ്ക്കനീവല്ലി ചുഴന്നതായ്
മിന്നും തിരുമുഖാംബുജത്തിൻ ചൊൽത്തേനുണ്ണുന്ന ധന്യർതാൻ.

അയ്യോ; സ്വാതന്ത്ര്യമില്ലായ്മ,യെമെയ്യോടിച്ചിൽ സുഖക്ഷയം—
സേവ പാരിൽജ്ജനങ്ങൾക്കു ദുഃഖത്തിൽദ്ദുഃഖസഞ്ചയം. 34

സേവിച്ചുലഞ്ഞു കൈവന്ന ധനമാനാംബുശീകരം
ചുടുവൻവീർപ്പിനാൽത്തപ്തമുതിയുതിക്കടിയ്ക്കുയാം! 35

മാനം വാടുഴ്, ഗുണം വാടലോ,ജഃപൂജാശമം, ശ്രമം—
ഇതാണാദ്യഫലം, സ്വാമിദർശിയാം സേവകന്നഹോ! 36

കാല്പ്പെട്ടിന്നൊരിരിമ്പുചങ്ങല, പരിഹാസാവമാനാസ്പദം
തൻചെയ്തിയ്ക്കു നിഷേധനിത്യനിയമം, നിദ്രയ്ക്കു ഭദ്രാഗമം,
ആശാസ്യത്തിനു നീറുംവലക്കെണി സദാ ചേർച്ചയ്ക്കിടിത്തീ ജഡ-
ക്കൂട്ടത്തിന്നൊരു കാനൽവന്മരു, വപുസ്സാം ശോഷണം സേവനം!"

എന്നായ്ച്ചിരം വിചിന്തിച്ചു പോയാളവൾ തദാജ്ഞയാൽ;
ദേഹം സോഢസ്സു വിട്ടററാക്കു യഥേഷ്ടഗതിയെങ്ങവാൻ? 38

പാവമദ്ദാസി നടകൊൾവതുകണ്ടു കൃപാർദ്രനായ്
ക്ഷണനേരം വിചാരിച്ചു ഭഗവാൻ ദിവ്യദൃഷ്ടിയാൽ — 39

"ഇജ്ജന്മത്തിവൾതന്നായുഷ്കാലാവധി തികഞ്ഞുപോയ്;
ഇസ്സാധുവെസ്സംസൃതിയിൽനിന്നു ഞാൻ കേററണം സ്വയം" 40

ഗമിയ്ക്കുമവളെക്കർമ്മഗത്യാ വഴിയിൽ വെച്ചഹോ,
കിടാവിലൻപാലുഴലുമൊരു പയ്യാശു കുത്തിനാൾ! 41

ഉടൻ നിനച്ചാൾ ഭഗവൽപ്രസാദാലോർമ്മവന്നവൾ,
പ്രാഗ്ജന്മാഭ്യസനാൽച്ചിത്തം ശ്രീബുദ്ധാങ്കൽപ്പതിഞ്ഞവൾ:—

"അമ്പോ, കർമ്മോർമ്മി ചിതറും സംസാരജലരാശിയിൽ
ജനിച്ചുഴികളിൽജ്ജീവൻ മുങ്ങിപ്പൊങ്ങുന്ന മട്ടുകൾ! 43

തൻനെററിയാം പെരിയ കല്ലോലിമേല, ശർമ്മ-
കർമ്മങ്ങൾ തീർത്ത തെളികല്ലുളികൊണ്ടു ഗാഢം
കൊത്തിക്കഴിഞ്ഞ ജനിമൃത്യുമയാക്ഷരങ്ങൾ
മായില്ല മാനുഷനു, പാണികളാൽത്തുടച്ചാൽ! 44

അഹോ, കർമ്മായത്തം നരനു പല ചിത്രപ്പണികളാൽ
മയിൽപ്പീലിച്ചാർത്തിന്നതിസദൃശമാമിപ്പരിണതി:
ഇതിൽ, ഗർഭാരംഭ—പ്രസവമഥ—സംവൃദ്ധി—മൃതിവി—
ദ്ദശാഭേദാൽ മാററം വരകളുടെ വർണ്ണത്തിനു വരാ." 45

നേരാം കാഴ്ചയുദിക്കകൊണ്ടവിലയം മുന്നിൽസ്സമീക്ഷിച്ച നി-
സ്തുല്യം ദാസ്യമതോർത്തു സത്രപതയാൽപ്പോലേ നിരാകമ്പയായ്
ധർമ്മത്താൽശ്ശുചിയായബുദ്ധവിധവമദ്ധ്യാനത്തിൽനിത്തിസ്വയം
കൈവിട്ടാൽ ഭവഭീതിയോട്ടമവളാം,ച്ചേറാണ്ട തൻജീവിതം. 46

പിന്നെപ്പിറന്തു സ്വർഗ്ഗശ്രീയ് ക്കട്ടത്താംസിംഹളോർവിയിൽ
പാലാഴിയിങ്കൽപ്പയ്ന്തിങ്കൾപോലേ ദിവ്യാഭയായവൾ. 47

അവൾതൻ ജനനേ വാനിൽനിന്നു മുത്തുകൾ പെയ്കയാൽ
മുക്താലതാഖ്യയായ്, സിംഹളേശൻെറ മകളാമവൾ. 48

വളർന്തു സുകൃതംപോലെ സൌന്ദര്യം പൂണ്ടുകൊണ്ടവൾ;
നേടീ മെയ്യിൽ വിവേകത്താൽസ്സന്തോഷംപോലെ യൌവനം. 49

അന്നാളൊരിക്കൽ ശ്രാവസ്തീപുരക്കാരാം വണിക്കുകൾ
അലയാഴി കടന്നിട്ടു സിംഹളദ്വീപിലെത്തിനാർ. 50

അവരങ്ങല്ലിനൊട്ടുവിൽ പ്പാടിനാർ വിശ്രമത്തിനായ്,
ധർമ്മാത്ഥഗാഥാസന്ദർഭഭൂഷിതം ബുദ്ധഭാഷിതം. 51

ശുദ്ധാന്തമേടയിലിരുന്നക്കർണ്ണസുധ കേൾക്കയാൽ
ഉടൻ വരുത്തി,യവരോടിതെന്തെന്നാൾ നൃപാത്മജ. 52

ചൊന്നാരത്തുഷ്ടയൊടവരി,തു "നൈസർഗ്ഗികോചിതം
സർവാനുകമ്പിയാം ബുദ്ധഭഗവാനരുൾചെയ്തതാം." 53

ബുദ്ധൻെറ പേർ കേട്ടതോടേ പുളകച്ചാർത്തണിഞ്ഞവൾ,
സംവിത്തുദിച്ച ശുഭമാമനുഭാവത്തെ നേടിനാൾ! 54

ഇടിവെട്ടാൽ മയിൽപ്പേടപോലെയുന്മുഖിയായവൾ,
"ആരാണിബ്ബുദ്ധഭഗവാനെ"ന്നു ചോദിച്ചു; പിന്നെയും. 55

KOTTAYAM PUBLIC LIBRARY
KOTTAYAM

ഉടനേ,പുണ്യമയമാം ഭഗവദ്വൃത്തമെല്ലാമെയും
കേൾപ്പിച്ചാരവളെ, ശ്രദ്ധാവർദ്ധിതാദരമമവർ. 56

അതു കേട്ടിട്ടു മുൻജന്മകുശലം വന്നുദിച്ചു,വൾ
ഭഗവാനെന്നൊരു വിജ്ഞപ്തികൾ തേകി,യവർതൻവശം. 57

ചിലനാളാൽ,ക്കടൽകടന്നാത്മീയപുരിപുക്കവർ
പണിഞ്ഞു തൽകഥ പറഞ്ഞേകി ദേവനു കായിതം. 58

സർവജ്ഞനായ ഭഗവാനതു മുന്നേ ധരിയ്ക്കയാൽ
മുക്താലതയിലൻപാർന്നു താൻതാൻ വായിച്ചു കായിതം:- 59

"ഭവൽസ്മരണമേ ഹഹാ, കിമപി പുണ്യപുണ്യം; സദാ-
ശയർക്കു ഭവഭേഷജം, വ്യസനതാപതൃഷ്ണാപഹം;
ഭവൽകഥകൾ കേൾക്കയാലൊരു വിബോധമാസ്വാദ്യമാ-
യുദിച്ചുതനഘാമൃതിൻ പെരിയ പങ്കെനിക്കെൻവിഭോ". 60

എന്നെഴുത്തിൻെറ സംക്ഷേപമുരംക്കൊണ്ടു ഭഗവാൻ സ്വയം
ഒരുപുഞ്ചിരിയാൽ വീശി ദിക്കെങ്ങും സത്ത്വവെൺമയെ! 61

അവൾക്കയച്ചാൻ പിന്നീടു, ചിത്രകാരക്ലേശകമായ്
പ്രഭാവാലെഴുതിത്തീർത്ത നിജചിത്രപടം വിഭു. 62

വീണ്ടും തദാജ്ഞയാ കപ്പലേറിയിട്ടാ വണിക്കുകൾ
സിംഹളദ്വീപിലെത്തിച്ചേർന്നവളെക്കാട്ടിനാർ പടം. 63

സ്വർണ്ണസിംഹാസനേ വെച്ചു പടത്തിൽബ്ബുദ്ധദേവനെ
കണ്ടിട്ടാളുകൾ തദ്ധ്യാനാൽത്തദൈക്യം പുക്കപോലെയായ്! 64

അതിൽക്കാണായ് കുറിപ്പൊന്നു ചുവട്ടിൽ, സ്സുകൃതത്തിനാൽ
മൂന്നററ ശരണമെല്ലാമഞ്ചു ശിക്ഷാപദങ്ങളും: 65

പ്രതീത്യോത്പാദനം, പിന്നെയനുലോമം,വിപര്യയം,
പരമാമൃതസംപൂർണ്ണമാമാര്യാഷ്ടാംഗാഖ്യമാർഗ്ഗവും. 66

മുകളിൽബ് ഭഗവാൻ താൻതാൻ കുറിച്ചിട്ട സുഭാഷിതം
ശോഭിപ്പൂ,ഭാവനാലീനം; മിന്നുംപൊന്നക്ഷരങ്ങളാൽ:— 67

"വിഷമവിഷയവ്യാളവ്രാതം ചുഴന്നിഴയുന്നതാ-
മിരുൾ നിറയുമീ മോഹാഗാരത്തിൽനിന്നു പുറത്തുപോയ്,
ജനനമരണക്ലേശാദ് ദുഃഖംമുഴുത്ത ജനങ്ങളേ!
ശരണമണവിൻ ബൗദ്ധം ധർമ്മം: ഭവാമയമില്ലിതിൽ! 68

* * * * * * * *

മുക്താലതാപദാനം

ഏഴാംപല്ലവം.

---

ബോധിസത്ത്വാപദാനകല്പലതാപരിഭാഷ

ഒന്നാം വാല്യം.

---

# ടിപ്പണി

## ഉപോദ്ഘാതം

1. നരേന്ദ്രൻ ജയാപീഡരാജാവിൻെറ മന്ത്രിയായിരുന്നു. ഭോഗീന്ദ്രൻ=സപ്പശ്രേഷ്ഠൻ. ഭോഗത്തിന്നു്, സപ്പത്തിൻെറ ശരീരം അഥവാ പത്തി എന്നുകൂടി അർത്ഥം ഗ്രഹിയ്ക്കണം.

2. ഭോഗേന്ദ്രപുത്രൻ സിന്ധു, പേർകൊണ്ടുമാത്രമല്ല ഗുണങ്ങളാകുന്ന രത്നങ്ങൾക്കിരിപ്പിടം, വാക്കാകുന്ന അമൃതിൻെറ ഉൽപത്തിസ്ഥാനം, (അമൃതമഥനം സ്മരിയ്ക്കുക) എന്നീ അവസ്ഥകൾ കൊണ്ടും സിന്ധു (=സമുദ്രം) ആയിരുന്നു.

3. ബോധി........ചിതൻ=ബോധിസത്വ(ബൗദ്ധ)നു ചേന്ന ഗുണങ്ങളുള്ളവൻ.

5. കൃതീ=പുണ്യവാൻ. രാമയശസ്സിൻെറ പ്രേരണയാലത്രേ, ക്ഷേമേന്ദ്രൻ പ്രബന്ധങ്ങൾ നിർമ്മിച്ചിരുന്നതു്.

6. നക്കൻ=പേർ. സൗഗതൻ=ബുദ്ധമതാനുസാരി.

7. തുടർ=ചങ്ങല. ഗോപാദത്താചാര്യനും മററും ബുദ്ധാപദാനങ്ങളേ പ്രതിപാദിച്ചിട്ടുള്ളതു്, അവയുടെ ക്രമമനുസരിച്ചല്ല.

8. ജാതകമാലകൾ—'ജാതകകഥ'കൾ

9. ക്രമത്തിലേ=ക്രമത്തിൽത്തന്നെ.

10. അവൻ—ക്ഷേമേന്ദ്രൻ.

11. അപ.....ഗ്രഹേ—മററപദാനങ്ങളുമെടുത്തു ചുരുക്കിയെഴുതാൻ.

12. തദ്ഗേഹം—ക്ഷേമേന്ദ്രന്റെ ഭവനം.

13. മണിദീപമായ്—ബുദ്ധശാസ്ത്രങ്ങളെ വീര്യഭദ്രൻ ക്ഷേമേന്ദ്രന്നു് സ്പഷ്ടമായി കാട്ടിക്കൊടുത്തു.

14. ജനകൻ=അച്ഛൻ.

15. ശാസ്ത്രമെത്തും—എല്ലാശ്ശാസ്ത്രങ്ങളും. വിശുദ്ധമാം—അക്ഷരത്തെറ്റും മറ്റുമില്ലാത്തതാകും. സൂര്യശ്രീ—പേർ. അപേക്ഷയാൽ—ഞാനപേക്ഷിച്ചതിനാൽ.

16. സപ്തവിംശാബ്ദകേ=ഇരുപത്തേഴാമാണ്ടിൽ.

17. താരോത്തംസം=നക്ഷത്രങ്ങൾ ചൂടുന്നതു്. നക്ഷത്രമണ്ഡലംവരെ വ്യാപ്തം; സ്വച്ഛതകൊണ്ടു നക്ഷത്രങ്ങൾക്കുമീതെ. സുഗതത=നല്ലഗതി; ബുദ്ധത്വം എന്നും. അഘാരാതികളെ (=പാപങ്ങളാകുന്ന ശത്രുക്കളെ) ധ്വംസിച്ചവനാണല്ലോ, സുഗതൻ. ശമസുഖസ്ഥർ=ശാന്തിസുഖം അനുഭവിയ്ക്കുന്നവർ.

18. ഹതമതികൾ=ബുദ്ധികെട്ടവർ. ദുഷ്പരിഹരം=പരിഹരിയ്ക്കാൻ പ്രയാസമുള്ളതു്. ഭരം=ചുമടു്. ഭവ...കാരം=സംസാരതമസ്സു്. ബുദ്ധരുചി=ബുദ്ധങ്കൽ രുചി (ഭക്തി); ബുദ്ധന്റെ ശോഭ എന്നും. ബുദ്ധതേജസ്സുകൊണ്ടു് നിങ്ങളുടെ സംസാരതമോബാധയെല്ലാം ഒഴിയട്ടെ!

19. സുകൃതപ്രയത്നം=വേണ്ടുംവണ്ണം പ്രയത്നംചെയ്യപ്പെട്ടതു്; സുകൃതത്തിൽ പ്രയത്നിച്ചതു് എന്നർത്ഥം, മെയ്യിന്റെ വിശേഷണമാക്കുക.

# അപദാനസംഗ്രഹം

1. പ്രഭാസരാജാവ് എന്നപോലെ മററു ബോധിസത്വന്മാരും ബുദ്ധൻെറ അവതാരങ്ങൾ തന്നെ. പ്രഭാസചരിതം ഒന്നാംപല്ലവത്തിൽ.

2. ശ്രീസേനൻ-ശ്രീസേനനായി ജനിച്ചവൻ. ഇതുപോലെ മററുള്ളവയും കണ്ടുകൊൾക.

4. ശ്രീഗുപ്താദികളുടെ ചരിതമടങ്ങിയ 43-പല്ലവങ്ങൾ കണ്ടുകിട്ടിയിട്ടില്ല.

12. സുവർണ്ണപാർശ്വം—മൃഗത്തിൻെറ പേർ. സത്വഹിതകൃൽ=പ്രാണികൾക്കു ഹിതം ചെയ്യുന്നതു്.

14. പൂർണ്ണൻ—പേർതന്നെ.

17. പുണ്യോത്ഥം=സുകൃതങ്ങൾകൊണ്ടുണ്ടാകുന്നതു്. ഭൂതി=സമ്പത്തു്.

18. ഷഡ്ദന്തേഭം=ആറു കൊമ്പുള്ള ആന.

28. ചൈത്യാർച്ച=വിഹാരപൂജ.

31. ഉൾക്കനം=ധൈര്യം.

33. പൂർവ്വകർമ്മപ്ലവം=മുൻജന്മകർമ്മങ്ങളുടെ ദോഷം.

35. ശീലവാൻ=ശീലം (ചാരിത്രം) ഉള്ളവൻ.

36. മാംസാസ്രം=മാംസവും രക്തവും.

37. വർണ്ണ്യത്വം=പ്രശംസനീയത.

38. പ്രശമാംബുദം=ശമത്തെ വർഷിക്കുന്ന(സർവ്വത്ര ശാന്തിയെ പരത്തുന്ന) മേഘം. തൃഷ്ണയ്ക്കു് ദാഹമെന്നും, ലോഭമെന്നും അർത്ഥം.

39. പൂൺപു്=ആഭരണം. ഗജപ്പൂൺപു്=ഗജശ്രേഷ്ഠൻ.

40. ശ്യാമാകണ്ഠതൽക്കുതന്നു=ശ്യാമാകനെന്ന ഇന്ദ്രഭക്തനെ മായി.

41. കരേററി—സംസാരത്തിൽനിന്നുദ്ധരിച്ചു.

42. സുതസൂക്തികൾ=സുതൻെറ (പുത്രനായ ബുദ്ധൻെറ) സുഭാഷിതങ്ങൾ.

43. ആത......ശാഖി=ദുഃഖങ്ങളാകുന്ന വേരോടുകൂടിയ സംസാരമാകുന്ന വൃക്ഷം. ഉപനിരുദ്ധമദൻ=മദത്തെ തടുത്തവൻ; മദരഹിതൻ.

—o—

## ഒന്നാം പല്ലവം

1. മാനസേ=മനസ്സിൽ. രാഗത്തിന്നു ചുടപ്പു് എന്നും അർത്ഥം. സ്ഫടികത്തിൽ ചുടപ്പു സംക്രമിയ്ക്കില്ല എന്നത ദ്ഭുതം! കാരു...ലേ=ദയകൊണ്ടു കുളിർ (നനവു്) ഉള്ള മന സ്സിൽത്തന്നെവെച്ചു് ഉണക്കിയതു് അദ്ഭുതം! അക്രോധനൻ (=ക്രോധമില്ലാത്തവൻ) സംസാരമാകുന്ന ശത്രുവിനെ നശിപ്പി ച്ചതും അദ്ഭുതം! ക്രോധികളാണല്ലോ ശത്രുവധം ചെയ്യുക! സവ്ജ്ഞൻ=ബുദ്ധൻ, ഇൗടററ=അക്ഷയമായ. ഭവ്യം=മംഗളം.

2. ബുദ്ധനെ കല്പവൃക്ഷമാക്കിയിരിയ്ക്കുന്നു: ഛായയ്ക്കു് കാന്തി എന്നും, തണൽ എന്നും അർത്ഥം. മൂലവലയം=മുരടു്. പുണ്യാ...സ്ഥിതം=പുണ്യമാകുന്ന തടത്തിൽ നില്ക്കുന്നതു്. ധീ വിദ്യാ......നചിതം—ബുദ്ധി, വിദ്യ, കരുണ എന്നിവയാകുന്ന വെള്ളം (നന)കൊണ്ടു ശോഭിച്ചു പടന്ന ശാഖകളോടുകൂടിയതു്. സന്തോഷം, മിന്നുന്ന തളിർ; ശുചി(വെളുത്ത)യശസ്സു പുഷ്പം. സദാസൽഫലം=എന്നെന്നും നല്ല ഫലങ്ങളോടു് (കായ്കളോടു് എന്നും) കൂടിയതു്. ആശാശബ്ദത്തിന്നു് ഇച്ഛ എന്നും ദിക്കെ ന്നും അർത്ഥം; എല്ലാ ആശയേയും പൂർണ്ണമാക്കുന്നു.

3. സംസൃതി=സംസാരം.

4. പ്രഭാവത്യാഖ്യ=പ്രഭാവതി എന്നു പേരുള്ള പൊന്മേടവീട്ട്=പൊന്മേടകളും വീടുകളും. സൽകർമ്മികാം=സുകൃതികൾ. ദ്യോവ്=ആകാശം, സ്വർഗ്ഗം.

5. നല്ലോർ=സജ്ജനങ്ങൾ. വിൺപുരി=അമരാവതി.

6. ധർമ്മത്തിൻ—ധർമ്മഭഗവാന്റെ. അന...ഢ്യ= വിശുദ്ധക്ഷേത്രങ്ങൾ വളരെയുള്ളത്.

7. പ്രഭാസാഖ്യൻ=പ്രഭാസനെന്നു പേരുള്ള. ഭൂതിലകം=ഭൂമിയ്ക്കു ഒരു തിലകമായിട്ടുള്ളവൻ. ഒളിവെൺപുകാം= മിന്നുന്ന വെളുത്ത കീത്തി.

8. ഉല്ല......ന്ധികൾ=ഗുണവും മണവും പൊങ്ങുന്നവ. എല്ലാ സ്ത്രീകളും അവന്റെ കീത്തി കേട്ട് ആനന്ദിച്ചു.

9. സുവർണ്ണത്തിന്നു നല്ല അക്ഷരമെന്നും, കനകമെന്നും അർത്ഥം. മഹീശ്വരർ—മററു രാജാക്കന്മാർ.

10. ഗജവനാധിപൻ—ആനകളെ പിടിക്കുന്ന കാടിന്റെ മേൽനോട്ടക്കാരൻ. മുട്ടുകത്തിനിന്നുവേണം, ഉണത്തിപ്പാൻ.

11. ദിവ്യാഭൻ=അത്ഭുതമശോഭയുള്ള.

13. ചര...ചിയെ=നടക്കുന്ന കൈലാസമോ എന്നു തോന്നുമാറുള്ള ആകൃതിയോടുകൂടിയവനെ. നാഗ(=ഗജ)വിശേഷണം.

14. വണ്ടിനും വരുന്നതു് മദഗന്ധത്താലത്രേ. ശൃംഗാരാഭരണം=മോടിയ്ക്കുള്ള ആഭരണം.

15. വിന്ധ്യനിലെ ഈന്തൽ-വാഴത്തോട്ടങ്ങളിൽ വിഹരിയ്ക്കുകയായിരുന്നു ഈ ഗജം.

16. മദഗന്ധത്തിന്നു പാലപ്പൂമണസാദൃശ്യമുണ്ട്.

17. ശ്രീലീലാഗൃഹം=ലക്ഷ്മി(ശോഭ)യുടെ കേളീസദനം.

18. ശക്തങ്ങളായ കർമ്മങ്ങളുടെ സൃഷ്ടികളിൽ ഒന്നാണു് ഈ ഗജമെന്നു സാരം.

19. മഥിയ്ക്കപ്പെട്ട പാല്ക്കാഴിയിലാണു് ഐരാവതം പിറന്നതു് എന്നോർക്കുക.

20. ആജ്ഞാവശംവദൻ=ആജ്ഞയിൽ ത്രുഡിയ്ക്കുന്നവൻ. സംയാതൻ—പോർ.

22. പ്രാഗ്ജന്മാഭ്യാസി=മുൻജന്മവാസനയുള്ളവൻ. ആ പ്രാജ്ഞൻ=ബുദ്ധിമാനായ ആന.

23. ദാനം=മദം, കൊടുക്കൽ. അരാ...ഗതൻ=ശത്രുക്കളെ കൊല്ലുന്നതിൽ നല്ല (തടവില്ലാത്ത) നടയുള്ളവൻ. രാജാവും കാമക്രോധാദിശത്രുക്കളെ സംഹരിയ്ക്കുന്ന സുഗതൻ (ബൌദ്ധൻ) ആണു്.

25. ജയശ്രീ അധീനയായിക്കഴിഞ്ഞു എന്നു കരുതി.

27. സനൈപുണം=സാമർത്ഥ്യത്തോടുകൂടിയ. മണ്ഡലത്തിന്നു വട്ടമെന്നും രാജ്യമെന്നും അർത്ഥം. ചംക്രമം=സഞ്ചാരം.

29. രത്നാംഗദാംശുക്കൾ (രത്നത്തോൾവളകളുടെ രശ്മികൾ) വീശുന്നതുകണ്ടാൽ, ഈന്തൽക്കരുന്നുകൾ കാട്ടി ദിഗ്ഗജങ്ങളെ വിളിക്കുകയാണെന്നു തോന്നും; നൂനം, ഉൽപ്രേക്ഷാവാചകം.

30. ചെവി...വിധം—ചെവിയോളം നീണ്ട കണ്ണു് എന്നർത്ഥം.

31. പുളിന്ദികൾ=കിരാതികൾ. ഭൂതധാത്രി=ഭൂമി.

33. പിടി=പെണ്ണാന.

35. ഗുരുകനത്ത്; ഗുരുനാഥൻ.

38. ദൈവം പ്രതികൂലമായാൽ പൌരുഷം വെറുതേ !

39: ഇദം=ഇതു്; ഈ അരുളപ്പാടു്. പാവിൻ ദുഷ്ഷേർ-പാവു പഠിപ്പിച്ചതു വേണ്ടതിൻവണ്ണമായില്ല എന്ന അപവാദം.

40. പൂരാൻ=തമ്പുരാൻ.

42. ഇത്ഥംവിധം=എന്നപോലെ.

43. ഹൃത്സംയമം=മനോനിയന്ത്രണം. ശക്തർ=സമർത്ഥർ.

44. രാഗാൽ=പിടിയേക്കുറിച്ചുള്ള അനുരാഗം ഹേതുവായിട്ടു്.

45. ദുർവ്വിഷയത്തിൽച്ചെന്നുചാടിയ ദുഷ്ടൻ മററുള്ളവരേയും അധഃപതിപ്പിച്ചുകളയും !

47. തരു=വൃക്ഷം. ഹയസ്ഥനായ്—ഒരു കുതിരയുടെ പുറത്തു കേറിയിരുന്നു്. ഗഹനം=ദുർഗ്ഗമം.

49. ഉണർത്തിച്ചു=തമ്പുരാനെ അറിയിച്ചു. വന്മിടുക്കാൽ—അയാളുടെ ശിക്ഷാസാമർത്ഥ്യം ആനയുടെ തിരിച്ചുവരവിനാൽ സ്പഷ്ടമായല്ലോ.

51. ഈന്ത...റിഞ്ഞു്—ഈന്തൽക്കുരുക്കൾ തിന്നു്.

53. രാഗ...സ്സിനെ=അനുരാഗമാകുന്ന മദ്യംകൊണ്ടുമത്തുപിടിച്ചതും തന്മൂലം വിഷയങ്ങളിൽ തൽപരവുമായ ഹൃദയത്തെ അടക്കിനിർത്താൻ വയ്യാ.

54. തഥ്യം-വാസ്തവം. ഭാഷിതം=വചനം.

55. മദഹസ്തി=മദിച്ച ഗജം. തളക്കെട്ടു്=തളയ്ക്കുന്ന മരം. ശമി=ശാന്തൻ.

57. ശമ...ശദർ=ശമംകൊണ്ടും സന്തോഷം (അലംഭാവം) കൊണ്ടും നിർമ്മലർ.

59. ബോധി=ജ്ഞാനം.

60. സമ്യഗ്ബോധം=വഴിപോലെയുള്ള ബോധി.

61. അരജസ്കാഗ്ര്യൻ=രജോഗുണമില്ലാത്തവരിൽ വെച്ചു മുമ്പൻ. ദിവ്യദൃഷ്ടി=ദിവ്യചക്ഷുസ്സുള്ളവൻ.

6. അവിരളസത്ത്വൻ=അനല്പമായ സത്ത്വഗുണമുള്ളവൻ. ഏറുന്നതിന്ന്=കരയേറാൻ. അൻപ്=ദയ.

—o:O:o—

## രണ്ടാം പല്ലവം

1. ധന്യർ=സുകൃതികൾ. അനാമയൻ=ദുഃഖമില്ലാത്തവൻ. നേരേമറിച്ച്, സുഗന്ധം പുറപ്പെട്ടുവിടുകയാണല്ലോ ചന്ദനവൃക്ഷങ്ങളുടെ സ്വഭാവം.

3. രത്നാകരം=സമുദ്രം.

4. ഭാസ്സ്=രശ്മി, ശോഭ.

5. ദാനം=കൊടുക്കൽ, മദമ്പാട്. കീർത്തിയുടെ സൌരഭ്യം കവിസങ്കേതസിദ്ധം.സുര...ങ്ങളും. കല്പവൃക്ഷങ്ങൾക്കൊത്തവയും, ഭൂതി (=സമ്പത്ത്, ഭസ്മം)കൊണ്ടു വെളുത്തവയുമായ ആനകളും. ആനകളെ മസ്തകത്തിൽ ഭസ്മക്കുറി അണിയിക്കും.

6. കലാഭൃത്ത്=കലകളെ വഹിച്ചവൻ, കലാനിപുണൻ. ഋജു=മനഃകൗടില്യമില്ലാത്തവൻ, ഉന്നതി=ഉയർന്ന (വലിയ)ബുദ്ധിയുള്ളവൻ. പ്രജാപുണ്യാൽ=പ്രജകളുടെ പുണ്യം കൊണ്ട്.

7. ഭാനു=സൂര്യൻ. പ്രകല്പാജ്ഞകൾ=കീർത്തിയും ആജ്ഞയും.

8. പയററു്=ആയുധാഭ്യാസം. ഷഡ്ഗു...ശ്ലീകം=സന്ധി-വിഗ്രഹ-യാന-ആസന-ദ്വൈധീഭാവ-സമാശ്രയങ്ങളാകുന്ന ആറു നയങ്ങളുടെ ജ്ഞാനമാകുന്ന കണ്ണുള്ളവർ.

9. പുണ്യമേ=പുണ്യംതന്നെ. നാഥൻ=സ്വാമി; ഭർത്താവു്.

10. വിൺപുരം=സ്വർഗ്ഗപുരി. ദുശ്ചരം=നടക്കാൻ വയ്യാത്തതു്.

11. നൃലോകം=നര(മനുഷ്യ)ലോകം. സ്വർഗ്ഗത്തിൽ മനുഷ്യർ നിറഞ്ഞു!

12. വിഭൂതി=സമ്പത്തു്. മനുഷ്യർവന്നു കേറിക്കേറി, ഞങ്ങൾക്കു് ഇരിക്കപ്പൊറുതിയില്ലാതായി.

15. ഗുരു=ബൃഹസ്പതി; ബൃഹസ്പതിതുല്യൻ എന്നർത്ഥം; അഥവാ, ഉപദേഷ്ടാവു്.

16. വിരജസ്സു്=രജോ(ഗുണ)രഹിതൻ. രാജിയ്ക്കുക=ശോഭിക്കുക.

17. നന്മത്തികവു്=ഗുണപൂർണ്ണത്വം. ആതിൽ-ഗുണപൂർത്തിയിൽ. അഭാവം=ഇല്ലായ്മ.

19. പുത്ര...ചന-പുത്രരേയും ഭാര്യയേയും തന്നെത്തന്നെയും ദാനംചെയ്യാനുള്ള ആലോചന. സർവ്വസ്വം (സകലമുതലും) കൊടുക്കാം; മക്കളേയും മററും ദാനംചെയ്തുകൂടാ.

20. പാരിൽ...ടയൽ-ലോകത്തിന്റെ ശിരോഭൂഷണം നശിയ്ക്കൽ. അങ്ങു ലോകത്തിന്റെ ശിരോഭൂഷണമാണു്; അങ്ങയുടെ നാശത്തെ സൂചിപ്പിക്കുന്ന സ്വപ്നവും ഒന്നൊന്നായി കാണപ്പെടുന്നു.

21. അരചൻ (ശ്രീസേനൻ) സ്വദേഹത്തേയും ദാനം ചെയ്തു എന്നുവരാം എന്നു ജ്യോത്സ്യന്മാർ അഭിപ്രായപ്പെടുന്നു.

22. അങ്ങു സുരദ്രുമ(കല്പവൃക്ഷ)മാണു്; അങ്ങയുടെ ദേഹം കൊടുത്തുകഴിഞ്ഞാൽ, അർത്ഥികൾക്കു് (യാചകൎക്കു്) അഭീഷ്ടം നിറവേററാൻ മററാരുള്ളൂ?

23. ത്യാഗസാഹസം=ദാനത്തിലുള്ള സാഹസം; എന്തും കൊടുക്കുക എന്നതു്. ലോകരക്ഷയ്ക്കുള്ള രത്നമാണു് ഭവത്തനു; (=അങ്ങയുടെ ശരീരം;) അതു് പ്രജകളുടെ വകയാണെന്താനും.

24. സത്വ...ശ്രീ=സത്വംകൊണ്ടു വെളുത്ത പുഞ്ചിരിയുടെ ശോഭ. സ്വച്ഛമായ സത്വഗുണമാണു്, പുഞ്ചിരിയായി പുറത്തേയ്ക്കു വന്നതെന്നു തോന്നും !

25. ഹിതമേ=വേണ്ടതുതന്നെ. യാചകവൈമുഖ്യസന്താപം=യാചകന്മാരുടെ വൈമുഖ്യം (ഒന്നും കിട്ടാതെ മടങ്ങിപ്പോവുക) കൊണ്ടുള്ള പരിതാപം. സഹ്യം=സഹിക്കാവുന്നതു്. മേ=എനിയ്ക്കു്.

26. പരുഷം=മയമില്ലാത്തതു്. ജീവിയ്ക്കുമ്മൃതർ=ജീവച്ഛവങ്ങൾ.

27. പിൻവാങ്ങും-ഒന്നും കിട്ടാതെ തിരിച്ചുപോകും.

28. ദീനരുടെ ഉൾച്ചൂടിൽ തണുത്ത (ചൂടുതോന്നാത്ത) മനസ്സുള്ള നിർദ്ദയന്റെ പിറപ്പു് (ജന്മം) ഛീ, മോശംതന്നെ !

31. ജയപ്രഭ-പേർ.

33. ഇടപെട്ടോൾ-പരിചിത.

34. കാമഭൂമിയിൽ ഇറങ്ങി-കാമിയ്ക്കുന്നതായിത്തീർന്നു.

36. വടു-ബ്രഹ്മചാരി. സമാ...വ്രതൻ-അധ്യയന(പഠിപ്പു്) വ്രതം അവസാനിപ്പിച്ചവൻ. ദക്ഷിണ-ഗുരുദക്ഷിണ.

37. വക=കഴിച്ചിലിനുള്ള സ്വത്തു്.

39 അശ..... ലാഭം=തരാൻവയ്യാത്തതു് ഇരന്നാൽകിട്ടുക എന്നതു്. സംശയാൽ-ഭാര്യയെത്തരണമെന്നു യാചിയ്ക്കയേ വയ്യ; യാചിച്ചാൽതന്നെ കിട്ടുമോ എന്നസംശയം ഹേതുവായിട്ടു്.

41. അല...ചിത്തൻ=ലഭ്യമല്ലാത്തതിനെ അർത്ഥിയ്ക്കുന്നതിലുള്ള ദൈന്യവും വിചാരവും മൂലം സന്തപിച്ച മനസ്സോടുകൂടിയവൻ.

42. അമൃതേകാൻ—സമുദ്രമഥനം ഓൎക്കുക.

43. എന്നു്—എന്നുചോദിച്ചു്. അയോഗ്യോക്തി=ഉചിതമല്ലാത്തതു പറയുക, യാചിയ്ക്കുക. അക്ഷരം ചിന്നി—സഗദ്ഗദം.

44. കല്പദ്രു=കല്പവൃക്ഷം. ഗുരുവിന്നായ്—ഗുരുവിന്നുവേണ്ടി, ഗുരുദക്ഷിണയ്ക്കുവേണ്ടി.

45. പാഠമേ തീൎന്നു—എന്റെ പഠിപ്പു് അവസാനിച്ചു.

46. പ്രേമംനിമിത്തം പത്നിയെക്കൊടുക്കവയ്യ; ഔദാര്യം മൂലം കൊടുക്കാതിരിയ്ക്കയും വയ്യ!

47. മുൻവീശിടും=മുന്നിൽപ്രസരിയ്ക്കുന്ന. ആ പുഞ്ചിരി തന്നെ വിപ്രന്നു് ഒരോണപ്പുടവയായി!

48. തീർച്ച=തീർച്ചയായും.

49. അനാരതം=സദാ. മാനസലീന=മനസ്സിൽ പററിയിരിയ്ക്കുന്നവൾ.

50. ഗുരു=കനത്ത; ഗുരുവായ. വിശ്ലേഷം=വിരഹം. വൃദ്ധശബ്ദത്തിന്നു വർദ്ധിച്ചതെന്നും, വൃദ്ധനെന്നും അൎത്ഥം. ഗുരുവായ അഗ്നിയാലും, വൃദ്ധനായ (പ്രവൃദ്ധമായ) സ്നേഹത്താലും വാരിതൻ(=വിലക്കപ്പെട്ടവൻ) ആയി എങ്കിലും.

51. ഭയ......നേത്രയെ=ഭയംകൊണ്ടും ദുഃഖംകൊണ്ടും കണ്ണിളകിയവളെ. മാനിന്റെ സാമ്യം.

52. ത്യാഗപരൻ=ത്യാഗ(മാന) പ്രധാനൻ. ലോലാബ്ധി കാഞ്ചിയാം=ഇളകുന്ന സമുദ്രമാകുന്ന അരഞ്ഞാണമണിഞ്ഞ തന്നെയും ഇങ്ങനെ ത്യജിച്ചേയ്ക്കുമോ എന്ന ഭയത്താലെന്നപോലെ ഭൂമി വിറച്ചു! ഭൂകമ്പം ഉൽപാതങ്ങളിൽ ഒന്നാണല്ലോ.

53. പ്രിയർ=പ്രിയപ്പെട്ടവർ. പ്രിയമാർ=പ്രേയസി (പത്നി)മാർ.

54. പെണ്ണിനായ്—സ്ത്രീയെക്കിട്ടാൻ

55. പുമാന്മാർ=പുരുഷന്മാർ.

56. അംഗജൻ (=കാമൻ) വിരഹിയുടെ സുഖങ്ങളെ ദ്വേഷിയ്ക്കുമല്ലോ; അതിൻവണ്ണം സ്വസുഖങ്ങളെ രാജാവു വെറുത്തു.

58. അനുതാപം=പശ്ചാത്താപം. കർമ്മവിപ്ലവജ= കർമ്മനാശംകൊണ്ടുണ്ടായ. അനുതാപചിത്യത്തിന്റെ വിശേഷണം.

60. വർണ്ണാശ്രമഗുരു=വർണ്ണാശ്രമങ്ങളെ അനുശാസിയ്ക്കുന്നവൻ;രാജാവ്. ഇവളെ ഞാൻ ദുഃഖാഗ്നിയിൽ ഇട്ടുകളഞ്ഞു.

62. സുര=മദ്യം

65. തേ=ഭവതിയ്ക്ക്.

67. വാസവൻ=ഇന്ദ്രൻ.

68: കീഴുടൽപ്പാതി=അരയ്ക്കുതാഴെയുള്ള ശരീരഭാഗത്തിൽ പകുതി. വിപ്രവേഷൻ-ബ്രാഹ്മണരൂപംധരിച്ചവൻ. മുറയിട്ടു=നിലവിളിയ്ക്കുന്ന.

69. പാപങ്ങൾ ജാമ്യംനിന്നതിനാലാണ്,പ്രാണൻ പോകാതെ നില്ക്കുന്നതെന്നു തോന്നും!

70. ലോഭിയായ രാജാവ് കള്ളന്മാരെക്കൊണ്ടു കൊള്ളയിടുവിച്ചതിനാലുള്ള അനർത്ഥങ്ങൾ ഒരു ധനികനെ എന്ന

പോലെ, മാംസാദപക്ഷികൾ ഈ ബ്രാഹ്മണരൂപിയെ പിന്തു രുന്നുണ്ട്.

72. മാല്യം(=ദുഃഖവും) ഭയവും ഉടലെടുത്തതാണെന്നു തോന്നും, അയാളെ കണ്ടാൽ! പൌരമാതർ=നഗരത്തിലെ സ്ത്രീ കൾ.

73. പുത്രാകാരർ=പുത്രന്മാരുടെ വേഷം ധരിച്ചവർ. അർത്ഥി...സ്ഥാനേ=യാചകന്മാരെ കാണാൻ ഇരിയ്ക്കുന്ന സ്ഥല ത്ത്.

75. നൊമ്പൽ=വേദന.

77. സംസാരഘോരം = സംസാരംപോലെ ഭയങ്കരം.

തീർത്ഥം=തീർച്ചയായും. ഈ വന്മാൽ (വലിയ ദുഃഖം) അനുഭ- വിയ്ക്കുകതന്നെ വേണമെന്നുള്ളതിനാലാണ്, ഞാൻ ചാകാത്ത ത്.

78. ആപദ്വ്യഥ=ആപത്തുകൊണ്ടുള്ള വേദന. സഹ ങ്ങൾ=സഹിക്കുന്നവ. സന്മിത്രർ(=നല്ല സ്നേഹിതന്മാർ) ആപ ൽകാലത്തും ത്യജിയ്ക്കില്ലല്ലോ.

79. വ്യോമദേവത=ആകാശദേവത; അശരീരിവാക്ക് എന്നു സാരം.

80. സ്വസൗഖ്യമേ=തങ്ങളുടെ സുഖം മാത്രം. ആരാ യുന്നു=തേടുന്നു.

81. ആതങ്കബാന്ധവൻ=ആപദ്ബന്ധു. അങ്ങുനോ= അങ്ങുമാത്രം.

83. അങ്ങയുടെ ദാനംതന്നെ ഒരു സുകൃതച്ചെണ്ടകൊ ട്ടാണ്; (സുകൃതത്തെ പരസ്യപ്പെടുത്തുന്ന പെരുമ്പറയടിയാണ്;) പിന്നെ അന്യരുടെ പ്രശംസ എന്തിന്?

84. താദൃ...രിത്രർ = അങ്ങയെപ്പോലെയുള്ള പുണ്യ-ചരിതന്മാർ. വ്യസനവേള = ആപൽകാലം.

85. അരി...തളർ = ഹരിചന്ദനംപോലെ, ഹരിചന്ദനസ്പർശംകൊണ്ടു് എന്നും, തണുപ്പുള്ളവർ. സംജ്ഞയിൽ ഹകാരം അകാരമാകും: ആരം (ഹാരം) മുതലായ പദങ്ങൾ ഓർക്കുക. സത്തുക്കൾ = സജ്ജനങ്ങൾ.

86. അങ്ങയുടെ ഈ പൂർണ്ണചന്ദ്രസുന്ദരമായ മുഖത്തിൽ നിന്നുപുറപ്പെടുന്ന വാക്കുതന്നെ ജീവദാനത്തിന്നു ശക്തമാണു്!

87. കടക്കയാൽ = സംക്രമിച്ചതു ഹേതുവായിട്ടു്.

89. വപുസ്സ് = ദേഹം. ക്ഷണഭംഗുരം = ക്ഷണേന നശിക്കുന്നതു്.

90. വജ്രാഹതൻ = ഇടിവാളേററവൻ.

92. പ്രജാഭൂതി = പ്രജകളുടെ ഭൂതി (= സമ്പത്തു്.) ഭവത്സമൻ = അങ്ങയ്ക്കു തുല്യൻ. കീഴാൾ = ഭൃത്യൻ. കേൾക്കുവാൻ ചെയ്യുവാൻ (= കേൾക്കുവാനും ചെയ്യുവാനും) തിരുമേനി; ഞങ്ങൾക്കു് ഉണർത്തിക്കാനേ അധികാരമുള്ളൂ!

93. പ്രഭു (= സ്വാമി) ആനയെപ്പോലെ കണ്ണടച്ചു്, ഇതം (ഹിതം) നോക്കാതായി; പ്രജകളുടെ വിഭൂതികൾ ഇവിടംകൊണ്ടവസാനിച്ചിരിക്കാം!

94. കല്യാ...കീർണ്ണം = മംഗളങ്ങളാകുന്ന അല്ലികളാൽ ചുററപ്പെട്ടതു്. ഉപദേഷ്ടാക്കളുടെ മൊഴി (ഉപദേശം) ആകുന്ന പൂങ്കുല ചെവിയിലണിഞ്ഞിരിക്കുന്ന ഭവാനോടു് ഈയുള്ളവൻ വിശേഷാൽ എന്തു പറയേണ്ടൂ?

95. പാരിൻെറ രക്ഷാമണിയാണു്, ഇവിടുന്നു്; ഇവിടത്തെ ദേഹനാശത്തോടുകൂടി, ലോകം അരക്ഷിതമായിത്തീരും!

97. ആത്മാവിനെ പീഡിപ്പിക്കുക എന്നതുകൊണ്ടു പരുഷ (മയമില്ലാത്ത) മായ സുകൃതം ഇഹത്തിൽ മാത്രമല്ല, പരത്തിലും അസുഖകരം തന്നെ!

98. സൎവ്വസ്വവും ദാനം ചെയ്തു, ഭാൎയ്യയെപ്പോലും ദാനം ചെയ്തു എന്നും മററുമുള്ളതു് വൎണ്ണിപ്പാൻ മാത്രം കൊള്ളാം; ചെയ്യാൻ കൊള്ളില്ല!

99. മഹാൎഘ (വിലയേറിയ) മണി കൊടുത്തു എന്നതു് അകലെനിന്നു കേട്ടാൽ കൎണ്ണാമൃതമായിരിക്കും; പിന്നിട്ട് ഇരപ്പാൻ വന്നവൎക്കു് എന്തുകൊടുക്കും? അവൎക്കു ദാഹം തീൎക്കാൻ ഇത്തിരിവെള്ളം കിട്ടേണമെങ്കിൽ മററങ്ങാനും പോകേണ്ടി വരും.

100. സൎവ്വയത്നേന=എല്ലാ യത്നവും ചെയ്തും, മററുള്ളവരുടെ പ്രാണൻ നശിപ്പിച്ചുകൂടിയും, അങ്ങയെ രക്ഷിയ്ക്കേണ്ടിയിരിക്കുന്നു: അങ്ങു് പ്രജകളുടെ പ്രാണനും, യാചകൎക്കു് ചിന്താമണി (സൎവ്വാഭീഷ്ടദായിയായ ഒരു രത്നവിശേഷം) യുമാകുന്നു.

102. വപു...ശ്ചയഃ= ശരീരം കൊടുക്കാനുള്ള തീരുമാനം.

103. പ്രീതി...ശോഭ =സ്നേഹത്തോടുകൂടിയ പുഞ്ചിരിയിൽ പുറപ്പെട്ടുന്ന പല്ലുകളുടെ കാന്തി: അതു ജീവിതസ്നേഹമോഹമെന്ന കൂരിരുട്ടിനെ നീക്കുന്നതായിരുന്നു.

105. ബിസം=താമരവളയം. അൎത്ഥിവൈമുഖ്യദുഃഖം (യാചകരെ ഇഷ്ടം നല്കാതെ വെറുതെ തിരിച്ചയയ്ക്കുക എന്ന ദുഃഖം) കൊണ്ടു ജനിച്ച ചൂടു്, ഹാരാദിശീതദ്രവ്യങ്ങൾകൊണ്ടു നീങ്ങുകയില്ല!

106. ബോധി—ജ്ഞാനവിശേഷം.

108. തദ്രക്ഷണം=അവയെ (പുലിയേയും കുട്ടികളേയും) രക്ഷിക്കുക.

109. ശിബി-ഒരു രാജാവു്. പുരാണകഥ നോക്കുക.

110. ചന്ദ്രപ്രഭൻ—അഞ്ചാം പല്ലവത്തിൽ.

111. ഇന്ദ്രിയാർത്തി (=ഇന്ദ്രിയവ്യഥയാൽ ജീവിച്ചിരിക്കുന്നവനല്ല, മരിച്ചവനുമല്ല എന്ന നിലയായിപ്പോയി!

112. അലംഘ്യാജ്ഞൻ=തള്ളാവതല്ലാത്ത ആജ്ഞയോടുകൂടിയവൻ. ചലൻ, ഗണ്ഡൻ എന്ന രണ്ടുപേരെ.

113. എങ്ങാനുംപോലെ-എവിടെയോ എപ്പോഴോ ഒരു മരത്തെ അറുക്കാൻ ഒരുങ്ങുന്നതുപോലെ. ഇളേശൻ=രാജാവു്; ഇള=ഭൂമി.

114. മേദിനി=ഭൂമി.

115. കൊള്ളിമീൻചെമ്മുണ്ടു്=കൊള്ളിമീനാകുന്ന ചുട്ട വസ്ത്രം. പതിച്ച-അഴിഞ്ഞുവീണു. താരകളെ (=നക്ഷത്രങ്ങളെ) കണ്ണീർത്തുള്ളികളാക്കിക്കല്പിച്ചിരിക്കുന്നു. ദ്യോവു്-ആകാശമാകുന്ന സ്ത്രീ.

·116. സൂര്യൻ നിഷ്പ്രഭനായി.

117. കേണാർത്തു=ഉറക്കെക്കരഞ്ഞു. ദിക്സ്ത്രീകൾ=ദിക്കുകളാകുന്ന സ്ത്രീകൾ.

118. വിപ്രാംഗൻ=ബ്രാഹ്മണരൂപൻ. ചരിതൻ=ചുററപ്പെട്ടവൻ; നിറഞ്ഞവൻ എന്നു താൽപര്യം.

119. പരാർത്ഥം=അന്യനുവേണ്ടി. പീഡ കൊൾവതിൽ=വേദനയനുഭവിക്കുന്നതിൽ.

121. പ്രാണാത്യയം=പ്രാണനാശം.

123. ഉത്സാഹഹർഷി=ഉത്സാഹവും ഹർഷവും ഉള്ളവൻ. സർവ്വ...ആശം=സകലജീവികളേയും രക്ഷപ്പെടുത്തുമെന്ന മനസ്സുറപ്പു്.

124. തമാജ്ഞയാമരാജാവിൻെറ ആജ്ഞയാൽ! (തൻെറ ദേഹാർദ്ധം ബ്രാഹ്മണന്നുൻെറതിനോടു ചേർപ്പാൻ കൊടുത്ത കല്പനയാൽ.)

126. ഉപമാനദരിദ്രൻ=ഉപമാനദ്രവ്യമൊന്നും കയ്യിലില്ലാത്തവൻ. സാധു=പാവം. ചതുർമ്മുഖൻ=ബ്രഹ്മാവു്.

127. കരിമ്പും, സുവൃത്തവും(=ഉരുണ്ടതും) ഋജുവും (വളവില്ലാത്തതും) മാധുര്യമുൾച്ചേർന്നതും ഉയൎന്നതുമാണല്ലോ.

128. ഇന്ദ്രൻ ധ്യാനിച്ചപ്പോൾ ജീവനൌഷധികൾ ഉണ്ടായിവന്നു; അവ പിഴിഞ്ഞ നീർ രാജാവിങ്കൽ പൊഴിച്ചു. ആ നീർ അമൃതതുല്യമാണ്. അതിനാൽ, രാജാവിൻെറ അധോഗാത്രം ഊർദ്ധ്വാംഗത്തോടു് ശരിയ്ക്കു് ഒട്ടിച്ചേൎന്നു!

130. വെൺകുസുമവ്രജം=വെളുത്ത പുഷ്പസമൂഹം.

131. ആ ദ്രോഹം–ദേഹം ഛേദിപ്പിച്ചതു്.

133. ത്വഷ്ടാവു്=വിശ്വകർമ്മാവു്. രത്നങ്ങൾ പെയ്തതായ്–ദേവകൾ അപ്പോൾ സിംഹാസനത്തിന്മേൽ രത്നങ്ങൾവർഷിച്ചു.

134. കനിയിച്ചു്–താൻ ഉപദ്രവിച്ചതു് ക്ഷമിക്കണമെന്നപേക്ഷിച്ചു് പ്രസാദിപ്പിച്ചു്. സദാരനെ=പത്നീസഹിതനെ. ദാനോ...ശലം=ദാനത്തിൻെറ പ്രഭാവംകൊണ്ടുള്ള കുശലം.

135. സത്വത്തെയെല്ലാം=സമസ്തജീവികളേയും. ഏറതിയും=എട്ടത്തും. അൻപു്=സന്തോഷം.

136. സത്വവത്സന്മനസ്സ്=സത്വമുള്ള വിശുദ്ധഹൃദയം. വ്യാപ....രത്തും—ആപത്തിൽപ്പെട്ടവരുടെ ദുഃഖം ശമിപ്പിയ്ക്കാൻ ആത്മാവിനേപ്പോലും കൊടുക്കുന്നതിൽ ക്ലേശമില്ലായ്മയും. അവനുടെ പുകഴ്ത്തിക്കെഴു=രാജാവിൻെറ കീർത്തി തിങ്ങിയ.

137. അമരാളി=ദേവസമൂഹം. സപുളകം=രോമാഞ്ചത്തോടെ.

138. പൂർവ്വാ...വാദേ=മുമ്പേത്തെ അവതാരങ്ങളെപ്പററി സംസാരിയ്ക്കുമ്പോഠം. ജിനൻ=ബുദ്ധൻ.

—o—

## മൂന്നാം പല്ലവം

1. സമുദ്രത്തിൽ വളരെ വളരെ രത്നങ്ങൾ വിളയുന്നു; എന്നാൽ, മനുഷ്യവർഗ്ഗത്തിൽ ഒരു പുരുഷരത്നം വല്ലപ്പോഴും പിറന്നാലായി!

2. സൗധ...ശുഭ്രം=സൗധങ്ങളുടെ പ്രഭാപൂരമാകുന്ന കർപ്പൂരംകൊണ്ടു വെളുത്തതു്. ചിത്രകം=തിലകം.

3. പുണ്യകാരി (സുകൃതി)കളുടെ വിശേഷണമെല്ലാം തീർത്ഥങ്ങൾക്കും ചേരും. സത്വപത്തിന്നു ജന്തു,ജലജന്തു എന്നു കൂടി അർത്ഥം.

4. സുകൃതോദ്യാനം=വെട്ടപ്പിൽ ഉണ്ടാക്കപ്പെട്ടപൂങ്കാവു്. നന്ദനത്തിന്നു് ആനന്ദത്തെ നല്കുന്നതെന്നും, സ്വർഗ്ഗത്തിലേ നന്ദനവനമെന്നും അർത്ഥം. നാഗരർ=നഗരവാസികൾ.

5. കീർത്തീന്ദുജനകൻ=കീർത്തിയാകുന്ന ചന്ദ്രനെ ജനിപ്പിച്ചവൻ; മഹാർണ്ണവത്തിൽ (പാലാഴിയിൽ) നിന്നാണല്ലോ ചന്ദ്രൻ ജനിച്ചതു്.

6. സദാശ്രയാർഹൻ=സത്തുക്കൾക്കു സേവ്യൻ. വിശേഷണങ്ങൾ കൃതയുഗത്തിന്നും ചേരും. ധർമ്മ്യർ=ധർമ്മത്തിൽ നിന്നു നീങ്ങാത്തവർ.

8. ദിവ്യാസവാഭോഗാൽ=ദിവ്യാസവത്തിന്റെ (ദേവകൾക്കുള്ള പാനീയത്തിന്റെ) പരിപൂർണ്ണതകൊണ്ടു്. അനഘാഭയദക്ഷിണ=പരിശുദ്ധമായ അഭയദാനം.

9. പ്രിയാലാപൻ=പ്രിയം പറയുന്നവൻ. ക്ഷാന്തൻ=ക്ഷമാശീലൻ. വശി=ജിതേന്ദ്രിയൻ.

10. ആഴവും ഉയർച്ചയും ഒന്നിച്ചിരിയ്ക്കില്ല; ശൂരൻ (ശസങ്ങളുടെ അഭേദത്താൽ സൂരൻ, സൂര്യൻ) ശശി (ചന്ദ്രൻ)കാന്തിമാനാകയില്ല; ഭൂഭൃത്തു് (രാജാവു്, പർവ്വതം) സൽപക്ഷശാലി(=നല്ല ചിറകുകളുള്ളവനെന്നും, നല്ല പങ്കുകാരുള്ളവനെന്നും) യാകയില്ല. ഇതാണു് വിസ്മയം വായ്പിയ്ക്കാൻ കാരണം. പർവ്വതങ്ങളുടെ ചിറകുകൾ ഇന്ദ്രൻ അരിഞ്ഞു കളഞ്ഞു എന്നു പുരാണം.

11. നിർദ്വിതീയൻ=രണ്ടാമൻ (തുല്യൻ) ഇല്ലാത്തവൻ. യുവത്വം=യൗവനം.

12. കാന്ത=പ്രിയതമ. കാന്തിമതി—പേർ. പദ്മാകരൻ=പദ്മയെ (ശ്രീയെ) ഉണ്ടാക്കുന്നവൻ. ദോഷമില്ലാത്ത (ദോഷ=രാത്രിയില്ലാത്ത) ഉദയത്തോടുകൂടിയ ഉഷസ്സു് (=പുലരി) പദ്മാകരത്തിന്നു (താമരപ്പൊയ്കയ്ക്കു്) പ്രിയപ്പെട്ടതാണല്ലോ.

14. സദാ......സര=സത്തുക്കളെ ആനന്ദിപ്പിക്കുന്ന വിഖ്യാതമായ യശഃപ്രസരത്തോടുകൂടിയവൾ. സ്വർഗ്ഗശ്രീപക്ഷത്തിൽ, സദാ എന്നു വേറേ മുറിച്ചു്, നന്ദനം (നന്ദനവനം) കൊണ്ടു വിഖ്യാതമായ എന്നു് അർത്ഥമെടുത്തുകൊൾക. ധരേന്ദ്രൻ=രാജാവു്; പർവ്വതശ്രേഷ്ഠൻ.

15. വിശ്വാബ്ജഭൃതിയ്ക്കു്=വിശ്വം (ലോകം) ആകുന്ന താമരപ്പൂവിന്റെ ഉല്ലാസത്തിന്നു് ദിവാകരൻ(സൂര്യൻ)

പദ്മോല്ലാസകാരിയാണല്ലോ. അദിതി=ദേവമാതാവ്. ആദി ത്യനും അദിതിപുത്രൻതന്നെ.

16. നാഭിഗർഭം=നാഭിസ്ഥിതമായ ഗർഭം. അരണി ഉരസി തിയ്യുണ്ടാക്കുന്ന മരം. ബ്രഹ്മാബ്ജം വിഷ്ണുവിൻെറ നാഭിയിലെ ബ്രഹ്മാവിരിയ്ക്കുന്ന താമരപ്പൂവ്. വേല=സമുദ്രത്തി ൻെറ വേലിയേററം.

17. ഗർഭവതി=പ്രശസ്തഗർഭമുള്ളവൾ. ദോഹദം ഗർ ഭിണികൾക്കുണ്ടാകുന്ന അഭിലാഷം.

18. സുധർമ്മത്തെ നിർദ്ദേശിച്ചാൾ; ധർമ്മംതന്നെ കര ണീയം എന്നു ചൂണ്ടിക്കാട്ടി. വാണി=സരസ്വതി.

19. വിധിപോലെ ഉദ്ധരിയ്ക്കപ്പെട്ട ധർമ്മത്തിൻെറ നിധിയായ വലിയ പുണ്യരത്നം പരിരക്ഷിതമായാൽ എന്നും വിപദ്ദുഃഖത്തിൽനിന്നു രക്ഷപ്പെടുത്തും; ഇത്ര മഹാർഘമായ ഒരു രത്നം വേറെയില്ല.

20. പരലോകമാർഗ്ഗത്തിൽ താപംകൊണ്ടു വലഞ്ഞ വൎക്കും ധർമ്മം ഒന്നുതന്നെ, ഛായാദ്രുമം (തണൽമരം). ഫലത്തി ന്നു കൊയ്ത്തുൾ എന്നുക്രൂടി അർത്ഥം. ആശകൾ=അഭിലാഷങ്ങൾ; ദിക്കുകൾ.

21. അല്ല്=ഇരുട്ട്. അന്ത്യഗതി=പരലോകയാത്ര. പാ ഥേയം=വഴിച്ചെലവിനുള്ളതു്. അഭ്യർത്ഥനേ=യാചനത്തിൽ. മന്ദാരദ്രു=കല്പകവൃക്ഷം. വിപദ്വിഷേ=ആപത്താകുന്ന വിഷത്തി ൽ. ചിലരത്നങ്ങൾ വിഷം നീക്കും. കൈപ്പിടി=കരാലംബനം. ഭവഭീമോഹം=സംസാരഭയംകൊണ്ടുള്ളമൂർഛ. അൻപ്=സ്നേഹം.

22. ഉക്തി=വാക്കു്. ജഗജ്ജനേ=ലോകത്തിലെ ജനത്തി ൽ, ജനങ്ങളിൽ.

24. ആ കുട്ടിയുടെ നിറുകയിൽ;ക്രൂടെപ്പിറപ്പായ ഒരുരത്നം ഉണ്ടായിരുന്നു; അതുകണ്ടാൽ, മുൻജന്മത്തിലെ വിവേകം, ആണെന്നുതോന്നും!

26. ഒരുതൊപ്പിമേൽ പതിച്ചിരിയ്ക്കയാണ്, ആ മണി. അമൃതു്—അമൃതിന്നൊത്ത ഒരുദ്രവം.

28. വ്യജനം=ആലവട്ടം. അംശുകം=വസ്ത്രം.

30. സുഭവൻ=നല്ല ജനനത്തോടുകൂടിയവൻ, അഭിജാതൻ. ഹർഷപീയൂഷം= ആഹ്ളാദമാകുന്ന അമൃതു്. ഹൃദന്തരേ =മനസ്സിൽ.=

31. സുജന്മതനുജൻ=അഭിജാതനായ പുത്രൻ.

32. കാലേന—കുറേക്കാലത്തിന്നു ശേഷം. നൃവരൻ—ഹേമചൂഡൻ. ദിവ്യാലയം=സ്വർഗ്ഗം.

33. സൽസുഖാലോകം=നല്ല സുഖത്തിന്റെ വെളിച്ചമുള്ളതു്.

34. ദാനാ......ഗ്രൻ=ദാനം (=മദജലം; ദാനം)കൊണ്ടു് ഈറനാക്കപ്പെട്ട(നീരോടുകൂടിയാണ് ദാനംചെയ്യുക)തുമ്പിക്കൈത്തലപ്പോടു (കൈപ്പടത്തോടു് എന്നും) കൂടിയവൻ. സ്വാമിയാകട്ടെ—സ്വാമിയേപ്പോലെയാകാൻ വേണ്ടിയോ എന്നുതോന്നുമാറു്.

36. കൂടെ—ഭവഭൂതിയോടൊന്നിച്ച്.

37. തമ്മിൽത്തിരക്കും, രാഗവും, ലൌല്യ(അസ്ഥൈര്യം; ചലനം)വും അവളെ ലജ്ജിപ്പിയ്ക്കും; അത്ര സുശീലയാണവൾ!

39. കന്യ=അവിവാഹിത. അൻപ്=ദയ.

40. ദൂഷിതാഘങ്ങൾ=അഘങ്ങളെ (പാപങ്ങളെ)കെടുത്തുച്ചവ; നശിപ്പിച്ചവ. കുങ്കുമംപോലെ ചുകന്നവയാണ് ആ രശ്മികൾ. അവയുടെ പ്രസരം കണ്ടാൽ രക്ഷാക്ഷരങ്ങളെ എഴുതുകയാണെന്നുതോന്നും.

41. സത്ത്വഗുണം, ചാമരംപോലെ വെളുത്തതാണു്; കവിസങ്കേതം.

42. പാതാളത്തിലേ ആപത്തകററിത്തരണേ എന്നു യാചിപ്പാൻ വന്ന ശേഷൻ(=അനന്തൻ) ആണെന്നുതോന്നും, ഹൃദയത്തിൽ പതിഞ്ഞമുത്തുമാലകണ്ടാൽ! ഉപജുഷ്ടൻ=സേവിതൻ.

43. ക്ഷമ=ഭൂമി; തിതിക്ഷ. ഭരിപ്പവൻ എന്നുവരെ രാജവിശേഷണങ്ങൾ; ഇപ്രകാരമുള്ള നൃപനെക്കണ്ടിട്ട്, അഭിനിവേശത്തിന്നും ആശ്ചയ്യത്തിന്നും വിധേയയായിത്തീൻറു!

44. മാരസഞ്ജീവനി=കാമനെ ജീവിപ്പിയ്ക്കുന്ന ഓഷധി. കുരംഗം=മാൻ.

45. ഉദയാൽ=ഉദയംകൊണ്ട്. അക്കൻ=സൂര്യൻ.

46. സമ്മോ......മദാ=വ്യാമോഹംകൊണ്ടുണ്ടാകുന്ന ഗർവ്വ്. സാധു=സജ്ജനം.

47. അപ്പുറം=കടലുകൾക്കപ്പുറം.

48. അഖേദസരളൻ=ഖേദമില്ലാത്ത ഋജുമനസ്സൻ.

49. പദ്മോദരപ്രഭവേ=താമരപ്പൂവിൻെറ ഉള്ളിൽപിറന്നവൾ. പയസ്സ്=പാൽ; പാൽകൊടുത്ത്.

50. അഗ്രപത്നി=പട്ടമഹിഷി. ശാർങ്ഗി=വിഷ്ണു. രമ=ലക്ഷ്മീദേവി. പുരുഷോത്തമത്വം രാജാവിന്നും വിഷ്ണുവിന്നും സമം.

51. അങ്ങു യാഗം കഴിച്ചാൽ, അതിൻെറ പൂർണ്ണഫലം എനിയ്ക്കു തരണം; അതാണ് ഈ കന്യകയുടെ വില! ഏകി—വിധിപോലെ വേളികഴിപ്പിച്ച്.

52. പദ്മാവതി എന്നാണ് കന്യകയുടെ പേർ. കൃതി=സുകൃതി.

53. മുളയുടെ ഉള്ളിൽ മുത്തുണ്ടാവുംപോൽ! പദ്മചൂഡനിൽ അപ്പൻെറ ഗുണങ്ങളെല്ലാം, കണ്ണാടിയിലെന്നപോലെ സംക്രമിച്ചിരുന്നു.

54. മഹോദയം=മഹത്തായ അഭിവൃദ്ധി. തോയജോദ്ഭവൻ=ബ്രഹ്മാവ്.

55. പൃഥു=ബഹു. നാകദ്രുമം=കല്പകവൃക്ഷം.

56. മുനി—ചദ്മാവതിയെക്കൊടുത്ത ഭവഭ്രുതി. അഹിം......സമ്പൂർണ്ണം=അഹിംസയാകുന്ന ധനംകൊണ്ടു നിറഞ്ഞതു്.

57. സർവ്വ......ഫല്ലം=ഏതൊതാരഭീഷ്ടത്തിന്നും മുടക്കമില്ലാത്തതു്; യാചകൎക്ക സർവ്വാഭീഷ്ടങ്ങളെയും നൽകുന്നതു്. ഭാർഗ്ഗവൻ—ഭവഭ്രുതി. ദുഷ്പ്രസഹൻ—പേർ.

59. വികൃതാകൃതി=വികൃതരൂപൻ.

60. അരുൾ=ആജ്ഞ. ശീലിച്ച-അർത്ഥികൾക്കു വേണ്ടതൊക്കെയും കൊടുക്കുന്നതിൽ തഴക്കമുള്ള.

61. പിടിയ്ക്കില്ല=രുചിയ്ക്കില്ല. മാംസാശർ=മാംസഭോജികൾ.

62. ഭൂരി=ബഹു.

63. നിങ്കൽ=അങ്ങയുടെ അടുക്കൽ. നിഷേധം=ഇല്ലെന്നു പറയൽ.

64. അരക്കൻ=രാക്ഷസൻ. അഹിംസാനിയമം=അഹിംസാവ്രതം.

65. എനിയ്ക്കു് ഹിംസയും വയ്യാ, യാചകൻെറ ആശാഭംഗവും വയ്യാ, സഹിയ്ക്കാൻ!

66. അംഗവ്യഥ=ശരീരവേദന. തരിമ്പു്=സ്വല്പം.

67. എല്ലേക്കും=സർവ്വപ്രാണികൾക്കും. അഭീതിദാനം=അഭയദാനം. പ്രാണി.....വം=പ്രാണിഹിംസകൊണ്ടുണ്ടാകുന്നതു്; മാംസത്തിൻെറ വിശേഷണം.

68. അസ്രം-രക്തം.

69. ദേഹ......ഹം=ദേഹം നശിപ്പിക്കാനുള്ള ഒരുക്കം.

70. വന=കൊഴുപ്പ്.

71. ആകണ്ഠം=കഴുത്തുവരെ. നരാശനൻ=മനുഷ്യരെ തിന്നുന്നവൻ; രാക്ഷസൻ.

72. പതി=ഭർത്താവ്.

73. അമർത്ത്യർകോൻ=ദേവരാജാവ് (ഇന്ദ്രൻ).

74. കാശ്യപി=ഭൂമി. രോമാ...കിതം=രോമാഞ്ചംകൊണ്ടു് കുപ്പായമിട്ടതു്. കളേബരം=ശരീരം.

75. അരജസ്സാം(=രജസ്സില്ലാത്ത)ഭവാന്റെ പുണ്യം. അനുത്തരം=സർവ്വാതിശായി.

76. അസ്പൃഹൻ=ആഗ്രഹമില്ലാത്തവർ. മാററാർ=ശത്രുക്കൾ.

77. സമുദ്യമം=ഉത്സാഹം. അലിവ്=അനുകമ്പ.

78. സ്വസ്ഥനാക്കി=മുറിച്ചദേഹത്തെ മുൻനിലയിലാക്കി. നിജാലയേ=സ്വഗൃഹത്തിലേയ്ക്കു്.

79. ശരിയ്ക്കു്=യഥാവിധി. സുരപൂജിതൻ=ദേവകളാൽ പൂജിയ്ക്കപ്പെട്ടവൻ.

80. കന്യാ...പ്രദൻ=കന്യകമാർ, ഗ്രാമങ്ങൾ, നഗരങ്ങൾ എന്നിവയെ ദാനം ചെയ്യുന്നവൻ.

81. പള്ളിയാന=രാജഗജം. ബ്രഹ്മരഥൻ – പേർ. വാദ്ധ്യാൻ=പുരോഹിതൻ. അതു്–രാജഗജം.

82. ഭദ്ര...ന്തി=ഭദ്രഗിരി എന്ന ആന.

83. മഖശ്രീ=യാഗത്തിന്റെ വിഭവസമൃദ്ധി.

84. വാഹീകൻ—എന്ന മുനി. സ്വസ്തിപൂർവ്വകം=മന്ത്രേ'സ്വസ്ത്യസ്തു' എന്നുച്ചരിച്ചിട്ടു്.

85. പരിചര്യാൎത്ഥി-ശുശ്രൂഷയ്ക്കുതക്ക ഒരാളെ തേടുന്ന് സാധാ...ഭം=സാധാരണജനങ്ങൾക്കു കിട്ടാവുന്നതല്ലാത്ത.

86. വിധി=ബ്രഹ്മാവ്. സൃഷ്ടൻ=സൃഷ്ടിയ്ക്കപ്പെട്ടവൻ. ദുർല്ലഭവസ്തുവിനെയും നൽകാൻ അങ്ങുമാത്രമേ ഉള്ളു! ഇല്ല-പിറക്കുന്നില്ല.

87. ധൈൎയ്യപർവതം-പർവതംപോലെ, ഉറച്ച ഉൾക്കനമുള്ളവൻ. അമർത്ത്=അടക്കിനിർത്തി.

89. യുവരാജാവ്=ഇളമ, മകൻ. പ്രാണാഭ്യധിക=പ്രാണനെക്കാളും മീതെയായ.

92. കുരുരാട്ട്=കുരുരാജ്യരാജാവ്. നന്മയ്ക്ക്=അഭ്യുന്നതിയ്ക്ക്. ദൂതനാൽ= ദൂതൻമുഖേന.

93. അപ്പിച്ച=കൊട്ടുത്തുകഴിഞ്ഞ നാഗം=ഗജം. അവൻ-ദുശ്ശാസനൻ.

94. ബലവാൻ=കരുത്ത്, അഥവാ സൈന്യം; ഉള്ളവൻ. അരചൻ-മണിമുഡൻ.

95. വീരാശോഭൻ=വീരററ കുതിരകളും ആനകളും ഉള്ളവൻ. വൈരി...ക്ഷൻ=ശത്രുക്കളെ പിളർത്താൻ(നശിപ്പിയ്ക്കാൻ) ത്രാണിയുള്ളവൻ.

97. സ്നേഹാന്തസ്നേഹർ=അങ്ങേ അററംവരെ സ്നേഹിയ്ക്കുന്നവർ. നിഃശ്സ്നേഹതാന്തർ=ഒടുവിൽ സ്നേഹം വിടുന്നവർ. മധ്യമർ=ഇടത്തരക്കാർ ഘോരവൈരാന്തർ=ഒടുവിൽ ഘോരമായ വൈരം കൊള്ളുന്നവർ. കക്കാൻ=തട്ടിപ്പറിയ്ക്കാൻ.

98. വിഭവാശ=സമ്പൽക്കൊതി.

99. കലികൎമ്മവിശാരദർ=കലഹനിപുണർ. അഷ്ടി=സാപ്പാട്.

100. ഉരത്ത=ചണ്ഡമായ ദുസ്സഹം=ദുസ്സഹമാംവണ്ണം.

101. പരച്ചൂട്=അന്യരുടെ സന്താപം.

102. അവററിൻെറ- അവരുടെ; (നിന്ദാദ്യോതകം). കരുണാകണം=ദയാലേശം.

103. ഭൃതി...ഹിതൻ=സമ്പൽക്കൊതികൊണ്ടു മനം മറിഞ്ഞവൻ.

104. വാൻവഴിയായ്=ആകാശത്തൂടെ.

105. പൊരുൾ=തത്വം.

106. കരുടരാം=കാഴ്ചയില്ലാതായിത്തീന്ന. സത്വ...... കി=സത്വങ്ങളേയും ലോകങ്ങളേയും തിരിച്ചറിയുന്നവൻ.

107. അരണ്യമേ=കാട്ടതന്നെ.

108. നീർത്തുള്ളികളെ സന്തോഷശകലങ്ങളാക്കിക്കല്പിച്ചിരിക്കുന്നു. വിവിക്തം=വിജനം, അഥവാ വിശുദ്ധം. വിപിനം=വനം. ശമികൾ=ശാന്തശീലർ.

109. നഭോഗതി=ആകാശഗമനശക്തി.

114. ആത്മപുരി=സ്വന്തംപുരി.

115. സൈ...പോലെ—പടയാളികളുടെ ഉത്സാഹം ഉടൽ പൂണ്ടതോ എന്നു തോന്നുംവണ്ണം. സുഭടാഗ്രഗൻ=മികച്ച യോദ്ധാക്കളുടെ മുമ്പിൽ നടന്നു. നേത്തു=എതിർത്തു.

116. ഇവൻ—രാജേന്ദ്രനന്ദനൻ, മണിചൂഡൻ. ഹസ്തിപുരി-ഹസ്തിനാപുരം. അവൻ—കുരുരാജാവു്, ദുഷ്പ്രസഹൻ.

117. ബലി=ബലവാൻ, സസൈന്യൻ. തദ്ഭുജേ=ഭൂപസുതൻെറ കയ്യിൽ വിന്യസ്തയായ ഭൂമി, ശേഷനാൽ വഹിക്കപ്പെടുന്നതുപോലെയായി! ഭുജം ശേഷസദൃശമാണെന്നു് സാരം.

118. കുറെ നാളാൽ—പിന്നെ കുറച്ചുകാലം കഴിഞ്ഞപ്പോൾ. പത്തനം=നഗരം. മാരണാപത്ത്=(ആളുകളേയും മററും മരിപ്പിക്കുന്ന) ആപത്തു്.

119. ശാന്തികർമ്മം=ആപച്ഛമനകർമ്മങ്ങൾ.

121. അമൃതോലും=അമൃതൊഴുകുന്ന.

122. എങ്ങൾ=ഞങ്ങൾ.

123. വിശ്വ.....ണി—ലോകത്തിന്നു സർവ്വാഭീഷ്ടവും നൽകുന്ന ചിന്താമണി. മണിചൂഡാമണി. അദേയം=ദാനംചെയ്യാവുന്നതല്ലാത്തതു്.

124. തൽപാർശ്വത്തേയ്ക്കു്=അവൻെറ (മണിചൂഡൻെറ) അടുക്കലേയ്ക്കു്.

125. അടവീചാരി=കാട്ടിൽസ്സഞ്ചരിയ്ക്കുന്ന.

126. സഭയം=ഭയത്തോടെ.

127. കരുണസ്വരം=ദയനീയശബ്ദത്തോടെ. ക്രേണാത്താൾ=നിലവിളിച്ചു.

128. മണിചൂഡതി, പാലയേതി=മണിചൂഡ എന്നും, രക്ഷിയ്ക്കണേ എന്നും. കരരീ=കരിങ്കുരുകിൽപ്പിട. ദീനാക്രന്ദം=കരുണമായ നിലവിളി.

130. നശ്വരം—രാജധാനിയിലെ ആ പട്ടമഹിഷീപദമെവിടെ? കാട്ടിലെ ഈ ദാസ്യവൃത്തി എവിടെ? സംസാരസുഖം എത്ര വേഗത്തിൽ നശിയ്ക്കുന്നു!

131. രാജ...ത=അരയന്നനടയാൾ. കരുണാർഹത=ദയനീയത.

132. ചർച്ച=പരിചിന്തനം. ചണ്ഡം=കഠിനം. ഭൂജാനി=രാജാവു്.

133. നാഥൻ=ഭർത്താവ്. ലോകനാഥൻ=രാജാവ്.

134. വിയോഗവിഷംകൊണ്ടു ശോകം; കണ്ടതുകൊണ്ടു ള്ള രസം (ആഹ്ളാദം). വിഹ്വല=വിവശ.

135. ഭൂപാനുനീതർ=രാജാവിനാൽ അനുനയിക്കൂ (നല്ല വാക്കുപറയ)പ്പെട്ടവർ.

137. വനജം=താമരപ്പൂവ്.

138. അങ്ങയുടെ മനോവൃത്തി (സംസാരവിരക്തി) തന്നെ ഇവളെ അസുഖപ്പെടുത്തിയിരുന്നു; ഇപ്പോഴോ, രാജ്യഭോഗവും ഇല്ലാതായി!

139. വിവേകവിഘ്നം=വിവേകത്തിനു വിഘ്നമായിട്ടുള്ള വൻ.

140. സംയ...മൻ=സംയമം,ശമം എന്നിവയിൽ പ്രിയ മില്ലാത്തവൻ.

141. സന്തുഷ്ടന്മാർ=അലംഭാവത്തോടെ വർത്തിക്കുന്നവർ.

142. മാലിൽമാലാണ്ടു=ദുഃഖത്തിനു മീതെ ദുഃഖം പൂണ്ടു. ജിതമന്മഥൻ=കാമനെ ജയിച്ചവൻ.

143. ദുരുദർക്കം=ഒടുവിൽ ദുഃഖമായിപ്പരിണമിയ്ക്കുന്നതു്.

144. തരം...യുസ്സ്=വെള്ളത്തിലെ തിരപോലെ ഇളകു ന്ന (ക്ഷണികമായ) ആയുസ്സോടുകൂടിയവൻ. പൊയ്ത്താർ= താമര.

145. ക്ഷണനൃത്തകൾ =ക്ഷണനേരം മാത്രം നൃത്തം വയ്ക്കുന്നവ. ശ്രീകൾ=വിഭൂതികൾ. എല്ലാവിശേഷണവും ല ക്ഷ്മിയുടെ അസ്ഥിരതയെ കാണിയ്ക്കുന്നു. കാലമേഘതടിത്തു കൾ=കാലമാകുന്ന മേഘത്തിലെ മിന്നൽപ്പിണരുകൾ.

146. സ്വപ്ന...തുല്യം=സ്വപ്നത്തിലെ വേളിയ്ക്കൊപ്പം;

KOTTAYAM PUBLIC LIBRARY • KOTTAYAM •

അനുഭവത്തിലില്ല. ദീപോൽപ്ലീഖ=വിളക്കിന്റെ ഉയൎന്ന ജ്വാല. ഭവവൃത്തം=സംസാരചരിതം.

147. വക=കഴിച്ചതിലിന്നുള്ളതു്.

148. ചരിച്ചു=സഞ്ചരിച്ചു. സന്തോ...ണ്ഡലം=സന്തോഷം (അലംഭാവം) കൊണ്ടു പുണ്യമായ ആശ്രമസമൂഹം; ഓരോ തപോവനത്തിൽ സഞ്ചരിച്ചുപോന്നു.

149. ധൃതതാപം=വെമ്പലോടെ. പഞ്ചദ്വിജർ=അഞ്ചു ബ്രാഹ്മണർ. സത്ത്വവിശുദ്ധിമാൻ=വിശുദ്ധസത്ത്വൻ.

150. ച്യുതധൈൎയ്യർ=ധൈൎയ്യം വീണുപോയവർ. മണിചൂഡന്റെ സ്ഹജമായ ചൂഡാമണിയെ യാചിയ്ക്കുക എന്നതു് ഒരു ചില്ലറക്കാൎയ്യമല്ലല്ലോ! നീൾവീർപ്പുകൾ=ദീർഘശ്വാസങ്ങൾ. സ്ഫുരിപ്പിച്ചു്=സൂചിപ്പിച്ചു്

151. പുരാൻ ദുഷ്പ്രസഹന്റെ=ദുഷ്പ്രസഹത്തു പുരാന്റെ. സംശാന്തിയേശാത്ത=ശാന്തികർമ്മങ്ങൾ ഫലിക്കാത്ത.

152. പ്രവീണം=സമർത്ഥം. പൂർവ്വാർദ്ധത്തിലേ രണ്ടു പദവും ചൂഡാമണിയുടെ വിശേഷണം.

153. ചന്ദനവൃക്ഷത്തളിരും, ചന്ദ്രമണി (ചന്ദ്രകാന്തരത്നം) യും ഉത്താപത്തെ (സന്താപത്തെ) ശമിപ്പിയ്ക്കുമല്ലോ.

154. അർത്ഥനം=അപേക്ഷ. ആപൂർണ്ണനായ്ക്കൊണ്ടു്=നിറഞ്ഞുംകൊണ്ടു്. അവി...സത്ത്വൻ=സത്ത്വത്തിനു് ഇടിവില്ലാത്തവൻ. ചകന്ന=സംക്രമിച്ചു. ജനോപതാപം=ജനങ്ങളുടെ (കുരുരാജ്യക്കാരുടെ) സന്താപം.

155. കുത്തു്=പ്രഹരം.

156. മൗലിമൂലോത്ഥിതം=മൂർദ്ധാവിന്റെ അടിയിലുണ്ടായതു്.

158 സുതീ...ചിത്തൻ=അതിതീക്ഷ്ണമായ (മൂർച്ചയേറിയ) ആയുധത്തെക്കാളേറെ തീക്ഷ്ണമായ മനസ്സോടുകൂടിയവൻ. ഒരു മഹാൻെറ തല വെട്ടിപ്പൊളിക്കുക —എന്തൊരു കഠോരത!

159 അഭംഗസത്ത്വം=സത്ത്വത്തിന്നിടിവില്ലാത്ത. (കർമ്മത്തിൻെറ വിശേഷണം.) വിമാനസ്ഥർ=വിമാനാരൂഢർ. അജൻ=ബ്രഹ്മാവ്.

160 മണിപ്രഭാഭ്രാന്തിദം=രത്നത്തിൻെറ പ്രഭയാണെന്ന ഭ്രാന്തിയെ ജനിപ്പിക്കുന്നത്.

161 മാറിയ=പരിണമിച്ച. ബാഡബന്മാർ=ബ്രാഹ്മണർ.

162 ഏതാ... തത്താൽ =ഇപ്രകാരമുള്ള പീഡകളുടെ ശതായുത(അനേകമനേകമായിരം)ത്താൽ. സംസാരിമെയ്യ്=പ്രാപഞ്ചികരുടെ ശരീരം. എന്ന്=എന്നുവിചാരിച്ച്.

163 തനുലഗ്നം=ദേഹത്തിൽ (മൂർദ്ധാവിൽ) പററിനിന്നിരുന്നത്. ദുഷ്കർമ്മമൂപ്പ്=പാപത്തിൻെറ വിളവ് (ഫലം.)

164 വസാസ്രദിഗ്ദ്ധം= വസയും രക്തവും പുരണ്ടത്. ചെററനങ്ങാത്ത—അണ്ണാക്ക് ആ കടുത്തവേദനയിലും ഒന്നു വിറയ്ക്കുകയുണ്ടായില്ല! വിമൂർച്ഛ= മോഹാലസ്യം. അത്ഥീ... രണം=യാചകരുടെ അഭീഷ്ടം നിറവേററൽ.

165 ക്രമ്പ്=തളിർ. മറയോർ=ബ്രാഹ്മണർ. രവി= സൂര്യൻ. അനല്പരക്തൻ= വളരെ ചോരയൊലിച്ചവൻ; അത്യന്തം തുടുത്തവൻ എന്നു് സൂര്യപക്ഷത്തിൽ. അസ്തമയസൂര്യൻ തുടുത്തിരിയ്ക്കുമല്ലോ.

167. വിപത്ത് അനാവൃഷ്ടിപീഡ. സമ...രകം=എല്ലാ പ്രാണികളെയും കരകടത്തുന്ന. അവൻ= ദുഷ്പ്രസഹൻ.

168. വനാന്തരസ്ഥർ=മററുവനങ്ങളിൽ വസിയ്ക്കുന്നവർ. ശ്രുതി=കേംവി. മരീ...മാന്യർ=മരീചിപ്രഭൃതികളും ഭാർഗ്ഗവഗൗതമാദികളുമായ ഋഷിമാർ.

169. തദംഗഭംഗം=അവന്റെ [ഭർത്താവിന്റെ] അംഗഭംഗം (തല പിളർന്നതു്). തയ്യൽക്കൊടി=തയ്യായ ലത.

170. ഖേചരർ=ആകാശസഞ്ചാരികൾ. അങ്ങിങ്ങു=ഓരോ ദിക്കിലും. അമാ...ത്മജന്മാർ–പ്രധാനമന്ത്രിമാരും രാജപുത്ര (പദ്മചൂഡ)നും.

171. ഇല്ലാത്തതു്=അവിടെ നടന്നതല്ലാത്തതു്. പുലമ്പിനിന്നാർ-പ്രലപിച്ചുർ.

172. വിശേഷണങ്ങൾ വൃക്ഷത്തിനും രാജാവിന്നു് ചേരും. സ്വാർത്ഥലവത്തിനായി—അല്പം സ്വാൎത്ഥം നേടാൻ വേണ്ടി.

173. നറുംമണത്തെ=പുഷ്പസൗരഭ്യത്തെ. ഔദാര്യം=ദാനശീലത്വം. ചൂതം=മാവു്.

174. ലുബ്ധക്കു് (ലോഭികൾക്കു്) സ്വന്തം ആരും എന്നൊന്നില്ല! സത്ത്വ...ഷി= പ്രാണികളുടെ ഹിതത്തിൽ തൽപരൻ. അൻപു് =സ്നേഹം.

175. ദൈന്യ...ർത്ഥനം=ദൈന്യമയമായ ഇരക്കൽ. അവനക്കരാറിൽ=രക്ഷിയ്ക്കാമെന്ന നിശ്ചയം ചെയ്തുകഴിഞ്ഞാൽ.

176. മുനിശ്രേണി=മുനിവൃന്ദം. നാനാ...വാദം=പലതരം അഭിപ്രായങ്ങളോടുകൂടിയ സംവാദം. സബാഷ്പദൃക്കായ്=കണ്ണീർ ചേർന്ന കണ്ണോടെ.

177. അൻപ്=ദയ. പ്രജാ...ധാനം=പ്രജാരക്ഷയ്ക്കുള്ള ഒരു നിധി.

178. അങ്ങയ്ക്ക് സ്വജീവനിൽ ആസ്ഥയില്ലാതായാൽ, മേലിൽ യാചകൎക്ക് ഒരു ബന്ധു ആരുള്ളൂ?

179. വിക്രീണനം=വില്ക്കൽ. വല്പഫലത്തെയും ആശി ച്ചാണോ, അങ്ങ് പ്രാണനെ വിററത്? അൎത്ഥ്യൎത്ഥം=യാചക ൎക്കു വേണ്ടി.

180. വിസ്ഫുടം=സ്പഷ്ടം. ഒരുമെട്ട്=ചണിപ്പെട്ട്.

182 മാററം=പ്രകൃതിഭേദം. മുൻനില=പൂൎവ്വസ്ഥിതി.

183. കഥിയ്ക്കെ=പറയുമ്പൊഴേയ്ക്കും. ജനിച്ചു=മുമ്പേത്തെപ്പോ ലെ ഉണ്ടായിവന്നു.

184. ഭൃത്രാണം=രാജ്യഭരണം. വീണ്ടും രാജാവായി വാഴ ണമെന്ന് ദേവാദികൾ അപേക്ഷിച്ചു എങ്കിലും.

185. ഋഷിമുക്ത=മരീചിയാൽ ദാസ്യത്തിൽനിന്നു വി ട്ടതി നല്കപ്പെട്ട. വിരഹക്ഷതി=വിരഹമില്ലാതാവൽ.

186. പരക്കെ=എല്ലാട്ടിക്കലും. ഹൎഷം...പോലെ- അവരുടെ ഉള്ളിലുള്ള ഹൎഷംതന്നെയാണ്, വാഗ്രൂപേണ പുറ ത്തുവരുന്നതെന്നു തോന്നും!

187. നീട്ട......പാതം=പലവുരു ഇടിവു പിററുക എ ന്നതു് ദുഃഖത്തെ ദീൎഘിപ്പിച്ചു കളയും.

188. വിപ......കാരൻ=ആപന്നരുടെ ദുഃഖത്തിന്നറു തിവരുത്തുന്നവൻ. പരാത്ഥമേ=പരൎക്കുവേണ്ടിത്തന്നെ. തന്നാളി =ൽ സ്വന്തം ജനങ്ങളിൽ.

189. തീൎപ്പിട്ടു=നിശ്ചയിച്ചു. തനുജയുക്തൻ=പുത്രനോ ടുകൂടിയവൻ.

190. ജിനപുരമണിചൈത്യാദിദിവ്യസിദ്ധികൾ അദ്ദേ ഹത്തിനുണ്ടായി, ലക്ഷണങ്ങളോടെ ബോധിയും പരിശീലിച്ചു.

# നാലാം പല്ലവം

1. സച്ചിത്തർ=വിശുദ്ധഹൃദയർ. ചാമരത്തിൻെറയും വെങ്കൊററക്കുടയുടെയും വെളുപ്പിനെ സമ്പത്തിൻെറ പുഞ്ചിരിയാക്കിക്കല്പിച്ചിരിയ്ക്കുന്നു. ശ്രുതിപ്രിയം-ചെവികൾക്കു പ്രീതികരം. ദാനതതരി=അത്യല്പമായ ദാനം. ഇന്ദുമതി, വിശുദ്ധഹൃദയക്ക്, സ്വർഗ്ഗസ്ത്രീകൾ പരിചരിയ്ക്കുന്ന രാജപദവിയും, സർവ്വവ്യാപിയായ യശസ്സുംകൈവരുവാൻ. രമോദ്ദീപനം=ലക്ഷ്മിയെ (സമ്പത്തിനെ) ഉദ്ദീപിപ്പിയ്ക്കു(വർദ്ധിപ്പിയ്ക്കു)ന്നതു്.

2. വിബുധപ്രിയ=വിദ്വാന്മാർക്കു് പ്രിയപ്പെട്ടതു്. ദുഗ്ധാബ്ധിസുധ=പാലാഴിയുടെ അമൃതു്; വിബുധക്ക്=(ദേവകൾക്കു്=പ്രിയപ്പെട്ടതാണല്ലോ.

3. ഭൂരി...ഹസ്സ്=വളരെ സമ്പത്തും തേജസ്സും ഉള്ളവൻ. പുരോഭുവി=മുന്നിൽ. വിനമിയ്ക്കുവാൻ-വണങ്ങുവാൻ; എല്ലാ രാജാക്കന്മാരും ഉപോഷധനെ വണങ്ങിപ്പോന്നു.

4. സ്വച്ഛധീ=നിർമ്മലയായ ബുദ്ധി. ഭൂതി=സമ്പത്ത് മഹി=ഭൂമി.

5. തുംഗ...ക്കുട=ഉയർന്ന വംശത്തിൻേറതായ =(വംശത്തിന്നു മുള എന്നും അർത്ഥം; കുടയുടെ കാൽ മുളകൊണ്ടായിരിയ്ക്കുമല്ലോ) ചക്രവർത്തിവെൺകൊററക്കുട. സദ്ഗുണം=നല്ല ഗുണങ്ങളോടു് (ചരടുകളോടു് എന്നും)കൂടിയതു്. അതിൻ-കുടയുടെ. തിങ്കളൊളി=ചന്ദ്രൻേറതുപോലെയുള്ള ശോഭ. ഭൂഭൃത്സർവ്വം, രാജ-പർവതവാചിയാകുന്നു. ഉപോഷധൻെറ ഏകാതപത്രക്കീഴിലായിരുന്നു, സർവരാജാക്കന്മാരും.

6. ഈശശബ്ദത്തിന്നു് രാജാക്കന്മാരെന്നും ശിവനെന്നും, രണ്ടർത്ഥം; ശിവമൗലിസ്ഥമാണല്ലോ, ഗംഗാജലം. പാരു്=മി.

7. സഹസ്രാക്ഷൻ=ഇന്ദ്രൻ സഹസ്രമഖകൃത്ത്=ആയിരം യാഗങ്ങൾ ചെയ്തവൻ; ഇന്ദ്രൻ. ശതമഖനേ ആകുന്നുള്ളു. പതിററാറു്=അറുപത്തു്. തനയിമാർ=സുന്ദരിമാർ.

8. തുരംഗമാരൂഢൻ=കുതിരപ്പുറത്തു കേറിയവൻ.

9. അങ്ങു്=മുരാശ്രമത്തിൽ. പുത്രേ...ലുക്കം=പുത്രകാമേഷ്ടിയുടെ ക്ഷീരകലശം.

10. ഏകാന്ത=ആ ആശ്രമം വിജനമായിരുന്നു, ഗർഭധാരണത്തിനാള്ളതാണല്ലോ പുത്രകാമേഷ്ടി; രാമയണം ഓർക്കുക.

11. വിവിധങ്ങളായ അദ്ഭുതങ്ങളെ സൃക്ഷിച്ചുവെച്ചുനില്പവറയാണു് ഭവിതവ്യത (ദൈവഗതി); അതിൻെറ കളിയിററുകൾ (=നേരമ്പോക്കിൻെറ തുള്ളികൾ) മാത്രമത്രേ സ്വപ്നവും മററും!

12. നാനാ...ത്രങ്ങൾ= വിവിധവൈചിത്ര്യങ്ങളാകുന്ന ചിത്രങ്ങൾ. ആശ്ച...ന്യാസം=അദ്ഭുതകരങ്ങളായ വരകൾ വരയ്ക്കൽ.

14. മൂർത്തിമൽപുണ്യം-ഉടൽപൂണ്ട സുകൃതം.

15. ശ്ലാഘ്യനായ ഈ പൈതൽ ജനനീപദേ(=അമ്മയുടെ സ്ഥാനത്തു്) മാം (എന്നെ) ധാരയിഷ്യതി (ധരിയ്ക്കും) എന്നിങ്ങനെ അറുപതിനായിരം രാജ്ഞിമാരും തമ്മിൽ പേശിയതിനാൽ, നൃപാത്മജന്നു മാന്ധാതാവെന്നു പേരിട്ടു.

16. പുണ്യവിലാസംകൊണ്ടു ദീർഘായുസ്സു നേടിയ അവൻെറ ബാല്യംതന്നെ ആറിന്ദ്രന്മാരുടെ കാലത്തോളം നീണ്ടു നിന്നു! ഇന്ദ്രന്മാർ മാറിമാറി വരും; ഒരിന്ദ്രന്നു് ഇത്രകാലം എന്നു് വ്യവസ്ഥയുണ്ടു്.

17. ക്രമാഗതമായ (മുറയ്ക്കു വന്നുചേർന്ന)നാട്ടു്.

18. ഉപകാരം ചെയ്തു കൊട്ടത്താനിൽ കൃതജ്ഞനായി ദാസ്യം സ്വീകരിച്ച 'ദിവൗകസൻ' എന്ന യക്ഷൻ(തദഭിഷേചനേ=മാന്ധാതാവിൻെറ രാജ്യാഭിഷേകത്തിന്നു്)ദിവ്യങ്ങളായ ഉപകരണങ്ങൾ കൊണ്ടുവന്നു.

19. ശരൽക്കാർ (=ശരന്മേഘം) പോലെ വെളുത്തതാണു്, തൊപ്പി. മുടി=ശൃംഗം. മേരു=സ്വർണ്ണഗിരി.

20. ഏഴു രത്നങ്ങളെയാണു്, ഉത്തരാർദ്ധത്തിൽ വിവരിച്ചിരിക്കുന്നതു്; രത്നം=ശ്രേഷ്ഠവസ്തു.

21. ജാതരായ്=ജനിച്ചു.

22. അവനാൽ ഭുജന്യസ്തയായ ഭൂമി ശേഷങ്കൽ വിശ്രമിയ്ക്കുന്നതിൻെറ സുഖം അനുഭവിച്ചു!

23. വിഷ്ണുവിൻെറ കരവും, ചക്രവത്തിയും (ചക്രായുധത്തിൽപെരുമാറുന്നതും),പുതിയ (അന്യാദൃശമായ) കമലത്തിൻെറ(പദ്മത്തിൻെറ) ഇരിപ്പിടവും, ലോകരക്ഷണസന്നദ്ധവും ആണല്ലോ. രാജപക്ഷത്തിൽ കമല(ലക്ഷ്മി,സമ്പത്തു്)യുടെ ഇരിപ്പിടം എന്നർത്ഥം.

24. പ്രഭാവഭൂഷ (പ്രഭാവമാകുന്ന ആഭരണമുള്ള)സമ്പത്തും, മൂന്നുലോകത്തിന്നു ഗംഗപോലായ കീത്തിയും, പുണ്യച്ചെടികളുടെ കലിഞ്ഞുലായ (ഒന്നാമത്തേതായ) പൂവിടലാകുന്നു; പുണ്യത്തിൻെറ പ്രഥമസ്ഫുരണം!

26. നിഷ്പക്ഷർ=ചിറകില്ലാത്തവ. വാനിൽ...ഞ്ഞവ=മുമ്പു് വാനിൽ പറക്കാമായിരുന്നു; ഇപ്പോഴം അതസാധ്യ

മായി. എന്ന ദുഃഖംകൊണ്ടെന്നുതോന്നും, മെലിച്ചിൽ!

27. ഗതി=ഗമനം; പൊരുതി. നിരംബരർ=ആകാശഗമനമില്ലാത്തവർ; വസ്ത്രമില്ലാത്തവർ.

28. ദുരിതം=പാപം. സാധു=പാവം.

29. സത്യസേനൻ—പേർ.

31. പുണ്യാ......വനേ=പുണ്യങ്ങൾക്കിരിപ്പിടമായ തപോവനത്തിൽ

32. ഖഗർ=പക്ഷികൾ.

35. പതംഗമർ=പക്ഷികൾ. വിപക്ഷർ=ശത്രുക്കൾ; പക്ഷരഹിതർ എന്നും.

37. ശാന്തർ=ശമംപ്രാപിച്ചവർ; കെട്ടുപോയവ. മഹസ്സ്=തേജസ്സ്.

38. പാഖ്ണ്ഡാപസർ=മിഥ്യാതപസ്വികൾ.

39. സൗമ്യധീ=പ്രസന്നബുദ്ധി.

40. ദുരയൻ=ലോഭി.

42. നീട്ട്=ഉത്തരവ്.

43. പതം......പാതം=പക്ഷികളുടെ ചിറകുകൊഴിയൽ; പക്ഷികളിൽ പക്ഷപാതം(സ്നേഹം)എന്നും. വിലക്ഷർ=ലജ്ജിതർ.

45. സിദ്ധ......ഢ്യം=സിദ്ധന്മാരും ദേവന്മാരും വളരെയുള്ള. പൊൻകുന്ന്=മഹാമേരു. പാർശ്വം=ചെരിവ്.

46. ദ്യോവും...ങ്ങളെ—വേണ്ടുന്നസമയത്ത് ആകാശത്തുനിന്ന് രത്ന=വസ്ത്രവർഷവും ഉണ്ടായി!

47. അംബുവാഹങ്ങൾ=മേഘങ്ങൾ.

48. അടക്കിനാൻ=കീഴിലാക്കിനാൻ.

49. മൂവാറ്=പതിനെട്ട്.

50. അച്യുതാജ്ഞനായ്=ആജ്ഞയ്ക്കു് ഇടിവുതട്ടാതെ.

52. സുരാഭൻ=ദേവതുല്യൻ.വ്യോമ്നി= വ്യോമ(ആകാശ)ത്തിൽ.

53. നിരസ്തഷിമാർ= നരസിയ്ക്ക (നാട്ടുകടത്ത)പ്പെട്ട ഋഷിമാർ. തദ്ഗ......മലം=അവൻെറ(രാജാവിൻെറ) ആനകതിരകളുടെ മലം. അംബരാത്=ആകാശത്തുനിന്നു്.

54. ശൃംഗം=സുമേരുശിഖരം.

57. നൃദേവൻ=രാജാവു്. ഈ ദ്ദ്രഹത്തിൻെറ പേർ പറയുക എന്നതുതന്നെ ഒരു സുകൃതമായി സരസ്വതി ഗണിച്ചുപോരുന്നു!

59. ധനദൻ (ധനം കൊടുക്കുന്നവൻ) കുബേരപൎയ്യായങ്ങളിലൊന്നാണു്. ശക്തിയ്ക്കു് ത്രാണിയെന്നും, വേൽ (ഒരായുധം) എന്നും അൎത്ഥം. വൃഷം =ധൎമ്മം; കാള. ലക്ഷ്മി= ശ്രീദേവി; സമ്പത്തു്.

60. ബലത്തിന്നു സൈന്യമെന്നും, ബ–വയോരഭേദത്താൽ വലൻ (ഒരസുരൻ) എന്നും അൎത്ഥം. ദിവ്യവപുസ്സ്= ദിവ്യന്മാരുടെ (കുബേരാദികളുടെ) ശരീരമുള്ളവൻ.

61. ഇവൻെറ ദാനംമൂലം ലജ്ജിച്ചു്, മഹാബലി പാതാളത്തിൽ ഒളിച്ചു; ദധീചന്നു് (ദധീചിയെ ദധീചൻ എന്നും പറയും) എല്ലേ ബാക്കിയുള്ളു; (അതു മെലിഞ്ഞുപോയി). സമുദ്രം ഇന്നും അടങ്ങിനില്ക്കുന്നില്ല (അത്രയ്ക്കുണ്ടു് ഈൎഷ്യ). ദധീചി, തൻെറ അസ്ഥി ഇന്ദ്രന്നു് വജ്രമുണ്ടാക്കാനായിക്കൊടുത്തു എന്നൊരു പുരാണകഥയുണ്ടു്; അസ്ഥിയേ ഉണ്ടായിരുന്നുള്ളു കൊടുക്കാൻ. ബലിയും ദധീചിയും ദാനവീരരെന്നു് പ്രസിദ്ധരത്രേ.

62. ദുർമ്മുഖൻ–പേർ. ശാപാംബു=ശപിക്കാൻ കയ്യിലെടുത്ത വെള്ളം.

63. അയാഠം–ദുർമ്മുഖൻ. മുടിയ്ക്കൊല്ല തപസ്സിനെ–ശപിക്കുന്നതു് തപോവ്യയഹേതുവത്രേ.

65. എന്നാൻ– എന്നു ചോദിച്ചാൻ. ഇളേശ്വരൻ=ഭൂപതി.

66. സൈന്യപൻ= പടത്തലവൻ.

68. അതിനെ– ചക്രത്തെ. കട്ടംവിപത്തണയ്ക്കാതെ എന്നതു് അടുത്ത ശ്ലോകംകൊണ്ടു് സ്പഷ്ടമാകും.

69. മെയ്–മുനിമാരുടെ ദേഹം. വിളയാട്ടുകൾ=ഒരു നേരമ്പോക്കിലുള്ള ആജ്ഞ.

70. ക്രോധമോഹികൾക്കു് തപോലക്ഷണമായ ജട ഒരു ചുമടു മാത്രം!

71. സുരാലയം=ദേവകളുടെ വാസസ്ഥലമായ. പ്രിയദർശനം= കാഴ്ചയിൽ പ്രീതികരം; പുരവിശേഷണം.

72–73. ഉദകമിശ്രിതരും മററും പേരുകളാണു്. അവിടെ നാലു മഹാരാജാക്കന്മാരുണ്ടു്.

74. ഏററ =എതിർത്ത. സ്വസേനാഗ്രഗർ= തന്റെ സേനയുടെ മുന്നണിയിൽ നില്ക്കുന്നവർ.

75. കല്പ...ഹരം =കല്പദ്രുമങ്ങൾകൊണ്ടും, മികച്ച കോവിദാരങ്ങൾ (മന്ദാരങ്ങൾ, കൊങ്ങുകൾ) കൊണ്ടും മനോഹരം. വിശ്രമസ്ഥല =വിനോദസ്ഥലം.

77. സുഭാസ്വരം=മിന്നിത്തിളങ്ങുന്നതു്.

78. സുരസ്ത്രീകൾക്കു മുഖവും അളകവും, പൊയ്കകൾക്കു പദ്മവും കാർവണ്ടും. അങ്ങിനെ പരസ്പരസാമ്യം.

79. ബിംബിക്ക=പ്രതിഫലിക്ക.

80. ചിത്രിതങ്ങൾ= നാനാവർണ്ണമുള്ളവയാക്കപ്പെട്ടവ. മഴവില്ലും വിചിത്രവണ്ണമാണല്ലോ.

81. ആട്ടക്കൈ=നൃത്തമുദ്രകൾ. നന്ദനം=നന്ദനമെന്ന പൂങ്കാവു്.

82. കാമചൈത്രോത്സവം=കാമൻെറയും വസന്തത്തിൻെറയും ഉത്സവം.

83. സർവ്വാതിഗം= സർവ്വങ്ങളിലും മീതെയുള്ളതു്. സുരാഗാരം- ദേവകളുടെ ഗൃഹം.

84. സുകൃ...ന്നിതഃം=ഭൂമിയിൽ സുകൃതം ചെയ്യുവക്കുള്ള ആ വിളമന്നു് (ഫലപ്രാപ്തിനിലം) ഇതാണു്! സുകൃതികൾ ഇവിടെ വന്നു് വിഭൂതിയനുഭവിയ്ക്കുന്നു.

85. വണ്ടിണ-മദസൗരഭ്യത്താൽ വന്നുചേന്ന ഭൃംഗഗണം. വാസ...തം= ഇന്ദ്രൻെറ ഐരാവതമെന്ന ഗജം.

86. ധരാപുരന്ദരൻ=ഭൂമിയിലെ ഇന്ദ്രൻ. (മാന്ധാതൃമഹാരാജാവു്.)

87. അരജോവരൻ= രജസ്സില്ലാത്തവരിൽവെച്ചു് ശ്രേഷ്ഠൻ.

89. ഏകാസനേ=ഒരേ ആസനത്തിൽ. ഗുണോദാരാകൃതി=ഗുണങ്ങൾകൊണ്ടു മികച്ച ആകാരം. അന്തരം= വ്യത്യാസം.

90. ദേവകളെല്ലാം മാന്ധാതാവിൻെറ മുഖത്തേയ്ക്കു തന്നെ നോക്കിക്കൊണ്ടിരുന്നു.

91. ചമയിയ്ക്കുന്നു=അലങ്കരിക്കുന്നു. ദ്യോവിന്നു സൂര്യൻ പോലെ, ഭൂവിനു് ആഭരണമാണു്, ഭവാൻ. തേജസ്വിതം ഇരുവക്കും തുല്യം.

93. വാണി വർണ്ണിച്ചാലേ, ചെവികൾക്കുള്ള സുഖത്തിന്റെ വലുപ്പം വെളിപ്പെട്ടു.

94. കർമ്മഫലവാദം വാസ്തവം തന്നെ എന്ന് അങ്ങയുടെ അവസ്ഥകൊണ്ടറിയാം.

95. കാമ്യം=സ്പൃഹണീയം. പുണ്യവൃത്തർ= പുണ്യാചാരർ.

96. വിനതാസ്യൻ= മുഖം കുനിഞ്ഞവൻ.

97. നിത്യാദരർ= ഒടുങ്ങാത്ത ആദരവുള്ളവർ.

98. വിശ്വാസം=മാന്ധാതാവുള്ളപ്പോൾ ശത്രുക്കളെ ജയിപ്പാൻ തങ്ങൾക്ക് ഒരു പ്രയാസവുമില്ലെന്ന അനുഭവജന്യമായ വിശ്വാസം.

99. അശ്ശൗര്യമാമരത്തിന്റെ= ശൗര്യമേറിയ മാന്ധാതാവിന്റെ. നിശ്ചലം= ഇളക്കം (വിഘ്നം) ഇല്ലാത്ത. വിശ്രമം കൊണ്ടു=വിശ്രമിച്ചു. ദനുജാഹവേ= അസുരന്മാരോടുള്ള യുദ്ധത്തിൽ.

100. കൊണ്ട= വാങ്ങിയ. ഒലിച്ചുപോയ്—ആറിന്ദ്രന്മാരുടെ കാലം കഴിഞ്ഞു.

101. അതിന്—മനസ്സിന്ന്.

103. ഒരു പുറാട്ട്= ഇന്ദ്രന്റെ അർദ്ധാസനത്തിലിരിയ്ക്കുക എന്നത് ഒരു പുറാട്ടായിട്ടേ (ഒരുതരം കോമാളിത്തമായിട്ടേ) കരുതേണ്ടു.

105. ഇറക്കി= സ്ഥാനഭ്രഷ്ടനാക്കി.

106. ഹരി= ഇന്ദ്രൻ.

107. ഘനത്തിന്ന്, കനത്ത എന്നും, മേഘമെന്നും അർത്ഥം.

108. ദുർവ്വാര= തടുത്തുകൂടാത്തതു്. ഉന്മദ= മദം (ഗർവ്വ്) ഏറിയതു്. ശേമുഷി= ബുദ്ധി (ചിത്തവൃത്തി). ദുഷ്ടസ്ത്രീത്വം വ്യഞ്ജിയ്ക്കുന്നു.

109. പാപം- -വെറുതേ ഇന്ദ്രനെ ദ്രോഹിയ്ക്കൽ.

110. അപാറം= അഭ്യാസമില്ലായ്മ. സാധുത= സജ്ജനത്വം.

111. മഹോദയം= വലിയ ഉന്നതി. അനുഷംഗം= ചേർച്ച.

112. പദം= സ്ഥാനം; പാർപ്പിടം.

113. പാത്രത്തിൽ ദാനം ചെയ്തതിന്റെ ഒരംശത്തിന്നു കിട്ടിയ വലിയ ചോറവുതള (പ്രതിഫലം)യാണു്, മാന്ധാതാവിന്റെ ഈ ഇന്ദ്രാധികപ്രാഭവം!

114. വാണിജൻ=കച്ചവടക്കാരൻ.

115. വിപശ്യൻ—പേരു്. സവ്...വ്രതൻ- എല്ലാ ദേഹികളേയും ഉദ്ധരിയ്ക്കുക എന്ന വ്രതമുള്ളവൻ.

116. നാലെണ്ണം=നാലുമണി. തൽപാത്രം= വിപശ്യന്റെ ഭിക്ഷാപാത്രം.

118. മനസ്സുവെച്ചല്ല, പയറിട്ടുകൊടുത്തതു്; അതുകൊണ്ടാണല്ലോ മണ്ണിൽ വീണതു്. ഫലാത്യയേ=ദാനഫലം അവസാനിച്ചപ്പോൾ.

119. ആശാവീചി (ആശാപരമ്പര) വെറുതെയുതളും- ആശിച്ചാലും കിട്ടാത്ത; സ്വപ്നത്തിലും മായയിലും പോലും ഒരിയ്ക്കലും അനുഭവപ്പെടാത്ത, മഹാഭൂതി. കൃതികൾ=സുകൃതികൾ. ദാനാ...കരം= ദാനമാകുന്ന അമരതരു (കല്പവൃക്ഷ) സമൂഹം.

120. പരം=പരലോകം. നിജാ...കഥ= തന്റെ മററൊരു ജന്മത്തിലെ കഥ.

—o—

# അഞ്ചാം പല്ലവം

1· ദേവന്മാർ അമൃതു യാചിച്ചപ്പോൾ, പാലാഴി അതിസങ്കടത്തോടെ (എങ്ങിനെ കൊടുക്കും എന്ന വ്യസനത്തോടെ) സുചിരം കിടന്നുരുണ്ടു; പിശുക്കന്മാരുടെ സ്വഭാവമാണിതു്! കല്പവൃക്ഷവും ഫലം കൊടുക്കുന്നതു്, വിറച്ചുംകൊണ്ടാണു്! മരത്തിന്മേൽനിന്നു കായ് പറിക്കുമ്പോൾ മരം ഇളകുമല്ലോ. ജാത്യാ =പ്രകൃത്യാ. തന്റെ ദേഹം ദാനം ചെയ്യുമ്പോൾപ്പോലും സന്തോഷപുളകം കൊള്ളുന്ന ഒരു ധീരൻ വല്ലപ്പോഴും ജനിച്ചു എന്നു വരാം!

2. കൈലാസത്തിന്റെ വെളുപ്പുതന്നെ, ചിരി.

3. ഭൃതികളെ പ്രദാനോദ്യാനത്തിലെ (ദാനമാകുന്ന പൂങ്കാവിലെ) ലതകളാക്കിയിരിക്കുന്നു. ആമോദത്തിന്നു സൗരഭ്യമെന്നും അർത്ഥമെടുക്കാം.

4. ശിവനെപ്പേടിച്ചു കാമദേവൻ ഭദ്രശീലയിലെ അബലമാരെ ശരണം പ്രാപിച്ചിരിക്കയാണു്!

6. ധരേശ്വരപദം ധര(=പർവ്വത)ശ്രേഷ്ഠൻ എന്ന അർത്ഥത്തിൽ കൈലാസത്തിന്നും ചേരും.

7. ചന്ദ്രപ്രഭന്റെ ദേഹപ്രഭ രാത്രികളിൽ ദീപകൃത്യം നിർവ്വഹിച്ചുപോന്നു.!

8. ചന്ദ്രന്റെ ഭാര്യമാരാണു് താരകൾ (=നക്ഷത്രങ്ങൾ). അവർ ഇദ്ദേഹത്തെക്കണ്ടു് കാമതപ്തകളായേയ്ക്കുമെന്നു കരുതി, ചന്ദ്രൻ വെൺകൊറ്റക്കുടയുടെ വേഷമെടുത്തു് അദ്ദേഹത്തിന്റെ മുകൾബ്‌ഭാഗം മറച്ചു നിന്നു!

9. കോശം=ഭാണ്ഡാഗാരം; മൊട്ട്. ലക്ഷ്മി പദ്മാലയയാണല്ലോ. തദപിലോകത്താൽ- അവനെ (ചന്ദ്രപ്രഭനെ) ദർശിക്കയാൽ. പദ്മിനി=താമരപ്പൊയ്ക. ചന്ദ്രപ്രഭൻെറ ദേഹകാന്തി ചന്ദ്രൻെറതുപോലെയാകയാലാണ് താമരപ്പൊയ്ക ചുളുങ്ങ (ക്രമ്പു)ന്നതു്. തൻെറ കോശത്തിലിരിയ്ക്കുന്ന ലക്ഷ്മിയേയും ചന്ദ്രപ്രഭൻ ദാനത്തിന്നെടുത്താലോ!

10. ത്യാഗിയും അനഹങ്കാരനുമായ ചന്ദ്രപ്രഭൻ ഛത്രകിരീടാദി രാജചിഹ്നങ്ങളെ പൌരന്മാൎക്കു കൊടുത്തു; പൗരന്മാരും രാജപദവിയിലാകത്തക്കവണ്ണം അത്ര അഭ്യുദയകരമായിരുന്നു, ഭരണം എന്നു സാരം.

11. വിനയോദയം= താഴ്മ. പരകോടി=അങ്ങേഅററം. വില്ലിൻെറ അററത്തിനും കോടി എന്നുപറയും. ധനു=വില്ല്; ധനുശ്ശബ്ദം ഉകാരാന്തത്തിലും വരും. ഗുണത്തിന്ന് വില്ലിൻെറ ഞാൺ എന്നുകൂടി, അൎത്ഥം. വില്ല കുനിഞ്ഞാൽ, (കുലയ്ക്കപ്പെട്ടാൽ,) ഞാൺ അററത്തെത്തുമല്ലോ.

12. നാല്പ......ററാണ്ടും=നാല്പത്തിനാലായിരംകൊല്ലം.

13. ലോക......ശ്രീ= ലോകപാല(ദിൿപാല)ന്മാരേക്കാൾ ശ്രീ ഏറിയവൻ. ലോകേശൻ=ജനനാഥൻ, രാജാവ്.

14. യജ്വാവ്=യാഗംകഴിയ്ക്കുന്നവൻ. വിഭൂതികൾക്ക് സ്ത്രീത്വം കല്പിച്ചിരിക്കുന്നു; ആ സ്ത്രീകളുടെ അളകങ്ങളാണ്, യാഗധൂമശകലങ്ങൾ.

15. തദമാത്യൻ=അവൻെറ മന്ത്രി. മഹാചന്ദ്രൻ-പേര്. നാമ്പൽ...ദയൻ=നാമ്പത്താകുന്ന ആമ്പൽപ്പൊയ്കയേ വികസിപ്പിക്കുന്ന ഉദയത്തോടു (ഉദിയ്ക്കൽ, അഭിവൃദ്ധി) കൂടിയവൻ.

16. ധീ= ബുദ്ധി, നീതിചൎച്ച. നാഥൻ= സ്വാമി. സിന്ധു= സമുദ്രം.

17. ദിഗ്ദന്തി= ദിഗ്ഗജം. നാലാണു് ദിഗ്ഗജങ്ങൾ; അവയെപ്പോലെ ഭൂഭാരം വഹിക്കുന്ന മഹീധരനെ അഞ്ചാമത്തെ ദിഗ്ഗജമായി ഗണിക്കാം!

18. ഗുപ്തമന്ത്രൻ=മന്ത്രത്തെ (കാര്യവിചാരത്തെ) പുറത്താക്കാത്തവൻ. നീതിവ്യാഴൻ- നീതിശാസ്ത്രത്തിൽ ബൃഹസ്പതിയോടു തുല്യൻ മന്ത്രം സർപ്പവിഷത്തെ പോക്കുമല്ലോ.

19. സാധു= സൽപുമാൻ.

21. ഗുണാഭിജ്ഞത= ഗുണങ്ങളറിയുക. സ്വാമി സൽപുരുഷനെ കാര്യനടത്തിപ്പിന്നു വെച്ചാൽ, അതോടുകൂടി സമ്പത്തുകളുടെ അലഞ്ഞു നടക്കൽ നിലയ്ക്കും; സമ്പത്തു സ്ഥിരമായി വരും.

22. രണ്ടാളും—മഹാചന്ദ്രനും,മഹീധരനും. ദാനാധിക്യാൽ=ഏറിയ ദാനംമൂലം. മുടിയുക=നാശം വരുക.

25. പേരിന്നൊരാരണൻ—ബ്രാഹ്മണനെന്ന പേർമാത്രം ഉള്ളവൻ.

28. തദ്ഗു.....ഷികൾ= അവന്റെ(ചന്ദ്രപ്രഭന്റെ) ഗുണങ്ങളെ സ്തുതിയ്ക്കലാകുന്ന ഋഷികൾ. ഋഷി ചെകിട്ടിൽ കടത്തുന്നതുപോലെയാണിതു്.

29. രാജാവിന്റെ അടുക്കൽചെന്നു്, തല തരണമെന്നിരക്കുക; തല തരില്ലല്ലോ. അതുമൂലം,ദാനയശസ്സു് ഖണ്ഡിതമാകും!

32. പ്രജേശൻ=രാജാവു്.

35. ഗുണി=ഗുണവാൻ; ഗുണങ്ങൾ(തിരികൾ) ഉള്ളതു്, വിളക്കു് എന്നും അർത്ഥംകല്പിയ്ക്കാം. ദോഷങ്ങളെ ആശ്രയിയ്ക്കുന്നതു്; ദോഷ(രാത്രി)യെ ആശ്രയിയ്ക്കുന്നതു് എന്നും.

36. ദ്വിജിഹ്വൻ=ഏഷണിക്കാരൻ; രണ്ടുനാവുള്ളതു് എന്നും. ദുഷ്ടനെ ക്രൂരസർപ്പത്തോടു് ഉപമിച്ചിരിയ്ക്കുന്നു.

37. മൃത്യയായ്=ഉടൽപൂണ്ടു്.

38. ഹതദ്വിജൻ= കെട്ടവിപ്രൻ. ലോകത്തിൻെറ പ്രാണനായ അങ്ങയുടെ പ്രാണനെ നശിപ്പിയ്ക്കാൻ തുടങ്ങുന്ന ഇവനെ കൊല്ലണം.

40. അർത്ഥിരോധം=യാചകനെ തടുക്കൽ; അകത്തേയ്ക്കു കടത്താതിരിയ്ക്കുക.

41. പൂകട്ടെ=അകത്തുകടക്കട്ടെ. നൈ...ർപ്പു്=ആശാഭംഗംകൊണ്ടുള്ള നെടുവീർപ്പു്.

44. അഞ്ജസാ=വേഗത്തിൽ.

46. സരളനാകുന്ന (ഋജുഹൃദയനായ രാജാവാകുന്ന)ദാരുവിനെ[മരത്തെ] അറുക്കാൻ; സരളദാരുവിനെ(=ചരളമരത്തെ) എന്നും.

48. ആദ്യം ആചാരാനുസാരേണ ആശിസ്സുപറഞ്ഞു; അതു രാജാവിന്നശുഭത്തിനാണെന്നുതോന്നും.

49. സിദ്ധി—തപസ്സിദ്ധി.

50. ദുസ്ഥർ=ദുഃഖിതർ. മനീഷ=ബുദ്ധി. ഹൃത്തു്=മനസ്സു്. ആര്യതാമിത്രം=സുജനത്വമാകുന്ന സ്നേഹിതനോടു കൂടിയതു്. ക്രോധ...തോയം=ക്രോധമാകുന്ന രജസ്സിനെ കഴുകിക്കളയുന്ന നദീജലം. തിതിക്ഷാഗുണം=ക്ഷമ എന്നഗുണം. ദാന...ലം=ദാനജലത്തിൽ കളിച്ചതുകൊണ്ടു വിശുദ്ധം. ഇത്ഥം=ഇതൊക്കെത്തികഞ്ഞു്. ജനിതൻ=ജനിച്ചവൻ.

51. സമ്രാട്ടു്=ചക്രവൎത്തി.

59. സകലാധാരം= എല്ലാവൎക്കും ആശ്രയം. ഭവത്തനു= ഭവാൻെറ ദേഹം. മണിപൊന്മയം= സ്വൎണ്ണംകൊണ്ടുണ്ടാക്കി രത്നങ്ങൾ പതിച്ചതു്.

60. സൎവം—ലോകമെല്ലാം.

64. അണി...ജന=പതിക്കപ്പെട്ട മുത്തുകളുടെ ശോഭ എന്ന വ്യാജേന. ശിരോ.....ശ്രു=രാജാവിന്റെ തലയുമായി വേർപെടുന്നതിലെ ദുഃഖത്താലുള്ള കണ്ണുനീർ.

65. ദിഗ്ദ്ധാ...ന്തങ്ങൾ=ദിക്കുകളെ ചുടാൻ കത്തിയ്ക്കപ്പെട്ട പന്തങ്ങൾ. നിലംപൊത്തി=നിലത്തു വീണു.

66. ദേഹം ഉപേക്ഷിച്ചാർ—മരണമടഞ്ഞു.

68. ശുചാർത്ത=ദുഃഖവിവശ.

69. മത്താളിരവാൽ=മദിച്ച വണ്ടുകളുടെ ശബ്ദംകൊണ്ട്.

70. ബോധി=ജ്ഞാനം. കനിയിച്ച്=ആശ്വസിപ്പിച്ച്.

71. സത്ത്വസന്താരണത്തിനായ്=ജീവജാലത്തെ സംസാരദുഃഖത്തിൽനിന്നു കരയേററാൻ. ശാസ്താവ്=ബുദ്ധൻ.

72. ഈ നിനവ്—ശിരോദാനനിശ്ചയം. ഭവോന്മുക്തർ=സംസാരനിർമ്മുക്തർ.

73. രാജാവിന്റെ സമാധി(പ്രണിധാനം)ഒരു നിർമ്മലമായ പുണ്യപ്രകാശത്തെ ദിക്കുതോറും വ്യാപിപ്പിച്ചു; അതിൽ മതിമറിവ്(വിമോഹം) ആകുന്ന ഇരുട്ടൊക്കെ നീങ്ങി ആളുകൾ സംസാരസമ്പർക്കദുഃഖം വിട്ട് നിർവൃതിയനുഭവിച്ചു.

---

## ആറാം പല്ലവം

1. അചിന്ത്യവും=വിചാരിക്കാനേ വയ്യാത്തതുപോലും.

2. സശ്വഭ്രശൈലങ്ങൾ=കുണ്ടുകളോടു (ഗുഹകളോടു) കൂടിയ മലകൾ. കാലിക്കൊളുമ്പടി=ഗോഷ്പദം, ഉൽകൃഷ്ടവപുമാൻ=(മഹാൻ) മാമല കേറുന്നതും മറ്റും, മാളിക കേറുന്നതും മറ്റും

പോലെ നിഷ്പ്രയാസവുംസലീലവുമായിരിയ്ക്കും; ഇതു് അദ്ദേഹത്തിൻെറ വീര്യവിജൃംഭിതമത്രേ.

4. സാൎത്ഥാനുയാതൻ=സാൎത്ഥ(=വണിൿസംഘ)ത്താൽ അനുഗതൻ.

5. സാലാരണ്യം-പേർ; അഥവാ പയൻകാടു്.

6. ആളി=സംഘം.

8. ആലോകം=വെളിച്ചം.

9. കെട്ടപൊറുപ്പു്=കെട്ടജീവിതം. ഉഴവു്=കൃഷി.

12. ഭഗവാൻെറ മനം സംശയംമൂലം ഊഞ്ഞാലിലാടി.

13. ഭഗവാൻ ധ്യാനിച്ചപ്പോൾ ഒരു നിധി അവിടെ വന്നു ചേൎന്നു.

14. സാൎത്ഥാവനത്തിനു്=വണിൿസംഘത്തെ രക്ഷിയ്ക്കാൻ; വണിൿസംഘത്തിന്നു ചോരന്മാരിൽനിന്നു വിട്ടതി കിട്ടാൻ.

15. സാനുഗൻ=അനുയായിക(വണിക്കുക)ളോട്ടുകൂടിയവൻ.

16. വിടാതെ ചേൎന്നാൽ=ഇടപെട്ടുകൊണ്ടിരുന്നൽ. സന്മാൎഗ്ഗപ്പിററ=സന്മാൎഗ്ഗത്തിലേയ്ക്കുള്ള സേതു. ഈ സജ്ജനസംസൎഗ്ഗംകൊണ്ടാണു്, തസ്കരന്മാരുടെ മനസ്സു മാറിയതു്.

17. തിൎയ്യക്സ്ഥിതി=മൃഗീയാവസ്ഥ.

19. കരു...ധേയം=കരുണ, മുദിത, ഉപേക്ഷ, മൈത്രി എന്നീ പേരുകളുള്ളതു്.

20. ലോഭമില്ലായ്ക, ദ്വേഷമില്ലായ്ക, മോഹമില്ലായ്ക എന്നീ മൂന്നെണ്ണം.

26. നിഷ്പാപർ=പാപം വിട്ടവർ. ഭിക്ഷുസംവൃതൻ=ഭിക്ഷുക്കളാൽ ചുററപ്പെട്ടവൻ.

27. തൽപ്രണിധാനം=അദ്ദേഹത്തിന്റെ പ്രണിധാനം.

29. അഗ്രേ വന്നതു്=ആവിർഭവിച്ചതു്.

30. സാർത്ഥരക്ഷകൾവാങ്ങലാൽ-പകരം ധനംകൊടുത്തു് വണിക്സംഘത്തെ രക്ഷപ്പെടുത്തുക എന്ന വഴിയ്ക്കു്.

32. വിൺപുഴ=ഗംഗ.

33. സൽസേവ്യ=സത്തുക്കളാൽ സേവ്യ. ബുധാദൃത=വിദ്വന്മാനിത.

35. സാർത്ഥാഗ്ര്യൻ=വണിക്സംഘത്തലവൻ. അർത്ഥങ്ങൾ=ധനങ്ങൾ.

36. സുപ്രിയൻ—പേർ.

37. പുണ്യശ്രീക്ക തരുണീത്വം കല്പിച്ചിരിയ്ക്കുന്നു. സൃഷ്ടൻ=സൃഷ്ടിയ്ക്കപ്പെട്ടവൻ. പകിട്ടുക=പ്രലോഭിപ്പിയ്ക്കുക.

38. വിദ്യാകലകൾ=വിദ്യകളും, കലകളും. രസത്തിന്നു വെള്ളമെന്നും അർത്ഥം.

39. ലക്ഷ്മം=ലക്ഷണം. പുരുഷോത്തമന്നു് വിഷ്ണുവെന്നും ശ്രീയ്ക്കു് ലക്ഷ്മീദേവി എന്നും കൂടി അർത്ഥം. സ്വത്വാർഹൻ=സത്ത്യൻ.

40. കൊണ്ട=വാങ്ങിയ.

42. പൂർവ്വാർത്ഥിഭുക്തിയാൽ (=മുമ്പേവന്ന യാചകന്മാർ ഭുജിച്ചതുകൊണ്ടു്) ശേഷിച്ചോൎക്കു് (=പിന്നെ വന്നവൎക്കു്) ഒന്നും കിട്ടീല എന്നായാൽ. സമ്പത്തു് സംസ്കൃതത്തിൽ സ്ത്രീലിംഗമാണു്.

43. ബാഡബൻ=ബ്രാഹ്മണൻ, ബഡവാഗ്നി എന്നും. ഈ ഒരൊററ യാചകനുപോലും മതിവരുത്തിയിട്ടില്ലാത്ത സമുദ്രത്തിന്നു രത്നാകരത്വവും വലുപ്പവും വെറുതേതന്നെ!

46. ശ്രീ=ലക്ഷ്മീദേവി. അമൃതമഥനകഥ സ്മരിക്കുക. ഔർവ്വാഗ്നി=സമുദ്രത്തിൻെറ അടിത്തട്ടിലിരിക്കുന്ന ബഡബാഗ്നി. ദീപ്തി=ജ്വലനം.

49. പഥി=വഴിയിൽ വെച്ച്.

51. യാതാഗതങ്ങൾ=പോക്കുവരവുകൾ.

52. കുറേ അക്ഷരങ്ങൾ മാത്രം; ശ്ലോകമേ അല്ല.

55. കുത്സിതം=നിന്ദിതം.

56. അനുശയം= പശ്ചാത്താപം.

57. മഹേശ എന്നാണ് ദേവതയുടെ പേരു്.

59. സ്വപ്നത്തിലും മനോരാജ്യത്തിലും ദുർല്ലഭമായിട്ടുള്ളതുപോലും, ഉദ്യമംകൊണ്ടു ലഭിക്കും.

60. ഒരിററരുൾ= ഏററവും ചെറിയ ഒരാജ്ഞ. അഗസ്ത്യൻെറ വിന്ധ്യസ്തംഭനം ഓക്കുക.

61. കുണ്ടുകുന്നു= നിമ്നോന്നതം.

62. പരാത്ഥം= പരക്കുവേണ്ടിയുള്ളതു്. സത്വപ്രവൃത്തി= സത്വഗുണത്തിൻെറ പ്രവത്തനം.

64. വിസത്വന്മാർ=സത്വഗുണമില്ലാത്തവർ. അനാഹിതചിത്തർ=മനശ്ശിക്ഷണമില്ലാത്തവർ

68. ധന്യൻ=സുകൃതി. സുകൃതിയ്ക്കു കാററു് അനുകൂലമാകും.

69. തിമിരം—ഒരു, നേത്രരോഗം. ആ കാററേററാൽ തിമിരംപിടിച്ച് കണ്ണിന്നു മോഹം (കാഴ്ചയില്ലായ്മ) വരും. അമോഘ- പേരു്.

70. ആവത്തവും വൈരംഭവും പേരുകൾ.

72. കൃഷ്ണാഹിവൃത= കൃഷ്ണസർപ്പത്താൽ ചുററപ്പെട്ടതു്.

'ശംഖനാഭി' എന്ന മഹൗഷധി തലയിലും, കണ്ണിലും വെച്ചാൽ. പുണ്യശാലിക്കേ അതു കിട്ടുള്ളൂ.

75. ഉത്തരാർദ്ധം എന്തോ? ശ്ലോകമേ അല്ല.

76. ഉപോഷധം=പേരു്. മൈത്രം= മൈത്രി.

77. നിഷ്ഫലശ്ളക്ഷ്ണഗുഹം= നിഷ്ഫലങ്ങളായ (ആരുടേയും പെരുമാററമില്ലാത്ത) മിനുമിനുപ്പുള്ള ഗുഹകളോടു കൂടിയതു്.

78. സാലം—സാമാന്യവൃക്ഷത്തിൻെറയും, പയന്മരത്തിൻെറയും പര്യായം.

79. കൊണ്ടാൽ= തട്ടിയാൽ.

80. ഷണ്മാസനിദ്രാലു=ആറുമാസം ഉറങ്ങുന്നതു്. പിന്നെ ആറുമാസം ഉണർന്നുകിടക്കും; അന്നു വിശപ്പിൻെറ ചൂടുമൂലം വായ്നീർ (ലാല)കുറഞ്ഞിരിയ്ക്കും.

81-82. കൽ...പ്പാന്= കല്ലുകളാലും മുളങ്കാടിനാലും മറയ്ക്കപ്പെട്ടതു്. ഓഷധി നേടുകയും ബുധവിദ്യ ജപിയ്ക്കുകയും ചെയ്താൽ, ഭയം നേരിടുകയില്ല. അജഗരം=പെരുമ്പാമ്പു്. ഊർജ്ജസ്വ=ബലമേറിയ ജന്തു.

83. ചെമ്പാലയാം= ചെമ്പുതകിടുകൊണ്ടുണ്ടാക്കപ്പെട്ടതു്.

88. ധൂമ...ടം=പുകകൊണ്ടു ദിക്കുകളെ ചുട്ടെരിച്ചതു്. വൃതം=ചുററപ്പെട്ടതു്.

89. അശ്മം= കല്ലു്, പാറ. അതിൽ- ആ ഗുഹയിലുണ്ടു്.

90. ഭേദിച്ച്–തുറന്നു്. അതു്=സംജീവനിയുടെ നീരു്.

91. അപാ...ത്തുകൾ= വളരെ വളരെ വെള്ളമുള്ളവ. സരിത്തുകൾ= നദികൾ.

93. രോഹിതം—പേരു്.

97. സത്വഗുണത്തെ വാഹനവും, ഉത്സാഹത്തെ അകമ്പടിയുമാക്കിയിരിക്കുന്നു.

99. ദുശ്ശമം= ശമിപ്പിയ്ക്കാൻ പ്രയാസമുള്ളതു്.

100. കോയിൽനേർ=കൊട്ടാരത്തിനൊത്ത.

101. പ്രയോജനോക്തിപ്രതിഭ—ആവശ്യം പറഞ്ഞു പിടിപ്പിക്കാനുള്ള ബുദ്ധികൗശലം. താൻ വൈദ്യനാണു്, രോഗം മാററാം—എന്നു പറഞ്ഞു വിശ്വസിപ്പിച്ചതിനാലാണു് സുപ്രിയന്നു് മഹലഗ്രഹത്തിൽ പ്രവേശം കിട്ടിയതു്.

103. പഥ്യ...രുന്നു്=പഥ്യവും, എന്നാൽ പ്രിയവും (ചുവയും മററുമില്ലാത്ത) ആയ മരുന്നു്.

104. ചികിത്സിതം=ചികിത്സ. വല്ലഭൻ=പ്രിയപ്പെട്ടവൻ.

105. ആമയം= രോഗം. സൽസംഗമാൽ=സജ്ജനസംസർഗ്ഗംകൊണ്ടു്.

109. പുത്തൻ വയസ്സു് =യൗവനം.

111. പോക്കിൽ—അന്ത്യദശയിൽ.

114. ബന്ധുവാക്കം—ബന്ധുക്കൾ തടസ്സം പറഞ്ഞതും. സുമംഗളം—മംഗളകർമ്മം.

116. അന്തഃകൗതുകി=മനസ്സിൽ കൗതുകമുള്ളവൻ.

117. രജതം=വെള്ളി.

118. പദേ പദേ=ഓരോ സ്ഥലത്തു്.

119. കാലസമാപ്തിയാൽ=ആയുസ്സൊടുങ്ങിയതുകൊണ്ടു്.

120. വജ്രപ്പശയിലും ദൃഢം വജ്രപ്പശയേക്കാളും ഉറപ്പുള്ളതു്. അപ്പടിയ്ക്കു്—ഉറപ്പുള്ളതു്.

122. ഉറപ്പു്=മനോദാർഢ്യം.

125. അംബരേ=ആകാശത്തു്.

126. അനപായൻ=ഉപായരഹിതൻ. അല്പം=ഇത്തിരി നേരം.

127. സഹായ—സഹായഭൂതനായ മഹാൻ. ഊർമ്മി=തിരയടി.

130 ജന്മയാത്രയിൽ=പല പല ജന്മങ്ങളിൽ.

131. അഗസ്ഥിതൻ=പർവതവാസി.

132. ചൂരൽക്കോണി=ചൂരൽപ്പടർപ്പാകുന്ന കോണി.

134. മനോരഥം— രഥത്തിന്നു ചേർച്ചപ്പെടുന്നകൂടി അർത്ഥം

135. അചലം—പർവതം; ഇളകാത്തതു്.

137. നവാരമായ്— അപൂർവഭംഗിയുള്ളതായ്.

318. വൻകല്ലു്—ഗുഹയെ അടച്ചകല്ലു്. അതു്—മഹൗഷധി.

139. സോപാനം=കല്പട. ഇഷ്ടാഗതി=അഭീഷ്ടപ്രാപ്തി.

140. തീർന്ന—ചെയ്തുകഴിഞ്ഞ. മിന്നൽ—മിന്നൽപോലെ എന്നർത്ഥം. പ്രിയാപ്തി=ഇഷ്ടവസ്തു കിട്ടുക.

141 തേജസ്സൃഷ്ടം=തേജസ്സുകൾകൊണ്ടുണ്ടാക്കപ്പെട്ടതു്. സർവാശ്ചര്യകൃതം=എല്ലാ അദ്ഭുതവസ്തുക്കൾകൊണ്ടും നിർമ്മിയ്ക്കപ്പെട്ടതു്.

143. അതിൽ—പുരത്തിൽ.

144. അനന്തത്തിന്നു് ആകാശമെന്നും, അവസാനമില്ലാത്ത എന്നും രണ്ടർത്ഥം.

145. താരേശൻ=ചന്ദ്രൻ

146. ആശ=ദിക്കു്; അഭിലാഷം. അമൃതാംശു=ചന്ദ്രൻ.

148. ദിനാ...മസ്സ്‌ ദിനത്രയം (=പകലിന്റെ അവ

സാനം; മരണം)കൊണ്ടുള്ള തമസ്സ് (–ഇരുട്ട്; ദുഃഖം). ഉന്നതിക്ക്, പൊക്കമെന്നും ഉൽകൃഷ്ടത എന്നും അൎത്ഥങ്ങൾ.

149. മുദ്ര=അറുതി.

150. നിശാന്തം=പുലർകാലം.

152. ഈ കഷ്ടപ്പാടിൽ, കുറച്ചേ ഇനി ബാക്കിയുള്ളു; അവസാനിക്കാറായി.

154. അവററിൽനിന്ന്—നാലു പുരങ്ങളിൽ നിന്ന്.

155. പിഴ=ചാരിത്രഭംഗം.

157. ലീലാ...രികൾ=വിലാസമാകുന്ന കാററിനാൽ ഇളകിയ ആശ്ചൎയ്യവൃക്ഷപ്പൂങ്കുലകൾ. അദ്ഭുതകരമായ സൗകുമാൎയ്യം ഉള്ളവർ.

159. കാമവും പ്രേമവുമാണ് അവർ അതിഥി സൽകാരത്തിന്നൊരുക്കിയതു്.

160. സ്മര......നികൾ=കാമനെ ജീവിപ്പിയ്ക്കുന്ന ഓഷധികൾ.

161. ഉന്മീ...ശോഭ–ഉദിയ്ക്കുന്ന പുഞ്ചിരിയുടെ വെണ്മ; ഇതായിരുന്നു പ്രേമത്തിന്റെ കാണിയ്ക്കയായ കർപ്പൂരം

162. ഗുണഭൂഷിതാംഗൻ=ഗുണങ്ങളാകുന്ന ആഭരണങ്ങളുള്ള ശരീരത്തോടുകൂടിയവൻ; ലക്ഷണമൊത്ത സുന്ദരൻ.

165. ഞങ്ങളുടെ പ്രേമം, ഞങ്ങളെ അങ്ങയ്ക്കു തന്നിരിയ്ക്കുന്നു; "സൗഭാഷണിക"വും യഥേഷ്ടം എടുക്കാം.

166. ഏകി=സമ്മാനമായിട്ടെന്നപോലെ കൊടുത്തു.

167. നിങ്ങളാൽ അംഗീകരിയ്ക്കപ്പെടുക എന്നതു് ആൎക്കും അഭിമാനജനകമാണ്.

168. കണ്ടതുതന്നെ ശ്ലാഘ്യം; പോരാത്തതിന്നു സ്വീകരണവും മുത്തുമാല സ്വന്തേ താപഹരമാണ്; അതിന്മേൽ ചന്ദനച്ചാറു തളിക്കുകകൂടിച്ചെയ്താൽ പിന്നെ, പറയാനുണ്ടോ?

169. രുചിരാലോകവൃത്തികാം=രുചിരാഃ (രുചികരങ്ങളായ, മനോജ്ഞകളായ) ലോകവൃത്തികൾ=ലൗകികനടപടികൾ. (ലോഗ്യം ചെയ്യലും മററും). രുചിരാലോകവൃത്തികൾ എന്നു് ഒററപ്പദമാക്കണം, നിലാവിൻെറ പക്ഷത്തിൽ; രുചിരമായ വെളിച്ചം വീശലുകൾ.

171. നിത്യം എന്നെന്നേയ്ക്കുമുള്ളതു്. സ്ത്രീകൾ പുരുഷന്മാർക്കുള്ളവർ ആണു്; അവർ ആത്മാർപ്പണം (തങ്ങളെ കൊടുക്കുക എന്നതു്) ചെയ്യുന്നതു് സ്വാഭാവികം മാത്രമത്രേ.

172. പുരന്ധ്റിമാർ= ഗൃഹിണിമാർ.

178. ശീലം= ചാരിത്രം.

179. ദാന്തൻ=ജിതേന്ദ്രിയൻ. സത്യാർത്ഥി= സത്യഗുണത്തെ തേടുന്നവൻ; സത്യഗുണത്തിൽ ഉറച്ചുനില്ക്കുന്നവൻ.

180. രുചി =അഭിനിവേശം; ശോഭ. ഇതു്–രുചി. മൗലി= ശിരസ്സ്. നീ സജ്ജനങ്ങളുടെ കേഠംവിയിലും ശിരസ്സിലും മാറത്തും രത്നംപോലെ ശോഭിയ്ക്കുന്നു!

181. ആത്മതുല്യം –നിന്നെപ്പോലുള്ളതു്. ഇതു്–മണി. കൊടി= ധ്വജം.

182. രൗപ്യം= വെള്ളി.

184. മുഴുവൻ പൊടിഞ്ഞുപോയിരിക്കുന്നു.

185. ഇരട്ടി–മുപ്പത്തിരണ്ടുപേർ. മാതർ= സ്ത്രീകാം. ആവിർഭവിച്ചു്– പുറത്തേയ്ക്കു വന്നു്. അങ്ങും– അവിടെയും.

186. വശി= ജിതേന്ദ്രിയൻ.

187. ഋദ്ധിമത്തു്= സമൃദ്ധിയേറിയതു്. അതേപേരിൽ= അവൻെറ (ബദരം എന്ന)പേരിൽ.

189. ചാർവ്വംഗികൾ= ചാരു (സുന്ദര) ഗാത്രിമാർ. പ്രഭൂതം= വളരെയായ. സമർപ്പിച്ചു–കൊടുത്തു. തദപാ...പ ഥൻ– അവർ പറഞ്ഞു്,വഴി മനസ്സിലാക്കിയവൻ. ബാലാഹം= കുതിരയുടെ പേരു്.

190. പൂർണ്ണൌദാര്യൻ=സർവ്വയാചകന്മാർക്കും അഭീഷ്ട ദാനം ശരിക്കു ചെയ്യുന്നവൻ. ജഗ...ശയൻ= ലോകരക്ഷണ ത്തിൽ പതിഞ്ഞ മനസ്സോടുകൂടിയവൻ. ധർമ്മരാജ്യത്തു് രാജാവാക്കപ്പെട്ടു.

192. പരഹിതദം =അന്യർക്കു നന്മ വരുത്തുന്നതു്. ഭജിച്ചു =പ്രാപിച്ചു. തനയനു് =പുത്രനു്.

193. തർപ്പിച്ചു=പണംകൊടുത്തു തൃപ്തിപ്പെടുത്തിയ.

---

## ഏഴാം പല്ലവം

1 കീർത്തനമാത്രകാരികൾക്കും– പേർ പറയുകമാത്രം ചെയ്യുന്നവർക്കുപോലും. ഭവമോഹാപഹർ= സംസാരമോഹം പോക്കുന്നവർ; ഏവരുടെ പേർ പറഞ്ഞാൽത്തന്നെ സംസാര മുക്തിവരുമോ, അവർതന്നെ സുകൃതികൾ.

2. പൂരു്= പുരം. നിഷണ്ണൻ =ഇരിക്കുന്നവൻ. സംഘ ശതങ്ങൾ= വളരെ വളരെ (ഭിക്ഷു) സംഘങ്ങൾ. ദേശന=ഉപ ദേശം.

3. പൂർവാർദ്ധം, രാഗമൃതവിശേഷണം. അഞ്ജലിക്കു് തൊഴുകയു് എന്നും, കുടന്ന എന്നും അർത്ഥം; വാഗമൃതം കുട ന്നയിലെടുത്തു നുകന്നു.

4. ധമ്മ...ന്തരേ =ധർമ്മം (ഉപദേശം) കേൾക്കാൻ വന്നവരുടെ സഭയിൽവെച്ചു്.

6. സംഘം=ഭിക്ഷുസംഘം.

7. ഉപ...ർവ്വാണൻ= ഉപദേശംകൊണ്ടു് നിർവ്വൃതി കിട്ടിയവൻ.

8. തദ്ദ്വേ...ർഹകൾ= അദ്ദേഹത്തിൻെറ ഉപദേശത്തിനു് അയോഗ്യമാർ.

9. ജായോദിതം= പത്നിയാൽ പറയപ്പെട്ടതു്.

10. ഇനൻ= സൂര്യൻ. സർവ്വദയാവാൻ= സമസ്തജീവികളിലും കനിവുള്ളവൻ. എങ്ങും എന്ന പദം, എല്ലാ വാക്യത്തിലും അന്വയിക്കണം,

11. മഹാപ്രജാപതി—പേർ(പുരോഹിതനാമം).

12. ഓമൽ...ക്യം=ഭർത്താവിൻെറ പ്രിയവചനം. അക്കാവു്=പേരാൽക്കാവു്. അതൊരു പുണ്യസ്ഥലമായിരിയ്ക്കുന്നു.

14. വണങ്ങിയപ്പോൾ ചെവിയിലണിഞ്ഞിരുന്ന കരിംകുവളപ്പൂവു താഴെവീണു; അതുകണ്ടാൽ, ലോഭം അവളെ വിട്ടൊഴിഞ്ഞു എന്നുതോന്നും ബുദ്ധദർശനത്തിൻെറ പവിത്രത വ്യഞ്ജിയ്ക്കുന്നു.

16. അരാഗികൾ=വിരക്തന്മാർ. പദം=സ്ഥാനം;പാർപ്പിടം.

17. അമ്മയോടു്—ഭവതിയോടു്.

20. അനിത്യത്വം=നശ്വരത്വം.

21. ഭാവങ്ങൾ(=വസ്തുക്കൾ)വന്നും പോയുമിരിയ്ക്കുന്നതു കാണുന്നില്ല.

22. തക്കരടിതം=തക്കശുഘോഷം.ശബ്ദാഗമം=വ്യാകരണം. അവ—വേദാദികൾ. ജഡർ=മൂഢർ.

23. വിമോഹഭവം=വിമോഹത്തിൽനിന്നുണ്ടായതു്. ഭവം—സംസാരം. നിരവധികം—അറുതിയില്ലാത്തതു്.

25. ബാല്യയൗവനങ്ങളുടെ സന്ധി, ഒരുപകടംപിടിച്ച പ്രായമാണ്.

26. മാർമുത്തുമാല=മാറിലേ ഹാരം; അതുകണ്ടാൽ, കാമന്റെ കീർത്തിയുടെ സത്താണെന്നു തോന്നും!

27. ആരം=ഹാരം. മഹൽപതി=മഹാന്റെ പതി.

28. വേശി— ചന്തക്കാരത്തി എന്നു്, പരിഹാസം.

29. ആരത്തള്ളൽ=ഹാരംനിമിത്തമുള്ള ഉൗററം. മദം—ഗർവ്വ്.

30. രോഹിക എന്ന ദാസിയോട്.

31. ഉത്തരവ്—സ്വാമിനിയുടെ ആജ്ഞ അകാ...... ലേഗാൽ=പൊയ്ക്കൂടാത്ത അവസരത്തിൽ പോകുന്നതിലുള്ള നടുക്കംമൂലം.

33. കനിവല്ലി=ദയയാകുന്ന അല്ലി(കേസരങ്ങൾ)

34. മെയ്യൊടിച്ചിൽ=ദേഹം ഒടിയുക. സേവ— അന്യനേ സേവിയ്ക്കൽ.

35. ധനം,മാനം എന്നിനിത്തുള്ളികൾ ചുട്ടനെടുവീർപ്പുകൊണ്ടു തിളയ്ക്കുമെന്നതുകൊണ്ടു്,ഊതിയൂതി പണിപ്പെട്ടുവേണം കുടിയ്ക്കുക.

36. പൂജ=സൽകാരം. ശമം=നാശം. സ്വാമിദർശി=എജമാനനെ ചെന്നുകാണുന്നവൻ.

37. പരഹാസം.=പരിഹാസം. തന്റെപ്രവൃത്തി ഒന്നും പാടില്ലെന്നാണ്, നിത്യനിയമം. അഭദ്രാഗമം—അനർത്ഥം; ഉറങ്ങാൻ തരംകിട്ടില്ല. ആശാസ്യം=കാമ്യം. സ്വതാം=സ്വത്തുക്കളുടെ. കാനൽമൃഗതൃഷ്ണിക. വപുസ്സംശോഷണം=ദേഹത്തെഉണക്കുന്നതു്.

40. ഇവളുടെ ആയുസ്സൊട്ടുങ്ങിക്കഴിഞ്ഞു. സംസൃതി=സംസാരം·

41. കർമ്മഗത്യാ=കർമ്മഗതിയാൽ. കിടാ...ഴലും—കുട്ടിയെ ആരെങ്കിലും എടുക്കുകയോ ഉപദ്രവിയ്ക്കുകയോ ചെയ്യേയ്ക്കുമെന്നു പേടിച്ചുഴലുന്നു; നവപ്രസൂതയാണു് ഈ പയ്യ്.

43. ജനിച്ചുഴികൾ=ജന്മങ്ങളാകുന്ന ചുഴികൾ. ജീവർ=ജീവികൾ.

44. കല്ലോലി=കല്ലലക. അശർമ്മകർമ്മങ്ങൾ-സുഖകരങ്ങളല്ലാത്ത കർമ്മങ്ങൾ, പാപങ്ങൾ. ജനി...രങ്ങൾ=ജനനമരണാക്ഷരങ്ങൾ.

45. മയിൽപ്പീലിമേലുണ്ടല്ലോ, ചിത്ര(നാനാവർണ്ണ)പ്പുണികൾ. പരിണതി=പരിണാമം, കർമ്മാധീനമാണു്. മുടിവു്—നാശം(മരണം).

46. വിലയം=മരണം. സത്രപത=സലജ്ജത. ദാസ്യമോർത്തു ലജ്ജിച്ചതിനാലാണെന്നുതോന്നും, നിരാകമ്പ(=അനക്കമില്ലാത്തവൾ) ആയതു്. ചേറാണ്ട- മലിനമായ, ജീവിതത്തെ കൈവിട്ടതോടുകൂടി, ഭവഭീതി(സംസാരഭയം)യും നീങ്ങി.

47. സ്വർഗ്ഗശ്രീയ്ക്കുടത്താം—ഏതാണ്ടു് സ്വർഗ്ഗസമൃദ്ധിയുള്ള. സിഹളോർവ്വി=സിംഹളമെന്ന ഉർവി(=ഭൂമി, രാജ്യം.)പൈന്തിങ്കൾ=ചന്ദ്രക്കല.

48. ജനനേ=ജനിച്ചസമയത്തു്.

49. സൗന്ദര്യത്തോടൊപ്പം പുണ്യവുമുണ്ടു് അവൾക്കു്. യൗവനം വന്നതോടുകൂടി,വിവേകംമൂലം സന്തോഷ(അലംഭാവ)വും വന്നുചേർന്നു.

51. അല്ലിനൊടുവിൽ=പ്രഭാതത്തിൽ. ധർമ്മാ...ഷിതം=ധർമ്മാർത്ഥഗാഥകളുടെ സന്ദർഭംകൊണ്ടു് അലംകൃതം. ധർമ്മഗാഥകളും അർത്ഥഗാഥകളും ചേർന്ന ഭാഷിതം= ഉപദേശം.

52. ശുദ്ധാന്തം= അന്തഃപുരം. അകർണ്ണസുധ–കർണ്ണങ്ങൾക്ക് അമൃതായ ബുദ്ധഭാഷിതം.

53. അത്തുഷ്ടയൊട്ട്–സന്തുഷ്ടയായ അവളോട്.

55. ഉന്മുഖി=സശ്രദ്ധ; മുഖം പൊക്കിയ എന്ന് മയിൽപ്പേടയ്ക്ക്.

56. ശ്രദ്ധാ...ദരർ= (അവളുടെ) ശ്രദ്ധയാൽ ആദരം വളർന്നവർ.

57. വിജ്ഞപ്തി=വിജ്ഞാപനം.

58. ആത്മീയപുരി=സ്വന്തം നഗരം. തൽകഥ–മുക്താലതയുടെ വൃത്താന്തം. കായിതം= എഴുത്ത്.

59. അൻപ്= ദയ.

60. കിമപി=ഒരു, അനിർവ്വാച്യമായ. സദാശയർ= സത്തുക്കൾ. ഭവഭേഷജം – സംസാരം ശമിപ്പാനുള്ള മരുന്ന്. വിബോധം= സംവിത്ത്. ഇതിൻെറ ഉദയം, എനിക്ക് അമൃതിൻെറ ഒരു വലിയ പങ്കാണ്.

61. ഉറംകൊണ്ട്=ധരിച്ച്.

63. തദാജ്ഞയാ=ഭഗവാൻെറ ആജ്ഞയാൽ.

64. തദ്ധ്യാനാത്=അദ്ദേഹത്തെ ധ്യാനിച്ചതിനാൽ.

67. ഭാവനാലീനം=ഭാവനയിൽ പതിഞ്ഞത്.

68. വ്യാളവ്രാതം= സർപ്പഗണം. മോഹാഗാരം= മോഹമാകുന്ന ഗൃഹം.

[ഈ പല്ലവത്തിൻെറ ബാക്കിയും, തുടർന്ന്
42 പല്ലവങ്ങളും കണ്ടുകിട്ടിയിട്ടില്ല.]

# സാങ്കേതികപദങ്ങൾ

പ്രകാശേന്ദ്രൻ
സപ്തവിംശകാണ്ഡം
ബോധിസത്വൻ
പ്രാതിഹാര്യം
പുണ്യലക്ഷണകർണ്ണികൻ
അഭിനിഷ്ക്രമണം
പ്രതീത്യോൽപാദനം
വിഹാരാർച്ച
പര്യന്തായതി
കുശലം
സന്തപ്തലോഹകബളം
ശുദ്ധാവാസകായികർ
സത്വം
ബോധി
സുഗതി
സൗരഭി
അമരാവാസം
ലക്ഷണാഭ്യസ്തബോധി
സർവ്വവിഭ്രവ്
ദേശന
അർത്ഥചര്യ
സമാനാർത്ഥഭാവം
ഉപായം
പ്രണിധി
ജ്ഞാനം
ബലം
വിദ്യാശ്രയം
ചതുർവ്വൈമല്യം
പഞ്ചസ്കന്ധം
ഷഡായതനം
സപ്തബോധ്യംഗങ്ങൾ
ആര്യാഷ്ടാംഗം
നവസംയോഗം
ദശബലം
പ്രസാദാ
പ്രവ്രജ്യായോഗം
ഭിന്നവാദം
അഭിധ്യ
വ്യാപാരം
മിഥ്യാദൃഷ്ടി
ദശാകുശലമാർഗ്ഗങ്ങൾ
മഹാപ്രജാപതി
അനിത്യസംസ്കാരം
ധവളധ്യാനം
സംവിത്ത്
അനുഭാവം
ത്രിശരണങ്ങൾ
പഞ്ചശിക്ഷാപദങ്ങൾ
അനുലോമം
വിപര്യയം
തീർത്ഥികനാരിമാർ
ഋദ്ധി

# ശുദ്ധിപത്രം

## അവതാരിക

| പേജ് | വരി | ശുദ്ധം | പേജ് | വരി | ശുദ്ധം |
|---|---|---|---|---|---|
| 1 | 9 | സ്ലം | 11 | 18 | ജ്ഞാ |
| ,, | I9 | ക്തി | 14 | 15 | ന്നല്ല |
| ,, | 20 | ന്നെ | ,, | I9 | പ്യലം |
| 2 | I2 | ചര്യ | I6 | 27 | ശയം |
| 4 | II | സം | I8 | I8 | വരയി |
| 7 | 4 | ലത് | ,, | I9 | വാ |
| ,, | 6 | ദാനം- | I9 | 25 | ണമോ' |
| I0 | 3 | എന്നു | 20 | I6 | പ്രയോ |
| ,, | 5 | ക്കിയ | ,, | I7 | പോല്യം |
| 11 | 1 | ഛോ | | | |

## ആമുഖം

| | | | | | |
|---|---|---|---|---|---|
| 2 | 5 | സ്ഥിതിചെയ്തു. | 6 | 14 | ഏതാ |
| ,, | 8 | തഖ | ,, | 21 | ണ്ണി)ലുള്ള |
| 4 | 4 | ക്രോധ | ,, | 24 | ഭാഷ |
| ,, | 21 | "ആഗ | 7 | 7 | രിന്റെ ച |
| 5 | 21 | ടിബ | 9 | 9 | "ടിബററിലെ |
| 6 | 8 | മാനം | | | "ഹ് |

## കുറിപ്പ്

| | | |
|---|---|---|
| 10 | 9 | )" എന്നു് എ |

## കല്പലത

| പേജ് | പദ്യം | ശുദ്ധം | പേജ് | പദ്യം | ശുദ്ധം |
|---|---|---|---|---|---|
| 1 | 3 | തൽപ്പ | 21 | 68 | പ്രവേഷ |
| 4 | 7 | പ്പൂണ്ട | ,, | ,, | രെട്ടത്ത |
| 6 | 26 | കഷ്ടം | 25 | 101 | ചെയ്യും |
| 10 | 19 | യ്യാല്യം | ,, | 105 | ങ്ങീടില്ലത്ഥി |
| 13 | 52 | വീണ്ട | 26 | 108 | പെൺ |
| 17 | 20 | ൺപ്പ | ,, | 111 | നിർ |
| ,, | 25 | ഥിച്ച | ,, | 115 | ൻചെ |
| 18 | 37 | "ഉണ്ണി, | ,, | ,, | തോ ദ്യോവ |

| പേജ് | പദ്യം | ശുദ്ധം | പേജ് | പദ്യം | ശുദ്ധം |
|---|---|---|---|---|---|
| 27 | 123 | നിന്നി | 71 | 52 | ഭികരം |
| ,, | 125 | കീ | ,, | 54 | വില |
| ,, | 127 | യെ!" | 73 | 68 | കെ' |
| 28 | 129 | വേ കാട്ടി | ,, | 69 | വിലപിച്ചു |
| ,, | 130 | ഭുവിന്റെ | ,, | 74 | പര |
| 29 | 138 | തോംതീ | ,, | ,, | മറിവി |
| 30 | | മണിച്ചൂഡാ | 74 | 3 | ന്മാർത |
| 31 | 14 | മവരം | 75 | 10 | സ്വതവേ<br>കലുഷം, മനം; |
| 32 | 21 | ചേന്ന | ,, | 12 | ഇച്ചെംൽ |
| 34 | 43 | വേശ | ,, | ,, | ന്മനം, |
| 37 | 63 | "തരം, | ,, | 13 | നല്കീ |
| ,, | 75 | ല്ലരജ | 76 | 22 | വിദ്യാ |
| 39 | | 95 | ,, | 27 | ട്ടവർ 27 |
| 43 | 129 | പോംല | 77 | | 29 |
| 50 | 176 | ശ്രേണി | 78 | 40 | ങ്ങരംതൻ |
| 51 | 182 | ന്നിംഹ | ,, | 42 | സ്സൽപ്പ |
| 52 | 190 | സ്സത്യ | 79 | 48 | ഭീപ |
| 56 | 35 | ക്കിനേ!" | 80 | 61 | ന്നിട്ടും, |
| 57 | 38 | ത്തീല | ,, | 63 | പോരും, |
| ,, | 39 | ക്ഷമ, | 81 | 71 | ങ്ങുണ്ട |
| ,, | 41 | രവർ!" | 83 | 88 | ത്രാദ്രി |
| 60 | 70 | ടംയ്ഞാൻ | 84 | 101 | പിന്നെ |
| 62 | 96 | മഹേ | ,, | 105 | ശുശ്രൂ |
| ,, | ,, | 'നിൻ | 85 | 108 | ത്തിങ്ക |
| 63 | 100 | ഷ്യൂവേ | ,, | 109 | ണ്യോ |
| 64 | 108 | കരംക്കം | ,, | 112 | ഭവം! |
| ,, | 111 | ക്കേരുകെ | 87 | 128 | തസംഹ |
| 67 | 9 | പദ്മി | 89 | 148 | ന്മാർത |
| 71 | 50 | സ്സിത്ഥം | 94 | 194 | കെ, |
| ,, | 51 | റല് | 100 | 55 | 'അ്വ |

---

ടിപ്പണി

| പേജ് | ശ്ലോ. നം | ശുദ്ധം | പേജ് | ശ്ലോ. നം | ശുദ്ധം |
|---|---|---|---|---|---|
| 105 | 4 | 42- | 109 | 35 | നത്ത |
| 107 | 4 | രുള്ള. | 110 | 6 | 62 |

| പേജ് | ശ്ലോ. നം | ശുദ്ധം |
|---|---|---|
| 110 | 6 | ണ്യംകൊ |
| 113 | 45 | ഷാഠം മേ |
| 118 | 111 | ഫ) |
| 119 | 124 | കൊട്ട |
| 121 | 15 | ത്തിന്. |
| 122 | 16 | രണ്ണി= |
| ,, | ,, | ബ്ജം= |
| ,, | 17 | ഹദം= |
| 123 | 34 | കൊണ്ട് |
| 125 | 68 | സ്രം= |
| 126 | 79 | ണ്ടാട) |
| ,, | 84 | വാഹി |
| 130 | 134 | കണ്ട |
| 132 | 158 | വെട്ടി |
| 133 | 172 | വിന്നാ |
| 134 | 187 | പററ |
| 136 | 6 | ഭൂമി |
| 139 | 53 | നിര |
| 148 | 73 | 74 |
| ,, | ,, | വ്യതി |
| 151 | 46 | ഗ്നി |
| 153 | 99 | ദ്ദ |
| 154 | 138 | 138 |
| ,, | 141 | ജസ്സ്യ; ജസ്സു |
| ,, | 146 | അമി |
| ,, | 148 | സ്സ്=ദിനം |
| 155 | 159 | തിഥിസൽ |
| 156 | 171 | ത്യം= |
| 158 | 14 | തോ |
| 159 | 37 | പരിഹാം |
| ,, | ,, | നൽ= |
| 160 | 47 | സിംഹ |
| 162 | — | രാസവം |
| ,, | — | സാദം |

KOTTAYAM PUBLIC LIBRARY

KOTTAYAM

Cl. No. MAI    Acc. No. 77749

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 18 DEC 2010 | | |
| 20 DEC 2015 | | |
| 25 JUL 2022 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 25 Ps. per day will be charged

MAI
VAL - B

77749

വള്ളത്തോൾ

ബോധിസത്ത്വാപദാന കല്പലത